# കാമ്പിൽ

T.K.M. COLLEGE OF ARTS & SCIENCE

1982

Scanned with OKEN Scanner

THANGAL KUNJU MUSALIAR COLLEGE OF ARTS & SCIENCE
QUILON

# KAMILA

# Thangal Kunju Musaliar College of Arts and Science



Annual - 1982

Scanned with OKEN Scanner

# THE LATE JANAB A. THANGAL KUNJU MUSALIAR



വെളിച്ചം വിശ്വത്തിന്റെ–
കൂരിരുൾ തലങ്ങളിൽ–
തെളിയ്ക്കാനല്ലീ, ഭവൽ
സിദ്ധികൾ സമർപ്പിച്ചൂ !!

Scanned with OKEN Scanner



JANAB T. K. SHAHAL HASSAN MUSALIAR
(Chairman, College Governing Body)

Scanned with OKEN Scanner



JANAB T. K. KAMALUDEEN MUSALIAR
(Treasurer, College Governing Body)

Scanned with OKEN Scanner



PROF: S. M. SAINULABDEEN, M.Sc.
Our Principal

Scanned with OKEN Scanner

# ഉപോദ്ഘാതം

അപൂർണ്ണമായ ജീവിതത്തെ പൂർണ്ണവത്ക്കരിക്കാനുള്ള ആത്മവാഞ്ഛയാണല്ലോ കലാസാഹിത്യങ്ങളുടെ ചോദകശക്തി. എന്നാൽ അപൂർണ്ണമായ ജീവിതത്തെപ്പോലെതന്നെ അപൂർണ്ണമായിരിക്കും കലാസൃഷ്ടികളും. ആ അപൂർണ്ണതയുടെ അപൂർവ്വസൗന്ദര്യമാണ് കലാസാഹിത്യങ്ങളെ കല്പാന്തരസ്ഥായിയാക്കി മാറ്റുന്നതും. ദീപ്തമായ ജീവിതാനുഭവത്തിന്റെ അഗാധതലങ്ങളിൽനിന്നും പെറുക്കിഎടുത്ത ഭാവസാന്ദ്രമായ നറുമുത്തുകളുടെ ആ അപൂർവ്വസൗന്ദര്യം ഒരുപക്ഷേ ഇതിലെ കലാസാഹിത്യസൃഷ്ടികളിൽ കണ്ടില്ലെന്നുവന്നേക്കാം. കാരണമാകട്ടെ സർഗ്ഗാത്മകവൈഭവത്തിന്റെ ആത്മലാവണ്യം പരത്തുന്ന അത്ഭുതലോകമൊന്നും പിടിച്ചടക്കിയവരല്ല ഇതിലെ കൊച്ചുകലാകാരന്മാർ എന്നതുതന്നെ. എന്നിരുന്നാലും വർണ്ണ നാദ ചലന രമണീയമായ കലാലയജീവിതത്തിന്റെ താളലയസമന്വിതവും ഹർഷപുളകിതവുമായ പരിഛേദം (Cross Section) നിങ്ങൾക്ക് ഇതിൽ ദർശിക്കാം.

എഴുതുന്നതെല്ലാം പ്രസിദ്ധീകരണയോഗ്യമാണെന്നോ, അവയെല്ലാം അടിച്ചുകാണണമെന്നോ ശാഠ്യംപിടിക്കുന്നത് ആർക്കും ഭൂഷണമല്ലല്ലോ. അതേസമയം സ്ഥലപരിമിതി ഉണ്ടായിരുന്നിട്ടുപോലും വിടരാൻ വിതുമ്പിയ പൂമൊട്ടുകളെ നുള്ളിവിടർത്താനല്ലാതെ തല്ലിക്കൊഴിക്കാൻ ഒരിക്കലും ശ്രമിച്ചിട്ടില്ലാ എന്നത് ശ്രദ്ധേയമാണ്.

ഈ കലാലയസ്മരണികയെ ഇത്രമാത്രം ആവർജ്ജകവും ഈടുറ്റതുമാക്കി പ്രസിദ്ധീകരിക്കാൻ, തുറന്ന മനസ്സോടെ ഓജസ്സുറ്റ പ്രചോദനവും സഹകരണവും നൽകിയ മാനേജ്മെന്റിനും, ബഹുമാനപ്പെട്ട പ്രിൻസിപ്പലിനും പരിമിതാക്ഷരങ്ങളിലൂടെ അപരിമിതമായ കൃതജ്ഞത ആദ്യമായ് രേഖപ്പെടുത്തിക്കൊള്ളട്ടെ. സാഹിത്യസംഭാവനകളിലൂടെ സഹായമരുളിയ കൊച്ചുകലാകാരികൾക്കും കലാകാരന്മാർക്കും, ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എഡിറ്റോറിയൽബോർഡംഗങ്ങൾക്കും, മറ്റെല്ലാ അദ്ധ്യാപകാദ്ധ്യേതാക്കൾക്കും ഹൃദയംനിറഞ്ഞ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. യഥാസമയം ഇതിന്റെ പ്രകാശനത്തിന് വഴി ഒരുക്കിയ മിസ്റ്റി പ്രിന്റേഴ്സിനും, കയ്‌ലോൺ ബ്ളോക്ക്സിനും, ഉദാരമതികളായ പരസ്യദാതാക്കൾക്കും സർവ്വോപരി ഇതിന്റെ പുറംതാളുകളെ കലാസുഭഗവും വർണ്ണോജ്ജ്വലവുമാക്കിയ രാധാ സ്ക്രീൻപ്രിന്റേഴ്സിനും കൃതജ്ഞത രേഖപ്പെടുത്തുന്നതിൽ അനല്പമായ സന്തോഷമുണ്ട്.

മനസ്സിൽ നട്ടുവളർത്തിയ അഭിലാഷങ്ങൾ പൂവണിയുന്നതിനുമുമ്പ് വിധി വിരാമംകുറിച്ച മർഹൂം തങ്ങൾകുഞ്ഞ് മുസലിയാരുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് കാമ്യമായ ജീവിത കാമനയുടെ പൂർണ്ണത സ്വപ്നംകാണുന്ന 'കാമില'യെ സഹർഷം ഞാൻ നിങ്ങളുടെ മുമ്പിൽ കാഴ്ചവെയ്ക്കുന്നു.

വിനയപൂർവ്വം

പ്രൊഫ: കെ. കെ. അബ്ദുൾഖാദർ എം. എ. എം. ഫിൽ

ചീഫ് എഡിറ്റർ

Quilon,

10-9-'82.

Scanned with OKEN Scanner



## ഇതാ! ഒരു പരിചായകം!!

കൂട്ടരെ,

കലാലയമുഖമുദ്ര അക്ഷരസ്വരൂപിണിയായി രംഗപ്രവേശം നടത്തുന്നു. നവ്യവും, ഭവ്യവുമായ തലമുറയുടെ വാഗ്ദാനങ്ങൾക്ക് സ്വാഗതമെന്നോണം സ്വാഗതം! ഒരു സമ്മോഹന വസന്തം നീങ്ങി. പൊട്ടിച്ചിരികൾ, വിശ്വാസനിശ്വാസങ്ങൾ അനവധി. കനകച്ചിലങ്കകളുടെ കിലുക്കം, കാഞ്ചനകാഞ്ചികളുടെ കുലുക്കം; എന്തെന്ത് കലാവിലാസം. എത്രയെത്ര പ്രതിഭാപ്രഭാപ്രസരം. ആകെക്കൂടി കളഹംസങ്ങളുടെ കളിവീടായ സരോവരമാണ് കലാലയം. ഒരുവർഷം പിന്നിട്ട മോദാമോദങ്ങളുടെ പ്രതിഫലനം സാക്ഷാൽക്കരിക്കുന്നു. കുററവും കുറവും കുറവല്ല. കറയും മറയും ഇല്ലാതെ ഉള്ളതും നല്ലതും ചെയ്തു. ഉണ്മയും നന്മയുമാണ് ഉന്നം. ഒരതിരുവരെ അതെത്തി. എല്ലാം അപൂർണ്ണമാണല്ലോ. എങ്കിലും ഭാവിയിൽ—

'ഹേതി' എന്ന കൈയെഴുത്തുമാസികയ്ക്കു് വേദിയായതും ഈ കലാലയവർഷത്തിന് പുതുമ കനിയുന്ന മധുരാനുഭവമാണ്. വിളയുന്ന വിത്തിനു് വളംകൊടുക്കുന്ന 'ഹേതി' പുതുവത്സരത്തിനു ഹേതുവാണ്. കാമ്പും നാമ്പുമുററ കലാലയതരുക്കൾക്ക് 'കാമില' തണലേകും. വിശ്രമമരുളും. വിജയത്തിനു ദീപശിഖയേന്തും. നിശ്ചയം.

അഭിവാദനങ്ങളോടെ,

നിങ്ങളുടെ

**ഉറാഷ്കുമാർ, എം.**

ചീഫ് സ്റ്റുഡന്റ് എഡിറ്റർ.

# EDITORIAL BOARD




**Managing Editor**
Prof. S. M. Sainulabdeen M. Sc.
(*Principal*)

**Chief Editor**
Prof. K. K. Abdulkadir M. A. M. Phill

**Chief Student Editor**
Urashkumar M.

**ASSOCIATE EDITORS**

Prof. R. Sivasankara Pillai
Prof. P. L. Mariam
Prof. N. Chandrasekharan
Smt. M. Laila beevi
Sri. A. Nizarudeen

Sri. Muhammed yousuff
Sri. Nawab. A. H.
(*College Union Chairman*)
Sri. Ashraff. A.
(*Union Gen: Sec.*)

---

*Cover Page Designer:-* Urashkumar. M.


Scanned with OKEN Scanner



# മലയാളവിഭാഗം

Scanned with OKEN Scanner

ചെറുകഥ

# "മനസ്സിന്റെ താളം"



ഇർഷാദ് കായാവി

സെക്കന്റ് പി. ഡി. സി. C3

പകൽ – നീലാംബരത്തിന്റെ താഴെ പച്ചപ്പരവതാനിവിരിച്ച പുൽമേടുകളിലും, രക്തനിറം പൂണ്ട സായന്തനാരുണൻ പശ്ചിമചക്രവാളത്തെ ഉമ്മവച്ചു നിൽക്കുന്ന സായംസന്ധ്യകളിൽ പുഴ്കിക്കിടക്കുന്ന കടലോരങ്ങളിലും, തിയേറ്ററുകളിലും, റെസ്റ്റോറന്റുകളിലും ഒക്കെയായി വിനോദിനോടൊപ്പം കഴിഞ്ഞിട്ടുള്ളതായി മനസ്സിൽ സ്വപ്നങ്ങൾ നെയ്തിട്ടുണ്ട്! ഹൃദയത്തിന്റെ ഏതോ കോണിൽ കണ്ണെത്താത്ത ദൂരത്തിലെ കാനൽ ജലംപോലെ, ആയിരമായിരം വർണ്ണങ്ങളുള്ള സ്വപ്നസൗധങ്ങളിൽ സഞ്ചരിക്കുന്ന വാൽമുളയ്ക്കാത്ത നിശീഥിനിയെപ്പോലെ ഹൃദയത്തിന്റെതാളമായി, ആത്മാവിന്റെ രാഗമായി ആ ഓർമ്മകൾ തന്റെ മനസ്സിൽ ഇന്നും ജീവിക്കുന്നു. 'വിനോദ്' തന്റെ നാരായവേരാണെന്ന് താൻ വിശ്വസിച്ചു, തന്റെ ഭർത്താവ് അദ്ദേഹമായിരിക്കണമെന്ന് ആഗ്രഹിച്ചു.

വിശ്വാസങ്ങൾ നിശ്വാസങ്ങളായി മാറുന്ന നിമിഷങ്ങളാണിതെന്ന് തോന്നുന്നു. കാശിത്തെറ്റിപ്പൂക്കളുടേയും, നീലാംബരത്തിന്റെയും മുകളിൽ പറന്നുമൂളുന്ന വണ്ടിനെപ്പോലെ തന്റെ എല്ലാ രഹസ്യങ്ങളും, പരസ്യങ്ങളും ആ ചെവിയിൽ മന്ത്രിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ചിത്രശലഭത്തേപ്പോലെ പാറിനടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു.

പക്ഷേ ഇന്നോ? ഇപ്പോഴോ?

നാളെ തന്റെ കഴുത്തിൽ ബന്ധത്തിന്റെ ബന്ധനത്തിന്റെ സ്വർണ്ണച്ചങ്ങല വീഴും. ഒരു പുരുഷന്റെ എല്ലാ വിചാരവികാരങ്ങൾക്കും നാളെ മുതൽ താൻ അടിമയായിരിക്കും എല്ലാ സ്വാതന്ത്ര്യങ്ങൾക്കും കടിഞ്ഞാൺ വീഴുന്ന ആ പ്രതിഭാസം നാളെ നടക്കും.

മനസ്സിന്റെ മലർവാടിയിൽ ഒരു മലരായി വിനോദ് വിടർന്നപ്പോൾ–അതിലെ മധുരം നുകരാൻ ആ ദളങ്ങളിൽ ഒരു ചിത്രശലഭമായി ഉമ്മവയ്ക്കാൻ എത്രയോ കൊതിച്ചിരുന്നു.

ഒരു രാപ്പാടിയെപ്പോലെ താൻ അദ്ദേഹത്തിന്റെ പുറകേ സഞ്ചരിക്കുകയായിരുന്നെങ്കിലും ഒരിക്കലും താളം തെറ്റാൻ ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ നോട്ടത്തിലും ഭാവത്തിലും എല്ലാം ഒരു പ്രത്യേകത താൻ ദർശിച്ചു. അപ്പോൾ വാശിയായിരുന്നു 'തന്നോട് സ്നേഹമുണ്ടെങ്കിൽ, തന്നെ ആത്മാർത്ഥമായി പ്രേമിക്കുന്നുവെങ്കിൽ അദ്ദേഹം തുറന്നുപറയട്ടെ!'

അപ്പോഴെല്ലാം താൻ തെറ്റിദ്ധരിച്ചിരുന്നുവിനോദ് തന്നെ സ്നേഹിക്കുന്നുവെന്ന്.

മനസ്സിന്റെ ശ്രീകോവിലിൽ പുഷ്പാലംകൃതമായ ഒരു ബിംബമായി, മനസ്സിന്റെ കഥപറയുന്ന ഒരു പൂജാവിഗ്രമായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചു. പക്ഷേ–ഒരിക്കലും അദ്ദേഹം തുറന്നു പറഞ്ഞില്ല. രണ്ടുകൈവഴികളായി പിരിയുന്ന നദിയെപ്പോലെയാണ് തങ്ങളുടെ ജീവിതമെന്ന് താൻ തെറ്റിദ്ധരിച്ചു. കരിമ്പാറകളിൽ തട്ടിയാലും ചിന്നിച്ചിതറാതെ, പുഷ്പങ്ങളെ തഴുകിയാലും, അറച്ചു നിൽക്കാതെ അവസാനം ഒത്തുചേരുമെന്ന് സമാധാനിച്ചു.

വഴിയിൽവച്ച് അണകെട്ടപ്പെട്ട ഒരു അരുവിയല്ലേ താൻ?

പശ്ചിമചക്രവാളം മുറുക്കിച്ചുവന്നു നിൽക്കുന്ന സായംസന്ധ്യകളിൽ ഒരു ഹോബിക്കാ

യി എല്ലാ ദിവസവും പാർക്കിൽ പോകുക പതിവായിരുന്നു. അപ്പോഴെല്ലാം വിനോദും, കൂട്ടുകാരനും അവിടെ കറങ്ങി നടന്നിരുന്നു. അപ്പോഴൊക്കെ വിനോദിന്റെ രണ്ടുകണ്ണുകൾ തന്നെ നോക്കികഥപറയുമായിരുന്നു.

പിന്നീട് പാർക്കിൽ പോകുക എന്നത് 'ഹോബി' എന്ന പരിധിവിട്ട് ഒരു പ്രക്രിയ ആയി മാറുകയായിരുന്നു–അഥവാ–വിനോദിന്റെ മുഖം കാണാൻ കൊതിയായിരുന്നു.

ആ മുഖത്ത് നോക്കിയിരിക്കുമ്പോൾ എല്ലാം മറന്ന് നിശ്ചലമായി നിൽക്കുന്ന കാറ്റാടിമരങ്ങൾക്കൊപ്പം തന്റെ മനസ്സും നിശബ്ദമാകുമായിരുന്നു.

ആ മുടിയിഴകളെ തലോടാൻ, കടങ്കഥപറയുന്ന ആ കണ്ണുകളെ സ്വന്തമാക്കാൻ എന്തുമാത്രം കൊതിച്ചിരുന്നു. ആകാശത്തിന്റെ തിരുമുറ്റത്ത് കാർമേഘങ്ങൾ ഓടിനടക്കുമ്പോൾ –അവ – തമ്മിൽ ഒത്തുചേരുമ്പോൾ അത് തങ്ങളായിരുന്നെങ്കിൽ എന്നാശിച്ചിട്ടുണ്ട്.

രാത്രിയുടെ കൈകളിൽ ഭൂമി നിശബ്ദയാകുമ്പോഴാണ് പലപ്പോഴും തിരിക്കാറുള്ളത്. തിരിഞ്ഞുനടക്കുമ്പോൾ ഒളികണ്ണിട്ട് നോക്കുവാൻ മറക്കില്ല. അപ്പോഴും വിനോദിന്റെ കണ്ണുകൾ തന്നെ പിന്തുടരുകയാവും........അന്നും പതിവുപോലെ 'വിനോദിനെകാണാനായി' പാർക്കിലേയ്ക്ക് കുതിച്ചു. പക്ഷേ–നിരാശയാകേണ്ടി വന്നു. നിശാശലഭത്തെപ്പോലെ പറന്നടുത്ത താൻ, കാനൽജലം കണ്ട ഒട്ടകത്തെപ്പോലെ നിരാശയായിതിരിഞ്ഞ നടന്നു. അന്ന് വിനോദിനെക്കണ്ടില്ല. തിരിഞ്ഞു നടക്കുമ്പോൾ മനസ്സിന്റെ ഏതോ കോണിൽ നിന്ന് ഒരു ശബ്ദം തികട്ടി വന്നു

'വിനോദ്........നീയെന്റെ ആത്മാവാണ്. ഞാൻ നിന്നെ സ്നേഹിക്കുന്നു. നീ എന്നെ വിവാഹം ചെയ്യുമോ?'

പിന്നീട് വിനോദിനെ കണ്ടിട്ടില്ല. അദ്ദേഹത്തെക്കുറിച്ചുള്ള ആരാധനമാത്രമായിരുന്നു പിന്നീട് തന്റെ ജീവനാഡി.

വിവാഹാലോചനയുമായി വന്ന അച്ഛനെ പലപ്രാവശ്യം എതിർത്തു. അന്നെല്ലാം തനിക്ക് ഒരു വിശ്വാസമുണ്ടായിരുന്നു 'തന്റെ വിനോദ്' എന്നെങ്കിലും മടങ്ങിവരും'.

പക്ഷേ അത് വെറും അടിസ്ഥാനരഹിതമായ ഒരു ചിന്ത മാത്രമായിരുന്നു. നാളിതുവരെയായിട്ടും അദ്ദേഹം മടങ്ങിവന്നില്ല.

അവസാനം തന്റെ എല്ലാ തീരുമാനങ്ങൾക്കും വ്യതിയാനം ഉണ്ടായിവന്നു. താനും ഒരു പെണ്ണാണ്, തനിക്കും വേണം വിവാഹം. ഇപ്പോൾ—നാളെ തന്റെ വിവാഹമാണ്. വരൻ വിദേശത്ത് നിന്നും വന്നതാണുപോലും... പണക്കാരനായിരിക്കും.

പലതവണ അച്ഛൻ വരന്റെ ഫോട്ടോകാണിക്കാൻ ഒരുങ്ങിയെങ്കിലും താൻ വിസമ്മതിച്ചു. 'വരനാരോ ആയിക്കൊള്ളട്ടെ! അച്ഛനുവേണ്ടി ഞാൻ ജീവിക്കാം....' അതായിരുന്നു തന്റെ നിലപാട്.

'സരിതേ.....അച്ഛന്റെ വിളികേട്ടാണ് സരിത സ്മൃതിപഥത്തിൽനിന്നു ഉണർന്നത്.

.... .... .... .... ....

പിറ്റേദിവസം പുലർന്നു വീണു. തോരണങ്ങളാൽ അലംകൃതമായ, നിറപറയും, നിലവിളക്കും സാക്ഷിയായ കതിർമണ്ഡപത്തിലേയ്ക്ക് സരിത മെല്ലെ നടന്നു. മനസ്സിന്റെ താളം തെറ്റാതിരിക്കാൻ പരമാവധി ശ്രമിച്ചു.

കതിർമണ്ഡപത്തിൽ – സുസ്മേരവദനനായി ഇരിക്കുന്ന വരന്റെ മുഖത്തേയ്ക്ക് നോക്കിയ അവൾ സ്തംഭിച്ചുപോയി 'എന്ത്?....' 'തന്റെ വിനോദ്'.......................

കുനിഞ്ഞ മുഖവുമായി കതിർമണ്ഡപത്തിലേയ്ക്ക് നടന്ന അവളുടെ മനസ്സ് മന്ത്രിച്ചു.

'ജീവിതം ഒരു കടങ്കഥയാണ്'.



ററി. കെ. എം. ആർട്ട്സ്

## കുട്ടന്റെ സംശയം

ബി. ശങ്കരനാരായണപിള്ള
സെക്കൻറ് $B_1$

പാഠം പഠിക്കാൻതുടങ്ങുന്ന കുട്ടന്
സംശയപൂർണ്ണമായ് തൻഹൃദയം
അമ്മയെനിക്കെന്നും കാച്ചിയ പാൽതരു–
മെന്നാരെഴുതീയിപുസ്തകത്തിൽ.

കള്ളമല്ലേയിതു, ശുദ്ധനുണയല്ലേ
അമ്മതരുന്നതുകാടിയല്ലേ
കഞ്ഞികുടിക്കാൻകഴിയാത്ത പാവങ്ങൾ
പാലുകുടിക്കുക സാദ്ധ്യമാണോ ?

കള്ളം പറയരുതെന്നു വിലക്കുന്ന
സാറിതാകള്ളം പഠിപ്പിക്കുന്നു
പുസ്തകംവാർക്കുന്നശില്പികൾ നാടിന്റെ
പട്ടിണിക്കാരെയറിവതില്ലേ ?

ഇന്നുകഴിഞ്ഞെനിക്കേഴാം പിറന്നാള്
പള്ളിക്കൂടത്തിലും പോയ്തുടങ്ങി
പക്ഷേയിതുവരെ പാൽകുടിപ്പാൻ
പററീലെനിക്കൊരു നാളിൽ പോലും

## ദുഃഖിതേ......!

അശോക് കുമാർ വി. എസ്.
ഫസ്റ്റ് പി. ഡി. സി. $C_2$ ബാച്ച്

നീഹാരഹാരം ചൂടിയൊരുങ്ങി
നിർവ്വികല്പമായ്നില്ക്കും ഹർമ്മ്യമെ
നിന്നെക്കാണുമ്പോഴും നിന്നിലലിയുമ്പോഴും
എന്റെ വിഷാദം അലകടലാകുന്നു
എൻ വിപഞ്ചിക തേങ്ങുന്നു.
[നീഹാരഹാരം]

ശരത്കാലയാമിനികൾ പാലൂട്ടിവളർത്തിയ
യമുനതൻ പുളിനങ്ങൾ താരാട്ടിയുറക്കിയ
യുഗങ്ങളൊക്കെയും പാടിപുകഴ്ത്തുന്ന
മുംതാസിൻ പ്രേമത്തിൻ സ്മാരക ഹർമ്മ്യം
[നീഹാരഹാരം]

യാത്രയാക്കുയെന്നെ സുന്ദര ഹർമ്മ്യമെ—
വിശുദ്ധ പ്രേമത്തിൻ പൊൻപ്രദീപകമെ
സ്മരണകളുറങ്ങുമീ താജിന്റെ മടിയിൽനിന്നും
ഒരു സ്വാധിതൻ നൊമ്പരം കാണാതെ
യാത്രയാക്കൂ, എന്നെ യാത്രയാക്കൂ.
[നീഹാരഹാരം]

RAGHU SANITARY STORES
MAIN ROAD, QUILON



**St: Joseph's**
**Furniture Mart**
Lekshminada,
Quilon
Phone No: 3205

*With the best compliments*



## Suresh Industries

**Block Makers**
Main Road, Quilon
Phone: 3987

*For Wedding Sarees*



## Kamalas

Main Road
**Quilon**

Compliments from



## WELL WISHER

റി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner

# അനുതാപമേ! വിട....

വൈ. മുഹമ്മദ്ഷാഫി
രണ്ടാം വർഷ (സസ്യശാസ്ത്രം)

ധൃതഗതിയിൽ പെട്ടികളിൽ സാധനങ്ങളൊക്കെ എടുത്തുവെച്ചു. അമ്മയ്ക്കും, പെങ്ങൾക്കും സുനിതയ്ക്കുമായി വാങ്ങിയ തുണികൾ ഭംഗിയായി മടക്കി പെട്ടികളിൽ ഒതുക്കിവെച്ചു. ചെക്കബുക്കും, ഡയറിയും എല്ലാം പെട്ടികളിലെ ചെറിയ അറയിൽ ഭദ്രമായി വെച്ചു. വൈകുന്നേരം നാലുമണിക്കാണു ടെയിൻ. തന്റെ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനു മണിക്കൂറുകളുടെ ദൈർഘ്യം. നാട്ടിലെത്താൻ ഹൃദയം വെമ്പൽകൊള്ളുന്നു. തിരേ്യ വരുമ്പോൾ വരുന്നത് ഒറ്റയ്ക്കാകരുത്. കൂടെ അമ്മയേയും, സുനിതയേയും, പെങ്ങളെയും കൂട്ടണം.

അപരിചിതമായ ബോംബെ നഗരത്തിലേയ്ക്കു രണ്ടു വർഷങ്ങൾക്കു മുൻപ് വണ്ടികയറിയതിനെക്കുറിച്ച് ഓർക്കുമ്പോൾ ഹൃദയം തകരുന്നതുപോലെ. വീണ്ടും കണ്ണുകഠോരമായ ഒച്ചയിലേയ്ക്കു എടുത്തെറിയപ്പെടുന്ന മനസ്സിന്റെ ദയനീയത.

അന്ന്, രണ്ടു വർഷങ്ങൾക്കു മുൻപ്, ഒരു ഞായറാഴ്ച. ഓർമ്മകളിൽ തികട്ടിവരുന്ന ഭൂതകാലം. മനോമുകുരത്തിലൂടെ തെളിഞ്ഞുവരുന്നു. വ്യക്തമായി പഴയതെല്ലാം സൂക്ഷിച്ചുവെക്കാൻ വിധിക്കപ്പെട്ട തലച്ചോറ്.

മൂന്നുവർഷം കഷ്ടപ്പെട്ടു B. Sc. ഫസ്റ്റ്ക്ലാസ്സിൽ പാസ്സായി. ഇനി M. Sc യ്ക്കു ചേരണം. അതിനു ചിലവുണ്ട്. ഓടി അമ്മാവന്റെ അടുത്തുചെന്നു. 'ഇതുവരെ പഠിപ്പിച്ചല്ലോ. ഇനി എന്നെകൊണ്ടു പറ്റില്ല കഷ്ടപ്പെടാൻ' അസഭ്യത്തിന്റെ ആരംഭം.

'ഞാൻ വേറെ ഒന്നും ആവശ്യപ്പെടുന്നില്ല. എന്റെ അമ്മയിൽനിന്നും തട്ടി എടുത്ത സ്വത്തിൽനിന്നുമുള്ള അനുഭവത്തിൽനിന്നും മതി'

'അതു പറയുവാൻ നീ ആരാടാ' ഒരു മൃഗത്തെപോലെ കലിതുള്ളുന്ന പ്രതിയോഗി.

'എന്റെ അച്ഛനു തന്നെ പിറന്നവൻ. മനസ്സിലായില്ലേ. ഞാനും എന്റെ കൊച്ചുപെങ്ങളും അനുഭവിക്കേണ്ട വസ്തുക്കൾ തട്ടി എടുത്തതിൽ ഞാനല്ലാതെ ആരു പറയാൻ'.

തന്റെ കവിൾത്തടത്തിൽ ആഞ്ഞടിച്ച പ്രതിയോഗിയുടെ കൈ. ആ കൈകളിലേയ്ക്കു കടന്നു പിടിച്ചു.

'വിടുചേട്ടാ! എന്റെ മോനെ തല്ലരുത്''. സഹോദരന്റെയും മകന്റെയും ഇടയിൽ കിടന്നു വീർപ്പുമുട്ടുന്ന മാതൃത്വം.

'മാറമ്മേ, എനിക്കാരെയും പേടിക്കാനില്ല. ഇദ്ദേഹം....' മുഴമിപ്പിച്ചില്ല. അതിനിടയിൽ മറ്റൊരു പ്രതിയോഗിയുടെ കൈപെരുമാറ്റം. അമ്മാവന്റെ മകൻ ഷാജി. തന്റെ കളിക്കൂട്ടുകാരൻ. ജനിച്ചതുമുതൽ തന്നോടൊത്തു, ചിരിയിലും ദുഃഖത്തിലും പങ്കെടുക്കാറുള്ള ഷാജി, അവനും മാറിയിരിക്കുന്നു. പിന്നെ നിന്നില്ല മേശപ്പുറത്തിരുന്ന കുപ്പി മേശയിൽ ആഞ്ഞടിച്ചു. കുത്ത്കുപ്പിച്ചില്ല നീട്ടിപിടിച്ചുകൊണ്ടു പറഞ്ഞു.

'ഇനി എന്റെ ശരീരത്തിൽ തൊട്ടാൽ, എല്ലാത്തിനേം കീറും ...............'

എല്ലാം നിശ്ചലം. ഒരിടത്തും പോകുവാൻ കഴിയാത്ത വിധം പ്രതിയോഗിയുടെ താറ്റലും, ഇപ്പുംകൊണ്ടു നിസ്സഹായയായ് നില്ക്കുന്ന അമ്മ. ഇനി ഇവിടെ നില്ക്കരുത്. രക്ഷപ്പെടണം. വിരസമായ ചുറ്റുപാടിൽനിന്നും, ഓടിയകലുവാനുള്ള ദാഹം ഉൽക്കടമായിരുന്നു. തേപ്പടന്ന പുരയ്ക്കകത്തെ വർഷങ്ങൾ പഴക്കമുള്ള വീടും, സമൃദ്ധമായ പറമ്പും, ഒരു താഴ്‌വരയാകെ വിഴുങ്ങിനിൽക്കുന്ന നെൽപ്പാടവും എല്ലാം സ്വന്തമാക്കിയ പ്രതിയോഗി. താൻ അനുഭവിക്കേണ്ട വസ്തുക്കൾ ഓർമ്മവെയ്ക്കുന്നതിനു മുൻപുതന്നെ നഷ്ടപ്പെട്ടിരുന്നു. ഒരു കടന്നലാവാൻ തന്നെകൊണ്ടാകുന്നില്ലല്ലോ.

അധർമ്മത്തിന്റെ ആയുധങ്ങളാൽ പിന്തുടരപ്പെട്ട ദേഹം ഏതു നിമിഷവും അറ്റുപോകാം.

നിറം മങ്ങിയ ചുവരുകൾക്കുള്ളിൽ കുടുങ്ങികിടക്കുന്ന ഈ വീട് എന്റെശവകുടീരമാണ്. ഇടറാതെ പതറാതെ മുന്നോട്ടു നീങ്ങുകയാണുവേണ്ടത്. ഈ അഗോചരമായ പ്രദക്ഷിണപഥത്തിൽ മറ്റൊരു ആകാശഗോളമായി സ്വയം ചുറ്റാൻ ദേശാന്തരഗമനം നടത്തുന്ന മനസ്സ്.

പഴയ വസ്ത്രങ്ങളെല്ലാം ബ്രീഫ്കേയ്സിൽ എടുത്തുവെച്ചു. പതിനഞ്ചു വർഷം കഷ്ടപ്പെട്ടപ്പോൾ കിട്ടിയ ബിരുദം ഭദ്ര

മായി ബ്രീഫ്കേയ്സിൽ ഒതുക്കി. മുടിഅലങ്കോലമായി കിടക്കുന്നു. ചീകാൻ മിനക്കെട്ടില്ല. ബ്രീഫ്കേയ്സുംതൂക്കി പുറത്തേയ്ക്കുവന്നു.

ദുഃഖം ഉള്ളിലൊതുക്കി നിൽക്കുന്ന അമ്മ. ഈസിചെയറിൽ ഒരു കാര്യസ്ഥന്റെ ഗമയിൽ കിടക്കുന്ന പ്രതിയോഗി. ഷാജി. തന്റെ കൊച്ചുപെങ്ങൾ. എല്ലാപേരും മൂകമായി നിൽക്കുന്നു. അമ്മയുടെ അടുത്തു ചെന്നു. കണ്ണുകളിൽ ഉതിന്ന കണ്ണീർ മണികളിൽ സാരിത്തലപ്പമർത്തിയപ്പോൾ പറഞ്ഞു.

'ഞാൻ വരട്ടെ അമ്മേ! ഒരിക്കൽ ഞാൻ തിരിച്ചുവരും. എന്റെ അമ്മയെ രക്ഷിക്കാൻ എന്റെ പെങ്ങളെ രക്ഷിക്കാൻ ഈ കാരാഗൃഹത്തിൽനിന്നും. ഞാൻ വരട്ടെ', പതുക്കെ കാലുകൾ പുറത്തേയ്ക്കു എടുത്തു വെച്ചു. മാതൃത്വത്തിന്റെ തേങ്ങലുകൾ, നെഞ്ചുപൊടിയുന്നു.

ഉദിക്കാൻ ആകാശമില്ലാതെ കരയുന്ന എത്രയെത്ര സൂര്യചന്ദ്രന്മാർ. ചരൽ വിരിച്ച പാതയിലൂടെ നടന്നു. അജ്ഞതയുടെ തപോമയമായ ഗർഭപാത്രത്തിൽ ഭ്രൂണമായികിടക്കുകയായിരുന്നു, ഇതുവരെ. അവിടെ നിന്നും മോചനം കിട്ടിയിരിക്കുന്നു. ജീവിതത്തെ റിഹേഴ്സലുകൾകൊണ്ടു കൃത്യമാക്കാൻ സാദ്ധ്യമല്ലല്ലോ?

ഒരിക്കൽ തിരിച്ചു വരണം, മാതൃത്വമെന്തെന്നറിയണം, തന്റെ എല്ലാമെല്ലാമായ ഭാവിപത്നിയുടെ കരവലയങ്ങൾക്കുള്ളിൽ ഒതുങ്ങിക്കൂടി അർത്ഥശൂന്യമായ സീൽക്കാരങ്ങളാലും ലഹരിപിടിപ്പിക്കുന്ന അനുഭൂതിയാലും ലയിച്ച് ലയിച്ച് സ്നേഹത്തിന്റെ വില മനസ്സിലാക്കണം. തന്നിൽ ഗ്രസിച്ചുപോന്ന ദുഃഖത്തിന്റെ കറകൾ ഇല്ലാതാവണം. പ്രതിയോഗിയിൽ അസൂയയുണ്ടാക്കണം, ഏറെ ശക്തിയും, അല്പംപണവുമായി തിരികെ വരണം. ഓരോന്നു ചിന്തിച്ചു നടന്നു.

ചെമ്മൺവിരിച്ച പാതയുടെ വിരിമാറിലൂടെ നടന്നപ്പോൾ സുനിതയെകണ്ടു. അവൾ എത്ര സുന്ദരിയാണ്. അടുത്തുചെന്നു, താൻ ശുഭ്രവസ്ത്രം ധരിച്ചുകാണാനാഗ്രഹിക്കുന്ന പെൺകുട്ടി, ഗോപീചന്ദനക്കുറിയണിഞ്ഞു കാണാൻ ആശിക്കുന്ന പെൺകുട്ടി, അവൾ കരയുന്നു. നുണക്കുഴികളിലൂടെ ഒലിച്ചിറങ്ങുന്ന കണ്ണുനീർതുള്ളികൾ, ഹൃദയം പിടയ്ക്കുന്നു. ഒരു ശോകഗാനത്തിന്റെ വികലമായ ധ്വനി.

'ഞാൻ എല്ലാം അറിഞ്ഞു. എന്നെയും ഇട്ടിട്ട് പോകുണോ?' അവളുടെ ചുണ്ടുകൾ വിറയാർന്നു.

'ഈ വിരസതയിൽനിന്നും മോചനം കിട്ടാൻ എനിക്കിവിടം വിട്ടേണ്ടിയിരിക്കുന്നു സുനി'.

'ഞാനും വരുന്നു കൂടെ'.

'വേണ്ട! ഗ്രീഷ്മം കത്തിനിൽക്കുന്ന ഈ വഴിയിലൂടെ ഞാനെന്തിനു നിന്നെക്കൂടി ഇപ്പോൾ നടത്തിക്കുന്നു. ഞാൻ വരും, ഒരിക്കൽ, അല്പം പണവും, ഏറെ ശക്തിയുമായി, നിന്നെ സ്വന്തമാക്കാൻ, നീ കരയരുത്, ഈ ദുഃഖം എന്നെ വേദനിപ്പിക്കുന്നു 'സുനി'. ഏങ്ങി ഏങ്ങി കരയുന്ന സുനിത, ഒരു കൊച്ചുകുട്ടിയെപ്പോലെ.

'ദരിദ്രയാണവെങ്കിലും സ്നേഹിക്കാൻകഴിയുന്ന ഒരു മനസ്സ് എനിക്കുണ്ട്. എന്നിൽനിന്നെത്രയകന്നാലും, പ്രകാശവർഷങ്ങൾക്കപ്പുറം നിന്നാലും ചേട്ടന്റെ ഹൃദയത്തിനു ചുറ്റും, ഈ ഏകാന്തഗോളം അദൃശ്യമായ ഭ്രമണപഥത്തിലൂടെ പ്രദക്ഷിണം തുടരുന്നുണ്ടാവും. അന്ത്യംവരെ, അനസ്യൂതംവരെ, മരിക്കുവോളം ഞാൻ കാത്തിരിക്കാം. അർഹിക്കുന്നതിലേറെ വിലപിടിപ്പുള്ളത് എനിക്കു കിട്ടിയല്ലോ? ഈ വലിയ മനസ്സ്'.

തന്റെ മാറിൽ മുഖമമർത്തി കരയുന്ന കൊച്ചു കുഞ്ഞ്. ആ മുഖം പതുക്കെ മേലോട്ടുയർത്തി.

'ഈ കണ്ണുകളിലെ അഭൗമമായ തിളക്കമാണ് സുനിതെ എന്റെ ജീവിതത്തിലെ എല്ലാ പ്രചോദനങ്ങളുടെയും ഉറവിടം. ഞാൻ വരട്ടെ'. പുണർന്നു നിന്ന കരവലയങ്ങൾ അയഞ്ഞു.

പുഴകടന്നു ചരലുകൾ ചിതറിക്കിടക്കുന്ന പാതയിലൂടെ നടക്കുന്ന കാലുകൾ, അതിന്റെ അന്ത്യം ഈ അപരിചിതമായ നഗരത്തിൽ എത്താനായിരുന്നോ?

ഓർമ്മകൾക്കു കടിഞ്ഞാണിട്ടു. രണ്ടുവർഷങ്ങൾക്കു മുൻപുമുതൽ സൂക്ഷിക്കപ്പെട്ട ഓർമ്മകൾ. ഇപ്പോൾ ഒരു പ്രൈവറ്റ് കമ്പനിയിലെ 1200 രൂപാ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥനാണു താൻ. നാട്ടിലെത്താൻ വെമ്പൽ കൊള്ളുന്ന മനസ്സ്, അമ്മയെയും, പെങ്ങളെയും സുനിതയെയും കാണാൻ കൊതിക്കുന്ന കണ്ണുകൾ. അവരെക്കൂടി കൊണ്ടുവരണം. സമയംഅതിക്രമിച്ചിരിക്കുന്നു. വലിയ ലതർപെട്ടി എടുത്തു റൂമിനു വെളിയിൽവെച്ചു. ബന്ധിക്കപ്പെടുന്ന കതകുകൾ. കാലുകൾ ലക്ഷ്യത്തിലേയ്ക്കു ചലിച്ചു.

റയിൽവേ സ്റ്റേഷൻ.

ജയന്തി ജനതാ എക്സ്പ്രസ്സ്.

റിസർവേഷൻ സീററിൽ കയറിയിരുന്നു, അനുസരണയുള്ള കുട്ടിയെപ്പോലെ. പച്ചനിറത്തിലെ സിഗ്നൽവിളക്കു കണ്ടപ്പോൾ ചലനം തുടരുന്ന തീവണ്ടി.

രണ്ടു വർഷങ്ങൾക്കു മുൻപ് ഒരു വൈകുന്നേരം വികാരതന്ത്രികളെ തൊട്ടുണർത്തവേ അതിന്റെ ശോകമായ ഗാനാലാപത്തിൽ ലയിച്ചു പറഞ്ഞ വാ



Scanned with OKEN Scanner

ക്കകൾ സുനിതയുടെ വാക്കുകൾ ഓർമ്മകളിൽ കുടുങ്ങിപിടക്കുന്നു.

'ദരിദ്രയാണെങ്കിലും സ്നേഹിക്കാൻ കഴിയുന്ന ഒരു മനസ്സ് എനിക്കുണ്ട്'. എന്നിൽ നിന്നെത്ര അകന്നാലും, പ്രകാശ വർഷങ്ങൾക്കപ്പുറം നിന്നാലും ചേട്ടന്റെ ഹൃദയത്തിനു ചുററും, ഈ ഏകാന്തഗോളം അദൃശ്യമായ ഭ്രമണപഥത്തിലൂടെ പ്രദക്ഷിണം തുടരുന്നുണ്ടാവും, അന്ത്യംവരെ അനശ്വരതവരെ. മരിക്കുവോളം ഞാൻ കാത്തിരിക്കാം. അർഹിക്കുന്നതിലേറെ വിലപിടിപ്പുള്ളത് എനിക്കു കിട്ടിയല്ലോ? ഈ വലിയ മനസ്സ്. കണ്ണുകളിൽ ഉറക്കം തഴുകുന്നു. ഉറങ്ങാനായി കണ്ണുകൾ അടച്ചുപൂട്ടികിടന്നു. വണ്ടിയുടെ ചലനത്തിനൊത്തു ചലിക്കേണ്ടിവരുന്ന പ്രവണതയിൽ ത്രിശങ്കുസ്വർഗ്ഗത്ത് നില്ക്കേണ്ടിവരുന്ന മയക്കം.

മനസ്സിൽ ഒളിഞ്ഞിരുന്നു പ്രതിയോഗിയുടെ നേരെ ശരങ്ങൾ തൊടുത്തുവിടാൻ തോന്നുന്നതുപോലെ അദൃശ്യമായ രൂപങ്ങൾ, ഭാവങ്ങൾ ഒന്നും വ്യക്തമല്ല ഉറങ്ങുകയല്ല വെറുതെ മയങ്ങുകയാണ്. അടുത്ത പ്രഭാതത്തിനു വേണ്ട ഉന്മേഷവും, ഉണർവും സംഭരിക്കപ്പെടുന്നു.

നിമിഷങ്ങൾ തീവണ്ടിയുടെ ചക്രങ്ങൾക്കിടയിൽ കിടന്നു ചതഞ്ഞരയുന്നു. ഇതിൽ കയറിയിട്ട് രണ്ടുദിവസം കഴിഞ്ഞിരിക്കുന്നു. നിഷ്ക്കരുണം സമയദൈർഘ്യത്തിന്റെ കണങ്ങളെ ഞെരിച്ച് കൊലവിളിച്ചുകൊണ്ടുപായുന്ന തീവണ്ടി.

കൊല്ലം ജംഗ്ഷൻ

വർഷങ്ങൾ പിന്നിട്ടിരിക്കുന്നു.

മാററങ്ങൾ ലേശം പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

ദുഃഖം മാത്രം തരാൻകഴിയുന്ന ഓർമ്മകൾക്കു വിരാമമിട്ടു. തകർന്നുപോയ വർഷങ്ങളുടെ ഇതളുകൾ വാടിക്കരിഞ്ഞിരിക്കുന്നു. ചെറിയ തുഷാരബിന്ദുക്കളെ ഉമ്മവെയ്ക്കുന്ന പുതിയ പൂവ് ഈ ജലകണങ്ങൾ പൂവിനു അന്യനല്ല. പൂവിന്റെ ഇതളുകൾക്കുള്ളിൽനിന്നും പുറത്തുവരുന്ന ഈ ജലകണങ്ങൾ ചില സ്രവണാവയവങ്ങൾ പുറന്തള്ളുന്നതാണെന്ന് സസ്യശാസ്ത്രത്തിൽ പഠിച്ചിട്ടുണ്ട്. അകലുവാനായിട്ടാണെങ്കിലും അകലാൻ വയ്യാതെ ഇതളുകളിൽ പററിപ്പിടിച്ചിരിക്കുന്ന വിഷാദഭാരം പേറി നില്ക്കുന്ന ജലകണങ്ങളോടു ദുഃഖം തോന്നി. ഒരു കാററടിച്ചാൽ മതി, തെറിച്ചു താഴെ വീണു ചിതറുവാൻ. കാററടിക്കരുതെ, ആസ്വദിക്കും വരെ.

ഹോണടി ശബ്ദംകേട്ടപ്പോൾ തിരിഞ്ഞു നോക്കി. ബസ്സ്. കയറിയിരുന്നു.

ഒരു ക്ഷയരോഗിയെപോലെ കിതച്ച് പുകതുപ്പി ബസ്സ് ഓടി.

നാലുപാതകൾ ഒരുമിച്ചു ചേരുന്ന ചെറിയ ജംഗ്ഷനിൽ വണ്ടിനിന്നു. 'ആരെങ്കിലും ഇറങ്ങാനുണ്ടോ?' കണ്ടക്ടറുടെ പരുപരുത്ത ശബ്ദം. പെട്ടിയും തൂക്കി പുറത്തേക്കിറങ്ങി. വീണ്ടും ഓടിപോകുന്ന ക്ഷയരോഗിയായ ബസ്സ്. തന്റെ ദുഃഖങ്ങളാണ് നോക്കിക്കൊണ്ടിരിക്കെ ഓടിയകലുന്നതെന്നു തോന്നി.

കാലുകൾ ചലിക്കുവാൻ തുടങ്ങി.

തന്റെ ഗ്രാമം.

എല്ലാപേരെയും കാണുവാനുള്ള മോഹം.

അമ്മയുടെ അടുത്തേയ്ക്കാണാദ്യം. നടന്നു.

പടിപ്പുരകടക്കുമ്പോൾ, മനസ്സിൽ ആനന്ദത്തിന്റെ തിരകൾ ഉയർന്നു പൊങ്ങുന്നു. വിസ്മൃതിയുടെ നിമിഷങ്ങൾ. പുറത്താരെയും കാണുന്നില്ല.

'ആരാ അത്. ശരത്ചന്ദ്രനോ! എന്നു വന്നു മോനെ'

തിരിഞ്ഞുനോക്കി. അടുത്ത വീട്ടിലെ ജാനുവമ്മയാണ്.

'ഞാനിപ്പോൾ വന്നതേയുള്ളു. നേരെ ഇങ്ങോട്ടു പോന്നു'. കൈലേസുകൊണ്ടു മുഖത്തു പൊടിഞ്ഞ വിയർപ്പുകണങ്ങൾ തുടച്ചുകൊണ്ടു പറഞ്ഞു.

'ഈ സ്ഥലം ഞങ്ങൾ വിലയ്ക്കുവാങ്ങി മോനെ, പിന്നെ മോന്റെ അമ്മാവനും മററും അങ്ങു മംഗലാപുരത്തേയ്ക്കു സ്ഥലം മാറിപ്പോയി'.

ഒററ ശ്വാസത്തിൽ വാചകം രചിക്കുന്ന ജാനുവമ്മ.

'മോന്റെ അമ്മമരിച്ചതിൽ പിന്നെ, മോന്റെ അനിയത്തിയെ ഷാജി വിവാഹം കഴിച്ചു'. ഓക്കാപ്പുറത്തു അടിയേററതുപോലെ. തലകറങ്ങുന്നു. വീഴാതിരിക്കാൻ അടുത്ത തൂണിലേയ്ക്കു കയറിപിടിച്ചു. തന്റെയുള്ളിന്റെയുള്ളിൽ നിറം കലർത്തി സൂക്ഷിച്ചിരുന്ന മോഹനസങ്കല്പങ്ങൾ ഇരുട്ടിന്റെ കയങ്ങളിലേയ്ക്കാണ്ടു പോകുന്നു. കൂടുതൽ ഉറപ്പിക്കുവാൻ ശ്രമിക്കുമ്പോൾ കൂടുതൽ ഇളകുകയാണ്. ഒന്നും ഓർക്കാൻ കഴിയുന്നില്ല. സൂര്യന്റെ കടുത്ത താപത്തിൽ ബന്ധം വിടർത്തി നീരാവിയായി അന്തരീക്ഷത്തിലേയ്ക്കുയർന്നു പൊങ്ങിയ ജലകണങ്ങൾ.

പാതകസമൂഹത്തിലും, പൊടിപടലങ്ങളിലും ഘനീഭവിച്ചു ചിറകുമുളച്ചു മേഘങ്ങളുണ്ടായി. നിർഭാഗ്യവാന്മാരായ മേഘങ്ങൾ കൂടുതൽ തണുത്തപ്പോൾ ദ്രവീകരിക്കുന്നു. അവസ്ഥാഭേദത്തിനു വിധേയമായി. ഒരു ഭൗതീകമാററം.

വീണ്ടും മണ്ണിലേയ്ക്കു. ജലാശയങ്ങളിലേയ്ക്കു.



Scanned with OKEN Scanner

ഭൂമിയുടെ ഉപരിതലം കത്തിന്നു. വൃത്തികെട്ട പാത. ശ്രമകരമായ യാത്ര. ദുഃഖിക്കരുത്, കരയരുത്, ഇതൊക്കെ സ്വാഭാവികമാണ്.

വിഷാദ സാഗരം ഒതുക്കിവെച്ച തുഷാരബിന്ദുക്കളുടെ കഥ ഓർമ്മവരുന്നു. സ്വന്തം കുഴിമാടം. സ്വയം ഒരു ശവസംസ്കാരത്തിനായി. സ്വയം ദഹിക്കാൻ. എനിക്കായി വിധിക്കപ്പെട്ടിരിക്കുന്ന ശ്മശാനം.

ഓർക്കുമ്പോൾ ഉൾക്കിടിലം.

വന്നതുപോലെ ബാഗുമെടുത്തു പുറത്തു കടന്നു. സ്വയം അറിയാതെ കണ്ണുകളിൽനിന്നും ഉതിർന്നു വീഴുന്ന കണ്ണീർ മണികൾ. സ്വയം നിയന്ത്രിക്കുവാൻ ശ്രമിച്ചു. കരയുന്നത് പുരുഷത്വമല്ല.

'മോൻ പോകാണോ?' ജാനുവമ്മയുടെ ശബ്ദം. ഒന്നും മിണ്ടിയില്ല. ഇളകിയാടുന്ന ചരലുകൾ നിറഞ്ഞ പാത, തന്റെ ജീവിതംപോലെ. ഇനി സുനിതയെ കാണണം. കാലുകൾക്കു വേഗത. ഓരോന്നു ചിന്തിച്ചു നടന്നു. പെട്ടെന്നു കണ്ണുകൾ ആരോ പിന്നിൽനിന്നും കൈകൾകൊണ്ടു പൊത്തിയിരിക്കുന്നു. കൈകൾ ബലം പ്രയോഗിച്ചു വിടർത്താൻ ശ്രമിച്ചപ്പോൾ പൊട്ടിത്തെറിക്കുന്ന കുപ്പിവളകളുടെ കിലുകിലാ ശബ്ദം. ക്രമേണ അയയുന്നകൈകൾ 'സുനിത'.

ഉള്ളിൽ ഒരു തൃശ്ശൂർപൂരം ദ്രുതഗതിയിൽ രൂപംകൊള്ളുന്നു ആയിരം മുത്തുക്കുടകൾ, വിവിധ നിറങ്ങളിൽ, വെഞ്ചാമരം വീശുന്നു, ആകാശത്തു ഉയർന്നു പൊങ്ങുന്ന കമ്പകെട്ടുകൾ, കതിനാവെടികൾ.

പെട്ടെന്നുള്ള ആവേശത്തിൽ കെട്ടിപ്പുണർന്നു.

ഉള്ളിൽ രൂപംകൊണ്ട കൊടുങ്കാററ് ഇളങ്കാററായി രൂപാന്തരപ്പെടുന്നു.

'എന്റെ സുനി, നീ എങ്കിലും എന്നെ കൈവെടിയാതിരുന്നല്ലോ?'

'ഞാനിന്നലെ ചേട്ടനെ സ്വപ്നം കണ്ടതേയുള്ളു.'

'എന്തു സ്വപ്നം.'

'നമ്മൾ രണ്ടും കൈകോർത്തു പിടിച്ചുകൊണ്ടു നടന്നുപോകുന്നു'

'എവിടേയ്ക്കാ'

'അറിയില്ല'

'ഞാൻ ക്രീം കളറിലെ സാരിയുടുത്തിരിക്കുന്നു.'

കിലുകിലാ സംസാരിക്കുന്ന സുനിത. അവൾ എന്തു മാറിയിരിക്കുന്നു. മുമ്പൊക്കെ അവളൊരു മിണ്ടാപൂച്ചയായിരുന്നു. അവൾക്കു കാര്യപ്രാപ്തിയുണ്ടിപ്പോൾ. അവളുടെ കൈയുംപിടിച്ചുകൊണ്ടു നടന്നു.

ദ്രുതഗതിയിൽ ഒരു കല്യാണം.

ചെറിയ രീതിയിൽ.

തനിക്കു സ്വന്തമായസുനിത.

ദിവസങ്ങൾ പിച്ചവെച്ചു കടന്നു പോകുന്നു.

ഒന്നും രണ്ടുദിവസംകൂടി തള്ളപ്പെട്ടിരിക്കുന്നു.

കഴിഞ്ഞകാലങ്ങളുടെ ശവദാഹം. ഉദിക്കുന്ന സൂര്യന്റെ ശവദാഹം നടക്കുന്ന സന്ധ്യാനേരം.

നാളെ പോകയാണ്.

ഒററയ്ക്കല്ല.

കൂട്ടിനൊരു കൂട്ടുകാരിയുണ്ട്. മുമ്പൊക്കെ തങ്കക്കിനാക്കൾകൊണ്ട് താജ്മഹൽ നിർമ്മിച്ചുകൊടുത്തിരുന്ന കൂട്ടുകാരി. ഇപ്പോൾ...........

പിച്ചവെച്ചുകടന്നുവരുന്ന ഇളംവെയിലിൽ മുററത്തെ പനിനീർച്ചെടിയിൽ തുഷാരബിന്ദുക്കളെ തിളങ്ങി. പുതിയ പൂവുകൾ വിടർന്നിരിക്കുന്നു. അകലാനാകാതെ ദളങ്ങളിൽ പററിപ്പിടിച്ചിരിക്കുന്ന ജലകണങ്ങൾ. ജലകണങ്ങളിലൂടെ കടന്നുവരുന്ന സൂര്യരശ്മികൾ വിവിധ നിറങ്ങളിൽ പ്രതിഫലിക്കുന്നു. ഒരു ഭൗതികപ്രവർത്തനം. കണ്ണിനു കുളിർമയേകുന്ന കാഴ്ച.

വീണ്ടും ഒരു മടക്കയാത്ര. ഇളംവെയിലിൽ നടന്നു. തന്നോടൊപ്പം നടക്കുന്ന സുനിത അവൾക്കപരിചിതമായ നഗരത്തിലേക്ക്.

ബസ്സ്.

റയിൽവേസ്റ്റേഷൻ.

തീവണ്ടി.

കയറിയിരുന്നു. വന്നപ്പോൾ ഏകനായിരുന്നു. ഇപ്പോൾ അങ്ങനെ പറയാൻ പററില്ല.

തീവണ്ടിക്കു വെളിയിലായി യാത്രയയക്കാൻവന്ന സുനിതയുടെ, അമ്മ, അച്ഛൻ, അനുജൻ. തീവണ്ടി ചലിച്ചുതുടങ്ങിയിരിക്കുന്നു. ഉററവരിൽനിന്നും അകലാനാകാതെ കരയുന്ന സുനിത. ജനലഴികളിലൂടെ കൈകൾ വീശി. വണ്ടിയുടെ വേഗത വർദ്ധിച്ചിരിക്കുന്നു.

മൂകത തളം കെട്ടിനിൽക്കുന്ന ഈ ശ്മശാനത്തിൽനിന്നും എന്റെ സ്വർഗ്ഗത്തേയ്ക്കു പോകയാണ്.

എങ്കിലും.

തിരിച്ചുവരും പ്രിയമുള്ളവരെ.

മന്വന്തരങ്ങളുടെ ഇടയിൽ മയങ്ങി കിടക്കുന്ന, എന്റെ അമ്മയെക്കുറിച്ചുള്ള അസ്വസ്ഥമായ ദുഃഖങ്ങളുടെ കറുത്ത നിമിഷങ്ങളുടെ, അപൂർവ്വം ചിലമുത്തുകൾ സ്വായത്തമാക്കാൻ.

ഏകാന്തതയിലിരുന്നു ഏറെ കരയാനും, അല്പം ചിരിക്കാനും തീർച്ചയായും, തീർച്ചയായും തിരിച്ചുവരും.

ററി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner

# തളർന്ന പക്ഷി

ശിവപ്രസാദ് എസ്. എസ്.
സെക്കൻറ് പി. ഡി. സി. A4

അലറുന്ന കടൽ നോക്കിയിരുന്നപ്പോൾ അനിർവാച്യമായ ഒരനുഭൂതി മനസ്സിലൂടെ കടന്നുപോയി. അസ്തമയസൂര്യന്റെ ചെങ്കതിരേറ്റ് വെട്ടിത്തിളങ്ങുന്ന ആഴിയിലെ തിരമാലകൾ. കടലിന്റെ വിരിമാറിലൂടെ ചാഞ്ചാടിനീങ്ങുന്ന കളിയോടങ്ങൾ. അതിൽ നിന്നുകൊണ്ട് കടലിന്റെ വിരിമാറിലേക്ക് വീശിയെറിയുന്ന വലകൾ.

ഒരു ചിത്രകാരന്റെ ഭാവനയിൽ മെനഞ്ഞെടുക്കുകയാണെങ്കിൽ അതിമനോഹരമായ ഒരു ചിത്രമായി മാറും.

ഇവിടെ ചിത്രകാരൻ ഇല്ല. കവി ഇല്ല. കുറെ മനുഷ്യർ. ജീവിതത്തെ നേരിടാൻ വെമ്പുന്ന കുറെ കടലിന്റെ മക്കൾ. രാവും പകലും അറിയാതെ കടലിന്റെ നടുവിൽ മത്സ്യങ്ങളുമായി മല്ലിടുന്ന കുറെ മത്സ്യതൊഴിലാളികൾ.

ജീവിതത്തിന്റെ യാതനയേറുന്ന നിമിഷങ്ങൾ അവരെ കടന്നുപോകാറുണ്ട്. പേമാരിയിലും, കൊടുങ്കാററിലും അലറുന്ന കടലിൽ അവർ ഇറങ്ങാറില്ല. ആ സമയത്ത് അവർ പട്ടിണിയുടെയും വേദനയുടെയും നിമിഷങ്ങൾ ചവച്ചിറക്കും.

ഉപ്പുവെള്ളത്തിൽ മുങ്ങിക്കുളിക്കുന്ന മുക്കുവക്കുട്ടികൾ. അവരെ കണ്ടപ്പോൾ മനസ്സിൽ വേദനയുടെ കുറെ ശപിച്ച നിഴലുകൾ തെളിഞ്ഞുവന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ കിട്ടാത്ത കുട്ടികൾ തന്റെ മുൻഗാമികളുടെ വഴികളായിരിക്കാം തെരഞ്ഞെടുക്കുന്നത്.

കടൽക്കരയിലെ പൂഴിമണൽ ചവിട്ടിമെതിച്ചുകൊണ്ടു കടന്നുപോകുന്ന കുറെ മനുഷ്യർ. അവരെ തഴുകിക്കൊണ്ട് കടന്നുപോകുന്ന ഉപ്പുരസംനിറഞ്ഞ കുളിർകാററ്.

ചക്രവാളത്തിലേക്ക് തലചായ്ച്ചുകിടക്കുന്ന നീലക്കടൽ. അളവററ സമ്പത്തിന്റെ കലവറയാണ് അവൾ, അവളുടെ വിരിമാറിലൂടെ തെന്നിത്തെന്നി നീങ്ങുന്ന വള്ളങ്ങളെയും ബോട്ടുകളെയും കാണുമ്പോൾ അവൾ കോൾമയിർകൊള്ളാറുണ്ട്. ചിലപ്പോൾ സംഹാരരുപിണിയാകാറുണ്ട്,

പൂഴിമണലിൽ കവിതയെഴുതുന്ന കുട്ടികൾ. അവരുടെ ഇളം കൈവിരലുകൾ പൂഴിമണലിലൂടെ അതിവേഗം പായുകയാണ്. അവ്യക്തമായ ചിത്രങ്ങൾ വരച്ചുകഴിയുമ്പോൾ അവർ അറിയാതെ അവരുടെ ചുണ്ടിൽ ഒരു മന്ദസ്മിതം ഉണ്ടാകാറുണ്ട്.

ഇരുൾ പരന്നപ്പോൾ തിരിഞ്ഞുനടന്നു ഞാൻ പാർക്കിന്റെ മുമ്പിൽ വന്നപ്പോൾ കുറെ ആളുകൾ കൂട്ടംകൂടിയിരുന്ന് എന്തൊക്കെയോ സംസാരിക്കുന്നു. ചിലപ്പോൾ അവർ സ്വന്തം ദുഃഖങ്ങളുടെയും കഷ്ടപ്പാടിന്റെയും കദനകഥകൾ മററുള്ളവരുടെ മുമ്പിൽ നിരത്തുകയാവാം.

ശൂന്യമായ പാർക്ക്. പാർക്കിലെ ചരിഞ്ഞ ബെഞ്ചുകളിൽ കിടന്നുറങ്ങുന്ന ചില ആളുകൾ. ഇങ്ങോട്ടു വന്നപ്പോൾ ആദ്യം എന്തു തിരക്കായിരുന്നു. സന്ധ്യമയങ്ങിയപ്പോൾ എല്ലാവരും അവരുടെ മാളങ്ങൾ തേടിപ്പോയി. തണുത്ത കാറേററ് വാടിതളർന്ന കുറെ പുഷ്പങ്ങൾ. ഇന്നലെയുടെ നല്ല കുറെ പുഷ്പങ്ങൾ, ഇന്നവ കുറെ ദുഃഖത്തിന്റെ നാളത്തെ സ്മരണകൾ.

തനിക്കുമാത്രം ഒന്നും കഴിയുന്നില്ല. കുറെ ദുഃഖത്തിന്റെ സ്മരണകൾ തലയിലേററി നടക്കുന്ന ഒരു ഏകാന്തപഥികൻ. ഓഫീസിലെ ഫയലുകളുടെ ഇടയിലിരുന്ന് സമയം തള്ളിനീക്കുന്ന ഹതഭാഗ്യൻ. മനസ്സിനല്പം ശാന്തത കിട്ടാൻവേണ്ടിയാണ് വൈകുന്നേരത്ത് കടൽക്കരയിൽ പോകുന്നത്. ആ സായംസന്ധ്യയിൽ പാർക്കിന്റെ മുമ്പിലൂടെ കടൽക്കരയിലൂടെ പൂഴിമണൽ ചവിട്ടിമെതിച്ചുകൊണ്ട് നടക്കും.

റോഡിൽ ഇറങ്ങിയപ്പോൾ തെരുവിലെ സ്ട്രീററുലൈററുകൾ മിന്നിമിന്നി കത്തുന്നു. റോഡിന്റെ ഇരുവശവും നില്ക്കുന്ന വൻവൃക്ഷങ്ങളിൽ പക്ഷികളുടെ കലപിലശബ്ദം. ആകാശത്തിന്റെ നടുവിൽ പടർന്നുപന്തലിച്ച വൃക്ഷചില്ലകൾ. ചില്ലകളിൽ കൂടുവയ്ക്കുന്ന പറവകൾ. കലപിലകൂട്ടുന്ന അവയെ നോക്കിയിരിക്കുമ്പോൾ സ്വന്തം ദുഃഖങ്ങൾ മറക്കാറുണ്ട്. തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി ആഹാരം തേടിപ്പോകുന്ന തള്ളപക്ഷികൾ. ആ ആഹാരം കഴിക്കാൻ ധൃതികൂട്ടുന്നപക്ഷിക്കുഞ്ഞുങ്ങൾ. എല്ലാവരും ജീവിക്കാൻ ആഗ്രഹിക്കുന്നു. അതിലൂടെ സംതൃപ്തിയടയാൻ. തനിക്കുമാത്രം ഒന്നിനും കഴിയുന്നില്ല. എല്ലാം നിർന്നിമേഷനായിനിന്ന് സഹിക്കുവാനേ തനിക്കു കഴിയുകയുള്ളു. എല്ലാത്തിനെയും തരണംചെയ്യാൻ താൻ ആഗ്രഹിച്ചു. എന്നാൽ വിധി തന്നെ പരാജയപ്പെടുത്തി. ആ പരാജയപ്പെടൽ തന്റെ ജീവിതത്തിന്റെതന്നെ പരാജയമായിരുന്നു. ഒരിക്കലും ഉണരാൻ കഴിയാത്ത ഒരു ശിലയായി താൻ മാറിക്കഴിഞ്ഞു. മരവിച്ച മന

സ്സമായി താൻ നടക്കുമ്പോൾ തന്റെ ദുഃഖങ്ങൾ മറക്കും. മരിച്ച മനസ്സിന് ഒരിക്കലും ഉണരാൻ കഴിയുകയില്ല.

ദുഃഖങ്ങളുടെയും കഷ്ടപ്പാടിന്റെയും നടുവിലൂടെ ഊളിയിട്ടവനാണ് താൻ. ശരീരം തളർന്ന അച്ഛൻ. ജീവിതാവസാനംവരെയും ക്ഷയംപിടിച്ച് കിടക്കേണ്ടിവന്ന അമ്മ. എല്ലാം നിശ്ശബ്ദം സഹിക്കുന്ന സഹോദരി.

ഇരുളടഞ്ഞ നാലുകെട്ടിന്റെ ഉള്ളറകളിൽനിന്ന് ഒരിററു വെളിച്ചത്തിനുവേണ്ടി അലഞ്ഞവനാണ് താൻ. പറമ്പിലെ ആദായത്തിൽനിന്നാണ് ഒരുവിധം തന്റെ കുടുംബം തള്ളിനീക്കുന്നത്. വയലിൽനിന്നു കിട്ടുന്ന നെല്ല് കുറെ ദിവസത്തേയ്ക്കെങ്കിലും ആദായം തരും.

ദുഃഖം തളംകെട്ടിയ സ്വന്തം സഹോദരിയുടെ മുഖം കാണുമ്പോൾ തന്റെ കണ്ണുകൾ ഈറനണിയും. എന്നിരുന്നാലും തന്റെ ഹൃദയത്തിൽ പുതിയ ഒരു വെളിച്ചം ഉണ്ടായിരുന്നു. ഒരുകാലത്ത് തനിക്കുയരണം. തന്റെ സഹോദരിയെ നല്ല നിലയിൽ അയയ്ക്കണം. സ്വപ്നങ്ങളുടെ കലവറ ആയിരുന്നു തന്റെ ഹൃദയം. രാവിന്റെ അന്ത്യയാമങ്ങളിൽ നാലുകെട്ടിന്റെ ഇരുളടഞ്ഞ റൂമിൽനിന്നുള്ള അസഹ്യമായ ചുമ തന്നെ അലോസരപ്പെടുത്താറുണ്ട്. അപ്പോൾ താൻ പൊട്ടിക്കരയാറുണ്ട്. തന്റെ അച്ഛന്റെ ദുഃഖം തളംകെട്ടിയ കണ്ണുകൾ കാണുമ്പോൾ തന്റെ ഹൃദയത്തിൽ ആരോടോ ഉള്ള പ്രതികാരം കത്തിജ്വലിക്കാറുണ്ട്.

ഒരുകാലത്ത് അമ്പലത്തിൽ മൂന്നുനേരവും പൂജചെയ്യാറുള്ള പൂജാരി. ഈശ്വരനിൽ ജീവിതം സമർപ്പിച്ച ആദർശധീരൻ. എല്ലാം തന്റെ മനസ്സിൽ ഒരു ഓർമ്മപോലെ. ഈശ്വരൻ ഇത്ര ക്രൂരനാണെന്ന് അന്നു താൻ മനസ്സിലാക്കി. ഇല്ലാത്ത ദൈവത്തെ പൂജിക്കുന്നവരോട് തനിക്കു പുച്ഛമാണ്.

പത്താംക്ലാസ്സുവരെ തനിക്ക് പഠിക്കാൻ കഴിഞ്ഞുള്ളു. അന്നൊക്കെ അച്ഛൻ അമ്പലത്തിൽ പൂജ ചെയ്യാറുണ്ട്. അതിൽനിന്നു കിട്ടുന്ന വരുമാനം കൊണ്ട് ഒരുവിധം തള്ളിനീക്കും. അച്ഛന്റെ കാലുകൾ ഒരു സുപ്രഭാതത്തിൽ തളർന്നുപോയി. കിടക്കയിൽനിന്ന് എഴുന്നേൽക്കാൻ കഴിയാത്ത മനുഷ്യൻ. പലരും ചികിത്സിച്ചു. ക്രൂപ നഷ്ടപ്പെട്ടതല്ലാതെ മിച്ചം ഒന്നും ഉണ്ടായില്ല.

സ്വന്തം കുടുംബത്തെ ഉയർത്താൻവേണ്ടി താൻ പലായനം ചെയ്യുമ്പോൾ മനസ്സിൽ ഒരു ദൃഢമായ പ്രതിജ്ഞ ഉണ്ടായിരുന്നു.

രജനിയുടെ അന്ത്യയാമങ്ങളിൽ പീടികത്തിണ്ണകളിൽ മൂടിപ്പുതച്ചുറങ്ങിയപ്പോഴും മനസ്സിൽ ആ വാചകം ആവർത്തിച്ചു. തനിക്കുയരണം. തന്റെ കുടുംബത്തെയുയർത്തണം. തന്റെ അച്ഛൻ, അമ്മ, സഹോദരി അവരെ നല്ല നിലയിൽ എത്തിക്കണം. പഴയ പ്രതാപത്തിന്റെ കൊടിക്കൂറ ഒരിക്കൽ കൂടി പാറിക്കണം.

എന്നാൽ ആ പ്രതിജ്ഞ താൻ നിറവേററിയപ്പോഴേയ്ക്കും പലതും തനിക്ക് നഷ്ടപ്പെട്ടു. പട്ടിണിയിലും അപമാനത്തിലും നീറിപ്പിടഞ്ഞ മാതാപിതാക്കൾ. തന്റെ യാത്രയിൽ അതെല്ലാം താൻവിസ്മരിച്ചിരുന്നു. ജീവിക്കുവാൻവേണ്ടി മററുള്ളവരുടെ കിടക്കറ പങ്കിടേണ്ടിവന്ന സ്വന്തം സഹോദരി. എല്ലാം ഒരു ഓർമ്മപോലെ മനസ്സിൽ നീറിപ്പിടയുന്നു.

താൻ നേടിയ സമ്പത്തുമായി തന്റെ വീട്ടിന്റെ പടിക്കൽ ചെന്നപ്പോൾ അറിഞ്ഞവാർത്ത തന്നെ ഞെട്ടിപ്പിച്ചു. ഭൂമി വട്ടംകറങ്ങുന്നതായി തോന്നി. തലകറങ്ങിവീണ തന്നെ ആരോ താങ്ങി.

ഒരാഴ്ച മുമ്പാണ് താൻ വീട്ടിലേയ്ക്കുവരുന്ന വിവരത്തിന് എഴുത്തയച്ചത്. സ്വന്തം സഹോദരനെ ഈ അവസ്ഥയിൽ അഭിമുഖീകരിക്കേണ്ടതെങ്ങനെ എന്നറിയാതെ അവൾ ആത്മഹത്യചെയ്തു.

വീട്ടിൽനിന്നു തിരിഞ്ഞുനടന്നപ്പോൾ ദുഃഖം സഹിക്കുവാൻ കഴിഞ്ഞില്ല. തന്റെ കണ്ണുകളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി.

ലോഡ്ജിന്റെ മുൻപിൽ വന്നപ്പോൾ ആരൊക്കയോ സംസാരിക്കുന്ന ശബ്ദം. തന്റെ ദുഃഖത്തിന്റെ നിഴൽ എന്നവണ്ണം രാപ്പാടി നീട്ടി നീട്ടി പാടി.

ററി. കെ. എം. ആർട്ട്സ്

കവിത:

# അസ്ഥിരർ

ഒന്നാമൻ:—

വെളിച്ചം തേടിത്തളർന്ന ഞാൻ—
രാത്രിതൻയാമത്തിലലയുന്ന
വെൺമേഘം കാണാനോടുന്ന ഞാൻ
കാർമേഘംനോക്കി പിറകോട്ട്.
എനിക്ക് ഒരു പ്രകാശബിന്ദു കാണാനായ്
കാലം ഒഴുകട്ടെ, കാലം തളരട്ടെ,
കാലം കടലാകട്ടെ, ആ കടൽ പുഴയാകട്ടെ
ആ പുഴ തോടാകട്ടെ—
ആ തോട്ട് പുഴയാകട്ടെ
ആ പുഴ കടലാകട്ടെ
ആ കടൽ കാലമാകട്ടെ
അതിരമ്പി മറിയട്ടെ.

രണ്ടാമൻ:—

വെളിച്ചം തേടിത്തളർന്നുവോ, നീ
രാത്രിതൻ യാമത്തെ വെറുത്തുവോ നീ
ഏ വിഡ്ഢി, പമ്പരവിഡ്ഢി............നീ
കാർമേഘത്തെ പുണരുന്നുവോ!
രാത്രി കടലാകട്ടെ, ആ കടൽ പുഴയാകട്ടെ
ആ പുഴ തോടാകട്ടെ, ആ തോട് പുഴയാകട്ടെ
ആ പുഴ കടലാകട്ടെ, ആ കടൽ രാത്രിയാകട്ടെ
അത് പ്രശാന്തമായി ഒഴുകട്ടെ.



മൂന്നാമൻ:—

ഏ വിഡ്ഢികളെ, നിങ്ങളെന്തേ—
പുലമ്പുന്ന വൈചിത്ര്യമായി,
യുഗങ്ങൾക്കുമുമ്പു മരിച്ച ഞാൻ പറയട്ടെ
കാലം കാലമാകട്ടെ.
രാത്രി രാത്രിയാകട്ടെ,
കടൽ കടലാകട്ടെ,
പുഴ പുഴയാകട്ടെ,
തോടോ തോടാകട്ടെ,
മനുഷ്യൻ മനുഷ്യനാകട്ടെ.

ഞാൻ: —

അപാരതെ നിന്റെ മടിയിലുറങ്ങുവാൻ
പാരം എന്ന സ്വപ്നം മിഥ്യയാക്കുവാൻ
വാസര സ്വപ്നങ്ങൾ നെയ്യും മനുഷ്യാത്മാക്കൾ
വാഴുന്ന, ഭൂമിതൻ ശരശയ്യയിൽനിന്നും
വിളിക്കൂ, ഞങ്ങളെയാനയിക്കൂ.

അശോക്കുമാർ വി. എസ്സ്.
ഫസ്റ്റ് പി. ഡി. സി. $C_2$

മിനികഥ

# അവളുടെ ദുഃഖം



ബദറുദീൻ കെ. ഐ.
സെക്കൻറു് പി. ഡി. സി. D2

ഇടുങ്ങിയതും അവിടവിടെ മുറിഞ്ഞുമാററയതുമായ വയൽവരമ്പിലൂടെ അവൾ വളരെ ആയാസപ്പെട്ടു നടന്നുനീങ്ങി. മഴവെള്ളപ്പാച്ചിൽ കീഴടക്കിയ നെൽച്ചെടി പകുതി ചെളിയിൽ പതിഞ്ഞുകിടക്കുന്നതും നോക്കി അവൾ മുന്നോട്ടു പോയി. അവൾക്കു് കഠിനമായ ദുഃഖംതോന്നി. “ഈ പാടം ഇന്നു കൊയ്യാനിരുന്നതായിരുന്നു. ഇന്നലെയുടെ മഴവെള്ളപ്പാച്ചിലിൽ എല്ലാം നശിച്ചു.” കൈയിലിരുന്ന അരിവാൾ അരയിൽ തിരുകി അവൾ മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരുന്നു.

ഇടുങ്ങിയ ഒററയടിപാതയുടെ വളവു തിരിഞ്ഞപ്പോൾ അവൾ ആ മനുഷ്യനെ കണ്ടു. അയാളവളേയും കണ്ടു. വിറയാർന്ന ശരീരത്തോടുകൂടി അവൾ ആ മനുഷ്യന്റെ കണ്ണുകളിൽ ഇമവെട്ടാതെ നോക്കിനിന്നു. അയാൾ അവളേയും. ആ നാലു കണ്ണുകൾ ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ചു. ഒരു നിശ്ചലചിത്രംപോലെ ആ രംഗം തുടർന്നു. ആ മനുഷ്യന്റെ കൈവിരൽത്തുമ്പിൽ പിടിച്ചിരുന്ന കൊച്ചു് ഒന്നുമറിയാതെ പകച്ചുനിന്നുപോയി. പിന്നെ കുട്ടി പറഞ്ഞു.

“അച്ഛാ! നമുക്കു പോകാം”

ആ ശബ്ദം ഇരുവരേയും ഞെട്ടിച്ചു. അവൾ ആ കുട്ടിയെ നോക്കി. കുട്ടി പുഞ്ചിരിച്ചു. അവൾ ചിരിക്കാൻ ശ്രമിച്ചു പിന്നെ ആ മനുഷ്യൻ കുട്ടിയേയുംകൊണ്ടു് മുന്നോട്ടു നടന്നുനീങ്ങി. ഇരുവരും നടന്നുനീങ്ങുന്നതും നോക്കി അവൾ ഏറെനേരം അവിടെത്തന്നെ നിന്നു. അവളറിയാതെ അവളുടെ കണ്ണുകളിൽനിന്നും രണ്ടിററു കണ്ണുനീർ അടർന്നുവീണു. അവളോർത്തു. “മഴവെള്ളപാച്ചിലിൽ നശിച്ച ഈ വയലും ഞാനും ഒരുപോലെ അല്ലേ....?”

QUILON PAPER MART
H. O. Quilon, Br. Attingal
Phone: 2434 Res: 3860 206
*Approved Dealers of:*
M/s. A. S. V. P. Mills Ltd.
M/s. Rajalaxmi Paper Mills Ltd.
M/s. Punalur Paper Mills Ltd.
M/s. Mysore Paper Mills Ltd.
M/s. Hindustan Paper Corporation Ltd.
The Gwalior Rayons Pulp Division
PRINTING INKS: J. B. A. Printing Inks, Rainbow Inks


ററി. കെ. എം. ആർട്ട്സ്

നർമ്മഭാവന

# സർക്കാർ ബസ്സ് വരുത്തിയ വിന



ഷിയാബ് എ.

സെക്കൻറ് ബി. കോം.

പ്രഭാതകിരണങ്ങൾ ശരീരത്തിൽ തഴുകുവാൻ തുടങ്ങി. കിളികളുടെ കളകളശബ്ദവും ഭാര്യയുടെ ഉദയഗീതവുംകൂടി ആയപ്പോൾ കിടക്കുവാൻ മനസ്സുവന്നില്ല. എഴുന്നേററ് പ്രഭാതകൃത്യം എന്ന പരിപാടിയുടെ ഉദ്ഘാടനം പല്ലുതേപ്പിൽ തുടങ്ങി കാപ്പികുടിയിൽ അവസാനിപ്പിച്ചു. ഇന്നു ലീവാണ്. ഭാര്യയുടെ നിർബന്ധപ്രകാരം സിനിമയ്ക്കു പോകാൻവേണ്ടി ലീവെടുത്തതാണ്. അവളുടെ ആവശ്യങ്ങൾ നോൺ സ്റ്റോപ്പുപോലെയാണ്. ഇത്രയും പറഞ്ഞ സ്ഥിതിക്ക് ഈയുള്ളവനെ ഞാൻ തന്നെ ഒന്നു പരിചയപ്പെടുത്തിയില്ലെങ്കിൽ വായനക്കാർക്ക് എന്നോട് പരിഭവം തോന്നിയെങ്കിലോ. ആനയുടെ പടമുള്ള ചുവന്ന പതിനേഴുകാരിബസ്സിന്റെ കണ്ടക്ടറായ ഞാൻ പണ്ട് പഠിക്കുന്ന കാലത്ത് തമാശയ്ക്കു് ബല്ലടിച്ചിട്ടുണ്ട്. അന്നു ഞാൻ കാക്കികുപ്പായമിട്ട കരിമീശക്കാരന്മാരോട് വഴക്കടിച്ചിട്ടുണ്ട്. ഇന്ന് അതോർക്കുമ്പോൾ എനിക്ക് ലജ്ജ തോന്നുന്നു. കുടുംബാസൂത്രണത്തിന്റെ പരസ്യം പതിച്ച ബസ്സിൽ പന്ത്രണ്ടു സന്തതികളേയും കയ്യിൽപിടിച്ചുകൊണ്ടു കയറുന്ന ഭാര്യാഭർത്താക്കന്മാരേയും, ആനയെ ഓർമ്മിപ്പിക്കുന്ന അംഗങ്ങളുള്ള അംഗനമാരേയും, മധുരപ്പതിനേഴിന്റെ മണിമുററത്ത് കാലുകുത്തിയ കോളേജ്കുമാരിമാരേയും, ഹിപ്പിക്കുപ്പായമണിഞ്ഞ 'റ'മീശയുള്ള സർവ്വകലാവല്ലഭന്മാരുടേയും ഭാരംവഹിക്കുന്ന സർക്കാർവക ബസ്സിന്റെ കണ്ടക്ടറാണ്. സർക്കാർവകയാണെങ്കിലും ചിലതു് സ്ത്രീകൾക്കുമാത്രമാണെന്നാണ് വയ്പ്. ലേഡീസ് ഒൺലി ബസ്സിൽ ഡ്യൂട്ടിയായിരിക്കുമ്പോൾ വളരെയധികം സൂക്ഷിക്കേണ്ടതായിട്ടുണ്ട്. കാരണം അറിയാതെ ആരുടെയെങ്കിലും ദേഹത്തുമുട്ടിയാൽ അവരുടെ മേക്കപ്പ് മുഴുവൻ താഴെ വീണതുതന്നെ. എത്രതന്നെ ഒഴിഞ്ഞാലും ചിലപ്പോൾ സ്ത്രീജനങ്ങളുടെ ഹൈഹീൽഡിന്റെ ചവിട്ടും കരാട്ടേമോഡലിലുള്ള നമ്പർ വൺ ഇടിയും കൊള്ളുമെന്നുള്ളതു് ഊഹിക്കാവുന്നതേയുള്ളു. അങ്ങനെ ഒരിക്കൽ ബസ്സിൽ ഇടിച്ച വകയിൽ ഉള്ളതാണ് ഇപ്പോഴുള്ള എന്റെ ഭാര്യ കമലാക്ഷി.

ഇനി സംഭവത്തിലേക്കു കടക്കാം. ഉച്ചതിരിഞ്ഞു് ഞാൻ എന്റെ ഭാര്യ കമലാക്ഷിയുമായി സിനിമാ കാണാൻ ഇറങ്ങിത്തിരിച്ചു. ശിലായുഗത്തിലെ സുന്ദരികളഭിനയിച്ച ചിത്രം കണ്ടു പുറത്തിറങ്ങിയപ്പോൾ പുറകിൽ ഒരു കിളിശബ്ദം. തിരിഞ്ഞുനോക്കിയപ്പോൾ എന്റെ ബസ്സിൽ സ്ഥിരം യാത്രചെയ്യുന്ന ഒരു കോളേജ് ബ്യൂട്ടിയാണ്. അവൾ മൊഴിഞ്ഞു. 'ഇന്നു വരാഞ്ഞതെന്തു്', നാളെ നേരത്തെ വരുമോ, കോളേജു സമയം തെററിക്കരുതു്', നാളെ ടിക്കററ് എടുത്തു

തരാൻ മറക്കരുത്'' ഇത്രയും പറഞ്ഞശേഷം അവരം ഒരു കോളിനോസ് പുഞ്ചിരിയോടെ മറഞ്ഞു ഞാൻ തിരിഞ്ഞുനോക്കിയപ്പോരം ഭാര്യയുടെ മുഖം ഒന്നു കാണേണ്ടതുതന്നെ. എന്നെ ഒരു കശാപ്പുനോട്ടം നോക്കിയിട്ട് കമലാക്ഷി കലക്കലാക്ഷിയെപ്പോലെ വീട്ടിലേക്ക് ഒരു നടത്തം. വീട്ടിൽ എത്തിയശേഷം അവരം തേങ്ങിത്തേങ്ങി കരച്ചിലിനോടൊപ്പം സാരിയുടെ തുമ്പുകൊണ്ട് മുഖം തുടച്ചുകൊണ്ട് ഏങ്ങിയേങ്ങി പറയാൻ തുടങ്ങി. 'അപ്പോരം എന്നെ പോരാഞ്ഞിട്ടാണോ അവരം, എത്ര പേരുണ്ട് നിങ്ങരംക്ക്. കോളേജ് സമയം തെററിക്കരുത്, ഇന്നു നേരത്തെ കിടന്നാലേ നാളെ രാവിലെ പോകാൻ പററു, ഞാൻ സിനിമയ്ക്കു് വിളിക്കുമ്പോരം സമയമില്ലപോലും. അവരംക്ക് ടിക്കററ് എടുത്തുകൊടുത്ത് സിനിമാ കാണിക്കാൻ നിങ്ങരംക്ക് സമയമുണ്ട്, അല്ലേ.'

അവരം ഫുരംസ്റ്റോപ്പിട്ടു. ഞാൻ ഇടിവെട്ടേററ നെപ്പോലെ ഇതികർത്തവ്യതാമൂഢനായി നില്ക്കയാണ്. എങ്ങനെയാണ് അവളെയൊന്നു് പറഞ്ഞു മനസ്സിലാക്കുക.

ദിവസങ്ങരം കഴിഞ്ഞു. നീണ്ട അഞ്ചുദിവസത്തെ ഉപവാസവും വെളിയിലുള്ള ഉറക്കവും കഴിഞ്ഞശേഷം മാത്രമേ അവളോട് എനിക്കു് കാര്യം പറഞ്ഞു മനസ്സിലാക്കാൻ കഴിഞ്ഞുള്ളു. അവരം എൻെറ ബസ്സിൽ യാത്രചെയ്യുന്ന ഒരു കോളേജ്‌വിദ്യാർത്ഥിനിയാണെന്നും, കൺസഷൻ ടിക്കററ് എടുത്തുകൊടുക്കുന്ന കാര്യമാണ് അവരം പറഞ്ഞതെന്നുമുള്ള നഗ്നസത്യം നിരത്തിവച്ചപ്പോരം മാത്രമാണ് എൻെറ ഭാര്യയ്ക്കു് സമാധാനമായതു്. നോക്കണേ ഒരു സക്കാർബസ്സ് വരുത്തിവച്ച വിന.




# MAHARAJAS

**A Notable name among Karicode Tutorials**

*Tuition for:*

Degree and Pre-Degree classes of all Groups and all Subjects.

*Private coaching for*

Ist P. D. C. and Ist D. C. IIIrd and IVth Group

*Well equipped Lab. for*

Practicals

MAHARAJAS is a name for well coaching for both College and Private Students in perfectly peaceful atmosphere.

## MAHARAJAS

Parallel and Tutorial College

(Near T. K. M. College)

## MODERN TECHNICAL INSTITUTE

KARICODE - QUILON

*Coaching in:*

REFRIGERATION & AIR CONDITIONING, ELECTRICIAN & WIREMAN

ററി. കെ. എം. ആർട്ട്സ്

# ഉണർവ്വിന്റെ വിളി

ശശികുമാർ എൻ.
സെക്കന്റ് ഡി. സി. ഫിസിക്സ്

വീണ്ടും ഒരു സായാഹ്നം സന്ധ്യയ്ക്ക് വഴിമാറുന്നു.

ആ ഇരുണ്ടമുറിയിലെ കിളിവാതിൽ തുറന്നിട്ട് അതിലൂടെ ഒഴുകിവന്ന പ്രകാശനാളത്തിന്റെ തിളക്കത്തിൽ ഞങ്ങൾ ഇതുവരെ കളിച്ചുരസിച്ചു—ഞാനും എന്റെ സുഹൃത്തുക്കളും, അവർ അവരുടെ വിവിധ താല്പര്യങ്ങളുമായി പിരിഞ്ഞുപൊയ്ക്കഴിഞ്ഞ എന്നെ വലയം ചെയ്യുന്ന അസ്വസ്ഥതകളുടെ പരിവേഷത്തെ ഞാൻ അനുഭവിച്ചറിയാൻ തുടങ്ങി.

ഇതളുകൾ അടരുന്ന സന്ധ്യ

ഇരുട്ടിന്റെ ചേരുവകൾ പരുവപ്പെടുന്നു.

പുറത്തേയ്ക്ക് പോകുന്നതിനായി മുഖം മിനുക്കുകയും വസ്ത്രം മാറുകയും ചെയ്തിരുന്നു ഞാൻ. എന്നാൽ ഇനി പോകുന്നില്ല, കാരണം കവലയിലെത്തുമ്പോൾ ഇരുൾ വീണിരിയ്ക്കും. ഇനി ഇത്രവൈകാൻ പാടില്ല എന്ന് സ്വയം താക്കീതു് ചെയ്തു

കവലയിൽനിന്ന് അലച്ചെത്തുന്ന ഗാനങ്ങളുടെ സമ്മിശ്രവീചികൾ കാതുകളെ അലോസരപ്പെടുത്തുന്നു.

തുറന്നകിളിവാതിലിൽ ദൃഷ്ടിയുറപ്പിച്ചു. മൃദുവായ ഒറ്റദലംപോലെ, താഴെ സൂര്യൻ, കണക്കില്ലാത്ത വർണ്ണക്കുഴമ്പുകൾക്കിടയിൽ ഒറ്റപ്പെട്ടു നിൽക്കുന്നതുകാണാം. കിളിവാതിൽ അടയ്ക്കാനായിരുന്നു എന്റെ ശ്രമം.

കൺമുമ്പിൽ, അലിഞ്ഞൊഴുകിപ്പരക്കുന്ന വർണ്ണക്കുഴമ്പുകളുടെ മേളനം. എല്ലാ നിറവും ചേർന്നാൽ കറുപ്പാണല്ലൊ. കറുപ്പിന്റെ തിര ഒഴുകിവരുന്നതു എനിക്കു കാണാം.

സഹജമായ കൗതുകംകൊണ്ടാണ്; ഞാൻ കതകടയ്ക്കാൻ താമസിക്കുന്നു. വർണ്ണക്കുഴമ്പുകളുടെ ലോകം എന്റെ കണ്ണുകളെ മാടിവിളിക്കുന്നതുപോലെ. എത്രവേഗം ഞാനൊരു കൊച്ചുകുട്ടിയായി.

ഞാൻ പിന്നീട് കതകടച്ചുകഴിഞ്ഞപ്പോൾ ഒരു നഷ്ടബോധം എന്നിൽ ഇരമ്പിക്കയറി. നിശ്ചേഷ്ടനായിനിന്ന എന്നിലെ കൊച്ചുകുട്ടി ഓടിയകന്നിരുന്നു; എന്നെ അമ്പരപ്പിച്ചുകൊണ്ട്.

കാലത്തിന്റെ അനുസ്യൂതമായ ചാക്രികചലനത്തെ വകവയ്ക്കാതെ, ചുമരിലെ എന്റെ നാഴികമണി ചത്തിട്ട് നാളേറെയായി. എങ്കിലും എന്നിലെ സമയബോധം നശിച്ചിരുന്നില്ല.

ഇന്നേതു ദിവസമാണ് ഞാനോർത്തു. ഭിത്തിയിൽ തൂങ്ങുന്ന കലണ്ടറിലെ ചതുരവലയങ്ങളിൽ തളഞ്ഞുകിടക്കുന്ന ദിവസങ്ങൾ; കാലത്തിന്റെ ലഘുഖണ്ഡങ്ങൾ സ്വപ്നങ്ങളെ സൃഷ്ടിക്കുന്ന രാത്രിയും അതിന്റെ അംശമാണ്. പക്ഷെ, ഞങ്ങൾക്ക് പകലും രാത്രിയും സ്വപ്നങ്ങളെയുള്ളല്ലൊ!

ഹാ, കഷ്ടം! ഊഴമെത്തിയ ഒരു വലയത്തിൽനിന്ന് ഒരു പകൽതെറിച്ചു പോവുകയാണൊ അവ്യക്തമാകുന്ന വലയങ്ങൾ.

ഇപ്പോഴും നിലത്തു് പകലിന്റെ തിളങ്ങുന്ന നഖം ഉടക്കിക്കിടപ്പുണ്ട്. തെന്നിമാറുന്ന നഖദീപ്തിയെ ഞാൻ ക്ഷമയോടെ നോക്കിനിന്നു. ഇങ്ങനെ പലതും ക്ഷമയോടെ നോക്കികാണാറുണ്ടല്ലൊ ഞാൻ:— കവലയിൽ വളവില്ലാതെ നീണ്ടുകിടക്കുന്ന റെയിലിൽക്കൂടി തെന്നിനീങ്ങുന്ന തീവണ്ടിയുടെ പൃഷ്ഠം, അത്തിപ്പൊഴിയാറ്റിൽ വെള്ളം പൊങ്ങവെ അകലേന്ന് ഒഴുകിവന്ന് അകലേയ്ക്ക് ഒഴുകിമറയുന്ന അജ്ഞാതരുടെ മൃതദേഹങ്ങൾ, താന്നിമലയുടെ ഉച്ചിയിൽ കാലൂന്നിനിന്ന് സാവധാനം മാഞ്ഞ് കുട്ടികളെ കബളിപ്പിക്കാറുള്ള മഴവില്ല്; അങ്ങനെ പലതും പിന്നെ എന്റെ സ്വകാര്യലോകത്തിൽവച്ച് കുഞ്ഞുപെങ്ങളെ നുള്ളിക്കരയിച്ച് ആ കരച്ചിലിന്റെ ഒടുവിലത്തെ ശാന്തതയിൽ പൊട്ടിവിടരുന്ന ചിരിയുടെ പൂക്കൾക്കുവേണ്ടി ഞാൻ നോക്കി നിൽക്കാറുണ്ട് ക്ഷമയോടെ

ഇരുട്ടിനെ മോഹനിദ്രയിലാഴ്ത്തിയിട്ട് നഖദീപ്തി മാഞ്ഞുകഴിഞ്ഞു. ഇനി എന്താണ് ചെയ്യേണ്ടതെന്ന് ഞാനോർത്തു്.

ഞാൻ മുഖം കഴുകി ദീപം കൊളുത്താനായി കൈകൾ തുടച്ചു ദീപം കൊളുത്തി. മുഖത്തു് പറ്റിനിന്നിരുന്ന വെള്ളത്തുള്ളികൾ കണ്ണുകൾക്ക് ഒരുത്സവം ചമച്ചുകൊണ്ട് വെട്ടത്തിൽ തിളങ്ങി. ഭിത്തിയുടെ ഇരുണ്ടഭാഗത്തു് മേശമേൽ വിളക്ക് പ്രതിഷ്ഠിച്ചു.



Scanned with OKEN Scanner

പുറത്ത് പുല്ലുകളുടെ മർമ്മരം ഉണർന്നു. വിളഞ്ഞ പുല്ലറികളും ദ്രവിച്ചു കൂറകളിലും ആകാരം കൊള്ളുന്ന, ആയിരം കൈകളുള്ള തണുപ്പിന്റെ ചുണ്ടുകൾക്കുപോലും തണുപ്പാണ്.

ഞാൻ ജനൽ തുറന്നു പുറത്തേയ്ക്കു നോക്കിയപ്പോൾ തണുപ്പ് അനവധി കൈകൾകൊണ്ട് എന്റെ മുഖം മൂടിക്കളഞ്ഞു. എന്നെ ചുംബിച്ചു. എന്റെ സിരകളെ തണുപ്പ് ആലിംഗനം ചെയ്തു.

തണുപ്പിന്റെ അല്ലികൾക്കിടയിൽ അലിവുണ്ടായി, കുമിഞ്ഞുയർന്ന്, കാറ്റായി പറന്നുപോയി; എല്ലാറ്റിനെയും ഉലയ്ക്കുന്ന ശക്തിയോടെ, മയക്കത്തിന്റെ വിത്തുകളും സ്വപ്നങ്ങളുടെ മുത്തുകളും ആ കാറ്റിലുണ്ടായിരുന്നു. വൃഥാ സ്വപ്നം കാണുന്ന കുരുത്തംകെട്ട പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഒരു സുഹൃത്താണീ കാറ്റ്

എന്റെ കണ്ണുകളിൽ മയക്കം തൂങ്ങിനിൽപുണ്ട്. അസന്നിഗ്ദ്ധാവസ്ഥയിൽ എനിക്ക് ഉൽകണ്ഠതോന്നി. എങ്കിലും ഞാൻ പെട്ടി തുറന്ന് ഒരു പഴകിയ പുസ്തകമെടുത്തു നിവർത്തി. വിളക്കിനടുത്തേയ്ക്ക് നീക്കിവച്ച് വായനതുടങ്ങി.

ഉണർവ്വിനും മയക്കത്തിനും ഇടയ്ക്കുള്ള നേരിയ വേലിതകർത്തുകൊണ്ട് എന്റെ ബോധാവസ്ഥയിലേയ്ക്കു മയക്കത്തിന്റെ തിരകൾ അതിക്രമിച്ചുകടക്കുന്നത് ഞാനറിയുന്നുണ്ട്. എന്റെ പ്രജ്ഞയിൽ അനന്തവിശാലമായ നീലസമുദ്രം തെളിഞ്ഞു തെളിഞ്ഞുവരുന്നു. മയക്കത്തിന്റെ തിരകൾ തുള്ളിക്കളിയ്ക്കുന്നു. ഞാൻ നില്ക്കുന്നത് ഒരു തുരുത്തിലാണ്. നാം ഒരു തുരുത്തിൽ സ്വയം ബന്ധിതരാണെന്ന കാര്യം ഞാനോർത്തു. എനിക്ക് എന്റെ മുമ്പിൽ പടർന്നു കിടക്കുന്ന സമുദ്രം മാത്രമേ കാണാവൂ. എന്റെ തലയ്ക്കു മുകളിലൂടെ ഏതോ കടൽപ്പക്ഷികൾ പറന്നകലുന്നു പക്ഷികളുടെ നിര, കൺമുമ്പിൽനിന്ന് മായരുതെ എന്നാഗ്രഹിച്ചു. അവ ചക്രവാളത്തിൽ മറയുമ്പോളും ഏതോ ദുഃഖം എന്നിലൂടെ ഒഴുകി.

ഉന്നതവേഗമുള്ള ഒരു മാന്ത്രിക തിര അതാ ചീറിവരുന്നു! മയക്കത്തിന്റെ തരംഗങ്ങളെ അത് തുടച്ചുമാററി. അപ്പോൾ എനിക്ക് ഉൾക്കിടിലമുണ്ടായി. എന്റെ തുരുത്ത് എന്റെ കാല്പാദത്തിനു പിറകിൽ അടർന്നുതാണു. അങ്ങനെ ഞാൻ പീഡിതനായി സ്വപ്നപീഡയിൽ ഞാനെന്ന മനുഷ്യന്റെ നിസ്സഹായതയെ കുറിച്ചുള്ള ബോധത്തോടെ ഞാൻ ഞെട്ടിയുണർന്നു പുസ്തകത്തിൽ തലകമിഴ്ത്തി കിടക്കുകയായിരുന്ന എനിക്കു ലജ്ജതോന്നി.

എന്റെ മയക്കവും ക്ഷീണവും വിട്ടകന്ന ഈ വേളയിലും, ഉയർന്ന അളവിലുള്ള ഭയം എന്നെ മഥിച്ചുകൊണ്ടിരിക്കുന്നതായി ഞാൻ അറിഞ്ഞു. ഞാൻ വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകത്തിലെ അക്ഷരങ്ങൾപോലും ഭയത്തിന്റെ പ്രതിബിംബങ്ങളായി തോന്നി.

എനിക്കു കാവലിരിക്കുന്ന പട്ടിയുടെ മുഖത്തും ഭയത്തിന്റെ നീലിമ ഞാൻ കണ്ടു. ഞാൻ അവന് തീററകൊടുത്തു. ആഹാരത്തിനുശേഷം അവൻ രാവിന്റെ ഇരുണ്ടനീലിമയിൽ മറയുന്നത് ഞാൻ നോക്കിനിന്നു.

എനിക്കു ചുററും ഏകാന്തസാന്ദ്രമായ നിമിഷത്തിൽ ഞാൻ വീണ്ടും പുസ്തകം തുറക്കുകയായിരുന്നു. ഈ ഘട്ടത്തിൽ ഒരതിഥിയുടെ സാമീപ്യം ഞാനാഗ്രഹിച്ചു. ശല്യക്കാരനല്ലാത്ത വിരസത ചമയ്ക്കാത്ത........

എന്റെ മനസ്സിന്റെ അകത്തളങ്ങളിലെ വിടെയോ വിഷാദത്തിന്റെ അലങ്കാരഭരണി വീണുടഞ്ഞില്ലേ? ഞാൻ വായനമതിയാക്കി.

വാതിൽ സംഗീതാത്മകമായി മെല്ലെ തുറക്കുകയായിരുന്നു. എനിക്കുമാത്രം പരിചയമുള്ള സൂചനകൾ! കിക്കിളിയുണർത്തുന്ന പാദപതനധ്വനി; എനിക്കു തിരിച്ചറിയാവുന്നവ!

എന്റെ വിഷാദത്തെ അലിയിക്കാൻപോന്നതാരോ അവൾ എത്തിയിരിക്കുന്നു. നിലാവില്ലാത്ത രാത്രിയാണെങ്കിലും നിലാവിനെ ഓർമ്മിപ്പിക്കുന്നുണ്ട് അവൾ. വാതിൽ തുറന്നെത്തിയ രൂപത്തിന്റെ വെളുത്ത കൈകളിൽ ഞാൻ ഇറുകെപിടിച്ചു. എന്റെ കണ്ണുകൾ സന്തോഷം കൊണ്ട് വിടർന്നിരുന്നു. അവളുടെ കണ്ണിന്റെ ആഴങ്ങളിൽനിന്ന് മഞ്ഞ് ഉരുകിയകന്നു.

'ഒന്നുകൂടി ഇറുകെപിടിക്കു' അവൾ ആവേശത്തോടെയാണ് പറഞ്ഞത്. 'എന്റെ കൈകൾ ചൂടുപിടിയ്ക്കട്ടെ.'

അതിൽ എനിക്കു വിഷമംതോന്നി. ഞാൻ കൈകൾ ചുംബിച്ചു. അവൾ എനിക്കിഷ്ടപ്പെട്ട ഒരു ഭാവമുൾക്കൊണ്ടു. വായ് മെല്ലെ പിളർന്ന് വസ്ത്രത്തിലെ വെള്ളത്തുള്ളികൾ തട്ടിക്കളഞ്ഞു. നനവു പടർന്ന വസ്ത്രങ്ങൾ അഴിച്ചിട്ടു.

ഞാൻ കിടക്കയിലേയ്ക്ക് വീഴുമ്പോൾ അവൾ എനിക്കെതിരെ ഇരുന്ന് വിളക്കിന്റെ ജ്വാലയിൽ കയ്ത്തലങ്ങൾ ചൂടാക്കുകയായിരുന്നു. ഒരു കൊച്ചുകുട്ടിയുടെ ശാന്തത മുഖത്തിന് ചേഷ്ടകളും അതുപോലെതന്നെ ചുണ്ടുകൾ നനച്ചിട്ട് എന്റെ നേരെ തിരിഞ്ഞ അവൾക്ക് ഒരുപാടു സംസാരിക്കാനുണ്ടെന്ന മുഖഭാവം; പക്ഷെ വാക്കുകളെ അടക്കിനിർത്തിയിരിക്കുന്നു.

ററി. കെ. എം. ആർട്ട്സ്

അവൾ ഇപ്പോഴും കൈകൾ പുറകിൽ പിടിച്ചിരിക്കുകയാണ്. ഞാൻ മുകളിലേക്ക് കണ്ണുതുറപ്പിച്ചു കിടന്നു.

'നീയെന്താണ് നോക്കുന്നത്?' അവൾ ചോദിച്ചു.

'എനിക്ക് ഈ വീടിന്റെ മേൽക്കൂര ഇഷ്ടപ്പെട്ട് ഉയരമുള്ള കൂർത്ത മൂല അവിടെ നോക്കി കിടക്കാൻ നല്ല രസമുണ്ട്' ഞാൻ പറഞ്ഞു.

'ഹോ, പഴമയുടെ സൗന്ദര്യം ആസ്വദിക്കുന്നു! നാണമില്ല; നീ എത്രനാളായി ഈ അറയിൽ കുടുങ്ങിയിട്ട്' അവൾ പരിഭവിച്ചു. 'എന്താ, ഇനിയും നീ വരികയില്ലേ' അവൾ ചോദിച്ചു

'ഇല്ല—'

'അതിനുള്ള സ്വാതന്ത്ര്യം നിനക്കുണ്ടല്ലോ' അവൾ എന്നെ ഓർമ്മിപ്പിച്ചു.

'ഉണ്ട്. മഴയത്ത് മുററത്തേക്കു തുറന്നുവിട്ട പൂച്ചക്കുട്ടിയുടെ സ്വാതന്ത്ര്യം' ഞാൻ നിഷേധിക്കുകയായിരുന്നു. 'ആ സ്വാതന്ത്ര്യം എനിക്കുണ്ട്. പെണ്ണേ, നിനക്കുമുണ്ട്' ഞാൻ പറഞ്ഞു.

'എനിക്കുകേൾക്കണ്ട' അവളുടെ മുഖത്ത് കോപം ഇരച്ചു കയറുന്നു. 'ഞാൻ എന്തിനാണ് വന്നതെന്നറിയുമോ?' അവൾ ചോദിച്ചു.

'അറിയാം. പക്ഷെ ഞാൻ വരില്ല. ശരി, നീ എനിക്കെന്താണ് കൊണ്ടുവന്നിട്ടുള്ളത്?' അവളെ ശുണ്ഠിപിടിപ്പിക്കാനായിരുന്നു എന്റെ ചോദ്യം.

'ഞാൻ എല്ലായ്പോഴും തന്നുകൊണ്ടിരിക്കുന്നതു തന്നെ'

'സ്നേഹം?'

'...അതേ' അവൾ പതിയെ പറഞ്ഞു.

'അല്ല, സ്നേഹത്തിന്റെ കടപ്പത്രങ്ങൾ'

എന്റെ നിഷേധത്തിൽ അവൾ ദുഃഖിതയായി. പിന്നെ അവളെ ആശ്വസിപ്പിക്കാനായി എന്റെ ശ്രമം.

ആയുധങ്ങളുടെ, വിറളിപിടിപ്പിക്കുന്ന ചിലമ്പൽ ധ്വനിയുയരുന്ന, ചിതറിയ കബന്ധങ്ങളിൽ നിണത്തിന്റെ ഗന്ധം കത്തിപ്പടരുമ്പോൾ മരണം ചെന്നായുടെ നാവുനീട്ടി നില്ക്കുന്ന ഈ സമരാങ്കണങ്ങളിൽ ശക്തിക്ഷയിച്ച് തളർന്നു കിടക്കുമ്പോൾ അവൾ എന്റെ ശക്തിയായിരുന്നു. അത്യാഹിതങ്ങളുടെ ജ്വാലാമാലകളിൽപെട്ട് എന്റെ ആത്മവിശ്വാസം ചോർന്നുകൊണ്ടിരിക്കുമ്പോൾ അവൾ എന്റെ ആത്മവിശ്വാസത്തിന്റെ ഉറപ്പായിരുന്നു. ഞാൻ പറഞ്ഞു.

'പെണ്ണേ നീയോർക്കുന്നില്ലേ? നീയെന്നും പുരുഷന്റെ ശക്തിയും ഉറപ്പുമാണെ' അവൾ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. 'അതിൽ അഭിമാനമുണ്ടല്ലൊ. പക്ഷെ എന്തൊരിരുട്ടാണിവിടെ' അവൾ പരിഭവിച്ചു.

'ഞാനൊരു രഹസ്യം പറയാം' ഞാൻ കിടക്കയിൽ എഴുന്നേററിരുന്നു തുടർന്നു; 'ഈ ലോകം ഇന്നുവരെ വെളിച്ചംലഭിക്കാത്ത ഒരു ഗുഹയാണ്. എന്റെ സ്വകാര്യ ദുഃഖങ്ങളുമായി ഞാനിവിടെ കഴിഞ്ഞുകൊള്ളാം. നീ പോകു'

'കൊള്ളാം സ്വകാര്യ ദുഃഖങ്ങൾ! അത് ഈ ജാലകത്തിൽ പൊതിഞ്ഞിരിക്കുന്ന പഴകിയ ചിലന്തിവലകളെപ്പോലെയാണ്. നീ ആ ജാലകങ്ങൾ ഒന്നു തുറന്നിടുമോ?'

'ഇല്ല ഞാനതു മുദ്രവച്ചു കഴിഞ്ഞു.'

അവൾ ദീർഘമായി നിശ്വസിച്ചു. അവളുടെ കണ്ണുകൾ തിളങ്ങി ഓരോ കടുന്ന ഊർജ്ജം എനിക്കു പകരുന്നതായിരുന്നു അവളുടെ നോട്ടം.

അവളുടെ പരുത്ത പുരികങ്ങൾ വശങ്ങളിലേക്കു് വ്യാപിക്കുകയും ചുണ്ടുകൾ കൂർക്കുകയും ചെയ്തു് അവൾ സംഭാഷണത്തെ കലാസുഭഗമാക്കിക്കൊണ്ടിരുന്നു.

വിളക്കിന്റെ ജ്വാലയ്ക്കു് ചുററും പ്രാണികൾ ചൂളിപ്പറന്ന് കരിഞ്ഞു വീഴുന്നു. അവളെ അടക്കാനായി ഞാൻ അസ്ത്രംതൊടുത്തു

വെളിച്ചത്തിന്റെ കാമ്പ് തേടി അല്പം ഊർജ്ജത്തോടെ വന്ന് തലതല്ലി വീഴുന്ന ഈ പ്രാണികളെ കണ്ടോ?'

'കണ്ടു വെളിച്ചത്തിന്റെ കാമ്പ് അവയ്ക്കു് മരണമായിരിക്കാം; പക്ഷെ തോൽവിയുടെ കയ്പ് നമ്മെ തളർത്തുകയോ വിജയത്തിന്റെ ലഹരി ഉന്മത്തമാക്കുകയോ ചെയ്യുകുടല്ലോ' അവൾ ശരം മടക്കി.

'ശരിയായിരിക്കാം' ഞാൻ സമ്മതിച്ചു.

'നിന്റെ മനസ്സ് എത്രമാത്രം മരവിച്ചിരിക്കുന്നു' അവളുടെ കണ്ണുകൾ, ചായത്തട്ടും ബ്രഷുകളും നിരന്നകോണിൽ കുടുങ്ങി. 'ഈ ചായത്തട്ടും ബ്രഷുകളും ഉണങ്ങിയിട്ട് എത്ര കാലമായെന്നെനിക്കറിയാം.'

'എന്നിലെ രക്തം വററിയപ്പോൾ രക്തമുള്ളവർ ഇപ്പോഴും സൃഷ്ടികർമ്മം നടത്തുന്നുണ്ടല്ലൊ'

'....വരച്ചു പകുതിയാക്കിയ ഈ ചിത്രം മുഴമിക്കില്ലേ?'

'എന്റെ മനസ്സിൽനിന്ന് വർണ്ണങ്ങളെല്ലാം മാഞ്ഞു കഴിഞ്ഞു കുട്ടി'

'എനിക്കു മനസ്സിലാകുന്നില്ല'

'കുട്ടീ 'നീ പണ്ട്, വസ്ത്രങ്ങൾ വേണമെന്ന് പറഞ്ഞ് കരഞ്ഞ് നിന്റെ അച്ഛന്റെ കയ്യിൽ നിന്ന് തല്ല് വാങ്ങിയത് ഞാനോർക്കുന്നു'

'അതെന്റെ ചാപല്യമായിരുന്നു'

'....പിന്നെ നീ കറുത്ത കുടകളെ ഇഷ്ടപ്പെട്ടു. ഇപ്പോൾ നീ കുടകളെ ഇഷ്ടപ്പെടുന്നില്ല; എന്താ നീ വസ്ത്രങ്ങളെ വെറുത്തോ?........കുട്ടീ, നീയറിയുന്നോ; ചാപല്യങ്ങളുടെ ഒരു ശ്മശാനമാണ് കലാകാരൻ പിന്നെ, നിനക്ക് സന്തോഷിക്കാം അപൂർണ്ണമായ ഈ ചിത്രം ഇതാ പൂർത്തിയാക്കാൻ പോകുന്നു. നീ എന്റെ പ്രചോദനത്തിന്റെ ഊർജ്ജമായിത്തീരട്ടെ.'

'അതിനുശേഷം നീ വരില്ലേ?

'വരും ഞാനൊരിക്കൽ തിരിച്ചുവരും. അല്ല, നിന്റെ കയ്യിലെന്താണ്'.

അവളുടെ മുഖം പ്രകാശിച്ചു. 'ഒരു കവിതാപുസ്തകം, ഗോപുവിന്റെ പുതിയ കവിതകൾ' കൊള്ളാം. 'എത്രനാളായി ഞാൻ ഒരു കവിത ചൊല്ലികേട്ടിട്ട്' എനിക്ക് സന്തോഷം തോന്നി. 'നീ കവിതചൊല്ലുക, എന്നിലെ സർഗ്ഗദേവത ഉണരട്ടെ!' ഞാൻ പറഞ്ഞു.

അവൾ മുട്ടുകൾ അടുപ്പിച്ചു മടിത്തട്ടിൽ പുസ്തകം വച്ച് താടിയിൽ കയ്യ്കളൂന്നി കവിത ചൊല്ലിത്തുടങ്ങി അവളുടെ അളകങ്ങൾ കമ്പിതമായി. വിളക്കിന്റെ ജ്വാല നൃത്തം തുടരുകയായിരുന്നു.

ലാഭനഷ്ട ചിന്തകളില്ലാതെ, മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുന്ന ഒരു ലോകത്തെക്കുറിച്ചാണവൾ പാടുന്നത്.

'ഞാനിതാ ചായം തയ്യാറാക്കിക്കഴിഞ്ഞു.'

എന്റെ വാക്കുകൾ കേട്ട് അവൾ പുസ്തകം മടക്കി. അവൾ പറഞ്ഞു 'എനിക്ക് ആശ്വാസം തോന്നുന്നു.'

അവളുടെ നയനങ്ങൾ നീണ്ടുനേർത്ത വിരലുകൾ ഒതുങ്ങി പൂമൊട്ടുപോലെ ചലനമറ്റ് മടിത്തട്ടിൽ കിടന്നിരുന്ന നയനങ്ങൾ ദീപ്തങ്ങളായിരുന്നു.

എന്നിലെ നഷ്ടപ്പെട്ട വർണ്ണങ്ങൾ ഒന്നൊന്നായി തെളിയുന്നു. ഞാനാകെ പുതങ്ങി സ്വതന്ത്യമായ വർണ്ണബിന്ദുക്കളായി ചിതറി. സ്വതന്ത്യതയ്ക്കുള്ളിൽ വർണ്ണത്തിന്റെ കന്യകൾ ഉണ്ടായിരുന്നു!

പുതുവർണ്ണങ്ങളുടെ അതലങ്ങളിലേക്ക് എന്റെ ബോധമനസ്സ് ഊളിയിട്ടു. അവളുടെ നയനദീപ്തി എന്റെ ബോധമണ്ഡലത്തെ പ്രകാശമാനമാക്കി.

ഉദ്വേഗതയുടെ സ്പന്ദനം ഉണർന്നു. ഹൃദയത്തിന്റെ താളം സംഗീതാത്മകമായി, ഒരു നവ്യസംഗീതത്തിന്റെ അലകളിൽപെട്ട് ഞാൻ അന്തരീക്ഷത്തിലൊഴുകുന്നു. അകർമ്മണ്യതയുടെ ഇരുണ്ടകോണുകളിലേക്ക് ഒരു തുയിലുണർത്തു പാട്ടുപോലെ അതു കടന്നു. അതിന്റെ സ്ഥായീ പരിണാമങ്ങൾ ഓരോ പുതിയ ലോകം എനിക്കു മുമ്പിൽ തുറന്നുവച്ചു. ആ ലോകങ്ങളുടെ അഖണ്ഡത എന്നെ അമ്പരപ്പിച്ചു! ക്യാൻവാസിൽ ബ്രഷുകൾ അതിദ്രുതം ചലിക്കാൻ തുടങ്ങി.

## മഹാൻമാരുടെ വീഥി

*സമ്പാദകൻ—നസീർ ജെ., ഫസ്റ്റ് ഡി. സി. ബി-കോം.*

1 *കുഞ്ഞുങ്ങളെ! മനുഷ്യനു മാത്രമേ നൻമയെപ്പററി ബോധമുള്ളു. മറെറാരു ജീവിവർഗത്തിനുമില്ല. അതു മറന്നുകളയരുത്. നൻമ മാത്രമേ നിലനിൽക്കുകയുള്ളു.*

2 *ഒരു നൻമയും ഒരിക്കലും പാഴായിപ്പോകുന്നില്ല. മുൻപുണ്ടായിരുന്നത് മുൻപത്തെപ്പോലെതന്നെ ഭാവിയിലും ജീവിക്കും.*

— *ബ്രൗണിങ്ങ്*

3 *സൽസ്വഭാവത്തേക്കാൾ ഘനമേറിയ ഒന്നുംതന്നെ തുലാസിൽ തൂങ്ങുകയില്ല.*

— *മുഹമ്മദ്നബി*

റ്റി. കെ. എം. ആർട്ട്സ്

# ദുഃഖങ്ങളെ.. വിട

ഷീലാ ദാമോദർ
ഫസ്റ്റ് പി ഡി. സി. $D_2$ ബാച്ച്



തുടരെത്തുടരെയുള്ള ഹോൺ കേട്ടുകൊണ്ടാണ് ഷൈല പൂമുഖത്തെ കതക് തുറന്നത്. ഡോ: രഘുനാഥിന്റെ ഡ്രൈവർ. തന്റെ മകളുടെ പ്രായമായ ഷൈലയോട് ആ മനുഷ്യന് വളരെ സ്നേഹമാണ്.

'എന്താ രാഘവേട്ടാ വിശേഷം?'

'കുഞ്ഞ് പെട്ടെന്ന് എന്റെ കൂടെ വരണമെന്ന് അദ്ദേഹം പറഞ്ഞുവിട്ടു.'

'എന്താ വിശേഷിച്ചെന്തെങ്കിലും....' അവൾ പരിഭ്രമത്തോടെ അന്വേഷിച്ചു. രാഘവേട്ടനിരിക്കൂ ഞാനിതാവരുന്നു എന്നു പറഞ്ഞ് അവൾ ഡ്രസ്സ്ചെയ്യാനായി പോയി. ഉടൻതന്നെ തിരിച്ചുവന്ന് കാറിൽക്കയറി പലതവണ ഡ്രൈവറോട് കാര്യം ചോദിച്ചു. പല ആവർത്തി ചോദിച്ചതിന്റെ ഫലമായി അദ്ദേഹം പറഞ്ഞു. 'അല്പം മുൻപായി ഒരാൾ ഇവിടെ വന്നിരുന്നു. കണ്ടാൽ പത്തിരുപത്തിയേഴ് വയസ്സുതോന്നിക്കും. പേരു് ബാലചന്ദ്രൻ എന്നോ മറ്റോ ആണ്''. ബാലചന്ദ്രൻ' എന്ന പേരുകേട്ട് അവൾ ഷോക്കേറ്റതുപോലെ ഇരുന്നുപോയി. 'ബാലചന്ദ്രൻ' തനിക്ക് ഏറ്റവും സുപരിചിതമായ പേരു് അതേ, തന്റെ ബാലേട്ടൻ. അല്ല ഇന്ന് തന്റേതല്ല. അതോടെ അവൾ ഏതോ ഭൂതകാലത്തിലേയ്ക്ക് പറന്നുകൊണ്ടിരുന്നു ......................

താൻ ബീഎസ്സി രണ്ടാം വർഷം പഠിക്കുകയായിരുന്നു. ബീ കോം ഫൈനൽ ഇയറായിരുന്നു ബാലചന്ദ്രൻ. എല്ലാവരും ശ്രദ്ധിക്കപ്പെടുന്ന ഒരു നേതാവായിരുന്നു അദ്ദേഹം. ഏതു സമരത്തിന്റെയും മുൻപന്തിയിൽക്കാണാം. ഏതു സമ്മേളനത്തിനും പ്രസംഗവേദിയിൽ കാണാൻ കഴിയുമായിരുന്ന ഒരു ക്ലാസ്സിലും ഹാജരാകാത്ത ബാലചന്ദ്രന് സ്നേഹിക്കപ്പെടുവാൻ ഒരു ഹൃദയമുണ്ടായിരുന്നു. ആ ഹൃദയത്തിന്റെ ഉടമയാകാൻ കഴിഞ്ഞത് തനിക്കാണ്. കൂട്ടുകാരികളെല്ലാമെതിർത്തിട്ടും താനതിൽനിന്നും പിൻമാറിയില്ല. എല്ലാവരാലും വെറുക്കപ്പെട്ട ബാലചന്ദ്രൻ തന്റെ എല്ലാമെല്ലാമായിരുന്നു. അങ്ങനെ ഒരു വർഷംകൊണ്ട് ആ ബന്ധം തഴച്ചുവളർന്നു. ഞങ്ങടെ പരീക്ഷകഴിഞ്ഞു. ബാലചന്ദ്രൻ ഒരുവിധം പാസ്സായി എന്നു പറയാം. തനിക്ക് ഒരു വർഷംകൂടി കഴിച്ചുകൂട്ടേണ്ടിയിരുന്നു. ബീ എസ്സി പാസ്സായ ഞാൻ നഴ്സിംഗ് പഠിക്കുന്നതിനായിപോയി. ഈ സമയങ്ങളിലെല്ലാം ഞങ്ങൾ അക്ഷരങ്ങളിലൂടെ സംസാരിച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്കു തനിക്കു പല വിവാഹാലോചനകളും വന്നുകൊണ്ടിരുന്നു. അതെല്ലാം താൻ നിരസിച്ചു. എല്ലാ വിവരങ്ങളും സൂചിപ്പിച്ചുകൊണ്ട് താൻ എഴുതിയ കത്തിനു കിട്ടിയ മറുപടി എന്നെ ആകെ തളർത്തിക്കളഞ്ഞു. 'എന്നോടു ക്ഷമിക്കു ഷൈലേ ഞാൻ വേറെ വിവാഹം കഴിക്കാൻ തീരുമാനിച്ചു.

ഇല്ല ഞാൻ ഇനി വിവാഹിതയാവുകയില്ല എന്ന തീരുമാനത്തിൽക്കഴിയുമ്പോഴാണ് ഗവണ്മെന്റ് ഹോസ്പിറ്റലിൽ തനിക്ക് ഒരു ജോലി കിട്ടുന്നത്. അതോടെ എന്റെ ജീവിതത്തിന് ഒരു ലക്ഷ്യമുണ്ടായി. ആ ലക്ഷ്യത്തിലൂടെ താൻ മുന്നോട്ടുപോകുന്നു. 'എന്താ ഇറങ്ങുന്നില്ലേ? ഡ്രൈവറുടെ ചോദ്യം അവളെ ഓർമ്മകളിൽനിന്നും തിരിച്ചെത്തിച്ചു.

കാറിൽനിന്നും ഇറങ്ങിപ്പൂമുഖത്തേയ്ക്ക് കയറിയ ഷൈലയുടെ മനസ്സിൽ ഒരു അസ്വാസ്ഥ്യം നിറഞ്ഞുനിന്നു. അദ്ദേഹം തന്നെ ആയിരിക്കുമോ അത്?.

തന്നെ വഞ്ചിച്ച ആ പുരുഷനോട് എങ്ങനെയാണ് പെരുമാറേണ്ടത്. എന്തിനാവേണ്ടിയായിരിക്കും ആ മനുഷ്യൻ വീണ്ടും വന്നിരിക്കുന്നത്. ഇങ്ങനെയുള്ള ഒരോചിന്തകളും അവളെക്കൂടുതൽ അസ്വസ്ഥയാക്കിക്കൊണ്ടിരിരുന്നു. എന്നാൽ വിസിററിംഗ് റൂമിലിരുന്ന മനുഷ്യനെക്കണ്ടപ്പോൾ അവൾ അറിയാതെ ഞെട്ടി. തൻെറ ഊഹങ്ങളൊന്നും തെററിയിട്ടില്ല എന്നാൽ അയാളുടെ വേഷവിധാനം അവളിൽ അത്ഭുതം ഉളവാക്കി. ചീകിമിനുക്കാത്ത, പാറിപ്പറന്നുകിടക്കുന്ന മുടി, ഷേവുചെയ്യാത്ത മുഖം, മുണ്ടും ജുബ്ബായുമാണ് ധരിച്ചിരിക്കുന്നത്. തൻെറ പഴയ ബാലേട്ടൻ തന്നെയാണോ? അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൾ വിസ്മയത്തോടെ അരികിൽച്ചെന്നു. പാദചലനം കേട്ടാകണം അയാൾ തിരിഞ്ഞുനോക്കി ഷൈലയേക്കണ്ട അയാൾ പെട്ടെന്ന് എഴുന്നേററ് അവളുടെ അരികിലേയ്ക്കു് വന്ന അതിശയമൂറുന്ന കണ്ണുകളോടെ അവളെ വിളിച്ചു. 'ഷൈലേ.... നീ എന്തു മാറിയിരിക്കുന്നു. എന്നാൽ അവൾ ഒന്നും പറയാതെ ഒഴിഞ്ഞുനിന്നു. അവളിൽ അപ്പോഴും അയാൾ അന്യനായ ഒരു വ്യക്തി എന്ന ചിന്ത ഉറഞ്ഞു കിടന്നിരുന്നു. ഇതു മനസ്സിലാക്കിയ ബാലചന്ദ്രൻ കൂടുതൽ അരികിലേയ്ക്ക് വന്നു.

മൗനം പലപ്പോഴും ശ്വാസം മുട്ടിക്കാറുണ്ട്. അങ്ങനെ ഒരവസ്ഥയ്ക്ക് വഴികൊടുക്കാതെ ബാലചന്ദ്രൻ സംസാരിച്ചുതുടങ്ങി. നീ എന്താണിങ്ങനെ കാണുന്നതെന്നെനിക്കറിയാം. ഞാൻ വിവാഹിതനാണെന്നല്ലേ നീ ധരിച്ചിരിക്കുന്നത്. ഇല്ല ഷൈലേ.......നിൻെറ ബാലേട്ടൻ നിന്നെയല്ലാതെ മററാരേയും സ്വീകരിക്കില്ല. അതിശയത്തോടുള്ള അവളുടെ നോട്ടം തൻെറ എല്ലാ കഥകളും പറയുന്നതിന് വഴിയൊരുക്കി, അവളുടെ മൗനം തൻെറ കഥ കേൾക്കുന്നതിനുള്ള അനുവാദമായി കരുതി ബാലചന്ദ്രൻ തൻെറ കഥ പറഞ്ഞുതുടങ്ങി..........

'അന്ന് ഞാൻ അങ്ങനെഴുതിയതു്, ഒരിക്കലും നീ ദുഃഖിക്കാൻ ഞാൻ ഇഷ്ടപ്പെട്ടിട്ടില്ല. ബിസ്സിനസ്സുകാരനായ അച്ഛൻ; പണത്തിൻെറ അഹങ്കാരത്തിൽ കഴിഞ്ഞിരുന്ന അച്ഛൻ, എന്നാൽ എല്ലാം ഒരിക്കൽ അവസ്സാനിച്ചു. ബിസ്സിനസ്സിൻെറ തകർച്ചയോടെ അച്ഛൻ രോഗശയ്യയിലായി. വിവാഹപ്രായമായിരുന്ന രണ്ടുസഹോദരിമാർ പണത്തിനുവേണ്ടിയുള്ള പ്രയത്നത്തിൽ മക്കളുടെ കാര്യം മറന്നുപോയ ആ അച്ഛൻ രോഗശയ്യയിലായതോടെ എല്ലാ ചുമതലകളും എൻെറ മേലിലായി. അങ്ങനെയുള്ള അലച്ചിലിനിടയിലാണ് നിൻെറ ലററർ കിട്ടുന്നത്. അപ്പോൾ എനിക്കുണ്ടായിരുന്ന ഒരേ ഒരു മാർഗ്ഗം അതു മാത്രമായിരുന്നു. ഞാൻ നിന്നോട് എന്നെ മറക്കു എന്നെഴുതി എൻെറ പരിതഃസ്ഥിതികൾ വിവരിച്ചാൽ നീയൊരിക്കലും അതിന് തയ്യാറാകില്ലെന്നറിയാമായിരുന്നു. എന്നെ വിശ്വസിക്കു ഷൈലേ. ഇന്ന് ഞാൻ സ്വതന്ത്രനാണ്. എനിക്കൊരു തൊഴിലുണ്ട്. സഹോദരിമാരുടെ വിവാഹം കഴിഞ്ഞു. അമ്മയും മരിച്ചു. ഇന്ന് ഞാൻ ഏകനാണ് നല്ലവളായ നീ എന്നെ പ്രതീക്ഷിച്ചു. അതിന് ഇതാ ദൈവം വീണ്ടും നമ്മെ ഒന്നിപ്പിച്ചിരിക്കുന്നു. വരു ഷൈലേ........എൻെറ അടുത്തേയ്ക്കു വരു, ഇനിയും നിനക്കെന്നെ വിശ്വസിക്കാൻ കഴിയുന്നില്ലേ?........'



**സ്നേഹം മഹാൻമാരുടെ ദൃഷ്ടിയിൽ**

*സമ്പാദകൻ—വിശ്വനാഥൻപിള്ള ആർ., സെക്കൻററ് പി. ഡി. സി., Batch A.*

*വർഷങ്ങളുടെ അദ്ധ്വാനംകൊണ്ട് നേടാൻ കഴിയാത്തത് ഒരു നിമിഷംകൊണ്ട് സ്നേഹം നേടിത്തരുന്നു.*

*— ഗോയ്ഥെ*

*സ്നേഹംകൊണ്ട് കീഴടക്കാൻ കഴിയാത്തതായി മറെറാന്നുമില്ല.* — *ഷെല്ലി*

*സ്നേഹം ജീവിതത്തോടും സൗന്ദര്യം നൻമയോടും ബന്ധപ്പെട്ടുകിടക്കുന്നു —ഇഖ്ബാൽ*

ററി. കെ. എം. ആർട്ട്സ്



നവാബ്. എ. എച്ച്., യൂണിയൻ ചെയർമാൻ
''കരുത്തുററ നേതൃത്വം''



അന്നമ്മാ യോഹന്നാൻ, വൈസ് ചെയർമാൻ
''മിതം ചസാരം ചവചോഹി വാഗ്മിതാ....''



അഷ്റഫ്. ഏ, ജന: സെക്രട്ടറി
''കോളേജ് യൂണിയന്റെ കർമ്മസാരഥി''

Scanned with OKEN Scanner

# പ്രതിനിധികൾ

വനിതാപ്രതിനിധികൾ



താജിനിസാ



ആലീസ്കുട്ടി



മുഹമ്മദ് സഹീർ. എസ്.
Ist P. D. C.



ചന്ദ്രശേഖരൻപിള്ള. കെ.
IInd P. D. C.



എസ്. എം. മെഹറാജ്
Ist D. C



പി. പി. ജോൺസൺ
IInd D. C.



അബുദം ഹൈഷം. ഏ.
III D. C.



ഷിയാബ് ഏ.
"കായികവിനോദത്തിൽ ജീവൻ പകർന്ന കാര്യദർശി"



തങ്കപ്പൻ. സി.
ഹരിജൻ പ്രതിനിധി

Scanned with OKEN Scanner



''അർഹതയ്ക്കു് അംഗീകാരം''
മുഹമ്മദു് ഷാഫി. വൈ.
ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി.



''തളരാത്ത സർഗ്ഗചേതന''
ഉറാഷ്കുമാർ. എം.
ചീഫ് സ്റ്റുഡൻറു് എഡിററർ.



രാധാകൃഷ്ണപിള്ള. ജി.

യൂണി:
യൂണി:
കൗ
ൺ
സി
ലേ
ഴ്സ്



മുഹമ്മദു്കുഞ്ഞു് പി. എച്ച്

'ടി. കെ. എം. ൻെറ ശബ്ദം സർവ്വകലാശാലയിൽ'

Scanned with OKEN Scanner

"കോളേജ് യൂണിയൻ പ്രവർത്തനത്തിന്റെ യവനിക ഉയരുന്നു."








''സ്വാഗതത്തിന്റെ രത്ന കമ്പളം''
— പ്രിൻസിപ്പൽ

ലെഫ്റ്റനന്റ് ഗവർണർ ശ്രീ. കെ. എം. ചാണ്ടി
യൂണിയൻ ഉത്ഘാടനം ചെയ്യുന്നു.

Scanned with OKEN Scanner



"ഉത്തിഷ്ഠത ജാഗ്രത"
യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷപ്രസംഗം



"മലയാള സിനിമയിലെ ദുഃഖപുത്രി" – കുമാരി ജലജ
കലാസമിതിയുടെ ഉത്ഘാടനം

## ആശംസാപ്രസംഗങ്ങൾ



ശ്രീമതി നബീസത്ത് ബീവി



ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ



ഹാജി. എ. യൂനസ്‌കുഞ്ഞ്



ശ്രീ. ജയിംസ് ജോസഫ്



ശ്രീ. തിരുവഞ്ചിയൂർ രാധാകൃഷ്ണൻ



ശ്രീ. ആർ. എസ്. ബാബു



കൃതജ്ഞത — യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ. അഷറഫ്. എ.



"കനകച്ചിലങ്ക കിലുങ്ങികിലുങ്ങി"
പാന്ഥർ പെരുവഴിയമ്പലംതന്നിലേ—
ഷീലാ ഇസ്മായിൽ & സുഫാന




"ജീവിതവേദനകളുടെ കരിശ്ശുംപേറി" - നൗഷാദ്. എച്ച്.



നാദബ്രഹ്മത്തിൻെറ സാഗരവീചികൾ — കോളേജ് ഓർക്കെസ്ട്രാ



സദസ്സ് — ഒരു വീക്ഷണം

# ഫോട്ടോഗ്രാഫി മത്സരത്തിൽ സമ്മാനാർഹമായ ചിത്രങ്ങൾ



റെണാൾഡ് റാൾഫ് നെറോ
IInd B.Com.



ചന്ദ്രൻ. ആർ.
IInd P.D.C., $C_2$ Batch



സഫറുദ്ദീൻ. എസ്.
IIIrd B Sc., Botany

ചെറുകഥ

# ആവർത്തനം



കെ. കെ. നിസാർ
ഫസ്റ്റ് പി. ഡി. സി. A4

ശ്മശാനത്തെരുവിലെ മനം മടുപ്പിക്കുന്ന ഗന്ധം. അവിടെ വിയർപ്പിന്റെ മണമുണ്ടായിരുന്നു. അയാൾ നടന്ന ഇടനാഴിയിൽ മന്വന്തരങ്ങളുടെ പഴക്കം. അവിടെ സങ്കല്പങ്ങളുടെ ശവകുടീരങ്ങളുണ്ടായിരുന്നു.

അയാളെത്ര ദൂരം പിന്നിട്ടു കഴിഞ്ഞു ...! തിട്ടമില്ല. ഭൂമി നനഞ്ഞു കുതിർന്നിരിക്കുന്നു. ഏതോ ഒരു ചിതൽപ്പുററ് തകർന്നിരിക്കുന്നു. ഈയാംപാററകളുടെ മരവിച്ച ശവശരീരങ്ങൾ. ആരോ അയാളെ തട്ടിവിളിച്ചു.

''എടോ എഴുന്നേൽക്ക്! കട തുറക്കണം.''

ഞെട്ടി എഴുന്നേററ അയാൾ പാതി അടഞ്ഞ കണ്ണുകൾ വലിച്ചുതുറന്നു. തലയ്ക്കുവച്ചിരുന്ന തുരുമ്പിച്ച പെട്ടി കയ്യിലെടുത്തു. മുഖത്തേക്കു വീണുകിടന്നിരുന്ന ചെമ്പിച്ച മുടി മുകളിലേയ്ക്കൊതുക്കിവച്ചു നടത്തയാരംഭിച്ചു. നനഞ്ഞ വസ്ത്രങ്ങൾ മെലിഞ്ഞ ശരീരത്ത് പററിച്ചേർന്നിരുന്നു. അതിലൂടെ ഉന്തിയ എല്ലുകൾ വ്യക്തമായി കാണാമായിരുന്നു. ഒട്ടിയ കവിൾ, കുഴിഞ്ഞ കണ്ണുകൾ, നീണ്ട താടിരോമങ്ങൾ, എല്ലാംകൊണ്ടും അയാൾ വിരൂപനായിരുന്നു.

ദൃഢമായ കാൽവയ്പുകളോടെ അയാൾ നടന്നു. ലക്ഷ്യത്തിലേക്ക്, വെളിച്ചത്തിലേക്ക്. വടക്കുവശത്തെ റോഡിലെ മദ്യഷാപ്പിന് മുമ്പിലൂടെ ബസ് സ്റ്റാൻഡിലേയ്ക്കു നടന്നു. ചിലരൊക്കെ ചില്ലറ നാണയങ്ങൾ നൽകി. അതുമായി തെരുവിലെ ചെറിയ ചായക്കടയിലേയ്ക്കു കയറി. അവസാനത്തെ തുള്ളി ചായയും വലിച്ചുകുടിച്ചു. ഗ്ലാസ്സ് മേശപ്പുറത്തേയ്ക്കുവച്ചു. മെല്ലെ പടിയിറങ്ങി തെരുവിലേക്ക് നടന്നപ്പോഴോർത്തു. ഒരു പഴയ മർദ്ദനത്തിന്റെ കഥ.

വിശപ്പിന്റെ വിളികേട്ട് പല്ലു ഞെരിച്ചു. തെരുവിലെ പൈപ്പിൽനിന്നും ഉപ്പുവെള്ളം കുടിച്ചു. വിശപ്പടങ്ങിയില്ല. ആ ശപിക്കപ്പെട്ട പ്രഭാതത്തിൽ ഒരു വീട്ടിൽക്കയറി ആഹാരത്തിനുവേണ്ടി യാചിച്ചു. അവിടെ മനുഷ്യബന്ധങ്ങളില്ലായിരുന്നു. വർണ്ണവിവേചനങ്ങളായിരുന്നു.

അവിടെനിന്നേൽക്കേണ്ടിവന്ന മർദ്ദനത്തിന്റെ ഭാരം. തല കുനിച്ചു പുറത്തേയ്ക്കോടിയപ്പോൾ വരണ്ട മണ്ണിൽ രക്തം ചിതറിക്കിടന്നിരുന്നു. അയാൾ മെല്ലെ കുനിഞ്ഞു കണങ്കാലിലേക്കു നോക്കി. നായയുടെ വിഷപ്പല്ലുകളേററ കറുത്ത പാട്. തിളച്ച വെള്ളംവീണ ഒരിക്കലും മായാത്ത പാടുകൾ.

പിന്നെയുമയാളെത്രയോ ദൂരം പിന്നിട്ടു.

പഞ്ചായത്താഫീസിന്റെ ഭിത്തിയിലെ ഘടികാരം കൃത്യനിഷ്ഠയോടെ ശബ്ദിച്ചുകൊണ്ടിരുന്നു. അയാളതിലേയ്ക്കു നോക്കി.

'നേരം വളരെ വൈകിയിരിക്കുന്നു.'

അയാളവിടെനിന്നും നടന്നു ഒരു ഹോട്ടലിന്റെ പിൻവാതിലിലൂടെ അകത്തു കടന്നു. ആരോ അയാൾക്കൊരു പെഗ് മദ്യം കൊടുത്തു. അയാളതാർത്തിയോടെ വലിച്ചുകുടിച്ചു, മുറിയിൽ ഇരുന്ന ചെറുപ്പക്കാർ അയാളെ നോക്കി പൊട്ടിച്ചിരിച്ചു. വീണ്ടും....വീണ്ടും....... ആരോ പിടിച്ചു പുറത്താക്കി വാതിലടച്ചു. മദ്യത്തിന്റെ ലഹരിയിൽ അവർ തന്ന ചീഞ്ഞ മാംസത്തിന്റെ ഗന്ധമറിഞ്ഞില്ല. എല്ലാം ആർത്തിയോടെ തിന്നു. അവിടെനിന്നെഴുന്നേററ് മറെറാരിടനാഴിയിലേയ്ക്ക് നടന്നു. വഴി ദുർഘടംനിറഞ്ഞതായിരുന്നു. ഏതോ ഒരു മരക്കൊമ്പ് തലയിൽതട്ടി. കല്ലിലും മുള്ളിലും ചവുട്ടി. ഓരോ അടിയിലും കാൽ പതറുകയായിരുന്നു.

മറെറാരു പതനത്തിന്റെ തുടക്കം. അടുത്തുകണ്ട ആൽമരത്തിന്റെ ചുവട്ടിലേയ്ക്കു നടന്നു. ജീർണ്ണിച്ച പെട്ടി മരച്ചുവട്ടിൽ വച്ചു. അയാളുമാമരച്ചുവട്ടിലിരുന്നു. പെട്ടി തുറന്ന് ചില്ലറ നാണയങ്ങൾ അതിലേക്കിട്ടു. അതിൽനിന്നൊരു നോട്ടുബുക്ക് പുറത്തേക്കെടുത്തു. പണ്ട് താൻ കുറിച്ചിട്ടതെന്തോ തിരയുകയായിരുന്നു.

വിറങ്ങലിച്ച മസ്തിഷ്ക്കത്തിലൂടെ ഒരായിരം ഓർമ്മകളുടെ തേരട്ട ഇഴഞ്ഞുകയറി. നിമിഷ



Scanned with OKEN Scanner

ങ്ങളും മണിമുഴക്കങ്ങളും വഴി മാറിക്കൊടുത്തു.

പകൽ അവസാനിച്ചിരുന്നു. അപ്പോഴും അയാളുറങ്ങുകയായിരുന്നു. തൊട്ടടുത്തൊരു കാലൊച്ച കേട്ടയാൾ ഞെട്ടിയുണർന്നു. തിരിഞ്ഞുനോക്കി. ഏതോ ഒരു സുപരിചിതമായ മുഖം. വർഷങ്ങളായി താൻ തേടിത്തളർന്ന തന്റെ മകനല്ലെ അതു്. വാരിപ്പുണരണമെന്നു തോന്നി. ഒരു പക്ഷേ തന്നെ അവനു് മനസ്സിലായിക്കാണില്ല. അവനോടെന്തോ പറയാനയാൾ നാവിളക്കി. പക്ഷെ....അവൻ വളരെ ദൂരെ എത്തിക്കഴിഞ്ഞിരുന്നു. അയാളുടെ തുരുമ്പിച്ച പെട്ടിയുമായി അവൻ ഇരുളിലേയ്ക്കോടി മറഞ്ഞു.

മരച്ചില്ലിലിരുന്ന രാപ്പാടി പാടിയ പാട്ടു് കാതുകളിൽ തറഞ്ഞുകയറി. മസ്തിഷ്കം മരവിപ്പിക്കുന്ന പച്ചമാംസത്തിന്റെ ഗന്ധം.

അയാൾ ചുററുപാടും നോക്കി. 'തന്റെ യാത്രയുടെ ... ഭത്തിലെ ശ്മശാനത്തിന്റെ ... ക്കേയറെറത്തെ മരച്ചുവട്ടിൽ ... താനിരിക്കുന്നതു്.'

തൊണ്ട വരണ്ടു. ശബ്ദം ... ങ്ങലിച്ചു. സിരകളിൽ രക്ത... ഞ്ഞുകൂടി.

അല്പമകലെ മറെറാരു ... കണ്ടയാൾ ഞെട്ടി.

മരിച്ച സങ്കൽപത്തി... ചിത.


WITH BEST COMPLIMENTS FROM:

**M/s. VEEKAY SCIENTIFIC TRADERS**
PARAPATTU BUILDINGS
NEAR S. N. COLLEGE JUNCTION
QUILON – 691 001

*Serving the field of Science through the supply of Quality Items at Economic Rates.*

*STOCKISTS FOR:*

BDH, SM, POLYFARM, NICE CHEMICALS
BHARAT LABS, ASSOCIATED LABS,
DIAGNOSTIC & CLINICAL REAGENTS,
& SCIENTIFIC EQUIPMENTS ETC.

റ്റി. കെ. എം. ആർട്ട്സ്


Scanned with OKEN Scanner

# നീ

പ്രഭാതം…

നാം തമ്മിൽ കണ്ടു. എന്തിന്? എന്തിനോ വേണ്ടി.

ഒരർത്ഥത്തിൽ സ്നേഹിക്കാൻവേണ്ടി. നീ സ്നേഹിച്ചു. ഞാൻ സ്നേഹിച്ചില്ല.

ചിരിച്ചു. പക്ഷേ യാന്ത്രികമായിരുന്നു.

ഒടുവിൽ ഞാനും സ്നേഹിച്ചു. എന്റെ ഹൃദയം നിനക്കുതന്നു. നീ എനിക്കും.

അതോർക്കുമ്പോൾ സന്തോഷവും അതിലേറെ സന്താപവും തോന്നും.

* * * *

സുഗന്ധപരിമളം ചാർത്തുന്ന റോസാപ്പൂവിനെക്കാൾ ദുർഗ്ഗന്ധം വമിപ്പിക്കുന്ന ജമന്തിപ്പൂവിനെയായിരുന്നു എനിക്കിഷ്ടം. ക്യാൻസറെന്ന മാറാരോഗത്തെ ഭയമില്ലാത്തതുകൊണ്ട് സിഗററ്റ് കൂടുതൽ ഇഷ്ടമായിരുന്നു.

കാമ്പസിനുള്ളിലെ ജീവിതം മടുത്തിരുന്നു. പക്ഷേ ചിലന്തിയുടെ നിലനിൽപ്പ് മാറാലയാണല്ലോ! ഞാനും സഞ്ചരിച്ചു. നീണ്ട പ്രയാണത്തിൽക്കൂടി ജീവിതലക്ഷ്യം കണ്ടെത്താൻ. ലക്ഷ്യം സാക്ഷാത്ക്കരിച്ചിട്ട് മധുരം നുണഞ്ഞിരിക്കണം. അവസാനം ചുരുങ്ങിച്ചുരുങ്ങി ഒരണുവിനോളം തുല്യനായിത്തീരണം. എന്റെ നീണ്ട പ്രയാണത്തിനിടയിൽ എനിക്കാരും കൂട്ടിനുവേണ്ടായെന്നും, ഒറ്റയ്ക്ക് സഞ്ചരിക്കണമെന്നും ചിന്തിച്ചിരുന്നു.

സ്വന്തമല്ലാത്ത ഒരു നാലുകെട്ടും, പടിപ്പുരയുമുണ്ട്. രാത്രിയിൽ പടിപ്പുര എനിക്കു സ്വന്തമാണ്. എന്റേതായ ലോകമാണ്. പടിപ്പുരയുടെ പഴകിദ്രവിച്ച തൂണിൽ ചാരിയിരുന്ന് സങ്കല്പങ്ങളെ നെയ്തുകൂട്ടുന്നതും, വിശക്കുമ്പോൾ കമഴ്ന്നുകിടന്ന് കണ്ണുനീർവാർക്കുന്നതും എന്തുകൊണ്ടോ ഒരു പ്രത്യേക സുഖാനുഭൂതി പകർന്നുതന്നിരുന്നു. എന്റെ പ്രയാണം വിഘ്നംകൂടാതെ തുടർന്നു. ഞാൻ സഞ്ചരിക്കുന്ന പാത മുള്ളുകൾ നിറഞ്ഞതാണ്. കാൽപാദങ്ങളിൽ മുള്ളു തറയ്ക്കും. അതിൽനിന്ന് വമിക്കുന്ന രക്തവുമായി വീണ്ടും സഞ്ചരിക്കും. ഒടുവിൽ യാത്രയുടെ പരിണിതഫലം ലഭിക്കും. ലക്ഷ്യസ്ഥാനത്ത് ഞാൻ എത്തിച്ചേരും. ഇതായിരുന്നു എന്റെ സങ്കല്പം.

ഇന്ന്,

നീ എനിക്ക് പ്രതിബന്ധമായി. ഞാൻ ഒറ്റയ്ക്കു സഞ്ചരിക്കാൻ നീ അനുവദിച്ചില്ല. ഞാനും നീയും രണ്ടു ധ്രുവങ്ങളിലാണെന്നു പറഞ്ഞിട്ടും എന്റെ പാത നിറയെ മുള്ളാണെന്നു പറഞ്ഞിട്ടും നീ എന്നെ വെറുതെ വിട്ടില്ല.



സലാഹുദ്ദീൻ
ഫൈനൽ ബി. കോം.

സ്നേഹംകൊണ്ടെന്നെ വീർപ്പുമുട്ടിച്ചു. എന്റെ വേദനകളെയും, വിഷമതകളെയും നീ സ്വയം ഏറ്റുവാങ്ങി. എന്നെ അകമഴിഞ്ഞ് സഹായിച്ചു.

എന്റെ ഹൃദയത്തിൽ കുളിരുകോരിത്തുടങ്ങി. എനിക്കങ്ങനെ തോന്നി. പട്ടുനൂലിനോട് വാഴനാരു ചേർക്കണോ എന്നുപോലും ഞാൻ ചിന്തിച്ചുപോയി. നിന്റെ ഹൃദയശുദ്ധിയിൽ ഒരു ഹിതപരിശോധന ആവശ്യമാണെന്ന് എനിക്കു തോന്നി. പരീക്ഷണത്തിൽ നീ വിജയിച്ചു.

വർഷങ്ങളുടെ നീണ്ട കാത്തിരിപ്പിനുവേണ്ടിയുള്ള വാഗ്ദാനങ്ങൾ നീയും ഞാനും കൈമാറി. നീ വ്രതം അനുഷ്ഠിച്ചുതുടങ്ങുകയും ചെയ്തു. ഒപ്പം ഞാനും. കൂട്ടിനുള്ളിൽ സ്വൈരമായി ഇണ ചേരാൻവേണ്ടി കുറിതൊട്ടും പ്രതീക്ഷിച്ചിരിക്കുന്ന ആൺപക്ഷിയെയും പെൺപക്ഷിയെയും പോലെ.

ഒടുവിൽ,

കഴിച്ചുമൂടിയിരുന്ന എന്റെ ആഗ്രഹങ്ങളെ ചിതഞ്ഞെടുത്ത് ഊട്ടിവളർത്താൻ തുടങ്ങി. നെയ്തുകൂട്ടിക്കൊണ്ടിരുന്ന എന്റെ സങ്കല്പങ്ങളുടെ അളവ് വർദ്ധിച്ചു. പക്ഷെ ഇതിനെല്ലാം എന്നെ സഹായിച്ചിരുന്ന പരിശുദ്ധമായ പഴയ പടിപ്പുരയുടെ സ്ഥാനത്ത് മതിൽഭിത്തികൾ ഉയർന്നുകഴിഞ്ഞു. അതിനെതിരെ പോരാടാൻ ഞാൻ അശക്തനാണ്. കാരണം അവകാശികൾ എന്നും അർഹതപ്പെട്ടവരായിരിക്കും. അവർക്ക് അംഗീകാരം താനേ ലഭിച്ചുകൊള്ളും. അതിപുരാതനമായ ആ നാലുകെട്ടിന്റെയും പടിപ്പുരയുടെയും സ്ഥാനത്ത് ഇന്ന് അത്യാധുനികമായ താഴികകൂടിയ ഗോപുരവും, തങ്കംപതിച്ച കവാടവും സ്ഥിതിചെയ്യുന്നു. എന്റെ വ്രണങ്ങളിൽ കൂടുതൽ മുറിവേറ്റതുപോലെയായി.

എന്തിലും ഞാൻ ഭാഗ്യവാനാണ്. എന്റെ ആഗ്രഹങ്ങൾക്കും സങ്കല്പങ്ങൾക്കും കടിഞ്ഞാണി വീഴാതിരിക്കാൻ പററിയ, ചിലന്തികളും എന്നും പാററായും ചെള്ളുമെല്ലാമുള്ള, ഓലമേഞ്ഞ മണ്ണും കട്ടയും ഇളകിയിട്ട് ഇഴജന്തുക്കൾക്ക് സുഖമായി പാർക്കാൻ കഴിയുന്ന ദ്വാരങ്ങളുള്ള ഒരു സിംഹാസനം ലഭിച്ചു. അവിടെ മണ്ണെണ്ണവിളക്കിന്റെ മുമ്പിലിരുന്ന് എന്റെ ജോലികൾ തുടരാമല്ലോ? എന്റെ സിംഹാസനത്തിന്റെ മണിമുററത്ത് വളർന്നുനിൽക്കുന്ന നെല്ലിമരത്തിന്റെ ചുവട്ടിൽ രാത്രികാലങ്ങളിൽ ഇരുന്ന് ഞാൻ വിശ്രമിക്കുന്നു. അപ്പോൾ നിന്നെക്കുറിച്ചു ധാരാളം ചിന്തിക്കാൻ കഴിയുന്നു. ചിന്തിച്ച് കാടുകയറുന്നു. അവസാനമായി ഞാൻ നിന്നെക്കുറിച്ചു ചിന്തിച്ചപ്പോൾ എന്റെ ഹൃദയത്തിന്റെ ഏതോ കോണിൽ ഒളിഞ്ഞുകിടന്നിരുന്ന ഒന്നു തെളിഞ്ഞുവന്നു.

നീയാകുന്ന അനാഘ്രാതകുസുമത്തെ ഞാനാകുന്ന ഈ പുഴവ് എന്തിന് നശിപ്പിക്കണം; നിന്റെ ദളങ്ങളിൽ പുഴുക്കുത്ത് ഏല്പിച്ച് നിന്റെ വളർച്ചയെ എന്തിന് മുരടിപ്പിക്കണം. ഈ പുഴു നശിക്കട്ടെ. എന്നിട്ട് ആ കുസുമം കൂടുതൽ ശോഭിക്കട്ടെ!

*With best compliments from*

**CROWN BAKERY**

**QUILON**

ററി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner

# വിട ഞാൻ ചോദിക്കട്ടെ!

ശ്രീമംഗലം ഇ. കെ. സിറാജ്
ഫൈനൽ ബി. കോം.

മറക്കാം നമുക്കെല്ലാം പിരിയാൻ നേരമായി
നിറകണ്ണുകളോടെ വിട ഞാൻ ചോദിക്കുന്നു
പറന്ന്പോയ മൂന്ന് വർഷത്തിൻ സ്മരണകൾ
ചിറകിട്ടടിച്ചെന്നിൽ വേദന വളത്തുന്നു.

പാളിപ്പോയെൻ ജീവിതതാളങ്ങൾ നേരെയാക്കാൻ
പോളിയിൽ വന്നകാലം ഇന്നും ഞാനോർമ്മിക്കുന്നു
കോളേജങ്കണത്തിന്റെ ഛായകൾ കണ്ടില്ലെന്നാൽ
മേളത്തിലെല്ലാം കൂടും ഈ വിദ്യാഗേഹം തന്നിൽ

സ്നേഹത്താൽ തലോടുന്ന എത്രയോ ഗുരുക്കന്മാർ
സ്നേഹത്തിൻ സ്മാരകങ്ങൾ ഇവർക്കേ പണിയേണ്ടൂ
സേവന നിരതരാം ഇവർ തൻ ശ്രുപം ചൊല്ലാൻ
ഭാവനാവിലാസങ്ങൾ ഇനിയും വന്നിട്ടില്ല.

സോദരന്മാരായ്ത്തീർന്ന സ്നേഹിതന്മാരെയെല്ലാം
വേദനയോടല്ലാതെ പിരിയാൻ കഴിയുമോ?
സോദരിമാരേ വിട, നിങ്ങൾ തൻ സ്നേഹച്ഛാത്തിൽ
ആദരവോടിന്നീ ഞാൻ അഞ്ജലിയർപ്പിക്കുന്നു.

അടുക്കാനറിയുവാൻ വഴിതന്നെയാ വിധി
അടുത്തുവന്നു നമ്മെ പിടിച്ചു മാറ്റീടുന്നു
മനസ്സേ വിതുമ്പല്ലേ, കണ്ണേ നീ കരയല്ലേ
മനസ്സോടല്ലെങ്കിലും വിട ഞാൻ ചോദിക്കട്ടെ!



## NOVELTY SPORTS

**MAIN ROAD, QUILON**

**Phone: 3185**



Dealers in:

ALL SORTS OF SPORTS GOODS
CUPS, SHIELDS,
LEATHER AND RUBBER GOODS,
FANCY STATIONARIES AND
UMBRELLAS.

*With the Best Compliments From:*

## DECARTS

**MAIN ROAD**

**QUILON**

*With the best compliments from:*

## SEES TAILORS

**NEAR SUDHI THEATER**
**THAMARAKULAM**
**QUILON**

## LATHEEF SAW MILLS

A. BADARUDEEN. M. A.

•

*Manufacturers and suppliers of Best quality Packing Cases and Fire Woods.*

•

CHANDANATHOPE
QUILON - 14

ററി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner

# വരവേൽപ്പ്

അശോകൻ എ.
സെക്കൻറ് $B_3$ സൈക്കോളജി

വരൂ വരൂ പ്രിയസഹജരേ നിങ്ങൾ
വരവേൽക്കുന്നിതാ ജനനി കേരളം;
ചിരവിരഹിത തനയർ നിങ്ങളെ
നിറഞ്ഞനീർമിഴി തുളുമ്പിനിൽക്കവേ,
പിറന്നനാടിനെ പിരിഞ്ഞു, ജീവിതം
തിരിഞ്ഞു ദുർഗമപഥങ്ങളിലൂടെ
വിദൂരദേശങ്ങളണഞ്ഞു ധീരരായ്
സ്വകർമ്മവ്യഗ്രരായ് മരുവിടുമ്പൊഴും
നിതാന്തസുന്ദര പ്രകൃതിരമ്യമീ
ഗൃഹാന്തരീക്ഷമേ ഭവൽപ്രചോദനം
ഇവിടെയല്ലലുമഴലും വിസ്മരി—
ച്ചൊരുമഹോത്സവമൊരുക്കുന്നൂ ഞങ്ങൾ,
മനുഷ്യരെല്ലാമൊരുപോൽ വാണൊരു
സമത്വസുന്ദരശുഭദിനങ്ങളെ
സ്മരണയിൽ സാക്ഷാല്ക്കരിക്കാൻ നിങ്ങളും
വരുമോ പങ്കിടാനസുലഭാനന്ദം?
മനസ്സിനെപ്പോലും മരവിപ്പിക്കുന്ന
ധ്രുവപ്രദേശത്തെ കൊടുംതണുപ്പിലും
എരിഞ്ഞുകത്തുന്ന ചുടുവെയിൽ മജ്ജ—
യുരുക്കിടും ശുഷ്കമരുപ്പരപ്പിലും
കടുത്തയാതന സഹിച്ചുനാളുകൾ
കഴിക്കുവോർ നിങ്ങൾക്കരുമസ്വപ്നമായ്;
മനസ്സിലെന്നെന്നുമൊളിവിതറുന്ന
മനോജ്ഞസ്വർഗ്ഗമായ് ലസിക്കും കേരളം

# തപസ്വിനി

വാകനൊട്ട് ഗീത
ഫസ്റ്റ് പി. ഡി. സി. $B_2$ ബാച്ച്

സൽകലൊദേവതേ നിൻ നൃത്തഗോപുരം,
സങ്കല്പസുന്ദര സാഹിത്യഗോപുരം;
ഹസ്താഞ്ജലിയുമായ്, പുഷ്പാഞ്ജലിയുമായ്,
പൂത്തിരുവാതിര പുഷ്പാഞ്ജലിയുമായ്,
ഈറനായ്, ശ്രദ്ധയായ് മന്ത്രം ജപിച്ചു ഞാൻ
ഈ മലർമുററത്തു നില്ക്കും തപസ്വിനി.

സൽക്കലാദേവതേ നിൻെറ നൃത്തഗോപുര—
വാതിലിൽ നിൽക്കുമീ നിൻെറയാരാധിക;
നിൻെറയാരാധിക, നിൻെറ മനോരഥ,
നിൻമുഖം കാണാൻ കൊതിച്ചു നിൽക്കുന്നവൾ;

കൊട്ടിയടച്ചിട്ടൊരീക്കൊച്ചുഗോപുര—
വാതിലിൽ കൈകൂപ്പിനിൽപ്പൂ വിനീതയായ്;
ഹസ്താഞ്ജലിയുമായ്, പുഷ്പാഞ്ജലിയുമായ്
പൂത്തിരുവാതിര പുഷ്പാഞ്ജലിയുമായ്—

സൽക്കലാദേവതേ നിൻനൃത്തഗോപുരം,
സങ്കല്പസുന്ദരസാഹിത്യഗോപുരം,
ഒന്നുതുറക്കണേ കാണട്ടെനിൻെറയീ-
സുന്ദരരൂപമെൻകന്യക, ദേവതേ?

വരവേൽക്കുന്നിതാ വരൂ വരൂ നിങ്ങൾ
തറവാട്ടിൻമുററത്തൊരുമിച്ചുകൂടി
മധുരസല്ലാപകലവികൾകൊണ്ടു—
മനംകുളിപ്പിക്കാമണയൂ സോല്ലാസം

**സാഹിത്യത്തിൻെറ ചില നിർവചനങ്ങൾ:**

സമ്പാദകൻ—സജുമോൻ എം. എം., സെക്കൻറ് പി. ഡി. സി.

ഹൃദയവും ഹൃദയവും തമ്മിലുള്ള സംവേദിക്കലാണ് സാഹിത്യം — പ്രൊ: മുണ്ടശേരി

ഒരു ജനതയുടെ ഭൗതികജീവിതത്തിൻെറ സർവ്വസാരമാണ് സാഹിത്യം —ഷ്ഗെൽ



Best Wishes

seematti

MAIN ROAD, QUILON



MUSE ACADEMY

WITH

LABORATORY

PEROOR

(NEAR T. K. M. COLLEGE OF ARTS AND SCIENCE)

"A Flashing Beacon for College Students!"

*Lecture Classes — Exonerate.*
*Coaching in Practicals — Exorbitant.*
*Success — Expatiate.*

CLASSES FOR P. D. C. & D. C.

PRINCIPAL: N. C. SEKHAR M. A.



# ഇസ്രേയൽ ലോകസമാധാനത്തിനു ഭീഷണി

ററി. എം. അസീസ്
സെക്കൻറ് പി. ഡി. സി. A3 ബാച്ച്

ലോകസമാധാനം വളരെ അപകടത്തിലായിരിക്കുകയാണ്. ലോകത്തെമ്പാടും ഒരു യുദ്ധത്തിൻെറ മണം ആഞ്ഞുവീശുന്നു. എങ്ങും ന്യൂക്ലിയർ യുദ്ധഭീഷണി മുഴങ്ങുന്നു. ഒരു ലോകമഹായുദ്ധം ഇനി അധികം വിദൂരമല്ല എന്നു നിരീക്ഷകന്മാർ കണക്കാക്കുന്നു. മാനവരാശിയെ ഈ യുദ്ധത്തിൽനിന്നും എങ്ങനെയാണ് രക്ഷിക്കുക. ദാരിദ്ര്യം കാൻതിന്നുന്ന രാജ്യങ്ങൾവരെയും ആയുധത്തിനു കാശും സമ്പാദിച്ചു പരക്കം പായുകയാണ്.

യുദ്ധം കൊടുംമ്പിരികൊള്ളുന്ന ഈ സാഹചര്യത്തിൽ ലോകത്തെമ്പാടും യുദ്ധവിരുദ്ധ പ്രകടനങ്ങളും നടക്കുന്നു. 'യുദ്ധം ഞങ്ങൾക്കു വേണ്ട വേണ്ട' എന്ന മുദ്രാവാക്യവുമായി, യുവാക്കളും, കുട്ടികളും, സ്ത്രീകളും, വൃദ്ധന്മാരും എല്ലാം തന്നെ ഇത്തരം യുദ്ധവിരുദ്ധ പ്രകടനങ്ങളിൽ പങ്കെടുക്കുന്നതു് വളരെ ശ്രദ്ധേയമായ ഒരു വസ്തുതയാണ്. ലോകത്തിലെ ജനങ്ങളെല്ലാം ഒററക്കെട്ടായി നിന്നുകൊണ്ട് ലോകത്താകെ ഒരു 'നിരായുധീകരണത്തിനു' വേണ്ടി പോരാടാൻ തയ്യാറാവണം. എങ്കിൽ മാത്രമേ വരും തലമുറയെ ഒരു ആഗോള യുദ്ധത്തിൽനിന്നും രക്ഷിക്കാനാവൂ എന്ന കാര്യം മറക്കാനാവില്ല.

മാനവരാശി വളരെ പാടുപെട്ടു് പടുത്തുയർത്തിയ എല്ലാം തന്നെ കത്തിച്ചാമ്പലാകുന്നതു് ഈ യുഗത്തിലെ ഏററവും വലിയ ദുരന്തമായിരിക്കും. നാഗസാക്കിയും, ഹിരോഷിമയും ഇനിയും ആവർത്തിക്കുമോ? ആവർത്തിക്കും എന്നുള്ളതിനു യാതൊരു സംശയവും ഇല്ല. അതാണ് ലോകത്തിൻെറ പോക്കു്.

രണ്ടാം ലോകമഹായുദ്ധത്തിൻെറ കെടുതികൾ ഇതുവരെയും തീർന്നില്ല. അതിനുമുമ്പു തന്നെ ഇനി ഒരു ആഗോള യുദ്ധം ഉണ്ടായാൽ എന്തായിരിക്കും ലോകത്തിൻെറ സ്ഥിതി. ഒരു ന്യൂക്ലിയർ യുദ്ധത്തിൽ രണ്ടാം ലോകമഹായുദ്ധത്തിലുണ്ടായ മൊത്തം നാശമായിരിക്കും ഇന്നു് ഉണ്ടാകുന്നതു്. കൃഷിഭൂമിയെല്ലാം തന്നെ വിഷഭൂമിയായി മാറും. രണ്ടാം ലോകമഹായുദ്ധത്തിൽ എത്ര ലക്ഷം കുട്ടികളാണ് അനാഥരായതു്. എത്രലക്ഷം ജനങ്ങൾക്കു് അംഗവൈകല്യം സംഭവിച്ചു. ഈ വിപത്തു് ഇനിയും ഉണ്ടാകുമോ?

എന്തായാലും ഇരുപത്തിനാലുമാസമായ ഇറാൻ–ഇറാക്കു് യുദ്ധം ഒരുവിധം കെട്ടടങ്ങി എന്നു തോന്നുന്നു. പുലിയെപ്പോലെ നിന്ന സദ്ദാം ഹുസൈൻ ഇപ്പോൾ എലിയെപ്പോലെ നില്ക്കുന്നു. അതു് വളരെ ആശ്വാസത്തിനു ഇടനൽകുന്നു എന്നതു് വിസ്മരിക്കാനാവില്ല.

അതിൻെറ ചൂടുവിടുന്നതിനു മുമ്പാണ് ബ്രിട്ടനും, അർജ്ജൻറീനായും ഒരു കസർത്തു് കാട്ടിക്കൂട്ടിയതു്. എന്തായാലും അർജ്ജൻറീനയുടെ സൈന്യം കീഴടങ്ങിയതുകൊണ്ടു് യുദ്ധം പെട്ടെന്നു അവസാനിക്കയാണുണ്ടായതു്. ഈ രണ്ടുയുദ്ധങ്ങളിലും വൻശക്തികൾ അണിയറയിൽ സഹായിച്ചു എന്നിരുന്നാലും പരോക്ഷമായി സഹായിക്കാഞ്ഞതു് ആശ്വാസമാണ്.

മൂന്നാമതായി പൊട്ടിപ്പുറപ്പെട്ടതു് ഇസ്രേയൽ–ലബനോൺ യുദ്ധമാണ്. ഹിററ്ലറുടെ നാസിമുറകളുമായി രംഗത്തുവന്നിരിക്കുന്ന ഇസ്രേയൽ, അമേരിക്കയുടെ ഒരു ഉപഗ്രഹമായി പ്രവർത്തിക്കുകയാണ്. ചുരുക്കം പറഞ്ഞാൽ അമേരിക്കയും ലബനോണുമായാണ് യുദ്ധം നടക്കുന്നതെന്നുതന്നെ പറയാം. യുദ്ധക്കൊതിയനും രക്തക്കൊതിയനുമായ റൊണാൾഡ് റൈഗൻ ഒരു രക്തദാഹിയാണ്. ഈ യുദ്ധം പശ്ചിമേഷ്യയിൽ ഒരു ആഗോള യുദ്ധത്തിനു ഇടവരുത്തുമെന്നു് പല നിരീക്ഷകന്മാർക്കും ഭയമുണ്ടു്.

ഇസ്രേയലിൻെറ–എഫ് 16 യുദ്ധവിമാനങ്ങൾ ബെയ്റൂട്ടിൽ ആക്രമണം ബോംബുകൾ വർഷിക്കുന്ന നിരപരാധികളായ കുട്ടികളെയും, സ്ത്രീകളെയും, വൃദ്ധന്മാരെയും കൊന്നൊടുക്കുന്നു. അഭയാർത്ഥി കെട്ടിടങ്ങൾ

ബുൾഡോസർകൊണ്ടു് ഇടിച്ചു നിരപ്പാക്കുന്ന സ്കൂളുകളിൽകൊണ്ടു് ചെന്നു് ബോംബിടുന്നു ഇതൊക്കെയാണു് അവരുടെ യുദ്ധമുറകൾ, മനുഷ്യരക്തത്തിനു ഇത്രയും വിലകല്പിക്കാത്ത ഇസ്രേയൽ പ്രധാനമന്ത്രി മെനച്ചം ബഗിന്റെയും, പ്രതിരോധമന്ത്രി ഏറിയൻ ഷറോണിന്റെയും നിലപാടു് മൃഗീയതയും, മനുഷ്യത്വം ഇല്ലായ്മയുടെയും നഗ്നമായതെളിവാണു്. ഇസ്രേയലിന്റെ ഈ കടന്നാക്രമണത്തിൽ ഏതാണ്ടു് പതിനായിരത്തിൽപരം നിരപരാധികൾ മരിച്ചിട്ടുണ്ടെന്നു് സ്ഥിതിവിവരക്കണക്കുകൾ പറയുന്നു. എന്തായാലും ഈ ആക്രമണത്തോടെ ഇസ്രേയൽ ചരിത്രത്തിൽ ഒരു മൃഗീയ അധ്യായം എഴുതപ്പെട്ടിരിക്കുകയാണു്.

അവകാശങ്ങളോ അധികാരങ്ങളോ ഇല്ലാത്ത ഒരു ജനതയാണു് പാലസ്തീൻകാർ. അവർക്കു് സ്വയം ഭരണമോ സ്വാതന്ത്ര്യമോ ഒന്നും തന്നെയില്ല. അവരുടെ സ്വന്തം മണ്ണു് ഉപേക്ഷിച്ചുപോകണം എന്നാണു് ഇസ്രേയലിന്റെ പക്ഷം. പക്ഷെ അതിനു വീരന്മാരായ അവർ തയ്യാറാകുന്നില്ല. പാലസ്തീൻ വിമോചന സേനയെ നയിക്കുന്ന ലെസ്സർ അരാഫത്ത് ഈ യുഗത്തിലെ ഏററവും ധീരനായ മനുഷ്യനാണെന്നു ലോകം മുഴുവൻ അംഗീകരിച്ചു കഴിഞ്ഞു.

ഇസ്രേയലിനെ അപലപിക്കുന്ന ജനറൽ അസംബ്ലിയുടെ ഏതു പ്രമേയത്തേയും അമേരിക്ക വീറേറാചെയ്യുന്നു. (വിലക്കതികാരം) ഇതു് അമേരിക്കയുടെ ആക്രമണമാണു് എന്നതിനു തെളിവാണു്. അവസാനം ഫ്രാൻസുകൊണ്ടുവന്ന പ്രമേയവും അവർ വീറേറാ ചെയ്തിരിക്കുന്നു.

എന്തായാലും ലോകസമാധാനത്തിനു് ഇസ്രേയൽ ഒരു തലവേദനയായിരിക്കുന്നു. ഇതിനെ തുടച്ചുനീക്കിയില്ലെങ്കിൽ ഇന്നല്ലെങ്കിൽ നാളെ ഒരു യുദ്ധത്തിലേയ്ക്കു് ലോകത്തെ വലിച്ചിഴയ്ക്കപ്പെടും.

ഇത്തരുണത്തിൽ പാലസ്തീൻ സേനയ്ക്കു് ശക്തിഉണ്ടാകട്ടെ എന്നു് പ്രാർത്ഥിക്കാം.

*With the best compliments of:*

QUILON HARDWARE MART, QUILON.
R. K. HARDWARES, QUILON.
R. K. MOSAICS, QUILON.
GEE VEE STEELS, QUILON.
DEEPA TRADING Co., QUILON.

ററി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner

# വിദ്യാഭ്യാസ സാംസ്കാരിക പ്രശ്നങ്ങൾ

## ഒരാമുഖം

രാഷ്ട്രപുരോഗതിക്കു വിദ്യാർത്ഥികളെ ഉപയുക്തരാക്കാൻ കഴിയാതെ പോകുന്നെങ്കിൽ അതിന്റെ കാരണം നിലനില്ക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അശാസ്ത്രീയ നിലപാടാണെന്നും ഈ രംഗത്തുണ്ടാകുന്ന മാററങ്ങളിലൂന്നിയായിരിക്കും പുതിയ തലമുറ രൂപംകൊള്ളുന്നതെന്നുമുള്ള വാദം കണക്കിലെടുക്കുമ്പോൾ അവയോടുള്ള സമീപനം എത്തരത്തിലാകണം എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നാട് ഒരു വർഗ്ഗവിഭജിത സമൂഹമാണ്. അതായത് ചരിത്രപരമായി വിരുദ്ധചേരികളിൽ നില്ക്കുന്ന രണ്ടുവർഗ്ഗതാല്പര്യങ്ങൾ നിലനില്ക്കുന്ന എന്നർത്ഥം. വർഗ്ഗവിഭജിത സമൂഹത്തിൽ വിദ്യാഭ്യാസത്തെപ്പററിയുള്ള ധാരണയും കാഴ്ചപ്പാടും വർഗ്ഗധാരണകളിൽനിന്ന് വിമുക്തമാകില്ലെന്ന് സാമൂഹ്യശാസ്ത്രം പഠിപ്പിക്കുന്നു. ഒരോ സാമൂഹ്യാടിത്തറയ്ക്കും അതിനനുരൂപമായ ഉപരിഘടനയുണ്ടാവുമെന്നും, ആ അടിത്തറയ്ക്ക് വ്യക്തമായി വളരുന്നതിനും രൂപമെടുക്കുന്നതിനും സഹായിക്കുന്ന തീർത്തും സജീവമായ ഒരു ശക്തിയാണ് ഉപരിഘടനയെന്നും ഇതിൽനിന്നു സിദ്ധിക്കുന്നു. അതിനാൽ നിലനില്ക്കുന്ന സാമ്പത്തികഘടനയെ നിയന്ത്രിക്കുന്ന വർഗ്ഗത്തിന്റെ വർഗ്ഗോപകരണമാണ് വിദ്യാഭ്യാസം.

ഒരു സമൂഹത്തിന്റെ വിജ്ഞാനത്തേയും സംസ്കാരത്തേയും രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം വഹിക്കുന്നപങ്ക് നിർണ്ണായകമാണ്. അതിനാൽ വിദ്യാഭ്യാസം അതിന്റെ ശരിയായ ലക്ഷ്യപ്രാപ്തിയിലെത്തണമെങ്കിൽ അത് ശാസ്ത്രീയവും ജനാധിപത്യധാരണകൾക്ക് നിരക്കുന്നതുമായിരിക്കണം. നിലനിൽക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം സമൂഹത്തിന്റെ വളർച്ചയെ ഏതെങ്കിലും അർത്ഥത്തിൽ സഹായിക്കുന്നുണ്ടോ? ഇല്ലെന്നുള്ളതാണ് വസ്തുതയെന്ന് വിദ്യാഭ്യാസവുമായി ബന്ധപ്പെടുന്ന ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളു.

വിദ്യാഭ്യാസത്തെ ജീവിതത്തിന്റെ ജനാധിപത്യധാരണകൾക്ക് പൊരുത്തപ്പെടുംവിധം പരിഷ്കരിക്കുന്നതിന് അതിനെ മതത്തിന്റെ പിടിയിൽനിന്നും പൂർണ്ണമായും മോചിപ്പിക്കുകയായിരുന്നു വിദ്യാഭ്യാസത്തെക്കുറിച്ച് ആത്മാർത്ഥമായി ചിന്തിച്ചവർ ചെയ്യേണ്ടിയിരുന്നത്. ഈ പ്രതീക്ഷയ്ക്കു വിരുദ്ധമായി മതവിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നതായാണ് ഒടുവിൽ നാം കാണുന്നത്. അപ്പോൾ നിലനില്ക്കുന്ന വിദ്യാഭ്യാസത്തിന്റെ ഉല്പന്നങ്ങളായ പുതിയ തലമുറയ്ക്ക് ജാതി-മത ചിന്താഗതികളോട് ചായ്‌വുണ്ടെങ്കിൽ അതിശയപ്പെട്ടിട്ട് കാര്യമില്ല.

വിദ്യാഭ്യാസ നിലവാരമുയർത്താനെന്ന നാട്യത്തിൽ ഇവർ നിലവിലുള്ള വിദ്യാഭ്യാസ സാദ്ധ്യതകളെ വെട്ടിച്ചുരുക്കുകയും വിദ്യാഭ്യാസം ചെലവുകൂടിയതാക്കുകയുമാണ് ചെയ്യുന്നത്. ആധുനിക ശാസ്ത്രത്തോടും പുരോഗമന ചിന്താഗതികളോടും മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനോടും അവഗണനാമനോഭാവം വളർത്തിയെടുക്കുന്ന തരത്തിലാണ് വിദ്യാഭ്യാസ കോഴ്സുകൾ ആവിഷ്കരിക്കുന്നത്. ഉദാഹരണത്തിന് സർവ്വകലാശാലയിൽനിന്ന പഠിച്ചിറങ്ങുന്ന ഒരു ചരിത്രവിദ്യാർത്ഥിക്ക് കുറെ ചരിത്രസംഭവങ്ങളറിയാമെന്നല്ലാതെ സാമൂഹ്യവളർച്ചയുടെ നിയമങ്ങളുപയോഗിച്ച് ചരിത്രസംഭവങ്ങളെ എങ്ങനെ വിശദീകരിക്കണമെന്നറിയില്ല. ശാസ്ത്രപഠനത്തിന്റെ ചിത്രവും മറിച്ചല്ല. സയൻസിന്റെ സമഗ്രബോധവും തത്വശാസ്ത്രപരവുമായ വശങ്ങൾ ഉപേക്ഷിച്ചുകൊണ്ട് സാങ്കേതികജ്ഞാനം മാത്രം ഉണ്ടാക്കിയെടുക്കുന്ന തരത്തിലാണ് രസതന്ത്രവും ഊർജ്ജതന്ത്രവും

പ്രദീപ്കുമാർ ബി.
സെക്കൻറ് ബി. എസ് സി. [മാത്തമാററിക്സ്]

തൊക്കെ പഠിപ്പിക്കുന്നതു്. ഇതു് തീർത്തും ദുഃഖകരമായ അവസ്ഥയാണു്. വിദ്യാർത്ഥികളിൽ ശാസ്ത്രീയവും ചിട്ടപ്പെടുത്തിയതുമായ ഒരു ചിന്താപദ്ധതി വളർത്തിയെടുക്കുന്നതിൽ നിന്നു വ്യത്യസ്തമായി ആത്മീയവാദത്തിന്റെയും ശാസ്ത്രത്തിന്റെ സാങ്കേതികവശത്തിന്റെയും ഒരു പ്രത്യേക ലയനത്തിലൂടെ വിദ്യാഭ്യാസമേഖലയിൽ ഫാസിസത്തെക്കൊണ്ടുവരാൻ ശ്രമിക്കുന്നു. ഇതു തെളിയിക്കുന്നതു് നമ്മുടെ സാംസ്കാരിക ജീവിതത്തിൽ ഫാസിസം ആഴത്തിൽ വേരോടിയിരിക്കുന്നുവെന്നാണു്.

വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിൽ വിദേശാധിപത്യം നിലനിന്നിരുന്ന കാലത്തു് അനീതികൾക്കും അടിച്ചമർത്തലിനും എതിരായി സാമൂഹ്യപ്രവർത്തനത്തിൽ കരുത്തോടും ആവേശത്തോടും മുന്നോട്ടുവന്ന അതേ തലമുറ ഇന്നു് ധാർമ്മികാധപതനത്തിന്റെ, അധമസംസ്കാരത്തിന്റെ വൃത്തികെട്ട ലക്ഷണങ്ങൾ കാട്ടുന്നതെന്തുകൊണ്ടാണു്? വിദ്യാർത്ഥികളിലും യുവജനങ്ങളിലും നിരാശാബോധവും സാമൂഹ്യഉത്തരവാദിത്വവും വളർത്താത്ത വിദ്യാഭ്യാസരീതി ഈ രോഗത്തെ ഇനിയും മൂർച്ഛിപ്പിക്കുകയേയുള്ളൂ. എന്തെങ്കിലും അങ്ങോട്ടവകാശപ്പെടുമ്പോ് സമൂഹത്തോടുള്ള കടമ നിർവ്വഹിക്കേണ്ടതാണു് എന്നതായിരിക്കണം നീതിശാസ്ത്രത്തിന്റെ പ്രാഥമിക പാഠം.

നമ്മുടെനാട്ടിലെവിദ്യാഭ്യാസസാംസ്കാരിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ സാമൂഹ്യപ്രവർത്തനത്തിനായി യുവാക്കളെയും വിദ്യാർത്ഥികളെയും ആവേശം കൊള്ളിക്കുന്നതും ശാസ്ത്രീയ കാഴ്ചപ്പാടുമുള്ള സമഗ്രമായ ഒരു ജീവിത വീക്ഷണം അനിവാര്യമാണു്. അതിനുവേണ്ടിയിട്ടാവണം വിദ്യാഭ്യാസവുമായി ബന്ധപ്പെടുന്നവരും, വിദ്യാഭ്യാസ പരിഷ്കർത്താക്കളും ഇന്നു് പ്രവർത്തിക്കേണ്ടതു്.


**GRAND TUTORIALS**
**with**
**LABORATORY**

**KARIKODE**

FOR
- P. D. C. (All Groups and All Subjects)
- B. A., B.Sc., B.Com.

ഒരേ സമയം 100 വിദ്യാർത്ഥികൾക്കു് കെമിസ്ട്രി പ്രാക്ടിക്കലും, 75 വിദ്യാർത്ഥികൾക്കു് ഫിസിക്സ് പ്രാക്ടിക്കലും, 50 വിദ്യാർത്ഥികൾക്കു് ബയോളജി പ്രാക്ടിക്കലും ഭംഗിയായി നടത്താനുള്ള സൗകര്യങ്ങൾ സുസജ്ജമാക്കിയിട്ടുണ്ടു്. ലബോറട്ടറി സൗകര്യങ്ങൾ നേരിൽ കണ്ടു് ബോദ്ധ്യപ്പെടുക.

പ്രിൻസിപ്പാൾ

റ്റി. കെ. എം. ആർട്ട്സ്

# നിശാന്തം

അൻസർ ബാബു,
B1 ബാച്ച്

കടൽ കരയിലെ മണൽ തരികളെ ചവിട്ടിമെതിച്ചുകൊണ്ട് സാവധാനം മുന്നോട്ട് തന്നെ നടന്നു. ഓരോ മുഖത്തേക്ക് നോക്കുമ്പോഴും എന്റെ ഹൃദയം പിടയുകയായിരുന്നു.

എന്റെ ദേവി മാത്രം ഇല്ല.

എന്റെ ദേവി എവിടെ?

വർഷങ്ങളോളം പ്രായമുള്ള തിരയൽ ഇപ്പോഴും തുടരുന്നു. ഈ സമുദ്രത്തെക്കാൾ അഗാധമായിരുന്നു ഞങ്ങളുടെ ബന്ധം.

എന്തോതേടി കാലുകൾ മുന്നോട്ടുതന്നെ ചലിക്കുന്നു. ആ അന്വേഷണപ്രയാണത്തിന്റെ ക്ഷീണിച്ച ശരീരവുമായി. ക്ഷീണം തോന്നി.

പക്ഷേ വിശ്രമിക്കണമെന്ന് തോന്നിയില്ല.

കോവളം ബീച്ചിലെ മണലിൽ കാറേററിരിക്കുന്ന പ്രണയ ജോഡികൾ.

താൻ മാത്രം ഒററയാൻ.

ഞാൻ സാവധാനം ഒരു പാറയിൽ കയറി ഇരുന്നു. ചുവന്ന് തുടുത്ത ചക്രവാളം. ആ ത്തിരമ്പി കര കാർന്ന് തിന്നുന്ന കടൽ.

സാർ കപ്പലണ്ടി വേണോ?

ഞാൻ തിരിഞ്ഞ് നോക്കി ഒരു ബാലിക കപ്പലണ്ടി ടിന്നുമായി നില്ക്കുന്നു.

ഞാൻ പോക്കററ് തപ്പി, കീറിയ കാലിപോക്കററ്. കീറിയഭാഗത്ത്കൂടി പുറത്തുവന്ന വിരലുകൾ എന്നെ നോക്കി ചിരിക്കുന്നതായി തോന്നി.

ആഹാരം കഴിച്ചിട്ട് ദിവസങ്ങളോളമായി. പരാജയ ജീവിതം ഒരു വേട്ടനായെ പോലെ പിന്തുടരുന്നു.

നിവർന്നപ്പോൾ ബാലിക ടിന്നുമായി ആളുകളുടെ അടുക്കലൂടെ നീങ്ങുന്നു.

എന്റെ ചിന്തകൾ കാട് കയറുകയാണ്.

എന്റെ ജീവിതം. ഇന്നത് ഒരു ദുഃഖസ്വപ്നം മാത്രമാണ്

ക്ലാസ്സിൽവച്ച് യാദൃശ്ചികമായി പരിചയപ്പെടാനിടയായ സാഹചര്യം ഇന്ന് ഒരു ഓർമ്മമാത്രം.

അവൾ ഒരു കോടീശ്വരന്റെ മകൾ

ഞാനോ? ദുഃഖജീവിതവുമായി ഈ ലോകത്ത് ജീവിക്കുന്ന ഒരു പാവപ്പെട്ടവനും.

തമ്മിലുള്ള അന്തരം

ഓർക്കുന്തോറും പ്രയാസം തോന്നി.

ഞങ്ങൾ കൂടുതൽ അടുത്തു. ഒരുമിച്ച് ബീച്ചിൽ പോയി വളരെ സമയം സംസാരിച്ചു.

ഞങ്ങളുടെ ഈ ബന്ധം ആർക്കും ഒരിക്കലും വിഛേദിക്കാൻ സാധിക്കാത്തവിധം വളർന്നു.

ഫൈനൽ പരീക്ഷകഴിഞ്ഞു. അവൾ ഹോസ്റ്റലിൽനിന്നും വീട്ടിലേക്ക് പോയി. ഞാൻ വീർഹദുഃഖവുമായി വീട്ടിലേക്കും.

പിന്നീടുള്ള ജീവിതം വിരക്തിനിറഞ്ഞതായി തീർന്നു. ദുഃഖവുമായി ഞാൻ കഴിഞ്ഞു.

റിസൾട്ട് വന്നു

ഞാൻ തോററു.

എന്റെ ജീവിതത്തിലെ ആദ്യപരാജയം. ഞാൻ പതറിയില്ല.

ഞാൻ വീട് വിട്ടിറങ്ങി. എന്റെ പ്രാണപ്രേയസിയെ തിരക്കി

അവസാനം ഇവിടെ അഭയം പ്രാപിച്ചു.

ജലകണങ്ങൾ പുറത്ത് വീണപ്പോഴാണ് ഞാൻ ഓർമ്മയിൽനിന്നും ഉണർന്നതും.

ഒരു നശിച്ച മഴ

മഴയെ പ്രാകികൊണ്ട് ഞാൻ ഓടി ഒരു കടത്തിണ്ണയിൽ കയറിനിന്നു. പുറത്തിന് നല്ല തണുപ്പ് അനുഭവപ്പെട്ടു. പുറത്ത് വീണ ജലകണങ്ങൾ കൈകൊണ്ട് തുടച്ച് മാററി.

കീറിയ പാൻസിന്റെ പോക്കററിൽ നിന്നും ആ തുണ്ട് കടലാസ് പുറത്തെടുത്തു.

ദേവി, കോവളം

അത്രമാത്രം എനിക്കറിയാം ഞാൻ കോവളം കണ്ടുപിടിച്ചു പക്ഷേ തന്റെ ദേവിയെമാത്രം കണ്ടില്ല.

ഞാൻ മുന്നിലിരുന്ന ബോർഡിൽ നോക്കി

ഹോട്ടൽ പ്രസിഡന്റ്

ധനികരുടെ ലോകം. തന്നെ പോലുള്ളവർ പുറത്ത് ക്ലാസ്സ് കൊണ്ട് അലങ്കരിച്ചിരിക്കുന്നു. സ്റ്റീരിയോയിലൂടെ ഒഴുകുന്ന പാശ്ചാത്യസംഗീതം.

സന്ദർശകർ അകത്തേക്കും പുറത്തേക്കും പ്രവഹിക്കുന്നു മഴ സാവധാനം കുറഞ്ഞുവരുന്നു.

അശ്രദ്ധനായിനിന്ന എന്നെ ആരോ നിയന്ത്രിക്കുന്നതായി തോന്നി. അവിടെ വന്നുനിന്ന ഫിയററ് കാറിൽനിന്നും ഒരു സ്ത്രീയും പുരുഷനും ഇറങ്ങി ഹോട്ടലിലേക്ക് കയറി.

എനിക്കു് എന്റെ കണ്ണുകളെ വിശ്വസിക്കാൻ സാധിക്കുന്നില്ല. തേടിയവള്ളി കാലിൽ ചുറ്റിയിരിക്കുന്നു.

പക്ഷെ കൂടെയുള്ള ചെറുപ്പക്കാരൻ. അവിടെനിന്ന ആരോ പറയുന്നതു കേട്ടു പ്രൊഫസ്സർ കൃഷ്ണകുമാറും ഭാര്യയുമാണെന്നു്.

ഞാൻ സ്തംഭിച്ചുനിന്നുപോയി. ഞാൻ എന്റേതു് മാത്രമായി കരുതിയിരുന്ന ദേവി അവളിന്നു് മറ്റൊരുത്തന്റെ ഭാര്യ.

എനിക്കിനി ഇവിടെ ആരുമില്ല. എല്ലാം നഷ്ടവസന്ത സ്വപ്നം മാത്രം.

ഞാൻ ജീവിച്ചിരിക്കുന്നതു് ഈ ലോകത്തിനു്തന്നെ ഭാരമാണു്. ഞാൻ മരിക്കണം.

ഞാൻ നടന്നു. മഴ തുടർന്നു കൊണ്ടിരുന്നു. ഒരേ ഒരു ചിന്തയുമായി ഞാൻ നടന്നു. പിന്നിൽനിന്നും ഹോൺ കേട്ടപ്പോഴാണു് പരിസരബോധം വീണതു്.

അതേ! അതെ കാർ അവർ തന്നെ! ഞാൻ അതിന്റെമുന്നിലേക്കു് എടുത്തു ചാടി.

കാറിന്റെ ബ്രേക്കിടിൽ കണ്ടു് ആളുകൾ ഓടിക്കൂടി കാറിനു് മുന്നിൽ ചലനമറ്റു് കിടക്കുന്ന ശരീരം.

ആരാണെന്നു് ആർക്കും അറിയില്ല. ഏതോ ഒരു പീറച്ചെറുക്കൻ.

ആ മഴയത്തു് വിറങ്ങലിച്ചു് കിടന്ന ശരീരവും കാത്തു് രണ്ടു പോലീസുകാർ കാവൽനിന്നു.

രാവിലെ ആ അനാഥപ്രേതം പോസ്റ്റുമാർട്ടത്തിനു ശേഷം പൊതുശ്മശാനത്തിൽ ആരുടേയും നിലവിളിയോ കണ്ണുനീർധാരണിയോ ഇല്ലാതെ 'ആ ശരീരം എരിഞ്ഞടങ്ങി.

ആ ആത്മാവു മാത്രം എന്തോ തേടി അലയുന്നു.




**SHAHIN TRADERS**

**DEALERS IN PAINTS AND HARDWARES**

**QUILON.**

Phone: 4385


റ്റി. കെ. എം. ആർട്ട്സ്



# “ഭിന്നം വരുത്തല്ലേ ദൈവമേ നീ!!”

വന്നു പദങ്ങളെൻ
നിന്നു പൊടികളിൽ
തന്നു വരികളിൽ
വർണ്ണനകൾ;
തങ്ങി മിഴികളിൽ
തിങ്ങി മറയുവാൻ
മുങ്ങി കളിയ്ക്കുമെൻ
വെണ്ണിലാവേ....;
താരുണ്യമെന്നതു്
കാരുണ്യമാണെന്നു്!
മാഹാത്മ്യമാക്കിയ
മാലിനി തൻ—
ചുണ്ടിൽ നിറഞ്ഞിട്ടു്;
ചിന്തിത്തുളുമ്പുവാൻ
എണ്ണിക്കൊതിക്കുന്ന
പുഞ്ചിരിയെ-
ചോർത്തിയെടുക്കുവാൻ
ചെന്നൊരാ നേരത്തു്
ചുമ്മാതെ ഞാനങ്ങു്
ചമ്മിപ്പോയി!!
‘‘കണ്ണുകൾ കണ്ടു ഞാൻ
കാണാത്ത പൂപോലെ!
കാററിൽ പറക്കുന്ന
കാർകുഴലും!!’’
നോക്കി ഞാൻ നില്ക്കുമാ—
പോക്കൊന്നുകാണുവാൻ
ഷോക്കേററു നിൽക്കുന്ന
ബോഡിപോലെ!!
നാണം വരും വിധം
ബാണം വിടുന്നപോൽ
നോക്കും പരുഷമായ്
എന്നുമെന്നിൽ;
ഞാനും തുടങ്ങുമെൻ
നോട്ടം തുരുതുരെ—
ക്കാട്ടും ചിരിക്കുന്ന
നേരം വരെ.
‘‘ഇന്നുപോലെന്നുമേ
മിന്നുന്നപുലരിയിൽ
എന്നുള്ളിലീദിനം
തന്ന സൂനം;
എന്നും ചിരിക്കുവാൻ
ഒന്നിച്ചിരിക്കുവാൻ
ഭിന്നം വരുത്തല്ലേ—
ദൈവമേ നീ!!’’

നൗഷാദ്‌ എഫ്. എം.
ഫസ്റ്റ് ബി. എസ്സ്‌സി; സുവോളജി

For Mafatlal Textiles

**SUDARSANA**
MAIN ROAD, QUILON

**M/s. QUILON BLOCKS**
Block Makers & Screen Printers
Hospital Road, QUILON-691001
Phone: 4632

**BINUS**

**BOMBAY DYEING SHOW ROOM**

A GOOD NEIGHBOUR OF
RATNA MAHAL
RADHIKA A/c.
REGINA A/c.

**THE TREASURE HOUSE OF TEXTILES**

**QUILON-1**



*Best Compliments From:*

**K. VELAYUDHAN PILLAI**
**&**
**SONS**
MAIN ROAD, QUILON

ററി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner



# ഓർമ്മകളുടെ ശവകുടീരം

ഷീല കെ. ആർ.
സെക്കന്റ് ബി. എസ്സ്സി. ബോട്ടണി

ക്ലാസ്സ് എൻഗേജ് ചെയ്യാതിരുന്നതിന്റെ കാരണം ചോദിച്ചുകൊണ്ട് തലേദിവസം പ്രിൻസിപ്പൽ എനിക്കു മെമ്മോ തന്നു എന്നറിഞ്ഞപ്പോൾ സഹപ്രവർത്തകരെല്ലാം അത്ഭുതപ്പെട്ടു. ആരോടും ഒന്നും പറയാതെ മുറിയിൽ വന്നുകയറി കിടന്ന ഞാൻ അടുത്തദിവസം നേരം വെളുത്തപ്പോഴാണ് ഉണർന്നതു്. പ്രഭാതകർമ്മങ്ങൾ കഴിഞ്ഞു് തിരിച്ചു് റൂമിലെത്തിയപ്പോൾ ശരീരത്തിനു വളരെ ക്ഷീണം അനുഭവപ്പെടുന്നതുപോലെ തോന്നി. എന്തായാലും ഇന്നു് അവധിയെടുക്കുക തന്നെ. എന്റെ പതിനാറു വർഷത്തെ അദ്ധ്യാപക ജീവിതത്തിനിടയിൽ ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രമേ എനിക്കു ലീവെടുക്കേണ്ടിവന്നിട്ടുള്ളൂ. സിസ്റ്റർ 'ലയോള' ഇന്നു് അവധിയാണെന്നറിയുമ്പോൾ കുട്ടികൾക്കു് വിസ്മയമായിരിക്കും. എന്റെ അഭിശപ്തമായ ഈ ജീവിതത്തിന് ഒരർത്ഥം നേടുന്നതു് എന്റെ വിദ്യാർത്ഥികളുമായി സമയം ചെലവിടുമ്പോൾമാത്രമാണു്. അവരെ സ്നേഹിച്ചും അവരുടെ സ്നേഹം വാങ്ങിച്ചുമാണു് അന്യഥാ ശൂന്യമായ എന്റെ ജീവിതത്തിന് ഞാൻ ഹരിതച്ഛവി നൽകിയതു്. മലയാള സാഹിത്യത്തിലെ ഏററവും നല്ല എഴുത്തുകാരുടെ കൃതികളും കവിതകളും പഠിക്കുമ്പോൾ ഞാൻ എന്റെ എല്ലാ വേദനയും മറക്കുന്നു. കടുത്ത കുസൃതികാട്ടുന്ന വിദ്യാർത്ഥികൾപോലും സശ്രദ്ധം എന്റെ ക്ലാസ്സിൽ ഇരിക്കുന്നതു കാണുമ്പോൾ അതിൽ അഭിമാനം തോന്നാറുണ്ട്. എനിക്കു് എന്നെക്കുറിച്ചുതന്നെ മതിപ്പുതോന്നി.

ഒരു വിദ്യാർത്ഥിനി ആയിരിക്കുമ്പോൾ ജീവിതത്തിലെ വലിയ ആഗ്രഹം ഒരു കോളേജദ്ധ്യാപികയാകണമെന്നായിരുന്നു. പക്ഷേ തൂവെള്ളവസ്ത്രവുമണിഞ്ഞു് അവരുടെ മുന്നിൽ ചെന്നുനിന്നു് ക്ലാസ്സെടുക്കേണ്ടിവരുമെന്നു് സ്വപ്നത്തിൽപോലും വിചാരിച്ചില്ല. ജീവിതത്തിൽ നമ്മുടെ പ്രതീക്ഷകളും ആഗ്രഹങ്ങളും വിപരീതമായിട്ടാണല്ലോ പലതുംസംഭവിക്കുക. മോഹങ്ങളുടേയും സ്വപ്നങ്ങളുടേയും ഒരു ശവപ്പറമ്പാണു് പലർക്കും ജീവിതം. മനുഷ്യജീവിതത്തിൽ നമ്മുടെ കണക്കുകൂട്ടലുകൾക്കു് പല പാളിച്ചകളും സംഭവിക്കാറുണ്ട്. എനിക്കു് എവിടെയാണു് തെററുപററിയതു്. ആദ്യമോ അവസാനമോ? എന്റെ ഇന്നത്തെ മാനസികവും ശാരീരികവുമായ അസ്വാസ്ഥ്യങ്ങൾക്കെല്ലാം കാരണം ഇന്നലെ I year പ്രീഡിഗ്രി ക്ലാസ്സിൽ വച്ചുണ്ടായ അനുഭവമല്ലേ? ഇന്നലെയാണു് ആദ്യമായി ആ ക്ലാസ്സിൽ ചെല്ലുന്നതു്. ഓരോരുത്തരേയും പേരുചോദിച്ചു പരിചയപ്പെടുമ്പോൾ ഒരു മുഖം എന്റെ ശ്രദ്ധയെ ആകർഷിച്ചു. പണ്ടെങ്ങോ എനിക്കു നഷ്ടമായ മുഖത്തിന്റെ പ്രതിഛായ അല്ലേ ആ മുഖത്തു് എനിക്കു ദർശിക്കാൻ കഴിഞ്ഞതു്. പേരുകേട്ടപ്പോൾ അറിയാതെ ഞെട്ടിപ്പോയി. ''വിനുതോമസ്'' എന്റെ ഹൃദയത്തിലുണ്ടായ വികാരത്തിന്റെ പ്രതിഫലനം മുഖത്തു് പ്രത്യക്ഷമാകാതിരിക്കാൻ ഞാൻ വളരെയേറെ പ്രയാസപ്പെട്ടു. എത്ര ശ്രമിച്ചിട്ടും മായ്ക്കാൻ കഴിയാത്ത ആ ചിത്രം വീണ്ടും വീണ്ടും എന്റെ മനസ്സിൽ തെളിഞ്ഞുവന്നു. ആ ക്ലാസ്സിൽ പോകേണ്ടിയില്ലായിരുന്നെന്നു് അപ്പോൾ തോന്നി.

വളരെ വർഷങ്ങൾക്കു് മുമ്പു് അന്നു ഞാൻ I year B. A ക്കു് പഠിക്കുകയായിരുന്നു. എന്റെ കോളേജിൽ ഫൈനൽ ഇയർ B. Sc ക്കു പഠിക്കുകയായിരുന്നു തോമസ്. പഠിക്കുവാൻ മിടുക്കനും പാട്ടുകാരനുമായ തോമസിനെ അറിയാത്തവർ ആ കോളേജിൽ വിരളമായിരുന്നു. എല്ലാവരുടേയും ആരാധനാപാത്രമായിരുന്നു തോമസ്. എ

# അറിയുമെങ്കിലും....

ഇബ്രാഹിംകുട്ടി കെ.
ഗ്രൂപ്പ് $B_2$

1

കാണുന്നോർക്കു തെററുന്നു
കേൾക്കുന്നോർക്കും തെററുന്നു
ശരിയല്ലിതു് തെററാണു്
തെററല്ലിതു് ശരിയാണു്
അല്ലേലിതുരണ്ടും തെററാണു്
പറയുന്നോർക്കിതു് ശരിയാണു്
പറയാത്തോർക്കിതു് തെററാണു്
ശരിയോ ശരി, തെറേറാ ശരി?

2

പ്രേമത്തിനു് കണ്ണില്ല,
പ്രേമിക്കുന്നോർക്കശേഷവും!

—+—

പ്പോഴും ഒററയ്ക്കുനടക്കുന്ന സ്വഭാവമായിരുന്നു തോമസിന്റേതു് ഈ സ്വഭാവമായിരിക്കാം എന്നെ വല്ലാതെ ആകർഷിച്ചതു്. തോമസുമായി പരിചയപ്പെടാൻ എന്തെന്നില്ലാത്ത ഒരാഗ്രഹം മനസ്സിൽ തോന്നി. എന്റെ മനസ്സിൽ വളരെ നാളുകളായി സൂക്ഷിച്ചിരുന്ന ഈ ആഗ്രഹം എന്റെ ഏററവും അടുത്ത കൂട്ടുകാരിയായ 'ആനി' യോടു പറഞ്ഞു. ആനിയുടെ അയൽക്കാരനാണു് തോമസ്. അതുകൊണ്ടു് അവർ തമ്മിൽ നേരത്തേ പരിചയമുണ്ടായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു് യൂണിവേഴ്സിററി യൂത്തു്ഫെസ്റ്റിവലിൽ ഏററവും നല്ല ഗായകനുള്ള സമ്മാനം അദ്ദേഹത്തിനു ലഭിച്ചതു്. അതറിഞ്ഞപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി. ഒരുദിവസം ഞങ്ങളുടെ ക്ലാസ്സിനു ഫ്രീ ആയിരുന്ന പീരീഡിൽ ഞാനും ആനിയും കൂടി ലൈബ്രറിയിലേക്കു ചെന്നപ്പോൾ തോമസ് ഏകനായി എന്തോ വായിച്ചുകൊണ്ടിരിക്കുന്നു. ആനി എന്നെയും വിളിച്ചുകൊണ്ടു് ആ യുവാവിന്റെ അടുത്തുചെന്നു, ആനി എന്നെ തോമസിനു പരിചയപ്പെടുത്തിക്കൊടുത്തു. പേരു് 'വീണ' I year B. A. Economics. പിന്നെയും ചിലപ്പോൾ യാദൃച്ഛികമെന്നോണം കോളേജിൽ വച്ചു് ഞങ്ങൾ പരസ്പരം കണ്ടു. അങ്ങനെ ആനിമുഖാന്തിരം തോമസുമായി ഒരു സൗഹൃദ്ബന്ധം സ്ഥാപിക്കുവാൻ എനിക്കു കഴിഞ്ഞു. പിന്നെ പിന്നെ തോമസ് നിൽക്കുന്നിടത്തുചെന്നു കാണുക എന്റെ പതിവായിത്തീർന്നു. അപ്പോൾ ഞങ്ങൾ കുശലാന്വേഷണങ്ങൾ നടത്തുമായിരുന്നു.

ദിവസങ്ങൾക്കു് നിറംപിടിപ്പിച്ചുകൊണ്ടു് ഞങ്ങളുടെ സൗഹൃദ്ബന്ധം അനശ്വരമായ പ്രേമബന്ധത്തിന്റെ അഴകുകൾ വിടർത്തുന്ന മാരിവില്ലായിതീരുമെന്നു് അന്നു ഞാൻകരുതിയില്ല. തോമസിനെ ഒരു ദിവസം പോലും കാണാതെ ഇരിക്കാൻ അന്നെനിക്കു സാധിക്കുമായിരുന്നില്ല. ദിവസങ്ങൾ കഴിയുന്തോറും ഞങ്ങളുടെ ബന്ധം പൊട്ടിക്കാൻ കഴിയാത്ത ഒരു ചങ്ങലയായി മാറുന്നു എന്നു കണ്ടപ്പോൾ ആനി എന്നെ വളരെയധികം ഉപദേശിച്ചു. 'വീണേ, നിനക്കൊരിയ്ക്കലും ഈ ബന്ധം ചേർന്നതല്ല. നീയും തോമസും രണ്ടു റെയിൽപ്പാളങ്ങളാണു്. അവയൊരിക്കലും എവിടെയെങ്കിലുംവച്ചു് ഒരുമിക്കുവാൻ സാധിക്കുമെന്നു് നീ വിശ്വസിക്കുന്നുണ്ടോ? നീ ഒരു ധനികകുടുംബത്തിലെ രണ്ടു സഹോദരന്മാർക്കുകൂടിയുള്ള ഏകസഹോദരി. അതുമാത്രമല്ല ഒരു യാഥാസ്ഥിതിക കുടുംബത്തിൽ പിറന്ന നിന്നെ അവർ ഒരു ക്രിസ്ത്യ കുടുംബത്തിലേക്കു പറഞ്ഞുവിടുമെന്നു നീ വിശ്വസിക്കുന്നുണ്ടോ? തോമസാണെങ്കിൽ ഒരു പാവപ്പെട്ട കുടുംബത്തിലെ ഏററവും മൂത്ത പുത്രനാണു്. B. Sc കഴിഞ്ഞു് തോമസിനു് ഒരു ജോലി കിട്ടിയാലും ഉടൻ തന്നെ നിന്നെ വിവാഹം ചെയ്യാൻ സാധിക്കുമെന്നു് തോന്നുന്നില്ല. കാരണം ആ കുടുംബത്തിന്റെ ഏക ആശ്രയം തോമസാണു്. അതുകൊണ്ടു് നീ ഈ ബന്ധം ഇവിടെ ഉപേക്ഷിക്കുകയാണു് നല്ലതു്.'' ആനിയുടെ വാക്കുകൾക്കു് യാതൊരു പ്രസക്തിയുമുള്ളതായി അന്നെനിക്കുതോന്നിയില്ല. സ്നേഹത്തിന്റെ ഉത്ഭവം ശക്തമായ ഉറവപോലെയാണു്. ആർക്കും അതിനെ തടഞ്ഞുനിർത്താൻ സാധ്യമല്ല. അങ്ങനെ ആ അനുരാഗനദി നിർവിഘ്നം ഒഴുകി. ആ വർഷം തോമസ് ഫസ്റ്റ്ക്ലാസ്സിൽ പാസ്സായി. വീണ്ടും അവിടെത്തന്നെ M. Sc യ്ക്കു ചേർന്നു. അതുകൊണ്ടു് തുടർന്നും ഞങ്ങൾക്കു കാണുവാനുള്ള സാഹചര്യമുണ്ടായി. കാലം ആർക്കുവേണ്ടിയും കാത്തുനിന്നില്ല. ദിവസങ്ങളും ആഴ്ചകളും എത്രപെട്ടെന്നാണു് കടന്നുപോയതു്. അങ്ങനെ എന്റെയും തോമസിന്റെയും വിദ്യാഭ്യാസ ജീവിതം അവസാനിച്ചു. കോളേജടയ്ക്കുന്ന ദിവസം ഞങ്ങൾ രണ്ടുപേരും കോളേജിന്റെ മുമ്പിലുള്ള കാററാടിമരത്തിന്റെ ചുവട്ടിൽനിന്നു് ഭാവികാര്യങ്ങളെക്കുറിച്ചു് പലതും സംസാരിച്ചു. പിരിയുമ്പോൾ തോമസ് പറഞ്ഞു. 'വീണേ റിസൽട്ടു് അറിഞ്ഞു പാസ്സായാലുടൻ എനിക്കൊരുജോലി കിട്ടാതിരിക്കില്ല. ജോലികിട്ടിയാലുടൻ എന്തു പ്രതിബന്ധങ്ങളും നേരിട്ടാലും നിന്നെ ഞാൻ വിവാഹം ചെയ്യും. ആത്മവിശ്വാസത്തോടും ധൈര്യത്തോടും കൂടിയുള്ള തോമസിന്റെ വാക്കുകൾ കേട്ടപ്പോൾ എന്റെ മനസ്സിൽ ആശ്വാസത്തിന്റെ അലകൾ ഇളകുകയായിരുന്നു. തോമസിനുവേണ്ടി എല്ലാ ബ



Scanned with OKEN Scanner

ന്ധങ്ങളുടെയും തടവറകളെ തട്ടിത്തകർത്തുകൊണ്ട് തോമസിന്റെ കൂടെ ഇറങ്ങിച്ചെല്ലാൻ അന്നു ഞാൻ ഒരുക്കമായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു. 'തോമസിനുവേണ്ടി കാത്തിരിക്കാൻ ഞാൻ തയ്യാറാണ്''. അത്രയും കഴിഞ്ഞപ്പോൾ എന്റെ കണ്ണിൽനിന്നും ഞാനറിയാതെ രണ്ടുതുള്ളി കണ്ണുനീർ അടർന്നുവീണു. ആ കണ്ണീർത്തുള്ളികളിൽ ഒരു ഹൃദയത്തിന്റെ വേദന മുഴുവൻ ഉറഞ്ഞുകൂടിയിരുന്നു. അത് തോമസുമായുള്ള അവസാനത്തെ കൂടിക്കാഴ്ചയായിരിക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല.

പാഠിത്തം കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ അച്ഛനും അമ്മയുമെല്ലാം എത്രയും വേഗമെന്നെ വിവാഹം ചെയ്തുവിടണമെന്നായിരുന്നു ആഗ്രഹം. രണ്ടുമാസം കഴിഞ്ഞപ്പോൾ റിസൾട്ട് അറിഞ്ഞു. എനിക്ക് III class മാത്രമേ ഉണ്ടായിരുന്നുള്ളു. തോമസ് I class–ൽ പാസ്സായി എന്നറിഞ്ഞപ്പോൾ എന്റെ ആഹ്ളാദത്തിനതിരില്ലായിരുന്നു. ഇനിയുമെങ്കിലും ഞങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുമല്ലോ എന്നൊരു സമാധാനം തോന്നി. വീട്ടുകാർ ഈ സന്ദർഭത്തിൽ പല വിവാഹാലോചനകളും നടത്തുന്നുണ്ടെന്ന കാര്യം ഞാൻ തോമസിനെ അറിയിച്ചു. ഒരു ജോലികിട്ടുന്നതുവരെയെങ്കിലും കാത്തിരിക്കണമെന്നുള്ളതായിരുന്നു തോമസിന്റെ മറുപടി. അങ്ങനെ എന്റെ ഇഷ്ടപ്രകാരം സാഹിത്യം ഐച്ഛികവിഷയമായെടുത്തു M. A. ക്കു ചേർന്നു. ഈ വിവരം തോമസിനെ അറിയിച്ചു.

തോമസിനെക്കുറിച്ചുള്ള നിറക്കൂട്ടുള്ള സ്വപ്നങ്ങളുമായി ദിവസങ്ങൾ പറന്നുപോയി. കുറച്ചു നാളുകൾ ആയി തോമസിൽ നിന്ന് ഒരു വിവരവുമറിയാൻ കഴിയുന്നില്ല. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം തപാലിൽ വളരെ നാളുകൾകൂടി എനിക്കൊരു ലററർ വന്നു പരിചയമുള്ള കൈയ്യക്ഷരം കണ്ടപ്പോൾ ആകാംക്ഷയോടുകൂടി അത് പൊട്ടിച്ചു.

''പ്രിയപ്പെട്ട വീണേ,

വളരെ നാളുകൾ ആയി നിനക്കൊരു ലററർ അയച്ചിട്ട്. കാരണം എന്റെ വിഷമതകൾ നിന്നെക്കൂടി അറിയിക്കണ്ട എന്നു കരുതി. ഈ രീതിയിലൊരു ലററർ നിനക്കെഴുതേണ്ടി വരുമെന്ന് ഒരിക്കലും ഞാൻ പ്രതീക്ഷിച്ചില്ല. വിധിയെ തടുക്കാൻ ആർക്കും സാദ്ധ്യമല്ലല്ലോ. ഈ ലററർ വായിച്ചുകഴിയുമ്പോൾ എന്നെ നീയൊരു വഞ്ചകനായി കരുതാം. പക്ഷേ ഇതിന്റെ സത്യാവസ്ഥയും സാഹചര്യവും മനസ്സിലാക്കുമ്പോൾ നിന്റെ തെററിദ്ധാരണ നീങ്ങുമെന്നു വിശ്വസിക്കുന്നു. കടമകളുടേയും കടപ്പാടുകളുടേയും തടവിൽവീണ് എത്രയെത്ര ബന്ധങ്ങളാണ് തകർന്നു പോകുന്നത്. എത്ര നാളായി ഞാനൊരു ജോലിയില്ലാതെ അലയുന്നു. എന്റെ കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി മാത്രമാണു അവസാനം ഈ ഒരു തീരുമാനമെടുക്കാൻ തയ്യാറായത്. അടുത്തമാസം എന്റെ വിവാഹമാണ്. വധു നൈജീരിയായിൽ ജോലിചെയ്യുന്ന ഒരു യുവാവിന്റെസഹോദരിയാണ്, ആ പെൺകുട്ടിയെ വിവാഹം ചെയ്താലെനിക്കും അവിടെ ഒരു ജോലി കിട്ടും. കഴിഞ്ഞുപോയ കാര്യങ്ങളെല്ലാം മറന്നുകൊണ്ട് നീ ഒരു പുതിയ ജീവിതമാരംഭിക്കു. ഒരു നല്ല നാളയെ ആശംസിച്ചുകൊണ്ട്

'സ്നേഹംപൂർവ്വം

തോമസ്''

വായിച്ചു കഴിഞ്ഞപ്പോൾ തല കറങ്ങുന്നതുപോലെതോന്നി. ഞാനറിയാതെ കണ്ണീർകണങ്ങൾ അടർന്നടർന്നു വീണ് ആ ലററിലെ അക്ഷരങ്ങൾ പലതും മാഞ്ഞു. അതോടൊപ്പം എന്റെ ഹൃദയത്തിലും തോമസിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ മാഞ്ഞുകൊണ്ടിരുന്നു. തോമസിനെത്ര പെട്ടെന്നാണെല്ലാം മറക്കാൻ സാധിച്ചത്. തോമസ് തന്റെ ഹൃദയത്തിലേൽപ്പിച്ച ആഴമേറിയ മുറിവുണക്കാൻ ലോകത്ത് ഒരു ശക്തിക്കും സാദ്ധ്യമല്ലെന്നുതോന്നി. അന്നു ഞാനൊരു ദൃഢനിശ്ചയം ചെയ്തു. ഈ ലോകത്ത് ഒരു വ്യക്തിക്കുവേണ്ടിയും ഒരു തുള്ളി കണ്ണുനീർ പൊഴിക്കുകയില്ല. വീട്ടുകാരുടെ എതിർപ്പുകളുണ്ടായിരുന്നിട്ടും അവയെല്ലാം നിഷ്ക്കരുണം വലിച്ചെറിഞ്ഞു. ഞാൻ ഒരു കന്യാസ്ത്രീ ആയി മതപരിവത്തനംചെയ്തു. അങ്ങനെ പതിനാറുവർഷങ്ങൾക്കു മുൻപ് 'കത്താവിന്റെ മണവാട്ടി' എന്നുള്ള സ്ഥാനം ശിരസ്സിലേറുകയും ചെയ്തു. M. A. Ist class–ൽ പാസ്സായ എനിക്കു ഉടൻ തന്നെ ഒരു കോളേജ് ലക്ചററായി ജോലി കിട്ടി. അങ്ങനെ ഞാൻ എല്ലാ വേദനകളേയും മറന്നുകൊണ്ട് ''സിസ്റ്റർ ലയോള'' ആയി. പുതിയ വേഷം, പുതിയ ഉത്തവാദിത്വങ്ങൾ, പുതിയ ചിന്തകൾ എനിക്കു എന്നെ രക്ഷപെടുത്താൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിച്ചു. വർണ്ണങ്ങളുടേയും ശബ്ദങ്ങളുടേയും ആ ലോകത്തിൽ വേദനിക്കാൻ ഇടമില്ല; നൊമ്പരപ്പെടാൻ സമയമില്ല. പക്ഷേ ജീവിതത്തിന് ആഹ്ളാദംകൊണ്ട് മധുരം പുരട്ടാൻ സന്ദർഭങ്ങൾ പറന്നുവന്നപ്പോഴാണ് അപ്രതീക്ഷിതമായി അതു സംഭവിച്ചത്. പരിചയപ്പെടാൻ ക്ലാസ്സിൽ എഴുന്നേൽപ്പിച്ചു നിറുത്തിയ നിഷ്കളങ്കനായ വിനുതോമസിന്റെ മുഖത്ത് മറെറാരു മുഖം.

# മലയാളസിനിമയും യുവജനങ്ങളും

സിനിമയെപ്പോലെ ജനസ്വാധീനമവകാശപ്പെടാവുന്ന മററു കലകൾ ഒന്നുംതന്നെയില്ലെന്ന് ഉറപ്പിച്ചുപറയാം. ജനഹൃദയങ്ങളെ ഏററവും അധികം ആകർഷിക്കുന്ന ഈ കലാപരിപാടി 'ഇരുപതാം നൂററാണ്ടിന്റെ ഓമന' യെന്ന ബഹുമതിവരെ നേടിക്കഴിഞ്ഞതാണല്ലോ. ദുഃഖം നിറഞ്ഞ ലോകത്തിൽ നിന്ന് ഏതാനും നിമിഷങ്ങൾ ഓടിയകലാൻ വഴിയൊരുക്കുന്ന, വേദനയനുഭവിക്കുന്ന മനുഷ്യ മനസ്സിന് ആനന്ദിക്കാൻ അവസരം നല്കുന്ന, സിനിമ കൂടുതൽ പൊതുജനപ്രീതി ആർജിച്ചെങ്കിൽ അതിലതിശയപ്പെടാനില്ല. ചുരുങ്ങിയ ചിലവിൽ വളരെയധികം സന്തോഷിക്കാൻ തരപ്പെടുത്തുന്ന വിനോദപരിപാടി വേറേ ഏതുണ്ടു ചൂണ്ടിക്കാട്ടാൻ? വിശേഷിച്ചും ദരിദ്രനാരായണന്മാർ നിറഞ്ഞ ഭാരതത്തിൽ?

മലയാള സിനിമയ്ക്കു് അഭിമാനിക്കാൻ തക്കതായ പലതുമുണ്ടായിരുന്നു. രാമു കാര്യാട്ട് സ്വർണ്ണമെഡൽ നേടത്തക്കവണ്ണം ഒരു നല്ലചിത്രം മലയാള സിനിമാവേദിക്കു് സമ്മാനിക്കയുംചെയ്തു. പ്രസിഡണ്ടിന്റെ സ്വർണ്ണമെഡൽ നേടിയ ആദ്യത്തെ പ്രാദേശിക ചിത്രവും മലയാളത്തിന്റേതുതന്നെ എന്നു് ഏവർക്കും അഭിമാനിയ്ക്കാം.

ഇതോടെ മലയാള സിനിമ പൂർണ്ണതയിലെത്തിക്കഴിഞ്ഞു എന്നു സമ്മതിക്കാൻ പലരുമുണ്ടായിരുന്നു. എന്നാൽ നമ്മുടെ ചലച്ചിത്രകല ഇനിയും ശൈശവാവസ്ഥയിലാണ് എന്ന കാര്യം വേറിട്ടു നിൽക്കയായിരുന്നു.

മലയാള ചലച്ചിത്ര നിർമ്മാതാക്കൾ പണം വാരാനുള്ളതിടുക്കത്തിലാണിപ്പോൾ. ബോക്സോഫീസ് വിജയം അരക്കിട്ടുറപ്പിക്കുവാനുള്ള വെപ്രാളത്തിൽ യുവജനങ്ങളെ എളുപ്പം വശീകരിക്കാൻ പററിയ ഘടകങ്ങൾ പലതും കൂട്ടിക്കലർത്തി അവതരിപ്പിക്കയാണ് ഈ കൊള്ളലാഭക്കൊതിയന്മാരുടെ ഇന്നത്തെ എളുപ്പപ്പണി. സെക്സും, സ്റ്റണ്ടും എല്ലാം ഒന്നിച്ചു ചേർത്ത് ഒരു അവിയൽ കലാസൃഷ്ടി പടച്ചിറക്കുക എന്നത് പതിവാക്കി മാററിയിരിക്കുന്നു. രാത്രിയുടെ ഈ അന്ധകാരം പെട്ടെന്ന് മാറിയില്ലെങ്കിൽ നമ്മുടെ ചലച്ചിത്രകല അസ്തമിക്കതന്നെ ചെയ്യും.

മലയാള സിനിമയിൽ ഈയിടെയായി സെക്സ് കുറച്ചു് കൂടുതലാണെന്ന് ഏവർക്കുമറിയാം. അശ്ലീല പോസ്റ്ററുകൾ എവിടെ നോക്കിയാലും കാണാം. കലാശാലാ വിദ്യാർത്ഥികളെയാണ് ഇതു കൂടുതൽ ബാധിക്കുന്നത്. ഈയിടെയായി ഇതിനെതിരെ ചില കോളേജ് വിദ്യാർത്ഥികൾ ശബ്ദമുയർത്തിയതായികണ്ടു. ഈ നീക്കങ്ങൾ തടയാൻ യുവജനങ്ങൾ മുന്നോട്ടുവരുന്നത് നല്ലതാണ്. എന്നാൽ ഈ ആവേശം നിമിഷനേരത്തേക്കു് മാത്രമാണെങ്കിൽ അതു് കഷ്ടംതന്നെ. ഇതിനെതിരെയായി ഒരു കുരിശുയുദ്ധംതന്നെ നടത്തണം. അതു നാടൊട്ടുക്കു് പരക്കണം. ഇതിൽ മുൻകയ്യെടുക്കാനും തക്കതായി പലതും ചെയ്യാനും വിദ്യാർത്ഥികളെപ്പോലെ, പററിയവർ മററുണ്ടെന്നും തോന്നുന്നില്ല.

ബോക്സോഫീസ് നേട്ടം സിനിമാക്കാർക്കു് നേടിക്കൊടുക്കുന്നതിൽ വലിയപങ്കു് വഹിക്കുന്നതു് യുവജനങ്ങളാണല്ലോ. യുവജനങ്ങൾ ചെയ്യേണ്ടത് ഇത്തരം ചിത്രങ്ങൾ കാണില്ലെന്നു തീരുമാനിക്കുകയാണ് നല്ലതു്. ഈ ചീത്ത സമ്പ്രദായം അവസാനിപ്പിക്കാൻ ഇതിലും നല്ലമാർഗ്ഗമുണ്ടെന്ന് കരുതേണ്ട. പ്രലോഭനങ്ങൾക്കൊന്നും കീഴടങ്ങാതെ, തളരാതെ, പതറാതെ, ഒരു നല്ലകാര്യം ചെയ്യാൻ മുന്നോട്ടു വരുമോ? കണ്ടുതന്നെ അറിയണം.

യു. കെ. നിസാമുദ്ദീൻ
ഫസ്റ്റ് പി.ഡി.സി.
A4 ബാച്ച്

# ഉല്ലാസ യാത്ര



സലാഹുദ്ദീൻ വൈ.
ഫൈനൽ ബി. കോം.

1982 മാർച്ച് 25–ാം തീയതി, മൂന്നാംവർഷ ബി. കോം. വിദ്യാൎത്ഥികളായ ഞങ്ങളെ സംബന്ധിച്ചിടത്തോളം ജീവിതത്തിൽ മറക്കാനാവാത്ത ഒരു സുദിനമായിരുന്നു. ഞങ്ങൾ നേരത്തെനിശ്ചയിച്ചിരുന്നതിൻ പ്രകാരം ഞങ്ങളുടെ ഡിപ്പാർട്ടുമെൻറ് മേധാവിയും, എല്ലാവരുടെയും ബഹുമാന്യ ആരാധകനുമായ പ്രൊഫസർ ബഷീർകുഞ്ഞു സാറിൻെറ അധീനതയിൽ 40 പേരടങ്ങുന്ന 3–ാം വർഷ ബി.കോം. വിദ്യാൎത്ഥികളായ ഞങ്ങൾ ഒരു ഉല്ലാസയാത്ര പുറപ്പെട്ടു. ബാംഗ്ലൂർ, മൈസൂർ, ഊട്ടി എന്നീസ്ഥലങ്ങളായിരുന്നു ഞങ്ങൾ പ്രധാനമായും സന്ദർശിക്കാനുദ്ദേശിച്ചതു്. ഡിപ്പാർട്ടുമെൻറിലെ മററ് അദ്ധ്യാപകർകൂടി ഞങ്ങളെനയിക്കാനും, നിർദ്ദേശങ്ങൾ നല്കാനും, കാര്യങ്ങൾ മനസ്സിലാക്കിത്തരുവാനുമായി ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു.

25-ാം തീയതി ഉച്ചയ്ക്കു് 2.45 നുള്ള തിരുവനന്തപുരം — ബാംഗ്ളൂർ കെ. കെ. എക്സ്പ്രസ്സ് തീവണ്ടി കൊല്ലത്തുനിന്നു പുറപ്പെടുമ്പോൾ ഞങ്ങളിൽ ആഹ്ളാദത്തിൻെറയും, ആവേശത്തിൻെറയും അലകൾ ആഞ്ഞടിച്ചു. ഒപ്പം യാത്രാമംഗളങ്ങൾ നേരാനും, ഹൃദ്യമായ ഒരു യാത്രയയപ്പു നല്കാനുമായി ഞങ്ങളുടെഡിപ്പാർട്ടുമെൻറിലെ പ്രിയങ്കരരായ എല്ലാ അദ്ധ്യാപകരും എത്തിയിരുന്നു.

വണ്ടി പുറപ്പെട്ടുകഴിഞ്ഞു. പത്തു് പെൺകുട്ടികളും ബാക്കി ആൺകുട്ടികളുമടങ്ങുന്ന ഞങ്ങളുടെ സംഘത്തിൻെറ സഹകരണവും, സാഹോദര്യവും, ഞങ്ങളുടെ ആദരണീയനായ പ്രൊഫസ്സറിൻെറ ഞങ്ങളോടുള്ള സമീപനവുമെല്ലാം ഞങ്ങൾ സഞ്ചരിച്ചിരുന്ന കംപാർട്ടുമെൻറിലെ മററു യാത്രക്കാർക്കു് ഒരു മാതൃകയായിരുന്നു. മൈലുകളോളം വേഗതയിൽ ചൂളം വിളിച്ചുകൊണ്ടുപായുന്ന തീവണ്ടിയുടെ വേഗത ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരുതേരട്ട ഇഴയുന്നതുപോലെയായിരുന്നു. കാരണം, തമാശകളുടെയും, പൊട്ടിച്ചിരികളുടേയും ഒരു സങ്കേതമായിരുന്നു ഞങ്ങൾ സഞ്ചരിച്ചിരുന്ന കംപാർട്ടുമെൻറ്. കൃത്യം 5–30 ആയപ്പോൾ തീവണ്ടി എറണാകുളം ജംഗ്ഷനിലെത്തി. അവിടെ അരമണിക്കൂറോളം വിശ്രമസമയമാണു്. ഞങ്ങൾ ഐസ്ക്രീമുകളുടെയും, മിഠായികളുടെയും മധുരാനുഭൂതിയിൽ വിശ്രമവേള പങ്കിട്ടു. 6 മണിക്കു് വണ്ടി നീങ്ങിത്തുടങ്ങി. നമ്മുടെ കൊച്ചുകേരളത്തിൻെറ പ്രകൃതിരമണീയതയ്ക്കു് പുളകച്ചാർത്തു് അണിയിച്ചുകൊണ്ടു് പ്രകൃതിതന്നെ കനിഞ്ഞനുഗ്രഹിച്ച ആലുവാപ്പുഴ. അതിൻെറ ഉയരത്തിലുള്ള റെയിൽവേപ്പാലത്തിൽകൂടി പായുന്ന തീവണ്ടിയിലിരുന്നുകൊണ്ടു് പുഴയുടെ വളഞ്ഞുപുളഞ്ഞുള്ള ഒഴുക്കു് കാണുക എന്നതു് തീർച്ചയായിട്ടും ഒരനുഭൂതിതന്നെ. രാത്രി 8 മണിയായപ്പോഴേക്കും തീവണ്ടിയിലെ കാൻറീനിൽനിന്നും ബ്രഡ്ഡ്, ബട്ടർ, ഓംലെററ് എന്നീ രുചികരമായ അത്താഴം ലഭിച്ചു. 12 മണിയായപ്പോഴേക്കും പാലക്കാടു് പിന്നിട്ടുകഴിഞ്ഞു. ഞങ്ങളുടെ പക്കലുണ്ടായിരുന്ന ടേപ്പ്റിക്കാർഡറിൽനിന്നൊഴുകുന്ന വശ്യമധുരമായ സംഗീതത്തോടൊപ്പം യാത്രാക്ഷീണം ഞങ്ങളെ നിദ്രയിലാഴ്ത്തി.

രാവിലെ കൃത്യം 5 മണിക്കുണർന്നു ഞങ്ങൾ പ്രഭാതദിനകൃത്യങ്ങൾ നടത്തി. 26–ാം തീയതിയുടെ തുടക്കംകുറിക്കുകയായിരുന്നു. കൃത്യം 8 മണിയായപ്പോൾ ഞങ്ങൾ ബാംഗ്ലൂർ ജംഗ്ഷനിലെത്തിക്കഴിഞ്ഞു. ഉല്ലാസയാത്രയ്ക്കുവേണ്ടി ഞങ്ങൾ തീരുമാനിച്ച ആദ്യത്തെ സ്ഥലമായിരുന്നു ബാംഗ്ലൂർ.

ഒരു വ്യവസായകേന്ദ്രമായ ബാംഗ്ലൂർ കോമേഴ്സ് വിദ്യാൎത്ഥികളായ ഞങ്ങൾക്കു് എന്തെന്നില്ലാത്ത സന്തോഷം നല്കി. പടുകൂററൻ ബംഗ്ളാവുകളും, ഹോട്ടലുകളും, ഫാക്ടറികളും, ലോഡ്ജ്കളുമെല്ലാംകൊണ്ടുനിറഞ്ഞ ബാംഗ്ലൂരിൽ പകലും, രാത്രിയും തമ്മിൽ വലിയ വ്യത്യാസമില്ല.

കാരണം, കച്ചവടസ്ഥാപനങ്ങളും ഫാക്ടറികളു
മെല്ലാം ദിനരാത്രപ്രത്യയംകൂടാതെ പ്രവത്തിച്ചു
കൊണ്ടിരിക്കുന്നു. വിലനിലവാരസൂചികയുടെ
അടിസ്ഥാനത്തിൽ നോക്കിയാൽ ബാംഗ്ലൂരിൽ
താമസിക്കുക എന്നതു് അല്പം ക്ലേശകരമാണ്.
ഞങ്ങൾ അവിടത്തെ താരതമ്യേന വലിയ ഒരു
ഹോട്ടലായ 'അമറിൽ' അന്നു താമസിച്ചു. അവി
ടത്തെ ഭക്ഷണരീതികളെല്ലാം ഒരനുഭവമായിരുന്നു.
കേരളീയരായ ധാരാളംപേർ അവിടെ ജോലിയും,
വ്യവസായങ്ങളുമൊക്കെയായി കഴിഞ്ഞുകൂടുന്നു.

അന്നു വൈകിട്ട് 5 മണിക്കുതന്നെ ഞങ്ങൾ
യാത്രയായി. അടുത്തലക്ഷ്യം 'മൈസൂർ' ആയി
രുന്നു. ബാംഗ്ലൂരിൽനിന്ന് 5 മണിക്കൂർ തീവണ്ടി
യിൽ യാത്രചെയ്താൽ 'മൈസൂർ' എത്തുകയായി.
ടിപ്പുഎക്സ്പ്രസ്സ് എന്നപേരിൽ എപ്പോഴും മൈസൂ
റിലേക്ക് തീവണ്ടി സുലഭമാണ്. 5 മണിക്കൂറുള്ള
തീവണ്ടിയാത്രകഴിഞ്ഞ് കൃത്യം 10 മണിക്ക്
ഞങ്ങൾ മൈസൂറിലെത്തി. രാത്രി മൈസൂറിലെ
ത്തിയാൽ ആദ്യം കാണാൻകഴിയുന്നതു് വൈദ്യു
താലങ്കാരത്താൽ കുളിച്ചുനില്ക്കുന്ന ചാമുണ്ഡേശ്വരി
ക്ഷേത്രമാണ്. ആ ക്ഷേത്രത്തിൽ കയറിപ്പററണ
മെങ്കിൽ മൈസൂറിൽനിന്ന് 82 കിലോമീററർ
ബസ്സിൽ യാത്രചെയ്യണം. കാരണം ആയിര
ത്തിൽപ്പരം അടി ഉയരത്തിലാണ് ചാമുണ്ഡേ
ശ്വരി സ്ഥിതിചെയ്യുന്നതു്. ഞങ്ങൾക്ക് രാത്രി
തന്നെ മൈസൂറിലെ പ്രധാന ലോഡ്ജായ
പാലസ് ലോഡ്ജിൽ താമസിക്കാൻ സൗകര്യം
ലഭിച്ചു.

27–ാംതീയതി പ്രഭാതത്തിൽ മൈസൂർ പട്ട
ണം കാണാൻവേണ്ടി 'ചന്തു' എന്നുപേരുള്ള
പ്രത്യേക ടൂറിസ്റ്റ്ബസ്സിൽ യാത്ര ആരംഭിച്ചു.
പ്രസ്തുത ബസ്സിൽ ഞങ്ങൾക്ക് ഗൈഡായിട്ട് ഒരാ
ളുണ്ടായിരുന്നു. വർഷങ്ങളായിട്ട് ടൂറിസ്ററുകളെ
പട്ടണം ചുററിക്കാണിക്കുകയും, വിവരണങ്ങൾ
നൽകി ടൂറിസ്ററുകളുടെ ആഗമനോദ്ദേശ്യം നിറ
വേററികൊടുക്കുകയും ചെയ്യുന്നതിൽ പരിചയസ
മ്പന്നനായ ആ യുവാവ് ഈ അവസരത്തിൽ
പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. രാജാക്ക
ന്മാരുടെയും, യോദ്ധാക്കളുടെയും നാടായ മൈസൂർ
ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം അനവദ്യ
സുന്ദരമായ ഒരനുഭവം തന്നെ എന്നതിൽ സംശ
യമില്ല.

കൃത്യം 7 മണിക്കാരംഭിച്ച സന്ദർശന പരി
പാടിയിൽ ഞങ്ങൾ ആദ്യം സന്ദർശിച്ചതു്
'മൈസൂർ പാലസ്'' ആണ്. ഒരാൾക്ക് 2 രൂപ
നിരക്കിൽ പ്രവേശനഫീസ് കൊടുത്തു് പ്രസ്തുത
പാലസിൽ കയറിയാൽ കണ്ണിനു കുളിർമ്മയേകുന്ന
വൈവിദ്ധ്യങ്ങളായ ചിത്രകലകൾ കാണാം.
രാജാരവിവർമ്മയുടെയും മററും ചിത്രകലകൾ അ
ക്കൂട്ടത്തിൽ പ്രശസ്തമാണ്. കൂടാതെ 'മ്യൂസിക്ക്
ക്ലോക്ക്'' ഒരത്ഭുതദൃശ്യമാണ്. ടെലിവിഷനിൽ
കാണുന്നതുപോലെ ചിത്രകലകൾ, ക്ലോക്കിൽ
ബൽമുഴങ്ങുമ്പോൾ കാണാം. തീർച്ചയായും,
മൈസൂർ പാലസിൽനിന്നിറങ്ങുമ്പോൾ അദൃശ്യ
മായ ഒരു മായാലോകം കണ്ട പ്രതീതി മനസ്സി
ലുണ്ടാകും. ഞങ്ങൾ അടുത്തതായി സന്ദർശിച്ചതു്
ചാമുണ്ഡേശ്വരി ക്ഷേത്രമായിരുന്നു. ബസ്സിൽ
ചാമുണ്ഡേശ്വരിയിലേക്കുള്ള മല കയറുമ്പോൾ
താഴെ മൈസൂർ പട്ടണവും അവിടെ തട്ടുതട്ടായുള്ള
പാടങ്ങളുമെല്ലാം ഒരുചിത്രത്തിൽ കണ്ടതുപോലെ
യാണ് തോന്നുക. അതിനുശേഷം മൈസൂർ
സിൽക്ക് മാനുഫാക്ചറിംഗ് കമ്പനി, സുവോ
ളജിക്കൽ ഗാർഡൻ മുതലായവ സന്ദർച്ചിട്ട് ഉച്ച
ഭക്ഷണവും കഴിഞ്ഞു് വിശ്രമിച്ചു. 2 മണിയായ
പ്പോൾ വീണ്ടും ഞങ്ങളുടെ സന്ദർശന പരിപാടി
തുടർന്നു.

മഹാനായ ടിപ്പുസുൽത്താൻെറ കോട്ടയും,
അവിടത്തെ പുരാവസ്തുക്കളും, യുദ്ധസാമഗ്രികളു
മെല്ലാം അത്ഭുതത്തോടെ ഞങ്ങൾ കണ്ടു. തുടർന്ന്
കാവേരിയാറിനു് സമീപം ടിപ്പു തൻെറ മാതാ
പിതാക്കളോടൊപ്പം അന്ത്യവിശ്രമംകൊള്ളുന്ന
'സമ്മർ പാലസിൽ' പോയി ഞങ്ങൾ സ്മരണാ
ഞ്ജലി അർപ്പിച്ചു. ടിപ്പു യുദ്ധത്തിൽ പടപൊരുതി
മരിച്ചുവീണ സ്ഥലവും, അദ്ദേഹത്തിൻെറ കാൽ
പ്പാദങ്ങൾ അവസാനമായി പതിക്കപ്പെട്ട സ്ഥല
വുമെല്ലാം കാണാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായി.
ചരിത്രം പഠിച്ചിട്ടുള്ള വിദ്യാത്ഥികളായ നമ്മൾ
ഈ ചരിത്രാദ്ധ്യായങ്ങൾ ഉറങ്ങി കിടക്കുന്ന മൈ
സൂർ കാണുമ്പോൾ ടിപ്പു എന്ന അതിമാനുഷൻെറ
സമരവീരചരിത്രങ്ങളിൽ നമ്മൾ ആവേശഭരിത
രായാൽ അതിൽ അതിശയമില്ല.

ഇന്ത്യയിലെ മഹാത്ഭുതങ്ങളിലൊന്ന് എന്നു
വിശേഷിപ്പിക്കാൻ പര്യാപ്തമായ 'മൈസൂർവൃന്ദാ
വന'ത്തിൽ ഞങ്ങൾ വൈകിട്ട് 5 മണിക്ക് എ
ത്തിചേർന്നു. ഭാഗ്യവശാൽ പ്രത്യേക വൈദ്യുതാ
ലങ്കാരമുള്ള ദിവസമായിരുന്നു അന്ന്. ദിവസ
ങ്ങളോളം ചുററിക്കാണാനുള്ള കമനീയമായ വൃന്ദാ
വനം സമയപരിമിതിമൂലം 4 മണിക്കൂർ മാത്രം
ചുററി കണ്ടു് ഞങ്ങൾ സംതൃപ്തിയടഞ്ഞു. രാത്രി
10 മണിയോടെ ഞങ്ങൾ ലോഡ്ജിൽ മടങ്ങി
യെത്തി.

28–ാംതീയതി ഞങ്ങൾ പ്രസിദ്ധമായ മൈ
സൂറിലെ, 'ജാവാ മോട്ടോർ ബൈക്ക് മാനുഫാ
ക്ചറിംഗ് കമ്പനി' സന്ദർശിച്ചു. ഉച്ചയ്ക്കു് വി
ശ്രമവും കഴിഞ്ഞു് ഞങ്ങൾ മൈസൂറിലെ പ്രസി
ദ്ധമായ ഒരു തീയററിൽപോയി 'എക്ദുജേ



Scanned with OKEN Scanner

കേലിയേ' എന്ന സിനിമയും കണ്ടു. വൈകിട്ട് 6 മണിമുതൽ 9 മണിവരെ അവിടത്തെ 'പർച്ചേസിംഗ് സ്ട്രീററിൽ' ഞങ്ങൾ കയറിയിറങ്ങി ആവശ്യമുള്ള സാധനങ്ങളൊക്കെ വാങ്ങി.

29–ാംതീയതി രാവിലെ 6 മണിക്ക്, ഞങ്ങൾക്ക് ഏററവും സന്തോഷകരമായ സ്ഥലം കണ്ടു നിർവൃതിയടയുക എന്ന ലക്ഷ്യത്തോടെ; പ്രകൃതിരമണീയതയിൽ മുങ്ങികുളിച്ചു നില്ക്കുന്ന, ഇന്ത്യയിലെ സുഖവാസസ്ഥലങ്ങളിൽ ഉത്തമസ്ഥാനമലങ്കരിക്കുന്ന 'ഊട്ടി' എന്ന സങ്കല്പലോകത്തിലേക്കുള്ള യാത്രയാരംഭിച്ചു. മൈസൂറിൽനിന്ന് ഊട്ടിയിലേക്ക് 8 മണിക്കൂർ ബസ്സ്‌യാത്രയാണ് മൈസൂറിൽനിന്ന് കൂടുതൽ കൂടുതൽ ഉയർച്ചയിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണ് ഊട്ടി. 'ഹെയർപിൻബെൻറ്'' എന്ന പേരിൽ വളഞ്ഞുപുളഞ്ഞു കിടക്കുന്ന വീതികുറഞ്ഞ ഇടുങ്ങിയ റോഡുകൾ, റോഡിനു ഇരുവശവും 'യൂക്കാലിപ്‌റ്റ്സ്'' മരങ്ങളും പേരുകേട്ട നീലഗിരി തേയിലത്തോട്ടങ്ങളും. അവയുടെ രണ്ടിന്റെയും നറുമണം നുകന്നുകൊണ്ട് കൂടുതൽ ഉയരത്തിലേക്ക് യാത്രചെയ്യുമ്പോൾ ബസ്സിലിരുന്നുകൊണ്ട് താഴേക്കുനോക്കിയാൽ, അതായത് നാം യാത്രതുടങ്ങിയ ദിക്കിലേക്കു നോക്കിയാൽ, ഉയർന്നുപറക്കുന്ന ഹെലികോപ്ടറിലിരുന്നുകൊണ്ട് താഴെ റോഡിൽക്കൂടി നീങ്ങുന്ന വാഹനങ്ങളുടെ വലുപ്പം ചെറുതായി കാണുന്നതുപോലെയാണ്. ഊട്ടിയോട് കൂടുതൽ അടുക്കുന്തോറും വൃക്ഷങ്ങൾ മഞ്ഞുകണങ്ങൾകൊണ്ട് നിറഞ്ഞുനിൽക്കുന്നതു കാണാം. യാത്രാമദ്ധ്യേതന്നെ നാം തണുത്തു വിറച്ചു തുടങ്ങും. ഉച്ചയ്ക്ക് 2 മണിയായതോടെ ഞങ്ങൾ ഊട്ടിയിലെത്തി അവിടത്തെ പ്രശസ്തമായ 'വുഡ്‌ലാൻഡ്ഹോട്ടലി'ൽ താമസിക്കാനുള്ള സൗകര്യവും ലഭിച്ചു. 4 മണിക്കുശേഷം ഞങ്ങൾ ഊട്ടിയിലെ പ്രസിദ്ധമായ പൂന്തോട്ടം സന്ദർശിച്ചു. അതിനുശേഷം ഊട്ടിയിലെ മനോഹരമായ ശീതളതടാകത്തിൽ 'ബോട്ടിംഗ്''നടത്തി. ബോട്ടിംഗ് തീർന്നപ്പോഴേക്കും ഞങ്ങൾ തണുപ്പുകൊണ്ട് വിറച്ചു തുടങ്ങിയിരുന്നു. പിന്നീട് ആൺകുട്ടികൾക്ക് മാത്രമായി കുതിരസവാരി ചെയ്യുവാനുള്ള ഭാഗ്യമുണ്ടായി. ഞങ്ങളുടെ ഉല്ലാസയാത്ര ജീവിതത്തിൽ എന്നും ഓക്കാൻതക്കവണ്ണമുള്ളതായിരുന്നു ഊട്ടിയിലെ രാത്രിയിലെ തണുപ്പ്.

30–ാംതീയതി രാവിലെ 7 മണിക്ക് ഊട്ടിയിൽനിന്നും തിരിച്ച് കോയമ്പത്തൂരിലേക്ക് യാത്രയായി. ആഴത്തിലുള്ള കൊക്കയ്ക്കു മുകളിലൂടെ വൃക്ഷലതാതികളുടെ നടുവിൽക്കൂടി വളഞ്ഞുപുളഞ്ഞുകിടക്കുന്ന റോഡിൽക്കൂടിയുള്ള ബസ്സുയാത്ര വളരെ രസകരമായ ഒരനുഭൂതിയാണ്. ഉച്ചയ്ക്ക് 1 മണിയോടെ ഞങ്ങൾ കോയമ്പത്തൂരെത്തി. വ്യവസായങ്ങളുടെ ഒരു കേന്ദ്രമാണ് കോയമ്പത്തൂർ. ഉച്ചഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ കോയമ്പത്തൂർനിന്ന് പാലക്കാട്ടേയ്ക്ക് തിരിച്ചു. 4 മണിയോടെ പാലക്കാട്ടെത്തിയ ഞങ്ങൾ 'മലമ്പുഴ ഡാം' സന്ദർശിച്ചു. പ്രകൃതി സൗന്ദര്യങ്ങൾ കൊണ്ട് അനുഗ്രഹീതമായ കേരളത്തിന്റെ മറെറാരു അനുഗ്രഹമാണ് 'മലമ്പുഴ ഡാം.' 5 മണി മുതൽ 9 മണിവരെയുള്ള 4 മണിക്കൂർ സായാഹ്നം മലമ്പുഴയിൽക്കൂടി ചിലവഴിച്ചപ്പോഴേക്കും ഞങ്ങളെല്ലാം തികച്ചും കൃതാർത്ഥരായിക്കഴിഞ്ഞു. തിരിച്ച് $9\frac{1}{2}$ മണിയോടെ ഞങ്ങൾ പാലക്കാട്ടുള്ള Tourist Lodge–ൽ എത്തി.

31–ാംതീയതി രാവിലെ 7 മണിക്കുള്ള ഐലൻഡ്എക്സ്പ്രസ്സിൽ ഞങ്ങളുടെ മടക്കയാത്രയാരംഭിച്ചു. കൃത്യം 3 മണിയോടെ കൊല്ലം ജംഗ്ഷനിലെത്തി. അങ്ങനെ ഓർമ്മയുടെ പവിഴച്ചെപ്പിൽ മായാത്ത മുദ്രയായി, കലാലയജീവിതത്തിന്റെ ശുഭമുഹൂർത്തങ്ങളിലെ ഒരു പ്രധാന അദ്ധ്യായമായി, ജീവിതത്തിൽ സ്മരിക്കപ്പെടുന്ന ഒരു അസുലഭനിമിഷമായി തീർന്നിട്ടുള്ള 7 ദിവസം നീണ്ടുനിന്ന ഞങ്ങളുടെ 'ഉല്ലാസയാത്ര' എങ്ങനെയാണ് മറക്കുക.



## MALIEAKAL ELECTRONICS

HOSPITAL ROAD

QUILON

Authorised KELTRON Dealers for Calculators, TVs, Radio, Voltage Stabiliser, Tape recorders etc.

## S. B. STORES

ഒന്നാംതരം പലചരക്ക് സാധനങ്ങൾക്കും
മറ്റെല്ലാവിധ സ്റ്റേഷനറി സാധനങ്ങൾക്കും

കേക്ക്, വൈൻ, ബിരിയാണി
മുതലായവ ചെയ്യുവാനുള്ള
എല്ലാ സാധനങ്ങൾക്കും

മണ്ണെണ്ണ സ്റ്റൗവ്, പമ്പിംഗ് സ്റ്റൗവ്
മുതലായ എല്ലാ സാധനങ്ങൾക്കും

കൊല്ലത്തെ വിശ്വസ്തമായ ഒരു
സ്ഥാപനമാണ്

**എസ്. ബി. സ്റ്റോഴ്സ്, കൊല്ലം**

ഫോൺ നമ്പർ: 3048

വിദഗ്ധമായ ചികിൽസയ്ക്കും
ശാസ്ത്രീയമായി തയ്യാർചെയ്ത
ഔഷധങ്ങൾക്കും
പ്രശസ്തിയാർജ്ജിച്ച സ്ഥാപനം

## പൗരസ്ത്യ ഫാർമസി

## &

## സേവാസദനം ക്ലിനിക്

അഞ്ചാലുംമൂട്
പെരിനാട് - കൊല്ലം

ചീഫ് ഫിസിഷ്യൻ:
ആയുർവേദാചാര്യ കെ. കുഞ്ഞുരാമൻ വൈദ്യൻ

## NEO BOOK STALL

QUILON-5

(Near T. K. M. College of Arts & Science)

College Text Books, Guides
and School Guides.
Directing Set, Milligram Set,
Paper, Pen, Pencil etc.
are available on minimum Price.

Prop: K. DIVAKARAN

ററി. കെ. എം. ആർട്ട്സ്



പ്രൊഫ: ബഷീർകുഞ്ഞ്
സ്റ്റാഫ് അഡ്വൈസർ



പ്രൊഫ: കെ. കെ. അബ്ദുൽഖാദർ
സ്റ്റാഫ് എഡിറ്റർ

Scanned with OKEN Scanner



TEACHING STAFF



Scanned with OKEN Scanner

'ഹേതി' കൈയെഴുത്തു മാസികയുടെ പ്രകാശനം –



പ്രശസ്ത നടൻ ജഗതി ശ്രീകുമാർ നിർവ്വഹിക്കുന്നു.



പൊട്ടിച്ചിരിയുടെ മാലപ്പടക്കത്തിന് തിരികൊളുത്തുന്നു.

Scanned with OKEN Scanner



ബി. കോം. വിദ്യാർത്ഥികൾ 'വിടപറയും മുമ്പേ'







ബി. കോം. വിദ്യാർത്ഥികൾ ഉല്ലാസയാത്രയിൽ

Scanned with OKEN Scanner

# പ്രയാണം

ശുഭ എ.
സെക്കൻറ് ബി. എസ്‌സി. ബോട്ടണി

പച്ചപ്പരവതാനി വിരിച്ച കോളേജങ്കണം. പുൽത്തകിടിയിൽ പററിയിരുന്ന മഞ്ഞുതുള്ളികൾ പളുങ്കുമണികൾപോലെ തിളങ്ങി. വെറുതേയിരുന്ന് ഇളംപുല്ലുകൾ ഇറുത്തിടുമ്പോൾ അകലെ കോളേജിൽ കുട്ടികളുടെ ബഹളം കേൾക്കാമായിരുന്നു. എത്രനേരമായി താനിവിടെയിരിക്കുന്നു. കോളേജിൽ ബെല്ലടിക്കാൻ സമയമായി. എഴുന്നേററ് തിരിച്ചു നടന്നു. ഹോസ്റ്റലിൻെറ വാതുക്കൽ എല്ലാംനിന്ന് സൊററപറയുകയാണ്. തന്നെക്കണ്ടതും കമൻറടിയിൽ വിരുതയായ ഗീത 'ഹലോ ഫ്രണ്ട് നീകൂടിയുണ്ടായിരുന്നെങ്കിൽ നമുക്കൊപ്പ്യുനെ കസ്റ്റഡിയിലാക്കാമായിരുന്നു. നല്ലൊരു ഹീറോ ലൈക്ക് അമിതബച്ചൻ'. എല്ലാവരും പൊട്ടിച്ചിരിച്ചു. ദേഷ്യമാണുതോന്നിയത്. മിണ്ടാതെ നിന്നു.

'ഇത്രയുംനേരം നീ ആ തണുപ്പത്ത് പോയിരുന്ന് എന്തെടുക്കുകയായിരുന്നു, തലയ്ക്ക് വട്ടുണ്ടോ?'

'വട്ട് എനിക്കല്ല. നിങ്ങൾക്കാണ്.'

'നിനക്ക് വലിയ ഗമയാണെങ്കിൽ പൊയ്ക്കോ, ഒററയ്ക്ക് പോകുന്നതാണല്ലോ നിനക്കിഷ്ടം.' അത് കേട്ടതീരും മുൻപ് അവിടെനിന്നിറങ്ങി. മനസ്സിന് വല്ലാത്ത അസ്വസ്ഥത. കുറച്ചുനാളായി അങ്ങനെയാണ്. പുസ്തകം തുറന്നുനോക്കാൻ തന്നെ മടിയാണ്. വരയ്ക്കാനുള്ള റിക്കാർഡുകളും നോട്ട്സുകളും അതുപോലെ കിടക്കുന്നു. ഒന്നിനും ഒരു ഉത്സാഹമില്ല.

ഹോസ്റ്റൽ ജീവിതത്തിൻെറ സ്വപ്നം, അതൊരിക്കലും സഫലീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഓർക്കുമ്പോൾ വല്ലായ്മയും വിരക്തിയുമാണ്. ഇവിടം മുഴുവൻ പണക്കാരുടെ സങ്കേതമാണ്. വീട്ടിലെ അസ്വാതന്ത്ര്യത്തിൽനിന്നും, ചങ്ങലകളിൽനിന്നും മോചനംതേടി എത്തിയവരാണ് മിക്കവരും. അവർക്ക് ഇഷ്ടംപോലെ വിഹരിക്കാനിവിടെ മേച്ചിൽസ്ഥലങ്ങളുണ്ട്.

പക്ഷെ ഒരുതരത്തിൽ തനിക്കതാണ് ആശ്വാസം. വർഷത്തിലൊരിക്കൽ വീട്ട് സന്ദർശിക്കാനെത്തുന്ന അച്ഛൻ, ഭാരിച്ചജോലിയിൽ മക്കളെക്കുറിച്ചോർക്കാൻ മിനക്കെടാത്ത അമ്മ, അകലെ പട്ടണത്തിൽ കഞ്ചാവിനും, ലഹരി പദാർത്ഥങ്ങൾക്കും അടിമയായി ജീവിതം സ്വയം തുലയ്ക്കുന്ന എൻജിനീയറിംഗിന് പഠിക്കുന്ന ജ്യേഷ്ഠൻ. വളരെ തുച്ഛമായ കാര്യങ്ങൾക്കുപോലും കൈമണി വാങ്ങുന്ന അമ്മയ്ക്ക് സ്നേഹത്തിൻെറ വിലയെന്തെന്ന് അറിയാൻ കഴിയുന്നില്ല ആവീർപ്പുമുട്ടലുകളിൽ വേലക്കാരിയുടെ ലാളനയിൽ വളർന്ന താൻ സ്നേഹത്തിനുവേണ്ടി വളരെ ദാഹിച്ചിട്ടുണ്ട്. പ്രീഡിഗ്രി പഠിച്ചിട്ട് മെഡിസിന് പോകണമെന്നായിരുന്നു ആഗ്രഹം. പക്ഷെ സാധിച്ചില്ല. മകൾ ഒരു ഡോക്ടറാകണമെന്ന അച്ഛൻെറ ആഗ്രഹം അമ്മയുടെ ആഗ്രഹത്തിന് വിപരീതമായിരുന്നു. വീട്ടിൽനിന്നും അകന്നുപോകാനുള്ള മനസ്സിൻെറ വെമ്പൽ അടുത്താണെങ്കിൽപ്പോലും ഹോസ്റ്റലിൽ ചേരുവാൻ നിർബ്ബന്ധിച്ചു.

കോളേജ് ഗ്രൗണ്ടിലെത്തിയപ്പോഴാണ് തൻെറ ചിന്തകൾ കാടുകയറിപ്പോയതറിഞ്ഞത്. കോളേജിൽ ബെല്ലടിച്ചിരുന്നു. ഇങ്ക്വിലാബ് സിന്ദാബാദ് വിളി മുഴങ്ങിക്കേൾക്കുന്നു. ഇന്നും സമരമായിരിക്കും. ഇന്നലെയും സമരമായിരുന്നു. ഏതോകുട്ടിയെ സസ്പെൻഡു ചെയ്തുപോലും. കോളേജിലെ രാഷ്ട്രീയപ്പാർട്ടിയെപ്പററിയൊന്നും ചിന്തിച്ചിട്ടില്ല. ഇലക്ഷൻ വരുമ്പോൾ വ്യക്തിപരമായി വോട്ടുകൊടുക്കുകയാണ് പതിവ്. പക്ഷെ പുരോഗമന ചിന്താഗതിക്കാരായ ചിലകുട്ടികളെ തനിക്ക് ഇഷ്ടമായിരുന്നു. അവരുടെ വ്യക്തിത്വവും, സമീപനവും, നിഷ്കർഷതയും മററുള്ളവരിൽനിന്നും അവരെവേർതിരിച്ചിരുന്നു.

ക്ലാസ്സ് ഇംഗ്ലീഷായിരുന്നു. ഷേക്സ്പിയർ കൃതികളെക്കുറിച്ചാണ് പ്രൊഫസ്സർ സംസാരിക്കുന്നത്. സൗന്ദര്യത്തിലധീനമായി പരസ്പരം സ്നേഹിച്ച രണ്ട് ഹൃദയങ്ങൾ, ആ സ്നേഹം തനിക്ക് നഷ്ടപ്പെട്ടെന്ന് കണ്ടപ്പോൾ പാടിപ്പാടി തൻെറ ജീവിതം അവസാനിപ്പിച്ച പെൺകുട്ടിയെപ്പററി കേട്ടപ്പോൾ താനും ആരുമറിയാതെ കേഴുകയായിരുന്നു. അല്ലമെങ്കിലും ആശ്വാസം ലഭിക്കുന്നത് ക്ലാസ്സുമുറികളിലായിരുന്നു. തമാശയിലും ഫലിതങ്ങളിലും സമയം കഴിയ്ക്കുകയാണ് പതിവ്.

തിരിച്ച് ഹോസ്റ്റലിലേയ്ക്ക് നടക്കുമ്പോൾ ഒററയ്ക്കായിരുന്നു. പിറകെ കൂട്ടുകാർ വെടിപറയുന്നുണ്ടായിരുന്നു. അതിലൊന്നും പങ്കുചേരുവാൻ മനസ്സനുവദിച്ചില്ല. ഏതോ ഏകാന്ത

മായ ദുഃഖം ഹൃദയത്തിൽ തളം കെട്ടിനിൽക്കുന്നു. ബെഡ്ഡിൽ ചെന്നുവീണു കരഞ്ഞു. അപ്പോൾ കുറച്ചാശ്വാസമായി. പിന്നീട് എഴുന്നേറ്റിരുന്നു വായിച്ചു, ഒരു നല്ല നോവൽ. ഗ്രാമീണ സൗന്ദര്യത്തിന്റെ പ്രതീകമായ ശാലീനയായ പെൺകുട്ടി. തന്നെ സ്നേഹിച്ചവന് എല്ലാം വിട്ടുകൊടുത്ത് അവൻ അവളിൽനിന്നകന്നു പോയിട്ടുപോലും, അവന്റെ തിരിച്ചുവരവ് പ്രതീക്ഷിച്ച് ജീവിതം സ്വയം ഹോമിച്ച പെൺകുട്ടി. എല്ലാം നഷ്ടപ്പെട്ടിട്ടും പ്രിയപ്പെട്ട എന്തോ ഒന്നിനുവേണ്ടി ജീവിതം സ്വയം ഹോമിച്ച പെൺകുട്ടി. അവളുടെ ദുഃഖം വായിച്ചപ്പോൾ വീണ്ടും വായിക്കണമെന്നു തോന്നി; ഒന്നല്ല പലപ്രാവശ്യം.

മനസ്സിനെ സദാ ഞെട്ടിച്ചുകൊണ്ടിരിക്കുന്ന ആ സംഭവം എന്താണെന്ന് തനിക്കറിയാം. അർഹിക്കാൻ കഴിയാത്തതിനു വേണ്ടി ഇച്ഛിക്കുക. അതുവേണ്ടായിരുന്നു പക്ഷേ...... കുറച്ചു ദിവസങ്ങൾക്ക് മുൻപാണ് ലൈബ്രറിയിൽവച്ച് ആ കുട്ടിയെ പരിചയപ്പെടുവാനിടയായത്. നീട്ടിവളർത്തിയ താടിയിൽ തിരുകിപ്പിടിച്ച് തന്നെ പരിചയപ്പെടാൻ വന്ന വെളുത്തുമെലിഞ്ഞ സുമുഖനായ ചെറുപ്പക്കാരൻ. ആദ്യമായി അയാളെ കണ്ടത് ക്ലാസ്സിന്റെ വാതുക്കൽ വച്ചായിരുന്നു. ഏതോ കുട്ടിയെ പരിചയപ്പെടാൻ വന്നതായിരുന്നു. ഗ്രൗണ്ടിലേക്ക് ശ്രദ്ധിച്ചുകൊണ്ട് ഏകയായി വരാന്തയിൽ നിൽക്കുമ്പോഴാണ് ആ ശബ്ദം കേട്ടത് ഈ ക്ലാസ്സേതാണ്? തന്റടുത്തേക്ക് പുഞ്ചിരിതൂകിക്കൊണ്ട് നടന്നടുത്ത ആ ചെറുപ്പക്കാരന്റെ കണ്ണുകളിൽ ഏതോ ചേതന തുടികൊട്ടുന്നതായി ത്തോന്നി. താൻ ആഗ്രഹിക്കുന്നതെന്തോ നിറഞ്ഞുനി[illegible] ക്കുന്നതായിത്തോന്നി [illegible] ടിപറയുമ്പോൾ കണ്ണുക[illegible] റിയാതെ ഉടക്കിപ്പോയ[illegible] താൻ അറിയാതെ മന[illegible] നിന്നുപോയോ? ക്ലാസ്സ്[illegible] ത്തോടെ മുഖംതിരിച്ചു [illegible] കളിറങ്ങുമ്പോൾ ആ കണ്ണുക[illegible] തന്നെ പിൻതുടരുന്നുണ്ടായിരുന്നു. അതിനുശേഷമാണ് ലൈ[illegible] ബ്രറിയിൽവച്ച് പരിചയ[illegible] ട്ടത് ആരും അർഹിക്കു[illegible] ബഹുമതിയുള്ള ആ ചെറുപ്പക്കാരന്റെ പേര് കപിൻ എന്നായിരുന്നു. കപിൻ...കപിൻ കപിൻ ഒരായിരംവട്ടം ഉരുവിട്ട ആ നാമധേയം. അതിനുശേഷം ദിവസവും തമ്മിൽ കണ്ടുമുട്ടാറുണ്ട്. പക്ഷെ കപിനു സ്നേഹിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല തന്റെ മനോരഥം. മനസ്സിലാക്കാതെ കടന്നുപോകുന്ന ആ വ്യക്തിയിലൂടെ തന്റെ ഓ


With compliments from

**Temple of Commerce**

**Quilon**


ററി. കെ. എം. ആർട്ട്സ്

രോദിനവും എരിഞ്ഞടങ്ങുകയായിരുന്നു. ആ വീർപ്പുമുട്ടലുകൾക്കിടയിൽ ഉപചാരവാക്കുകൾ പോലും പറയാൻ കഴിഞ്ഞിട്ടില്ല.

ആ അസ്വാസ്ഥതകളിൽ നിന്നെല്ലാം മനസ്സിനൊരാശ്വാസം ലഭിക്കുന്നതിനുവേണ്ടി ഒരു ദിവസം ഗീതയേയും കൂട്ടി ബീച്ചിലേക്ക് പോയി കുറെ സ്വപ്നങ്ങളും സങ്കല്പങ്ങളും അവിടിരുന്ന് നെയ്തുകൂട്ടി. അവ സാക്ഷാത്കരിക്കുന്നതിനായി പ്രാർത്ഥിക്കുകയായിരുന്നു. അപ്പോഴാണ് അങ്ങകലെ സിമൻറുബഞ്ചിലിരുന്ന് ചക്രവാളസീമയിലേക്ക് കണ്ണുംനട്ട് ദിവാസ്വപ്നം കാണുന്ന കപിനെ ഗീത കാണിച്ചുതന്നത്. ഒന്നുമാലോചിക്കാതെ അടുത്തു ചെന്നു. തന്നെ അടുത്തു കണ്ടിട്ടാകാം കപിനൊന്നു ഞെട്ടി, അത്ഭുതം കൂറുന്നമിഴികളോടെ തന്നെനോക്കിയിരുന്നു. അടുത്തുകിടന്ന ബഞ്ചിലേക്ക് നോക്കി കപിൻ ഇരിക്കാൻ ആംഗ്യംകാട്ടി. ആ മുഖത്തിലെ സുസ്മിതം പകലോൻെറ ചെങ്കിരണംപോലെ പ്രശോഭനമായിരുന്നു. എന്തെങ്കിലും പറയുന്നതിനുവേണ്ടി താൻ വാക്കുകൾ പരതുകയായിരുന്നു.

'മീന ബീച്ചിൽ വരാറുണ്ടോ'?

'ഇല്ല. ഇന്നാണ് ആദ്യം വന്നത്. കപിനോ'?

'ഞാനെന്നുംവരും, ആട്ടെ ഇന്നുവരണമെന്ന് എങ്ങിനെ തോന്നി'

'വെറുതെ ഒരു രസം അങ്ങനെ പോന്നു'.

വീണ്ടും നിശബ്ദത താൻ തലകുനിച്ചിരുന്നു എത്രനേരമെന്നറിയില്ല തലയുർത്തിനോക്കിയപ്പോൾ കണ്ടത് അരുണവർണ്ണമായ കപിൻെറ മുഖമാണ് ഞെട്ടിത്തിരിഞ്ഞ് ചക്രവാളസീമയിലേക്ക് നോക്കി ങേ! സൂര്യൻ അഗാധ ഗർത്തത്തിലേക്ക് ആഴ്ന്നിറങ്ങികഴിഞ്ഞു താൻ പെട്ടെന്ന് എഴുന്നേററു 'ഞാൻ പോകട്ടെ കപിൻ?' 'ഊം മീന പോകയാണോ? ആദ്യമായി ബീച്ചു കാണാൻ വന്നതല്ലേ, കുറച്ചു കൂടിഇരിക്കു'. തൻെറ മുഖത്ത് ഏതോ ദുഃഖത്തിൻെറ തിരശ്ശീല വന്നുവീണു. അതു കണ്ടിട്ടാകാം കപിൻ ചോദിച്ചു

'എന്താണ് മീനക്കൊരു വല്ലായ്മ'

'ഒന്നുമില്ല ...ഒന്നുമില്ല'

'പിന്നെ'?

'എനിക്ക്....എനിക്ക് കപിനെ ഇഷ്ടമാണ്'

'എന്നെയോ? ഹ....ഹ....ഹ

കപിൻെറ പൊട്ടിച്ചിരി ഒരു രാക്ഷസ്സൻെറ ചിരിപോലെ അവിടെ പ്രതിദ്ധ്വനിച്ചു. താൻ ഞെട്ടിവിറച്ചുപോയി 'പ്രിയമുള്ളപെണ്ണെ, ദേ നോക്കു—' ആർത്തട്ടഹസിച്ചുകൊണ്ട് നുരയും പതയും വമിച്ചു കൊണ്ട് കരയിലേയ്ക്കടുത്തു വരുന്ന തിരമാലകളെ ചൂണ്ടിക്കൊണ്ട് കപിൻ പറഞ്ഞു. ഞാൻ അങ്ങോട്ടുനോക്കി. വിശാലമായിക്കിടക്കുന്ന സമുദ്രത്തിലേക്ക് നോക്കി കപിൻ ചോദിച്ചു.

'നിനക്കാത്തിരകളെ എണ്ണിത്തീർക്കാമോ?'

'ആ തിരകളെയെല്ലാമോ?'

'അതെ ആ തിരകളെയെല്ലാം ഞാൻ തലകുമ്പിട്ടുനിന്നു. എനിക്കതിനു് സാധിക്കുമോ? ഒരിക്കലുമില്ല. കദനഭാരത്തോടെ ഞാൻ തലയുർത്തിനോക്കി കപിൻ ആ നിൽപ്പുതന്നെ.

'എനിക്കതിനു് കഴിയില്ല കപിൻ. അല്ലെങ്കിൽ ഞാനതെന്നാണ് എണ്ണിത്തീർക്കുക'

'നിനക്കതിന് കഴിയില്ല പെൺകുട്ടീ....ഒരിക്കലും കഴിയില്ല. അതുപൊലെയാണ് എൻെറജീവിതവും. ഒരിക്കലും നിനക്കെന്നെ പൂർണ്ണനാക്കാൻ കഴിയില്ല.'

ഞാനവിടെ നിന്ന് പൊട്ടിക്കരഞ്ഞു പക്ഷെ എൻെറ കരച്ചിൽ ആ തിരമാലകളുടെ ആർത്തിരമ്പലിൽ ലയിച്ചുപോയി.

'മീന തിരിച്ചു പോകു'

ആ ഗംഭീര ശബ്ദം കേട്ട് മുഖത്തുനിന്നും കൈകളുയർത്തി നോക്കി. തീക്കനൽപോലെ ജ്വലിക്കുന്ന കപിൻെറ മുഖം വിറപ്പോടെ കിതപ്പോടെമുഖം തിരിച്ചു തിരികെ നടന്നു, അല്ല ഓടുകയായിരുന്നു. ഹോസ്റ്റലിലെ കണ്ണഞ്ചിക്കുന്ന പ്രകാശധാരയുടെ മുന്നിലാണ് ചെന്നുവീണത്. പിന്നൊന്നും അറിയാൻ കഴിഞ്ഞില്ല കുറെ കഴിഞ്ഞപ്പോൾ ആരോചെവിയിൽ മന്ത്രിക്കുന്നതായി തോന്നി. 'സ്നേഹം ദുഃഖമാണ് കുട്ടീ....' ഞാൻ കാതോർത്തു ങേ! കപിൻെറ ശബ്ദം 'സ്നേഹം ദുഃഖമാണു കുട്ടീ... പക്ഷെ, ആ ദുഃഖം ദിവ്യവുമാണു''



എല്ലാവിധ ജൗളിത്തരങ്ങൾക്കും
ഖദർ വസ്ത്രങ്ങൾക്കും

—സമീപിക്കുക—

# രമണീസ് എമ്പോറിയം

**Whole Sale and Retail**

MAIN ROAD, QUILON

---

*With Best Compliments From*

## M/s. U. SHAHULHAMEED AND BROTHERS

QUILON.

Stockists and Agents for

**Muller and Phipps (India) Limited**
**Colgate Palmolive (India) Ltd.**

NOVINO BATTERIES, RADHAS SOAPS, ULTRAMARINE AND PIGMENTS LIMITED
SYLVANIA AND LAXMAN LIMITED.

ററി. കെ. എം. ആർട്ട്സ്

# വിഷം! വിഷം! വിഷം!

ഷാനവാസ്
ഫസ്റ്റ് A2

ചുവന്നതും പച്ചയും നീലയും റോസപ്പൂക്കൾ വിടർന്നുവിലസുന്നു. എന്തൊരുഭംഗി! ഒന്നുമണപ്പിക്കണം അല്ലേ?

അയ്യോ പാടില്ല.

കളകളം പാട്ടുപാടി നദിയൊഴുകുന്നു. എന്താ മുങ്ങിക്കുളിച്ചു മദിക്കാൻ തോന്നുന്നുണ്ടോ?

എന്നാലാമോഹമങ്ങു കളഞ്ഞേരെ. ഇക്കിളിയുള്ള കുളിർക്കാററ് വീശുമ്പോൾ ആവോളം വലിച്ചുകേററി ആസ്വദിക്കണമെന്നുണ്ടോ? പാടില്ല അതിലൊക്കെ വിഷമുണ്ട്.

അറബിക്കഥയല്ല കാര്യമാപറയുന്നത് വിഷം നിങ്ങളേയും, എന്റെയും മനസ്സിനേയും, ശരീരത്തേയും ഗ്രസിച്ചുകഴിഞ്ഞിരിക്കുന്നു. നമുക്കിനി തിരികേപ്പോകാനാവില്ല അക്കഥപറയട്ടെ. പൈങ്കിളികൾ പാടാത്ത വസന്തത്തിന്റെ കഥ പറയാം പറഞ്ഞുപഴകാത്തതുകൊണ്ടു പറയാം.

**കലാകാരൻമാരോട്:-**

ഞാനൊരു ഏകാന്തപഥികൻ, എന്റെ സൃഷ്ടികൾ—അത്യുന്നതങ്ങളിൽ വാഴുന്നു എനിക്കു കിട്ടണം അവാർഡ്. തത്വമിതല്ല. കലാകാരനും, സാഹിത്യകാരനും പ്രകൃതിയോട് ബന്ധമുണ്ട്, അവന്റെ ഭാവനകൾ ചിറകുവിരിച്ചു പറക്കുന്നതിനുള്ള വിഹായസ്സാണ് പ്രകൃതി. അവനീ സമൂഹത്തോടും കടപ്പാടുണ്ട്.

നിങ്ങളൊരു നിമിഷമൊന്ന് തിരിഞ്ഞു നോക്കൂ. ഇല്ല നിങ്ങൾക്കതിനുള്ള ഭാവമില്ലല്ലോ. മുമ്പിലങ്ങ് അവാർഡ്മലകൾ നോക്കിയാണല്ലോ നിങ്ങളുടെ യാത്ര, പിന്നെങ്ങനെ കണ്ണ് പിറകിലോട്ട് വരും. നിങ്ങൾക്കൊരായിരം യക്ഷിഗാഥകൾ ഇനിയും പാടാനിരിക്കുന്നു. അനർത്ഥങ്ങൾ നീട്ടിപ്പാടൂ പക്ഷേ നിങ്ങളോർക്കുക നിങ്ങളുടെ തലയ്ക്കുതൊട്ടു താഴെ ഒരു മിന്നുന്നകോടാലിയുണ്ട്. എന്തുകൊണ്ടാണു നിങ്ങൾ അതിനെപററികവിത ചമയ്ക്കാത്തതു്.

**കഥ**

ഞാനാമൂർച്ചയുള്ള കോടാലിയുടെ കഥ പറയട്ടെ

പണ്ടു പണ്ട് ഒരു നാടുണ്ടായിരുന്നു അവിടെയെല്ലാം സുന്ദരമായിരുന്നു. പുഞ്ചനെല്ലാടവും, പഞ്ചവർണ്ണക്കിളിയും അവിടെയുണ്ടായിരുന്നു. സുന്ദരിപ്പൂവിനോട് കിന്നാരം പറഞ്ഞ് ചിരിച്ചു പോകുന്ന തേനീച്ചയുണ്ടായിരുന്നു. അവിടെ വസന്തവും കുട്ടികളും ഉണ്ടായിരുന്നു. കാടും കാട്ടാറുമവിടെ ഉണ്ടായിരുന്നു. അവിടെ എല്ലാമുണ്ടായിരുന്നു. ഇന്നവിടെ വില്ലൻ വന്നു. അവിടമെല്ലാം വിരൂപമായി. കുട്ടികൾ വീണുമരിച്ചു പക്ഷികൾ പാടാതെ പിടഞ്ഞു മരിച്ചു, വസന്തം നിത്യശിശിരമായ്, കുളങ്ങളിൽ മീനുകൾ ചത്തു മലച്ചു. അവിടെ ഒന്നുമില്ലാതായ്. ഇതുപോലൊരായിരം നാടുകളെ ഇല്ലാതാക്കിയ വില്ലനൊരു വില്ലനാണ്. അവനൊരു വില്ലന്റെ സൃഷ്ടി. പക്ഷേ 'പോൾമുള്ളർ' നിരപരാധിയാണ്. നമ്മെ വളർത്താനാണ് തളർത്താനല്ല കണ്ടുപിടിച്ചത്. പാടാത്തപൈങ്കിളിമാരെ സൃഷ്ടിച്ച D. D. T. വില്ലന്റെ കഥ ഇനി കടപ്പത്തിൽപ്പറയാം.

**ഒരായിരം കദനകഥകൾ**

ഡി. ഡി. ററി. നമ്മൾ വിതച്ചു ഡി. ഡി. ററി. നമുക്ക് കൊയ്യാം.

എലിയെക്കൊല്ലാൻ ഇല്ലം ചുടുന്ന രീതി എളിയ നിലയിലാണ് തുടങ്ങിയത്. അതായതു കീടനാശിനിപ്രയോഗം ആദ്യം ചെറിയതോതിലായിരുന്നു. അമേരിക്കയിലാണ് ആദ്യ അരങ്ങേററം. ജിപ്സിമോത്ത് എന്ന പ്രാണിക്കെതിരായും ഫയർആൻറ് എന്ന ഉറുമ്പിനെതിരായുമാണു ആദ്യമായി പ്രയോഗിച്ചത്. ഫലപ്രദം എന്നുകണ്ടപ്പോൾ വിശാലമായി കീടാനാശിനി തളിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. എണ്ണയിൽക്കലർത്തിയ ഡി. ഡി. ററി. കുളങ്ങളിലും പരക്കെ തളിച്ചു. അവിടുണ്ടായിരുന്ന പക്ഷികളെല്ലാം പിടഞ്ഞുവീണു മരിച്ചു. അവിടത്തെ വസന്തം നിശബ്ദമായ്.

ഇതിനിടയിൽ കീടനാശിനി പ്രയോഗത്തിന് ലോകത്തിലെല്ലായിടത്തും നല്ല പ്രചാരം കിട്ടിയിരുന്നു. 'ഇലിനോയ്സ്' യൂണിവേഴ്സിററി വളപ്പിൽ 1951 ലാണ് എം മരങ്ങൾക്കു രോഗം കണ്ടത്. 1953 ൽ മരുന്നുതളി തുടങ്ങി. പക്ഷേ 1959 ആയപ്പോഴേക്കും 89 ശതമാനം മരങ്ങളും അപ്രത്യക്ഷമായി. ഫ്രാൻസ്സിൽ മുന്തി

രി വള്ളികൾക്ക് തളിച്ച മരുന്നാണ് പക്ഷികളെ നശിപ്പിച്ചത്.

ഒരു ഡോക്ടറുണ്ടായിരുന്നു. അദ്ദേഹത്തിനു കമ്പം പൂന്തോട്ടത്തിലായിരുന്നു. ആഴ്ചതോറും സകലചെടികളിലും, പുൽത്തകിടിയിലും ഡി. ഡി. റ്റി യും മാലത്തിയോണും തളിക്കുമായിരുന്നു. ഒരു സ്പ്രെയർ ഉപയോഗിച്ച് മരുന്നു തളിക്കുമ്പോൾ മിക്കപ്പോഴും അദ്ദേഹത്തിന്റെ ഉടുപ്പിലും, ദേഹത്തിലുമൊക്കെ വീഴുമായിരുന്നു. അദ്ദേഹം അതത്രകാര്യമാക്കിയില്ല. ഒരു ദിവസം അദ്ദേഹം ബോധം കെട്ടുവീണു. ആശുപത്രിയിലെ രക്തപരിശോധനയിൽ കണ്ടതു അമിതമായതോതിൽ ഡി. ഡി. റ്റി. രക്തത്തിൽ കലർന്നിരിക്കുന്നു. മാംസപേശികൾക്കും ഞരമ്പുകൾക്കും കേട് വന്നിരിക്കുന്നു. ഇതാണ് ഒരു ഡോക്ടറുടെ കഥയെങ്കിൽ സാധാരണക്കാരന്റേതോ?

ഇന്നെത്ര ലാഘവബുദ്ധിയോടെയാണ നാമൊക്കെ വിഷം ചോദിച്ചുവാങ്ങുന്നത്. അടുക്കളയിൽപ്പോലും വിഷം വിതറുന്നതു ഇന്നൊരു പരിഷ്ക്കാരമായിരിക്കുന്നു. കയ്യെത്തിക്കാനോ, വിരൽ കടത്താനോ പററാത്ത മൂക്കിലും മൂലയിലും വിഷപ്പുകതുപ്പുന്ന ഉപകരണങ്ങളെത്ര സുലഭം. തോട്ടമുണ്ടാക്കൽ ഇന്ന് വിഷം കൈകാര്യം ചെയ്യലുമായി ബന്ധം സ്ഥാപിച്ചിരിക്കുന്നു. തോട്ടത്തിലെ സകല ചെടികളും വളരുന്നതുപോലും കീടനാശിനികളുടെ സംരക്ഷണയിലാണെന്ന് നാം പരിപൂർണ്ണമായും വിശ്വസിച്ചിരിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ ശരീരത്തുകൂടി ഒന്നു സ്പ്രേചെയ്ത് മിനുങ്ങിയാൽ കൊള്ളമെന്നുള്ള ആഗ്രഹമില്ലേ?

## വിഷം വിഷം വിഷം

പണ്ടൊക്കെ കീടനാശിനിയായ് ഉപയോഗിച്ചതു അകാർബണിക പദാർത്ഥങ്ങളായിരുന്നു. പക്ഷേ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം കാർബണിക യൗഗികങ്ങൾ ആ സ്ഥാനം ഏറെറടുത്തു. പുതിയ കീടനാശിനികൾ ക്ലോറിനേററ് ചെയ്ത് കാർബണുകൾ, ഓർഗാനോ ഫോസ്ഫറസുകൾ എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു

## അകാർബണിക കീടനാശിനികൾ

ഇവ തൊലിയിലൂടെ എളുപ്പം ശരീരത്തിൽ പ്രവേശിക്കും.

വായുവിലൂടെ ഉള്ളിൽ ചെന്നാൽ ശ്വാസകോശം വലിച്ചെടുക്കും.

ശരീരത്തിലെ അന്തഃസ്രാവിഗ്രന്ഥി, അഡ്രിനൽ ഗ്രന്ഥി, തൈറോയ്ഡ് ഗ്രന്ഥി ഇവകളിൽ ഒരു സ്ഥിര നിക്ഷേപമായികിടക്കും.

അടിനൽ ഗ്രന്ഥിയിൽ ഒരു പ്രത്യേകതരം ഹോർമോൺ ഉല്പാദിപ്പിക്കുന്ന ഭാഗത്തെ ഈ വിഷം കേടുവരുത്തും. അങ്ങനെയാണ് ജന്തുജാലങ്ങൾ ചത്തൊടുങ്ങുന്നത്. ഈ വിഭാഗം വിഷങ്ങളിൽ ആംഫാനാഫ്ത്തിലിൻ മനുഷ്യരിൽ മഞ്ഞപ്പിത്തം പോലുള്ള ഒരു കരൾ രോഗമുണ്ടാക്കുന്നു. ആൽഡ്രിൻ, എൽഡ്രിൻ, ഡയെൽഡ്രിൻ ഞരമ്പുകളെ ബാധിച്ച് ഒരുതരം കോമ്പലുണ്ടാകും; കരളിനേയും, വൃക്കകളേയും ബാധിക്കും, വന്ധ്യതയുണ്ടാക്കും.

രണ്ടാമത്തെ വിഭാഗമായ ഓർഗ്ഗാനിക് ഫോസ്ഫറസുകളാണ് ലോകത്തിലേക്കേററവും കൂടിയ വിഷപദാർത്ഥം. പാരത്തിയോൺ, മാലത്തിയോൺ എന്നിവ ഇവയിൽപ്പെടും. പാരത്തിയോണിന്റെ ദോഷഫലങ്ങളെക്കുറിച്ച് ഗവേഷണംനടത്തിയിരുന്ന ഒരു ശാസ്ത്രജ്ഞൻ ഒരിക്കൽ 0.00424 ഔൺസ് പാരത്തിയോൺ കഴിച്ചു നോക്കി; മറുമരുന്ന് അടുത്തുതന്നെ കരുതിയിരുന്നതെങ്കിലും അതെടുത്തു കഴിക്കുന്നതിനു മുമ്പ് അദ്ദേഹം മരിച്ചുവീണു. പാരത്തിയോണിന്റെ കഥ ഇങ്ങനെയെങ്കിൽ മാലത്തിയോണിന് ഇത്ര വലിയ വിഷമില്ല. ഇതിനെ ഒരു പരിധിവരെ ചെറുത്തുനില്ലാൻ കരളിനു കഴിവുമുണ്ട്. മനുഷ്യശരീരത്തിലെ ഏററവും വലിയ അവയവമാണല്ലോ കരൾ. കീടനാശിനികൾ ബാധിക്കുന്നതും ഈ ഭാഗത്തുതന്നെയാണ്. കരളിനു ചെറിയൊരു കേടുവന്നാൽ മതി മനുഷ്യജീവൻ അപകടപ്പെടും. ഇന്നു മാരകമായി വർദ്ധിച്ചുവരുന്ന കരൾ രോഗങ്ങൾക്കു കാരണം കീടനാശിനികളുടെ അമിതമായ പ്രയോഗമാണ്. നാഡീവ്യൂഹത്തേയും ഈ വിഷം ബാധിക്കുന്നതുമൂലം മാനസീക അസുഖങ്ങൾ അനുഭവപ്പെടുന്നു. കുറച്ചു പ്രാണികളെ കുറേ നാളത്തേക്ക് അകററി നിർത്തുവാൻ ചെയ്ത വേലയ്ക്കു പ്രതിഫലമാണിത്.

മനുഷ്യൻ ഈ ഭൂതലത്തിൽ നിലവിൽ വന്നതു മുതൽ അവൻ പ്രകൃതിയെ നശിപ്പിക്കാനാരംഭിച്ചു. ഭൂമുഖത്തിലെ ജീവജാലങ്ങളെല്ലാം ഒരു ചങ്ങലയിലെ കണ്ണിപോലെ തമ്മിൽ ബന്ധമുണ്ടെന്ന കാര്യം അവൻ മറന്നു. ഇതിലോരോ കണ്ണിക്കും അതിന്റേതായ സ്ഥാനമുണ്ട്. ഏതെങ്കിലുമൊന്നു റ്റുപോയാൽ തുടന്നുള്ള ഭാഗങ്ങൾക്ക് ഉലച്ചിൽ തട്ടും. അക്കാര്യമോർക്കാതെ ഈച്ചയും പൂച്ചയും കൊള്ളില്ല, ചാഴിയും ഇരപ്പനും നമുക്കുവേണ്ട. ആയതിനാൽ മൂക്കിൽ വന്നുപററിയ ഈച്ചയേ വാളെടുത്തു വെട്ടികൊല്ലാൻ ഒരുമ്പടരുത്. ''പ്രകൃ



Scanned with OKEN Scanner

തിയെ കീഴടക്കുക എന്നതു ധിക്കാരത്തിന്റെ പ്രതീകമാണ്. പ്രകൃതി മനുഷ്യന്റെ മാത്രം സൗകര്യത്തിനുള്ളതാണെന്നുള്ള ബോധമാണ് ഈ മുദ്രാവാക്യത്തിന്റെ അടിസ്ഥാനം. കീടങ്ങളെ നശിപ്പിക്കാൻ മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുക എന്നതു ശാസ്ത്രത്തിന്റെതന്നെ കാടത്തരമാണ്. ഇത്രയും ക്രൂരതയോട് തന്റെ വംശത്തോട് തന്നെ യുദ്ധം പ്രഖ്യാപിക്കുന്ന മനുഷ്യൻ ബുദ്ധിമാനാണെന്ന് ആർക്കു് കരുതാൻകഴിയും എന്നുള്ള 'ചിന്ത'. റേച്ചൽ കാർസൺ'ന്റെ വാക്കുകൾ നാശത്തിന്റെ അഗാധഗർത്തങ്ങളിൽ നിന്നെങ്കിലും നമ്മളോർക്കുന്നതു കൊള്ളാം''.





ദി ട്രാവൻകൂർ കൺഫക്ഷനറി വർക്ക്സ്
കൊല്ലം-1

# കെൽട്രോൺ.....

**കേരളത്തിന്റെ വ്യവസായവൽക്കരണത്തിന്
നിസ്തുലമായ സേവനം.**

- സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പതിമൂന്ന് ഫാക്ടറികൾ.
- മൂവായിരത്തിലേറെപ്പേർക്ക് തൊഴിൽ.
- അനുബന്ധ വ്യവസായങ്ങൾ വഴി പതിനായിരത്തിലേറെപ്പേർക്ക് പരോക്ഷമായ തൊഴിലവസരങ്ങൾ.
- കേരളത്തിലങ്ങോളമിങ്ങോളം വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്ക് സഹായം.
- ഭാരതത്തിലെ വിവിധ വിദ്യുച്ഛക്തി ബോർഡുകൾക്കും താപ വൈദ്യുതനിലയങ്ങൾക്കും, പ്രോസസ് വ്യവസായങ്ങൾക്കും കേരളത്തിൽ നിർമ്മിച്ച ഉപകരണങ്ങൾ.
- വിററുവരവിൽ ഏഴ് വർഷങ്ങൾക്കുള്ളിൽ പതിനാറ് കോടി രൂപയുടെ വർദ്ധനവ്.

റ്റി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner

# ആർട്ട്സ് ക്ലബ്ബ് സെക്രട്ടറിയുടെ ഡയറിക്കുറിപ്പുകൾ

1981 ഒക്ടോബർ മാസം 6–ാംതീയതി നടന്ന കോളേജ്യൂണിയൻ തെരഞ്ഞെടുപ്പിൽ, കെ.എസ്.യു. (ഐ) സ്ഥാനാർത്ഥിയായ മുഹമ്മദ്ഷാഫി (രണ്ടാം വർഷ സസ്യശാസ്ത്ര വിദ്യാർത്ഥി) ആർട്ട്സ് ക്ലബ്ബ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. കൊല്ലം ററി. കെ. എം. കോളേജിലെ വിദ്യാർത്ഥികളുടെയും വിദ്യാർത്ഥിനികളുടെയും കലാമൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, ആർട്ട്സ് ക്ലബ്ബിൻെറ പ്രവർത്തനങ്ങൾ, കാര്യക്ഷമമാക്കുവാൻ, കൊടിയുടെ നിറമോ, മററു രാഷ്ട്രീയതയോ നോക്കാതെ പ്രവർത്തിക്കുവാൻ അന്നുതന്നെ ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി എന്ന നിലയിൽ പ്രതിജ്ഞയെടുത്തു. മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ പരിമിതമായ പ്രവൃത്തിദിവസങ്ങളേ ലഭിച്ചുള്ളുവെങ്കിലും, വളരെയധികം നേട്ടങ്ങൾ ഇത്തവണ ആർട്ട്സ് ക്ലബ്ബിനു് നിരത്തിവെയ്ക്കുവാനുണ്ട്.

20-11-81—ആർട്ട്സ് ക്ലബ്ബിൻെറ ഭാഗമായി സംഗീത കലയിൽ വാസനയുള്ള 15–ൽ പരം വിദ്യാർത്ഥി വിദ്യാർത്ഥിനികളെ ചേർത്തുകൊണ്ട് ''മ്യൂസിക് ക്ലബ്ബ്''' രൂപീകരിച്ചു.

23-11-81—ആർട്ട്സ് ക്ലബ്ബിനോടനുബന്ധിച്ച്, ഒരു ''ക്വിസ് ക്ലബ്ബ്''' രൂപീകരിച്ചു. ക്വിസ് ക്ലബ്ബിൽ 10–വിദ്യാർത്ഥികൾ അംഗങ്ങളായിരുന്നു. ഈ വർഷത്തെ ക്വിസ് ക്ലബ്ബിലെ അംഗങ്ങൾക്ക വളരെയേറെ നേട്ടങ്ങൾ കോളേജിനുവേണ്ടി നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

28-11-81—കോളേജ് യൂണിയൻ ഉത്ഘാടനത്തിനോടനുബന്ധിച്ച്, ഈ കോളേജിലെ ''ആർട്ട്സ് ക്ലബ്ബി''ൻെറ ഉത്ഘാടനം, സുപ്രസിദ്ധ സിനിമാതാരം ''കുമാരി ജലജ'' നിർവ്വഹിക്കുകയുണ്ടായി. കലാകാരന്മാരെയും, കലാകാരികളെയും പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഈ കോളേജിലെ ആർട്ട്സ് ക്ലബ്ബിനു എല്ലാവിധ ആശംസകളും ഉത്ഘാടന പ്രസംഗത്തിൽ ശ്രീമതി ജലജ നേരുകയുണ്ടായി.

യൂണിയൻെറയും, ആർട്ട്സ് ക്ലബ്ബിൻെറയും ഉത്ഘാടനത്തിനുശേഷം, കോളേജ് മ്യൂസിക് ക്ലബ്ബിൻെറ ഗാനമേളയും, ഡ്രാമാററിക് ക്ലബ്ബിൻെറ ''അക്ഷരത്തിൻെറ പ്രതിദ്ധ്വനി'' എന്ന നാടകവും, മററു കലാപരിപാടികളും ഉണ്ടായിരുന്നു.

28-11-81—Y. M. C. A. യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഇൻറർ കോളേജിയേററ് ലളിതഗാന മത്സരത്തിൽ നമ്മുടെ കോളേജിലെ മൂന്നാം വർഷ ബോട്ടണി വിദ്യാർത്ഥിയായ സതീശൻ എ. ഒന്നാം സമ്മാനം നേടുകയുണ്ടായി.

30-11-81—ആാ ഇന്ത്യാ റേഡിയോ–തിരുവനന്തപുരം നിലയം നടത്തിയ ക്വിസ് മത്സരത്തിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ച ടീം (മൂന്നാം വർഷ B. Com. വിദ്യാർത്ഥി മുഹമ്മദ്ഷരീഫും, രണ്ടാം വർഷ B. Com. വിദ്യാർത്ഥി ഫസിലുദ്ദീനും) രണ്ടാം സ്ഥാനം നേടുകയുണ്ടായി.

4-12-81—കൊല്ലം ജേസീസ് ക്ലബ്ബ് നടത്തിയ കലോത്സവത്തിൽ നമ്മുടെ കലാകാരന്മാരും കലാകാരികളും, ജേസീസ് ക്ലബ്ബ് ഭാരവാഹികളുടെ പ്രശംസകൾ പിടിച്ചുപററുകയുണ്ടായി.

17-12-81—മുൻകൊല്ലങ്ങളെ അപേക്ഷിച്ച നമ്മുടെ ആർട്ട്സ് ടീം, യൂണിവേഴ്സിററി യൂണിയൻ കലോത്സവത്തിൽ ഉയർന്ന നിലവാരം പുലർത്തി. കൂടുതൽ പ്രോത്സാഹനം നൽകുകയാണെങ്കിൽ നമ്മുടെ കോളേജിനു് ഇനിയും നല്ലനിലവാരം പുലർത്താൻ കഴിയും എന്നുള്ളതു് ഒരു സത്യമായി നിലനില്ക്കുന്നു.

27-1-82—കേരളാ യൂണിവേഴ്സിറ്റി യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ നാടക മത്സരത്തിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ച കലാകാരന്മാർ "അക്ഷരത്തിന്റെ പ്രതിധ്വനി" എന്ന നാടകം അവതരിപ്പിച്ചു. അവതരണത്തിൽ നമ്മുടെ നാടകത്തിന് നാലാം സ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു.

28-1-82—കേരളാ യൂണിവേഴ്സിറ്റി യൂണിയൻ നടത്തിയ "ഫിലിം ഗ്യാലപ്പ് പോളിൽ" നമ്മുടെ കോളേജിലെ മുന്നൂറോളം വിദ്യാർത്ഥികൾ അപേക്ഷകൾ അയച്ച് പങ്കെടുക്കുകയുണ്ടായി.

29-1-82—അലയൻസ് മാതൃഭൂമി സ്റ്റഡിസർക്കിൾ നടത്തിയ ക്വിസ് മത്സരത്തിൽ നമ്മുടെ കോളേജിലെ മൂന്നാം വർഷ ബി. കോം വിദ്യാർത്ഥിയായ മുഹമ്മദ്ഷരീഫ് രണ്ടാം സ്ഥാനം നേടുകയുണ്ടായി.

2-3-82—നമ്മുടെ കോളേജിലെ വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്കുവേണ്ടി. കോളേജ് കാമ്പസിലെ പ്രകൃതി ദൃശ്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള, ഒരു ഫോട്ടോഗ്രാഫി മത്സരം നടത്തുകയുണ്ടായി.

6-3-82—കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച "ഹേതി" എന്ന കയ്യെഴുത്തുപ്രതിയുടെ ഉത്ഘാടനം, ബഹുമാനപ്പെട്ട പ്രിൻസിപ്പാളിന് നൽകിക്കൊണ്ട് സുപ്രസിദ്ധ സിനിമാതാരം ശ്രീ. ജഗതി ശ്രീകുമാർ നിർവ്വഹിച്ചു.

6-3-82—"പഠന മാദ്ധ്യമം മലയാളത്തിലോ?" അതോ ഇംഗ്ലീഷിലോ? എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഡിബേററ് സംഘടിപ്പിച്ചു. ഇംഗ്ലീഷ് ഭാഷയെ അനുകൂലിച്ച് പ്രൊഫ: M. A. ഫത്താഹും, മലയാള ഭാഷയെ അനുകൂലിച്ച് Dr. G. സുലേഖയും പങ്കെടുത്തു സംസാരിച്ചു. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭൂരിപക്ഷം വിദ്യാർത്ഥി–വിദ്യാർത്ഥിനികളും പഠന മാദ്ധ്യമം ഇംഗ്ലീഷിൽ തന്നെയായിരിക്കണമെന്നു വാദിച്ചു.

22-3-82—കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ നാടകോത്സവം ബഹു: പ്രിൻസിപ്പാൾ ഉത്ഘാടനം ചെയ്യുകയുണ്ടായി. നാടകോത്സവത്തിൽ നമ്മുടെ കോളേജിലെ 80–ൽപരം കലാകാരന്മാരും കലാകാരികളും ഉൾപ്പെട്ട 13 നാടകങ്ങൾ ഉണ്ടായിരുന്നു. അവതരണത്തിനുള്ള 1-ാമത്തു നാടകമായി "വിശപ്പ്" എന്ന നാടകവും, രണ്ടാമത്തു നാടകമായി "വാഴുന്നോർ" എന്ന നാടകവും തിരഞ്ഞെടുത്തു.

24-3-82—മാർച്ച് 18, 22, 23, 24 തീയതികളിൽ നടന്ന കലോത്സവത്തിൽ ചിലങ്കയിട്ടും, വേഷമണിഞ്ഞും, സ്വരമാധുരികാഴ്ചവെച്ചും, മററും 800–ൽ പരം കലാകാരന്മാരും, കലാകാരികളും അരങ്ങു തകർക്കുകയുണ്ടായി. മുൻവർഷങ്ങളെ അപേക്ഷിച്ച് ഇപ്രാവശ്യം പതിമൂന്നു പുതിയ ഇനങ്ങൾ ഉൾപ്പെടെ 36–ഇനങ്ങളിൽ മത്സരം നടത്തുകയുണ്ടായി.

ഒന്നും, രണ്ടും, മൂന്നും, സമ്മാനങ്ങളിലൂടെയും, ഗ്രൂപ്പ് ഇനങ്ങളിലൂടെയും 141–പേർ സമ്മാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി. 1981–82 വർഷത്തെ ആർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതുമുതൽ 24–3–82–ൽ ആർട്ട്സ്ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സമാപിക്കുന്നതുവരെയും ഉള്ള സമയത്തിനിടയ്ക്ക്—"റൊട്ടറാക്ട് ക്ലബ്ബ്—കൊച്ചിൻ" "സ്റ്റാലിയൻസ് ഇൻറർ നാഷണൽ–കൊച്ചിൻ ചാപ്റ്റർ" "അലിൻഡ് റെക്രിയേഷൻ ക്ലബ്ബ്–കുണ്ടറ" എന്നീ സാംസ്കാരിക സംഘടനകൾ നടത്തിയ വിവിധ മത്സരങ്ങളിലും നമ്മുടെ കലാകാരന്മാരും കലാകാരികളും പങ്കെടുക്കുകയുണ്ടായി.

24–3–82–ൽ രാവിലെ നടന്ന, കോളേജ് യൂണിയന്റെ സമാപന സമ്മേളനം, കോളേജ് യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ— Dr. വെള്ളായണി അർജ്ജുനൻ ഉത്ഘാടനം ചെയ്തു. ആർട്ട്സ് ക്ലബ്ബിന്റെ സമാപന സമ്മേളനം സുപ്രസിദ്ധ സിനിമാതാരം ശ്രീ. അസീസ് ഉത്ഘാടനം ചെയ്തു.

കോളേജ് യൂണിയൻ കലോത്സവത്തിൽ വിവിധ സമ്മാനങ്ങൾ നേടിയ കലാകാരന്മാർക്കും, കലാകാരികൾക്കും Dr. വെള്ളായണി അർജ്ജുനൻ സമ്മാന ദാനം നിർവ്വഹിക്കുകയുണ്ടായി.

വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന കലാകായിക സാംസ്കാരിക വാസനകളെ പരിപോഷിപ്പിക്കുന്നതോടൊപ്പം ജനാധിപത്യ കളരിയുടെ പ്രഥമ പാഠങ്ങൾ വിദ്യാർത്ഥികൾക്കു മനസ്സിലാക്കിക്കൊടുക്കുവാൻകൂടി ഇത്തവണ കോളേജ് യൂണിയനും ആർട്ട്സ് ക്ലബ്ബിനും കഴിഞ്ഞുവെന്നതു ചാരിതാർത്ഥ്യജനകമാണ്.

ററി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner

# ഉന്മാദഗീതം

—ഷിറാസ്, സെക്കൻറ് A3—

മുളം കത്തിപ്പായുമീക്കാട്ടുചോലതൻ തീരം
കാലം കൂട്ടംതേറാവാൻ പിടയുന്നൊരുനേര തീരം
ചോരപുരണ്ടിട്ടാചക്രവാളം ചെമന്നനേരം
മരണം പോലുമൊരുപോളക്കണ്ണടയ്ക്കാതൊരീ-
ത്തീരത്തെ,ൻ തുമ്പിച്ചൊരമ്പലം—പുറമ്പലം
തിരയുന്നു,വെൻ തീരാവ്യാധികൾതൻ ഭാരകം.

കമലേ,യീക്കാട്ടുചോലതൻ കലമ്പലിൽ
ഓമലാറം നീ നീരാട്ടാടിയ നാളുകൾ,
മൗനം ചിരിക്കുവാൻ മറന്നിടും നേരങ്ങളിൽ
മാനംനോക്കി നാം കിടന്നോരു നാളുകൾ;
ഓമലേ,യോർമ്മതൻ താളിയോലകൾ തുറക്കുമ്പോൾ
ഒരിക്കലും ചീന്തിയെറിയാനാവാത്ത താളുകളല്ലോ.



കാവും, കാവിൻെറയോരത്തായൊ,രരയാലും,
കാവടികെട്ടിയാടും ഭൂതം തൻ തെയ്യവും,
കാവിൻെറയുമ്മറപ്പടിയിലിരിക്കും വൃദ്ധതൻ
കരങ്ങളിൽച്ചിരിക്കുന്നൊരർച്ചന പൂക്കളും, ഭസ്മവും.

ദേവീ, നീ നിൻ പ്രതിഷ്ഠയുപേക്ഷിച്ചൊരെൻ
കാവിലിനിയെന്തിനാണൊരു തെയ്യം? പിന്നെ-
പ്പുഷ്പാർച്ചനയു,മെൻ പ്രണയത്തിൻ വേദവും
കല്പവൃക്ഷങ്ങളുമെനിക്കെന്തിനെ,ന്നമ്പലത്തിൽ?

കാലചക്രം കറങ്ങിടാനനിവാര്യമെന്നപോൽ
കാലൻകോഴികൂവിപ്പറയുന്നെൻ മൃത്യുവിൻ ഗീതം
കലങ്ങിമറിഞ്ഞൊരെൻ മനസ്സിലെ കാവിൻെറ മുററത്ത്
കിടക്കവിരിക്കുന്നു—നിസ്സംഗനാം മനസ്സാക്ഷി.

കരിഞ്ഞപുല്ലുകൾ കടിച്ച് തുപ്പുന്ന കാളകൾ
കരിമ്പനപ്പട്ടകൾ കാററിലുലയുന്നുവോ?
ആരോപരിഹാസം പുരട്ടിച്ചിരിച്ചുവോ?
കരിന്തിരി കത്തിടും, ബോധത്തെയുതികെടുത്തുവാൻ
നേരമായ്,- ചിതാഭസ്മമീ കാലത്തിൻ തിരു-
നെററിയിൽ ചാർത്തുവാൻ സമയമായ്,—വിട!



Scanned with OKEN Scanner



# ഭാരതം വളരട്ടെ

അതിപ്രാചീനമായ കാലത്തുപോലും വിദേശിയരുടെ ശ്രദ്ധ ആകർഷിച്ച ഒരു രാജ്യമായിരുന്നു ഭാരതം. വിശേഷിച്ചും കേരളം, അന്നത്തെ ഭാരതത്തിന്റെ ഭൂപ്രകൃതിയേക്കുറിച്ചും സാമൂഹ്യവും, സാംസ്കാരികവുമായ അവസ്ഥകളെക്കുറിച്ചും വിദേശിയരുടെ വിവരണങ്ങളിൽനിന്നും മനസ്സിലാക്കാം. വാല്മീകി, വ്യാസൻ, കാളിദാസൻ തുടങ്ങിയ മഹാകവികളുടെ സാഹിത്യസാമ്രാജ്യങ്ങളിൽനിന്നും പലതും നമുക്ക് ലഭിക്കുന്നു. ചരിത്രപരമായും, ശാസ്ത്രപരമായും ഭാരതം മികച്ച ഒരു രാജ്യംതന്നെയായിരുന്നു. ആർഷഭാരതത്തിന്റെ ഇന്നത്തെ നില ലോകരാഷ്ട്രങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ അത്ര മെച്ചപ്പെട്ടതല്ല എന്ന് കാണാൻ കഴിയും. ഒരു രാജ്യത്തിന്റെ സാമ്പത്തികവും, രാഷ്ട്രീയവും, സാമുദായികവുമായ ഉയർച്ചയ്ക്ക് പ്രധാന കാരണം ആ രാജ്യത്തിലെ പൗരന്മാരാണ്, വിദ്യാസമ്പന്നരായ പൗരന്മാർ. ഇന്ത്യൻ സ്റ്റേറ്റുകളിൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്.

തരിശുഭൂമിയിൽ തങ്കംവിളയിക്കണം, വയലേലകൾ എല്ലാം ഐശ്വര്യകേദാരങ്ങളാകണം, ഫാക്ടറികൾ പ്രയത്നത്തിന്റെ പ്രതീകമാകണം. ഇന്ത്യൻ ജനതയുടെ ഹൃദയങ്ങളിൽ പുതിയ ഒരാവേശം ഉണരട്ടെ. കഴിഞ്ഞ കാൽനൂറ്റാണ്ടുകളിൽ കള്ളപ്പണക്കാരനും, കരിഞ്ചന്തക്കാരനും സൈ്വരസല്ലാപം നടത്തുകയായിരുന്നു. ഇവിടെ ആ നിലയ്ക്ക് അനിവാര്യമായും ഒരു മാറ്റമുണ്ടാകണം. ഇതിനെല്ലാം ആവശ്യം? വിവേകാനന്ദൻ പറഞ്ഞതുപോലെ ഒരു പോസിറ്റീവ് എഡ്യൂക്കേഷൻ ആണ്.

വ്യക്തിയുടെയും, രാഷ്ട്രത്തിന്റേയും വികാസം വിദ്യാഭ്യാസത്തെ ആശ്രയിച്ചുനില്ക്കുന്നു. വ്യക്തിത്വം വികസിപ്പിക്കുന്നതും സാമൂഹ്യവ്യവസ്ഥിതിക്ക് രൂപംനൽകുന്നതും വിദ്യാഭ്യാസമാണ്. ഓരോ രാഷ്ട്രവും തങ്ങൾ വിഭാവന ചെയ്യുന്ന സാമൂഹവ്യവസ്ഥിതിക്ക് അനുഗുണമായ വിദ്യാഭ്യാസ സമ്പ്രദായമാണ് കൈക്കൊള്ളാറുള്ളത്. നമ്മുടെ രാഷ്ട്രം സോഷ്യലിസം ലക്ഷ്യമായിട്ട് അംഗീകരിച്ചിരിക്കുകയാണ്. എന്നാൽ ഇവിടുത്തെ വിദ്യാഭ്യാസരീതി ഈ ലക്ഷ്യസാക്ഷാൽക്കാരത്തിന് അനുഗുണമാണെന്ന് പറഞ്ഞുകൂടാ. വ്യക്തിഗതമായ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി സംവിധാനം ചെയ്യപ്പെട്ടിട്ടുള്ള പഴയ രീതിയിലുള്ള വിദ്യാഭ്യാസപദ്ധതിതന്നെയാണ് നമുക്ക് ഇപ്പോഴും ഉള്ളത്.


സുധാകരൻപിള്ള എസ്സ്.

സെക്കൻറ് പി. ഡി. സി. ബാച്ച് B3


ഭാവിഭാരതത്തിന്റെ അടിസ്ഥാനശില്പികൾ വിദ്യാർത്ഥികളാണ്. അവരെ കർമ്മശേഷിയുള്ളവരും മൂല്യബോധമുള്ളവരും ആക്കിത്തീർക്കുക എന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഗാന്ധിജിയുടെ ഭാഷയിൽ പറഞ്ഞാൽ കുട്ടികളുടെ മനസ്സിലുള്ളതിൽ ഏറ്റവും നല്ലവയെ പുറത്ത് കൊണ്ടുവരികയാണ് വിദ്യാഭ്യാസം കൊണ്ട് സാധിക്കേണ്ടത്. അറിവ് ശക്തിയാണ്, ആ അറിവാണ് ഏറ്റവും വലിയ നിർമ്മാണശക്തി. അതിനുവേണ്ടിയുള്ള മൗലികമായ ഒരു പരിവർത്തനമാണ് വിദ്യാഭ്യാസരംഗത്ത് ആവശ്യം. വിദ്യാഭ്യാസവിചക്ഷണന്മാരുടേയും, ഭരണാധികാരികളുടേയും ശ്രദ്ധ ഈ രംഗത്ത് പതിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

റ്റി.കെ.എം. ആർട്ട്സ്

Scanned with OKEN Scanner

# കൊല്ലം ടി. കെ. എം. ആർട്ട്സ് ആൻറ് സയൻസ് കോളേജ് നാഷണൽ സർവ്വീസ് സ്കീം

# വാർഷിക പ്രവർത്തന റിപ്പോർട്ട്

പുരോഗതിയിൽനിന്നും പുരോഗതിയിലേയ്ക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കലാലയത്തിലെ നാഷണൽ സർവ്വീസ്സ്കീമിന്റെ ഈ വർഷത്തെ പ്രവർത്തനറിപ്പോർട്ട് നിങ്ങളുടെ മുന്നിൽവയ്ക്കുന്നതു് അതീവ സന്തോഷത്തോടെയാണ്. പെയ്പോയ വർഷങ്ങളിലെ അനുഭവസമ്പന്നതയും കരുത്താർന്ന നേതൃത്വവുമാണ് ഈ പുരോഗതിയുടെ കാരണം. ഈ വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിക്കുന്ന ഏതൊരാൾക്കും അക്കാര്യം നിസ്സംശയം ബോദ്ധ്യപ്പെടും എന്നും ഉറപ്പുണ്ട്.

''വിദ്യാഭ്യാസം സാമൂഹ്യസേവനത്തിലൂടെ, സേവനമാണ് ഞങ്ങളുടെ ലക്ഷ്യം'' എന്ന ഉറച്ച മുദ്രാവാക്യവുമായി കലാലയ വിദ്യാഭ്യാസത്തിനോടൊപ്പം സാമൂഹ്യപ്രശ്നങ്ങളെ മനസ്സിലാക്കാനും ഒരു പരിധിവരെ അവയ്ക്ക് പരിഹാരം കാണാനും വിദ്യാർത്ഥികളെ സജ്ജമാക്കുക എന്ന പൊതുലക്ഷ്യവുമായി പരിപക്വമായ നേതൃത്വത്തിൻകീഴിൽ കഴിഞ്ഞ പത്തുവർഷമായി ഈ കലാലയത്തിലെ നാഷണൽ സർവ്വീസ്സ്കീം സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചുപോരുന്നു. പത്താംവർഷത്തിന്റെ മഹനീയനാളുകളിൽ പിന്നിട്ട വർഷങ്ങളുടെ തുടർച്ചയെന്നോണം പ്രവർത്തനപാതയിൽ പുതിയൊരദ്ധ്യായം രചിക്കത്തക്കരീതിയിൽ ക്രിയാത്മകമായ പല പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കുകയുണ്ടായി.

ഷിഫ്റ്റ്സമ്പ്രദായത്തിന്റെ ആവിർഭാവത്തോടുകൂടി നാഷണൽ സർവ്വീസ്സ്കീം അംഗങ്ങളുടെ എണ്ണം വർദ്ധിച്ചു. പരിമിതമായ കഴിവുകൾക്കുള്ളിൽനിന്നാണെങ്കിൽപോലും, യൂണിവേഴ്സിറ്റി അംഗീകരിച്ച മൂന്നു യൂണിറ്റുകളിലായി 400–ൽപരം വിദ്യാർത്ഥികൾ ഈ കലാലയത്തിലെ നാഷണൽ സർവ്വീസ്സ്കീമിൽ പ്രവർത്തിക്കുന്നു. N. S. S. വോളൻറിയേഴ്സ് ആകണമെന്നാഗ്രഹിച്ച ബഹുഭൂരിപക്ഷത്തിനും അംഗത്വം നൽകാൻ കഴിയാത്തതിൽ ഞങ്ങൾക്കതീവ വേദനയുണ്ട്. എങ്കിലും മറ്റൊന്നുകൂടി, വിദ്യാർത്ഥികളിലെ ജന്മസിദ്ധമായ സദ്‌വാസനകളെ വേണ്ടവിധത്തിൽ തിരിച്ചുവിടാൻ കഴിഞ്ഞു എന്നുള്ളതിൽ അതീവ സന്തുഷ്ടരാണ്.

ഈ അദ്ധ്യയനവർഷാരംഭത്തിൽതന്നെ പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി കോളേജ് പ്രിൻസിപ്പാൾ പ്രൊഫ: എസ്. എം. സെയിനുല്ലാബ്ദീൻ അദ്ധ്യക്ഷനായി കോളേജ് ഉപദേശകസമിതി രൂപീകരിച്ചു. പ്രൊഫ: ബഷീർകുഞ്ഞ്, പ്രൊഫ: മക്ബൂൽ റസ്വി, പ്രൊഫ: മുഹമ്മദുകുഞ്ഞു്, പ്രൊഫ: ആർ. എസ്. എസ്. പിള്ള, ശ്രീ. മുകുന്ദൻ, ശ്രീ. നൗഷദ്, ശ്രീ. അബ്ദുൽമുനാഫ്, പ്രോഗ്രാം ആഫീസറന്മാരായ പ്രൊഫ: എസ്. ഖാദിർ, ശ്രീ. അഹമ്മദുകുഞ്ഞു്, ശ്രീമതി ബീനാബീഗം, വോളൻറിയർ സെക്രട്ടറിമാർ, കോളേജ് യൂണിയൻ ചെയർമാൻ തുടങ്ങിയവർ കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു. കമ്മിറ്റി പലപ്രാവശ്യം സമ്മേളിക്കുകയും പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശവും ഉപദേശവും നൽകുകയും ചെയ്തു.

## ശുചീകരണ പ്രവർത്തനങ്ങൾ

പരിസര ശുചീകരണത്തിന്റെ ആവശ്യകത പ്രധാനമായും ഇന്ന് ചർച്ചാവിഷയമാണ്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഈ കലാലയത്തിലെ വിദ്യാർത്ഥികൾ ഞങ്ങളുടെ പ്രവർത്തനപരിപാടികൾക്ക് തുടക്കംകുറിച്ചതു് ശുചീകരണപ്രവർത്തനങ്ങളിലൂടെയാണ്. നാഷണൽ സർവ്വീസ്സ്കീം പ്രവർത്തനങ്ങൾക്ക് 'മാർഗ്ഗദീപ'മായി എന്നും എപ്പോഴും ഞങ്ങളോടൊപ്പം പ്രവർത്തിക്കുന്ന ഞങ്ങളുടെ പ്രിൻസിപ്പാൾ പ്രൊ: എസ്. എം. സെയിനുലാബ്ദീൻ പരിപാടി ഉൽഘാടനം ചെയ്തു. കോളേജ് കാമ്പസിന്റെ ശുചീകരണമായിരുന്നു പ്രധാനപ്പെട്ടതു്. തണൽ

മരങ്ങൾ വച്ചുപിടിപ്പിക്കുകയും അവയെ സംരക്ഷിക്കുന്നതിന് വേലികൾ കെട്ടുകയുംചെയ്തു.

## നാഷണൽ സർവ്വീസ് സ്കീം ദശവൽസരാഘോഷവും വർക്ക് ക്യാമ്പും

നാഷണൽ സർവ്വീസ് സ്കീം കോളേജ് ലവലിൽ ഏർപ്പെടുത്തിയിട്ട് പത്തുവർഷം തികയുന്നതായ ഈ കലാലയവർഷത്തിൽ അതിന്റെ ദശവർഷാഘോഷം ആർഭാടപൂർവ്വം കൊണ്ടാടുവാൻ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് ടി. കെ. എം. എൻജിനീയറിംഗ് കോളേജ് നാഷണൽ സർവ്വീസ്സ്കീം പ്രോഗ്രാം ആഫീസർ പ്രൊഫ: എം. സാലിഹ്, എസ്. എൻ. കോളേജ് പ്രോഗ്രാം ആഫീസർ പ്രൊഫ: രാജൻ, ടി. കെ. എം. ആർട്ട്സ് കോളേജ് പ്രോഗ്രാം ആഫീസർ പ്രൊഫ: എസ്. ഖാദിർ എന്നിവരുടെ നേതൃത്വത്തിൽ ആഗസ്റ്റ് ഏഴ് മുതൽ പതിനഞ്ചുവരെ കൊല്ലം എസ്. എൻ. കോളേജിൽവച്ചു നടത്തപ്പെട്ടു. വളരെ വിജ്ഞാനപ്രദമായ ഒരു ക്യാമ്പായിരുന്നു അത്.

ക്യാമ്പിനോടനുബന്ധിച്ച് ജില്ലാതലത്തിൽ കലാമത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. മിമിക്രിയിലും മറ്റു പല മത്സരങ്ങളിലും അനേകം സമ്മാനങ്ങൾ നേടിക്കൊണ്ട് ഈ കോളേജിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുവാൻ പരമാവധി ഞങ്ങൾ ശ്രമിച്ചു. ക്യാമ്പിന്റെ പരിപാടിയിൽ മുഖ്യമായിട്ടും ഉണ്ടായിരുന്ന ഇനം പള്ളിത്തോട്ടം മുതൽ തങ്കശ്ശേരിവരെയുള്ള കടലോര പ്രദേശത്തു താമസിക്കുന്ന കടലിന്റെ മക്കളുടെ ജീവിതരീതിയെപ്പറ്റി റിപ്പോർട്ട് തയ്യാറാക്കലായിരുന്നു. ഈ കോളേജിലെ 19 വിദ്യാർത്ഥീ–വിദ്യാർത്ഥിനികൾ പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. വളരെ വിജയകരമായി പര്യവസാനിച്ച ഈ ക്യാമ്പ് പ്രധാന പത്രപംക്തികളിൽ സ്ഥലംപിടിച്ചു.

## നെയ്യാർ ഡാം ക്യാമ്പ്

കേരളാ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച N. S. S. ഓണക്കാല അവധി ക്യാമ്പ് പ്രകൃതിരമണീയമായ നെയ്യാർ ഡാം സെറ്ററിൽ സെപ്റ്റംബർ 3 മുതൽ 14 വരെ വളരെ ഭംഗിയായി നടത്തപ്പെട്ടു. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനും, വിദ്യാർത്ഥികളെ അവയെക്കുറിച്ച് ബോധവാന്മാരാക്കാനും ഉദ്ദേശിച്ചുള്ളതായിരുന്നു പ്രസ്തുത ക്യാമ്പ്. ഈ കോളേജിലെ 6 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത ക്യാമ്പംഗങ്ങൾ അനുഭവസമ്പന്നമായ ഒരു ജീവിതത്തിന്റെ ഉടമകളായി.

## ആഗസ്റ്റ് 15 (സ്വാതന്ത്ര്യദിനം) ഒക്ടോബർ 2 (ഗാന്ധിജയന്തി)

വിദേശമേധാവിത്വത്തിന്റെ കരങ്ങളിൽ നിന്നും സ്വാതന്ത്ര്യം ഏറ്റുവാങ്ങിയ പുണ്യദിനം. ഈ മഹനീയദിനത്തിൽ (ദശദിനക്യാമ്പിന്റെ അന്ത്യദിനമായിരുന്നുവെങ്കിലും) അസിസ്റ്റന്റ് പ്രോഗ്രാം ആഫീസർ ശ്രീ. അഹമ്മദുകുഞ്ഞിന്റെ നേതൃത്വത്തിൽ ആർഭാടപൂർവ്വം പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഈ കലാലയത്തിന്റെ 'ജീവനാഡിയായ' പ്രിൻസിപ്പൽ പ്രൊഫ: എസ്. എം. സെയിനുല്ലാബ്ദീൻ പതാക ഉയർത്തി.

പ്രവർത്തനങ്ങളുടെ തുടർച്ചയെന്നോണം രാഷ്ട്രപിതാവിന്റെ ജന്മദിനം (ഒക്ടോബർ 2) ഭംഗിയായി നടത്തുവാൻ തീരുമാനിച്ചു. കോളേജിലെ എല്ലാ വിഭാഗം വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് ശ്രമദാനയജ്ഞം നടത്തുകയുണ്ടായി. പരിസരശുചീകരണത്തിൽ മുഖ്യമായും ശ്രദ്ധ കേന്ദ്രീകരിച്ചു. കരിക്കോട് മത്സ്യച്ചന്ത, റെയിൽവേസ്റ്റേഷൻപരിസരം, ഓവർബ്രിഡ്ജിന്റെ നടപ്പാതകൾ മുതലായവയായിരുന്നു വൃത്തിയാക്കിയ പ്രധാന സ്ഥലങ്ങൾ. കരിക്കോട്ടുനിന്നും ഞങ്ങളുടെ കോളേജിലേയ്ക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ തീർത്തു. അതുപോലെതന്നെ കോളേജ് ജലസംഭരണി ശുചീകരിക്കൽ, ചുവരെഴുത്തു നീക്കംചെയ്യൽ തുടങ്ങിയ ജോലികളും അന്നേദിവസം ചെയ്തുതീർത്തു. ഉച്ചയ്ക്കുശേഷം നടത്തിയ സമ്മേളനത്തിൽ ബഹുമാന്യനായ റെവ: ഫാ: ചെറിയാൻ പങ്കെടുത്തു.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

പ്രതീക്ഷയില്ലപരിയായി സഹജീവികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെടുവാൻ ഞങ്ങൾക്ക് കഴിഞ്ഞു എന്നുള്ളതിൽ അതിയായ സന്തോഷമുണ്ട്. ഈ കോളേജിന്റെ തൊട്ടടുത്തു താമസിക്കുന്ന നിരാലംബയായ ഒരു സാധു സ്ത്രീയുടെ നഷ്ടപ്പെട്ടുപോയ രണ്ടു കണ്ണുകളും മാറ്റിവച്ച് നഷ്ടപ്പെട്ട വെളിച്ചം വീണ്ടെടുക്കുന്നതിൽ വളരെ മാന്യമായ പ്രവർത്തനമാണ് ഞങ്ങളുടെ വോളന്റിയേഴ്സ് ചെയ്തത്. പ്രസ്തുത സ്ത്രീയുടെ ദയനീയാവസ്ഥ ഞങ്ങളുടെ മെമ്പേഴ്സ് കൊല്ലം



Scanned with OKEN Scanner

ബെൻസിഗർ ആശുപത്രി ഡയറക്ടർ ഫാ: ഫെർഡിനാൻറ് കായലിൻെറ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരം ഫാ: ചെറിയാൻെറ സഹായത്തോടെ നിരാലംബയായ ആ സ്ത്രീയെ ബെൻസിഗർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും വളരെ വലിയ ഒരു തുക ചെലവു വരുന്ന കണ്ണ് ഓപ്പറേഷൻ സൗജന്യമായി ചെയ്തുകൊടുക്കുകയും ചെയ്തു. ഇത്രയും മഹനീയമായ സേവനം നൽകി നഷ്ടപ്പെട്ട ചൈതന്യം വീണ്ടെടുക്കുവാൻ ആ സാധു സ്ത്രീയെ സഹായിച്ച എല്ലാവരോടും നന്ദിയും കടപ്പാടും രേഖപ്പെടുത്തുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

മറ്റൊന്നുകൂടി, ജീവൻ ബലിയർപ്പിക്കാൻ വരെ തയ്യാറുള്ള പല സന്നദ്ധ ഭടന്മാരും ഞങ്ങൾക്കുള്ളതിൽ അഭിമാനമാണുള്ളത്. കോളേജിനടുത്തൊരു വീട്ടിൽ അഗാധമായൊരു കിണററിൽ ഒരു കുട്ടി വീണു, തൊട്ടടുത്തുള്ള ആളുകൾ തടിച്ചുകൂടുകയും ഭയവിഹ്വലരായി നോക്കിനിൽക്കുകയും ചെയ്തു. എന്നാൽ അൽപ്പം വൈകിയാണ് വിവരമറിഞ്ഞതെങ്കിലും സെക്കൻറ് ബി. എ. ഇസ്ലാമിക് ഹിസ്റ്ററി വിദ്യാർത്ഥിയും ഞങ്ങളുടെ വോളൻറിയറുമായ ശ്രീ. അബ്ദുൽ റഷീദ് ആ കിണററിലേയ്ക്ക് എടുത്തുചാടി. വളരെ പ്രയാസപ്പെട്ട് കുട്ടിയെ കരയ്ക്കെടുത്തു. നിർഭാഗ്യവശാൽ കുട്ടി മരണമടഞ്ഞു. ഒരൽപ്പസമയം മുൻപ് വിവരം ശ്രീ. റഷീദ് അറിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും ആ കുട്ടി രക്ഷപ്പെടുമായിരുന്നു. വോളൻറിയേഴ്സ് അഭിനന്ദനങ്ങൾക്കതീതരാണെങ്കിലും ശ്രീ. റഷീദിൻെറ ധൈര്യത്തിന്, മനുഷ്യത്വത്തിനുമുന്നിൽ ഞങ്ങൾ നമ്രശിരസ്ക്കരാണ്.

ഭാരത റിപ്പബ്ളിക്കിൻെറ 32-ാം വാർഷികാഘോഷം വളരെ ഭംഗിയായി കൊണ്ടാടുകയുണ്ടായി. ഗാന്ധിജയന്തി ദിനത്തെപ്പോലെതന്നെ എല്ലാവിഭാഗം വിദ്യാർത്ഥി സുഹൃത്തുക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ശ്രമദാനം നടത്തി. ഉച്ചയ്ക്കുശേഷം കലാമത്സരങ്ങൾ സംഘടിപ്പിച്ചു.

ഈ കലാലയ വർഷത്തിൻെറ ആരംഭം മുതൽ തന്നെ ജില്ലയിലെ പ്രമുഖരായ പല വ്യക്തികളേയും പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കുവേണ്ടി ചർച്ചാക്ലാസ്സുകൾ ഒരുക്കി. സൗജന്യ ട്യൂഷൻ പ്രോഗ്രാം അനുസരിച്ച് രണ്ടാംകുററിയിലെ യത്തീംഖാനാ വിദ്യാർത്ഥികൾക്കിടയിൽ ഒരു സർവ്വേ നടത്തുകയും അടുത്ത വർഷാരംഭം മുതൽ ട്യൂഷൻ പരിപാടികൾ തുടങ്ങുവാൻ തീരുമാനിക്കുകയുമുണ്ടായി.

ബെൻസിഗർ ഹോസ്പിററൽ ഡയറക്ടർ എന്നും ഞങ്ങളുടെ പരിപാടികൾക്ക് സഹായമെത്തിക്കുവാൻ തൽപ്പരനായിരുന്നു. ദരിദ്രരേഖയ്ക്ക് താഴെ ജീവിതം നയിക്കുന്ന 100 കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് (ഈ പഞ്ചായത്തിലെ) രണ്ടു വർഷം ഫ്രീയായി മെഡിക്കൽ സഹായം നൽകാം എന്നദ്ദേഹം വാഗ്ദാനം നൽകിയിട്ടുണ്ട്. അടുത്തവർഷം ഈ പരിപാടി ഞങ്ങൾ നടപ്പിലാക്കും.

## ''ഒരു പുതു വീടു്'', സേവന ചരിത്രത്തിലെ മഹനീയമായൊരദ്ധ്യായം.

''സേവനം ഞങ്ങളുടെ മുദ്രാവാക്യം, സ്നേഹം ഞങ്ങളുടെ പൊൻതിലകം'' — ഇതായിരുന്നു ഞങ്ങളുടെ ഈ വർഷത്തെ കർമ്മപരിപാടികളുടെ മർമ്മം. നാഷണൽ സർവ്വീസ് സ്കീം ദശദിന ക്യാമ്പിനോടനുബന്ധിച്ച് നടത്തിയ സർവ്വേയിൽ വളരെ ശോചനീയമായ അവസ്ഥയിൽ താമസിക്കുന്ന ഒരു കുടുംബത്തെ ഞങ്ങളുടെ സന്നദ്ധഭടന്മാർ കാൺമാനിടയായി. ഒൻപതംഗങ്ങളുള്ള ആ കുടുംബത്തിൻെറ ദയനീയതയിൽ ഞങ്ങൾ ദുഃഖിതരാകുകയും അവർക്കെന്തെങ്കിലും ചെയ്തുകൊടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. ഞങ്ങളുടെ കഴിവിനതീതമാണെങ്കിലും ഏകദേശം ഏഴായിരം രൂപയോളം ചെലവുവന്ന ഒരു ചെറിയ വീട് ഞങ്ങൾതന്നെ നിർമ്മിച്ച് ഞങ്ങളുടെ പ്രിൻസിപ്പാൾ എൻ. എസ്. എസ്. ക്യാമ്പിൻെറ സമാപന സമ്മേളനത്തിൽ ആ കുടുംബനാഥന് കൈമാറുകയുണ്ടായി.

## ദശദിന ക്യാമ്പ്

ഈ കലാലയത്തിലെ വിദ്യാർത്ഥികളുടെ ആവേശമായ നാഷണൽ സർവ്വീസ് സ്കീമിൻെറ 10 ദിവസത്തെ ക്യാമ്പ് 1981 ഡിസംബർ 24-ാം തീയതി കൊല്ലം ആർ. ഡി. ഒ. ശ്രീ. കെ. സെയിനുല്ലാബ്ദീൻ ഉത്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാളിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൊററങ്കര പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി. കരുണാകരൻ പിള്ള, മുഖത്തല ബ്ളോക്ക് ഓഫീസർ ശ്രീ. കെ. ഭാസ്ക്കരൻ തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി. പ്രോഗ്രാം ഓഫീസർ പ്രൊഫ: എസ്. ഖാദർ അതിഥികൾക്ക് സ്വാഗതമരുളി. 25-12-82 ൽ ശ്രമദാനപ്രവർത്തനത്തിൻെറ ഔപചാരികമായ ഉത്ഘാടനം ടി. കെ. എം. ആർട്ട്സ് കോളേജിലെ കോമേഴ്സ് പ്രൊഫ: ബഷീർകുഞ്ഞ് നിർവഹിച്ചു. സമാപന സമ്മേളനത്തിൽ കേരളാ യൂണിവേഴ്സിററി സിൻഡിക്കേററ് മെംബർ ശ്രീ. കായിക്കര നിസാമുദ്ദീൻ മുഖ്യാതിഥി ആയിരുന്നു.



Scanned with OKEN Scanner

## ഏറെറടുത്ത പരിപാടികൾ

(1) കരിക്കോട്ട് ജംഗ്ഷനിൽനിന്നും ആരം
ഭിക്കുന്നതും 'താഹാമുക്ക്'' എന്ന സ്ഥലം വരെ
യുള്ള മൂന്നര കി. മീ. റോഡിന്റെ പുനർ നിർ
മ്മാണം. (2) ഇടവഴികളുടെ നിർമ്മാണം.
(3) ഈ. എസ്. പി. മാതൃകയിലുള്ള കക്കൂസു
കളുടെ നിർമ്മാണം. (4) കിണറുകൾ ശുചീക
രിക്കൽ. (5) സൗജന്യ വൈദ്യപരിശോധനാ
ക്യാമ്പ് (6) ഗ്രൗണ്ട് നിരപ്പാക്കൽ. (7) വസ്ത്ര
ശേഖരണവും വിതരണം ചെയ്യലും. (8) രക്ത
ദാനം ചെയ്യൽ. (9) കലാകായിക മത്സരങ്ങൾ.
(10) മരം വെച്ച് പിടിപ്പിക്കൽ. (11) കലാ
പരിപാടികൾ. (12) ചർച്ചാക്ലാസ്സുകൾ.

ഏറെറടുത്ത പരിപാടികളെല്ലാം പരിപൂർണ്ണ
വിജയത്തിലെത്തിക്കുവാൻ പ്രചോദനം നൽകി
യ നമ്മുടെ പ്രിൻസിപ്പാൾ അവർകൾക്കും,
കർത്തവ്യ നിർവഹണത്തിൽ നേതൃത്വം നൽകി
യ പ്രോഗ്രാം ഓഫീസറന്മാർക്കും ഞങ്ങൾക്കുള്ള
നന്ദി സീമാതീതമാണ്. ഞങ്ങളുടെ ഈ വർഷ
ത്തെ എൻ. എസ്. എസ് യൂണിററിന്റെ സേ
വന പ്രവർത്തനത്തിന് സഹായിച്ച എല്ലാ നല്ല
യാളുകൾക്കും കൃതജ്ഞതയുടെ പാരിജാതപൂക്കൾ
നൽകിക്കൊണ്ട് ഈ റിപ്പോർട്ട് ഞാനിവിടെ
ഉപസംഹരിക്കട്ടെ!

ടി. കെ. എം. ആർട്ട്സ് കോളേജ് നാഷണൽ സർവ്വീസ് സ്കീമിനുവേണ്ടി

സെക്രട്ടറി.




# SIVA SYAM PLASTICS

**Office:** MAIN ROAD, QUILON - 691 001

**Works:** KARUMALIL, PUNNATHALA, QUILON - 691 012

Manufacturers of:

POLYTHENE BAGS, TUBE, SHEET, CANE, STRAP AND H M H D P.

**Phones: Office: 2788, Works: 3788**



‘കായിക വിനോദത്തിൻെറ സൂത്രധാരകർ’



ബോഡിബിൽഡിംഗ് ടീം



“ഷട്ടിലിന് ആത്മാവ് പകർന്നവർ—”
ഷട്ടിൽ ബാഡ്മെൻറഡ് ടീം



“കലാപരമായ ആത്മരക്ഷ—”
കോളേജ് റെസ്ലിംഗ് ടീം

Scanned with OKEN Scanner



ബാൾ ബാഡ്മെൻറൻ ടീം



അത്ലററിക് ടീം



ഫുട്ബാൾ ടീം



വോളിബാൾ ടീം



ബാസ്ക്കററ്ബാൾ ടീം

Scanned with OKEN Scanner



ക്രിക്കററ് ടീം



കബഡി ടീം



ബാൾ ബാഡ്മെൻറൻ ടീം — വിമൻസ്







ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ്
ജോയി പയസ്സ്-മിസ്റ്റർ ടി. കെ. എം.
(Second prize winner, University of Kerala)

ഗോപകുമാർ
മിസ്റ്റർ ടി. കെ. എം. സെക്കൻറ്

ട്രോഫികൾ വാരിക്കൂട്ടുന്ന-
സലിം എം., സീനിയർ ചാമ്പ്യൻ
അത്ലെററിക് ക്യാപ്ററൻ









ബിജു അബ്രഹാം
പുന്നൂസ് തരകൻ
കേരളാ യൂണിവേഴ്സിററി നടത്തിയ ഗുസ്തിമത്സരത്തിൽ
രണ്ടാംസ്ഥാനാർഹർ

ടി. കെ. എം. ൻെറ അഭിമാനം
സുജാ തോമസ് (ലേഡി ചാമ്പ്യൻ)
(ഡിസ്ട്രിക്ററ് & കോളേജ്)

നന്ദകുമാർ
ജൂനിയർ ചാമ്പ്യൻ



പതഞ്ഞുപൊന്തുന്ന ആകാംക്ഷ —
വിദ്യാർത്ഥികളുടെ ഗുസ്തിമത്സരം



കൂടുതൽ ഉയരത്തിൽ, കൂടുതൽ വേഗത്തിൽ, കൂടുതൽ ദൂരത്തിൽ എന്ന മുദ്രാവാക്യവുമായി ടി. കെ. എം. ൻെറ കായികതാരങ്ങൾ അണിനിരക്കുന്നു.



ഫാദർ റൊസാരിയോ
സമ്മാനദാനച്ചടങ്ങിലെ മുഖ്യാതിഥി



പ്രിൻസിപ്പൽ
സമ്മാനദാനച്ചടങ്ങിൽ



റിപ്പബ്ലിക് ദിനാഘോഷവേളയിൽ
പ്രിൻസിപ്പൽ പതാക ഉയർത്തുന്നു.



ഷീൽഡുകളും - ട്രോഫി



കോളേജ് പ്ലാനിംഗ് ഫോറം



(ഫോട്ടോഗ്രാഫി മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ചിത്രം)

**''തണലിൽ തളിരിട്ടുനിൽക്കുന്ന കലാലയ സൗന്ദര്യം''**



ഷാജി മുസലിയാർ. ഇ. എ
(IInd B.Sc., Chemistry)

ചെറുകഥ



# പൊലിഞ്ഞ ദീപം

താജുദ്ദീൻ എ.,
സെക്കൻറ് C3 ബാച്ച്

രാത്രിയിൽ മണി രണ്ടടിച്ചു. ഇടിനാദം പോലെ ആ ശബ്ദം സുധയുടെ കാതുകളിൽ വന്നലച്ചു. എന്നിട്ടും അവളെ നിദ്രാദേവി കടാക്ഷിച്ചില്ല. തെക്കുവശത്ത് കല്ലറയിൽ കരിന്തിരി എരിയുന്ന വിളക്കിലേയ്ക്കു നോക്കുംതോറും അവൾക്ക് ഭയം ഏറിഏറിവന്നു. അവൾ തലയിണയിൽ മുഖമമർത്തി വിങ്ങി വിങ്ങിക്കരഞ്ഞു. അവൾ കഴിഞ്ഞ ജീവിതം അയവിറക്കികൊണ്ട് കിടന്നു.

അച്ഛൻെറ ഒരേയൊരു ആശാകേന്ദ്രം ബാബു ആയിരുന്നു. അദ്ദേഹത്തിൻെറ ജീവിതംകൂടി ചേട്ടനു് ഉഴിഞ്ഞുവച്ചിരുന്നു. പരീക്ഷ അടുത്തു— ഫീസ് അടയ്ക്കേണ്ട അവസാന ദിവസവും സമാഗതമായി. പല പ്രതീക്ഷകളോടുംകൂടിയാണ് വീട്ടിലേയ്ക്കു് കത്തയച്ചതു്. അധികം താമസിയാതെ തന്നെ മറുപടിയും ലഭിച്ചു. വളരെ സന്തോഷത്തോടുകൂടിയാണ് കത്ത് വായിച്ചതു്. വായിച്ചുതീർന്നപ്പോൾ അവനറിയാതെ തന്നെ അവൻെറ നയനങ്ങളിൽ നിർഗ്ഗളിച്ച അശ്രുകണം കൊണ്ടു് കണ്ണ് ഈറനായ്തീർന്നു.

നിരാശയോടും, നിരുത്സാഹത്തോടും കത്ത് മടക്കി ബുക്കിൽവെച്ചു. പല പ്രതീക്ഷകളോടും കൂടിയാണ് വീട്ടിലേക്കു കത്തയച്ചതു്. പക്ഷേ അവയെല്ലാം വെള്ളത്തിൽ വരച്ച വരകളായി തീർന്നിരിക്കുന്നു.

''രണ്ടു ദിവസംകൂടി കഴിഞ്ഞാൽ പരീക്ഷ തീരും. കഴിഞ്ഞ വിഷയങ്ങൾക്കെല്ലാംതന്നെ തൃപ്തികരമാംവണ്ണം എഴുതി. പണം ഇതുവരെയും വന്നിട്ടില്ല''. പണത്തെപ്പററിയും വീട്ടിനെപ്പററിയുമായിരുന്നു അവൻെറ ചിന്ത. അച്ഛനു് സുഖക്കേടു് കൂടുതലായിരിക്കുമോ? പണം അയച്ചുതരാൻ അമ്മയ്ക്കു് കഴിയുമോ? ഇങ്ങനെ ഒട്ടനവധി ചോദ്യങ്ങൾ അവൻെറ മനസ്സിനെ മഥിച്ചു.

''സർ കോഫീ''.

വൈകിട്ടു കാഫിയുമായി വന്ന വേലക്കാരനാണ് അയാളെ വിളിച്ചുണർത്തിയതു്. അവൻ വാച്ചിൽനോക്കി, സമയം അഞ്ച് ഇരുപതു് (5.20). പെട്ടെന്നാണ് അങ്ങനെ തീരുമാനമെടുത്തതു്. തൻെറ കൈയിലെ വാച്ചിനെ കുറിച്ച് അവൻ വിസ്മരിച്ചില്ല. അല്പം സങ്കോചത്തോടെയാണെങ്കിലും വാച്ച് വില്ക്കാൻതന്നെ തീരുമാനിച്ചു. അച്ഛനെക്കാൾ വിലയേറിയതൊന്നുംതന്നെ തനിക്കില്ലല്ലോ? എന്നോർത്ത് അവൻ സമാധാനിച്ചു.

കോളേജ് അടയ്ക്കുന്നദിവസം എല്ലാവരോടും യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ എന്തോ ഒരു വല്ലായ്മ ഗേററു കടന്നൊന്നു് തിരിഞ്ഞുനോക്കി. ചൈതന്യം നശിച്ചതുപോലെ ആ കൂററൻ കെട്ടിടം അങ്ങനെ തലയുയർത്തി നില്ക്കുകയാണ്. എത്രയെത്ര പ്രതീക്ഷകളുടെ ഉറവിടമാണ്, എത്രയെത്ര വിടവാങ്ങലുകൾക്കു് മൗനാനുവാദം നല്കിയിട്ടുള്ളതാണ്. എത്രയെത്ര പുതിയ ബന്ധങ്ങൾ ഉടലെടുക്കുകയും, മണ്ണടിയുകയും ചെയ്തിട്ടുള്ളതാണ്. ഉന്നതങ്ങളായ എത്രയെത്ര ആശയങ്ങൾ ആ നാലുമതിലിനുള്ളിൽ തട്ടി മാറെറാലികൊണ്ടിട്ടുണ്ടു്. ഇന്നിതാ മൂകമായ് നിശ്ചേഷ്ടമായി യാതൊന്നും സംഭവിക്കാത്തമട്ടിൽ നിലകൊള്ളുകയാണ്.

ലോഡ്ജിൽ എത്തിയപ്പോഴേയ്ക്കു് മണി ആറു കഴിഞ്ഞിരുന്നു. ഏതാനുംപേർ ഒഴികെ മറെറല്ലാവരും യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തുകഴിഞ്ഞു. ബാബുവും പെട്ടെന്നുതന്നെ റെഡിയായി അവർക്കൊപ്പം ഇറങ്ങി.

റെയിൽവേസ്റ്റേഷനിലെത്തി പരസ്പരം ഗുഡ്ബൈ പറഞ്ഞുകൊണ്ടു് പിരിഞ്ഞപ്പോഴും വീട്ടിലെ ചിന്തകൾ അവനെ അലട്ടുന്നുണ്ടായിരുന്നു. രാത്രി ഏകദേശം പത്തുമണിയോടെ അവൻ വീട്ടിലെത്തി. നന്നേ ക്ഷീണമുണ്ടായിരുന്നു—അതൊന്നും സാരമാക്കിയില്ല. അച്ഛൻെറ

അസുഖവിവരമാണ് അവൻ ആദ്യം അന്വേഷിച്ചത്. മേശവിളക്കിന്റെ സഹായത്തോടെ അവൻ അനുജത്തിയുടെ മുഖം നന്നേകണ്ടു. അവൾ രാത്രിയുടെ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഘൂർക്കംവലിച്ച് ഉറങ്ങുകയാണ്. അടുത്ത ദിവസം തന്നെ അപ്പൻ ആശുപത്രിയിലേയ്ക്കു മാററപ്പെട്ടു. പരിപൂർണ്ണ സുഖംപ്രാപിക്കാൻ നാലുദിവസം അവിടെ കഴിയേണ്ടിവന്നു.

ദിനങ്ങൾ ഒച്ചിന്റെ വേഗതയിൽ ഇഴഞ്ഞു നീങ്ങികൊണ്ടിരുന്നു. ഓരോ ദിവസത്തിനും, ഓരോ മാസത്തിന്റെ ദൈർഘ്യം ഉണ്ടെന്ന് അവന് തോന്നി. ഒരു കാര്യവും ഇതുവരെയും പരിപൂർണ്ണമായി ചെയ്ത് തീർക്കാൻ അവനു കഴിഞ്ഞിട്ടില്ല. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെപ്പററി അവൻ ചിന്തിച്ചിട്ടേയില്ല. അവന്റെ മനസ്സിൽ വേലിയേററംതന്നെ തുടങ്ങി......... ഇനി ഒരു വർഷംകൂടികഴിഞ്ഞാൽ എന്തെങ്കിലും ഒരു ജോലികിട്ടും. ഓരോവർഷം കഴിയുന്തോറും എത്രയെത്രപേരാണ് ഡിഗ്രിയും സമ്പാദിച്ച് പുറത്തുവരുന്നത്. അവരുടെ പഠിത്തത്തിന്റെ മുഖ്യ ഉദ്ദേശംതന്നെ ജോലിയാണ്.

മകനെ പഠിപ്പിച്ച് ഏതെങ്കിലും ഒരു നല്ല നിലയിൽ എത്തിച്ചിട്ടു വേണം തനിക്ക് ആത്മശാന്തി നേടുവാൻ എന്നുള്ള പ്രതീക്ഷയോടുകൂടി അദ്ദേഹം പുരയിടം ഒററികൊടുത്തു്, രൂപവാങ്ങി മകന് കൊടുത്തു് യാത്രയാക്കി.

കോളേജ് തുറന്ന് പഠിത്തം പുനഃരാരംഭിച്ചു ആയിടയ്ക്കാണ് രാജ്യവ്യാപകമായി കോളറ പടർന്നുപിടിച്ചത്. നിർഭാഗ്യവശാൽ ആ മഹാരോഗം ബാബുവിനേയും പേറികൊണ്ട് കാലായവനികയ്ക്കുള്ളിൽ മറഞ്ഞു.

വീട്ടിൽ ടെലഗ്രാംചെന്നു, അച്ഛൻ പരിഭ്രമത്തോടെ അതു് കൈപ്പററി. അദ്ദേഹം വായിച്ചു തീരുന്നതിനു മുൻപുതന്നെ ബോധരഹിതനായി നിലംപതിച്ചു. സുധ ബഹളംകൂട്ടി, നാട്ടുകാർ ഓരോരുത്തരായി വീട്ടിലേയ്ക്ക് ഇരമ്പികയറുവാൻതുടങ്ങി. വിവരം അറിഞ്ഞവർ ദുഃഖിതരായി നിലകൊണ്ടു്.

കറുത്തകൊടി മുമ്പിൽകുത്തിയ ഒരു കാർ വന്നു് പടിക്കൽനിന്നു. എല്ലാവരും അവിടേയ്ക്കോടി. വെള്ളത്തുണികൊണ്ടുമൂടിയ ഒരു രൂപം അവർ വീട്ടിലേക്കു കൊണ്ടുവന്നു. എല്ലാവരും വാവിട്ടുനിലവിളിച്ചു.

''അധികം താമസിയാതെ പുരയുടെതെക്കു് ഭാഗത്തു് ഒരു കല്ലറ ഉയർന്നു. അതിനടുത്തു് കരിന്തിരി എരിഞ്ഞുകൊണ്ടിരുന്ന ദീപം ഒരു ആളിക്കത്തലോടെ പൊലിഞ്ഞുപോയി''.

1. അറിവ് പരിമിതമാണെന്നറിയുന്നവരാണ് യഥാർത്ഥ മനുഷ്യൻ —ഗിൽക്രൈസ്ററ്
2. അസാദ്ധ്യം എന്ന വാക്ക് കൂടെക്കൂടെ ആവർത്തിക്കുന്നവരിൽനിന്നും നല്ലകാര്യങ്ങളൊന്നും പ്രതീക്ഷിക്കേണ്ടതില്ല.
3. ജനസ്വാധീനം നേടിയ ആൾക്ക് അധികാരംനേടിയ നേതാക്കളേക്കാൾ ശക്തനാകാൻ കഴിയും.

—ബാൾബർ

കെ. വത്സലാകുമാരി, സെക്കൻറ് പി. ഡി. സി. $B_4$ ബാച്ച്.

ററി. കെ. എം. ആർട്സ്

Scanned with OKEN Scanner

എന്നിലുണ്ടൊരു ശ്മശാന,മെൻ സ്വപ്ന–
മെരിഞ്ഞടങ്ങീടും ഹൃദയമാമൊരു ശ്മശാനം
അതിനകം പുകയുന്നുവെന്നുമെന്നും
കാഠിന്യമാം ദുഃഖത്തിൻ പുകപടലം.
നീറയുന്ന നിത്യമവിടെ താപം, നഷ്ട
സ്വപ്നമോഹങ്ങളെരീഞ്ഞീടും താപം.
ആശതൻ കുമിളകൾ ഒരു ക്ഷണമുണർന്നു
മറുക്ഷണം ശൂന്യമായ് തീർന്നതും നോക്കി ഞാൻ
വിജയത്തിൻ പാതകളന്വേഷിച്ചന്വേഷിച്ച്
പുൽകൊടിതാണ്ടി ഞാൻ മുൾക്കൊടി പൂകി.
ജീവിതമാമൊരു താമരപൊയ്കയിൽ
രാഗത്തിനലകളുണർത്തീടുമെൻ
യൗവ്വന ഗീതമേ! ദുഃഖം നിറഞ്ഞു തുളുമ്പും
സംഗീതം നീ എനിക്കേകിയോ?
ആത്മഹത്യയെന്നെ മാടിവിളിച്ചപ്പോ,ളൊരു
നവശബ്ദംപോൽ ആത്മാവ് കേട്ടു.
പുൽകുവാനടുത്തപ്പോൾ പുതുസ്വപ്നം വിലക്കി
പുറകോട്ടുമാറി ഞാനല്പാല്പമായി.
വിജനമാണെൻ വഴിത്താരയെങ്കിലും,
മൂകമാമെൻ ജീവന സംഗീതമെങ്കിലും
തകരില്ലിനി, തളരില്ലമുന്നോട്ടുതന്നെ,ഞാൻ
വീഴില്ല,പതറില്ല വിജയത്തിൻ പാതയോളം.



# ഒരു നിമിഷത്തിൽ

ബദറുദ്ദീൻ കെ. ഐ.
സെക്കൻറ് പി. ഡി. സി. D2

---

**വിദ്യാഭ്യാസം മഹാൻമാരുടെ വീക്ഷണത്തിൽ**

*വിദ്യാഭ്യാസത്തിൻെറ ഒരുവശമാണ് ജ്ഞാനം, അത്രതന്നെ പ്രാധാന്യമുള്ള മറെറാരു വശമാണ് കർമ്മം.*
—ടാഗോർ

*വിദ്യാർത്ഥികളിലുള്ള ആത്മീയവും ബുദ്ധിപരവും ശാരീരികവുമായ കഴിവുകളെ ബഹിർഗമിപ്പിക്കുന്നതാണ് വിദ്യാഭ്യാസം.*
—ഗാന്ധിജി

*മനഃസിൻെറ ചാപലൃങ്ങളെയും ബുദ്ധിയുടെ വിവേകക്കുറവിനെയും ശരീരത്തിൻെറ ദൗർബല്യത്തെയും നീക്കിനിറുത്തിയും നിയന്ത്രിച്ചും മനുഷ്യനെ അവൻെറ പരിധിയോളം വളരുവാൻ സഹായിക്കുന്നതാണ് വിദ്യാഭ്യാസം.*
—വിവേകാനന്ദൻ

*വിദ്യയില്ലാതിരിക്കുന്നതിനേക്കാൾ നല്ലത് ജനിക്കാതിരിക്കുന്നതാണ്, അജ്ഞതയാണ് എല്ലാ ആപത്തുകൾക്കും കാരണം.*
—സോക്രട്ടീസ്

സമ്പാദകൻ—സിറാജ്, ഫൈനൽ ബി.കോം

Please Visit

For

MODERN TEXTILES
READYMADE
AND
WEDDING SAREES



**MALLIKA TEXTILES**
MAIN ROAD, QUILON
Phone: 2530

---

നിങ്ങൾക്ക് ആവശ്യമുള്ള
എല്ലാ പുസ്തകങ്ങൾക്കും

**M. S. BOOK DEPOT**
QUILON - 691001

ററി. കെ. എം. ആർട്ട്സ്

കഥ

# എട്ടുകാലിക്കൊരു ഗാഥ

ഉമാപതി ജി. ശ്രീനിവാസ്
സെക്കന്റ് ബി.എസ്സ്സി. (Maths)

രാത്രിയുടെ കണ്ണുനീർത്തുള്ളികൾ വീണ് ഈറനണിഞ്ഞ നിലാവിൽ ഇരുൾ ചൂഴ്ന്നു നിന്നു.

വെളിച്ചത്തിന്റെ ആദ്യരശ്മികളും കാത്ത് ഇരുട്ടിന്റെ മാറിൽ ഞാൻ തളർന്നു കിടന്നു.

വർഷങ്ങളുടെ ഘോഷയാത്രയിൽ കൂട്ടംതെററിയ ഓർമ്മകൾ, ഒരു തുലാവർഷത്തിൽ ഒഴുകിയെത്തുന്ന അരുവിയിലെ കളിവഞ്ചികൾ പോലെ, കണ്ടുമുട്ടുന്നു

—കൂട്ടരേ! വീണ്ടും, നാം കണ്ടുമുട്ടുന്നു; ഒരിക്കൽക്കൂടി! മാറാലകെട്ടിയതാളിയോലകൾക്കിടയിൽനിന്ന് വേച്ചുനീങ്ങിയ എട്ടുകാലി മച്ചിൽ മദിച്ചുകൂത്താടുന്നു.

കെണി.

ജീർണ്ണതയുടെ അവ്യക്തമായ മുരൾച്ചയിൽ

അകലെ

ഇടവിട്ട താളത്തിൽ തച്ചന്റെ പണിപ്പുരയിൽനിന്ന് ഉളിയുടെ മേളപ്പദം എവിടെയോ മരണം ദംഷ്ട്രങ്ങൾ നീട്ടിയിരിക്കണം.

കറുപ്പിന്റെ സിംഫണി.

മനസ്സിന്റെ കറുത്ത തിരശ്ശീലയ്ക്കുപിന്നിൽ മുഴങ്ങുന്ന വായ്ത്താരിയിൽ— ഭൂതകാലത്തിന്റെ ശവത്താളമേളത്തിൽ —പിടയുന്ന ഒരാത്മാവിന്റെ വേദന നീറിജ്വലിക്കുന്ന കളിവിളക്കിന്റെ പിന്നിൽ നടവരങ്ങിൽ ബീഭത്സം.

അമ്പലപ്പറമ്പിൽ നിഴലുകൾ മാത്രം ബാക്കി.

സുരതത്തിന്റെ സുഖകരമായ ആലസ്യത്തിലെന്നപോലെ, ഞാൻ നിദ്രയുടെ കയങ്ങളിലേയ്ക്ക് തെന്നിവീഴാൻ തുടങ്ങി.

അപ്പോൾ—

കണ്ടുമറന്ന കിനാവുപോലെ ഏതോ ചുമരിൽ തൂക്കിയിട്ട മനുഷ്യമുഖങ്ങൾ തെളിഞ്ഞുവന്നു. ഒപ്പം മച്ചിൽ എട്ടുകാലിയുടെ കണ്ണുകൾ എന്തോ ആവശ്യപ്പെടുന്നു:

കരുതിവയ്ക്കാൻ ഒരു പതിവു സ്വപ്നം കൂടി.

—ഒന്ന്—

പുറത്ത് ആരെയോ ശകാരിക്കുന്നതുകേട്ടു ബാലചന്ദ്രൻ മെല്ലെ കണ്ണുതുറന്നു. ജനാല പതുക്കെത്തുറക്കുമ്പോൾ മീനക്കാററ് പമ്മിവന്നുനിന്നു. ഒരു നല്ല ഉറക്കം നഷ്ടപ്പെട്ട വ്യഥയോടെ ജനാലയിലൂടെ പുറത്തുനോക്കുമ്പോഴുണ്ട് ആ മനുഷ്യൻ വേച്ചു വേച്ചു നീങ്ങുന്നു. ചുമരിലൂടെ ഉറുമ്പിന്റെ നീണ്ടനിര, വിലാപയാത്രപോലെ, ശവവും പേറി നീങ്ങുന്നു.

ഉറുമ്പിനെക്കാണുമ്പോൾ ഉണ്ണിയെ ഓർത്തുപോകുന്നു. ഉറുമ്പുകൾ യുദ്ധം ചെയ്യുമെന്ന് ഉണ്ണിപറയാറുണ്ട്. അകത്ത് ഉമയുടെ പൊട്ടിച്ചിരി കേട്ടു.

നാട്ടുവഴിയിലൂടെ നടന്നുപോയ മനുഷ്യൻ ഇപ്പോൾ അരയാൽത്തറയിൽ കുന്തിച്ചിരിക്കുകയാണ് കുറേ ദിവസങ്ങളായി അയാൾ ഈ ഗ്രാമത്തിൽ അലയുകയാണ്.

ഒരുകാലൊച്ച അടുത്തുവരുന്നത് കേട്ട് അയാൾ ഇടനാഴിയിലേയ്ക്കു നടന്നു. അപ്പോഴുണ്ട് ഏട്ടത്തി പാതയിലേയ്ക്കു ഉററുനോക്കിനിൽക്കുന്നു. കാററിൽ മുടിച്ചുരുളുകൾ പാറിനടന്നു. ബീഥോവന്റെ വിഷാദാർദ്രമായ സംഗീതം പോലെ ഏട്ടത്തിയുടെ ഗദ്ഗദങ്ങൾ മുഴങ്ങുമ്പോൾ ശബ്ദങ്ങളില്ലാത്ത അവരുടെ വികാരളാണ് ബാലചന്ദ്രന്റെ ഭീതി. താനവരെ ശ്രദ്ധിക്കുകയാണെന്നു മനസ്സിലായപ്പോൾ ഒരു കുററസമ്മതത്തോടെ അവർ അടുക്കളയിലേയ്ക്കു നീങ്ങി.

ഉമ ആട്ടിൻ കുട്ടിയോടൊപ്പം ഓടിക്കളിച്ചു ചിരിക്കുന്നത് കൗതുകത്തോടെ നോക്കിനിന്നു.

—രണ്ട്—

നീണ്ട പാത.

പഥികന്റെ ലക്ഷ്യം അന്വേഷണത്തിന്റെ വ്യഗ്രതയിൽ ദുർഗ്രഹമായ ഒരപരാഹ്നത്തിൽ ഏട്ടത്തി വിധവയാകാൻ ശപിക്കപ്പെട്ടു. ശബ്ദം നഷ്ടപ്പെട്ട അഭിശപ്ത വിധവയുടെ, കണ്ണീർപ്പാടം. ബാലൻ ചുമരിലേയ്ക്കു നോക്കി. വെളുത്ത ഭിത്തിയിലെ മാറാലവീഴ്ത്തിയ അന്ത്യമാല്യങ്ങളേററു മങ്ങിയ ഒരു ചെറുപ്പക്കാരന്റെ ചിത്രം.

ഈ ചുമര് തന്റെ മനസ്സായിരുന്നെങ്കിൽ—! ഏട്ടനെ നഷ്ടപ്പെട്ടത് അയാൾ ഓർത്തു. പുറത്തു മുഴങ്ങിയ ബൂട്ടിട്ട കാലടികൾ.

രാത്രി കല്ലറകളിൽനിന്ന്, അശ്ലീലം കലർന്ന വാക്കുകൾ നിസ്സഹായതയോടെ അവഗണിച്ച് പേടിച്ചരണ്ട അഞ്ചുവയസ്സുകാരൻ ഏട്ടത്തിയുടെ മാറോടുചേർന്ന് കിടക്കുമ്പോൾ അവരുടെ നിശ്വാസത്തിലെ വിയർപ്പിന്റെ ഗന്ധത്തിൽ അവർ ആശ്വസിപ്പിക്കും 'കരയരുത്!'

എല്ലാം എത്ര അകലെ—?

പിന്നിട്ടവഴികളിലെ മുൾമുനകളിൽ പാദം ഉടക്കിക്കിടന്നു.

ഏട്ടൻ വൈകിയെത്തുന്ന രാത്രികൾ.

വിളമ്പിവെച്ച ആഹാരത്തിനു മുമ്പിൽ ഉരുകുന്ന മെഴുകുതിരിനാളംപോലെ ഏട്ടത്തി. അഞ്ചുവയസ്സുകാരന്റെ കുരുന്നു മനസ്സുനിറയെ പ്രഹേളികകൾ അനിയത്തിയുടെ കണ്ണുകളിലെ തിളക്കം മാത്രം ആശ്വാസം.

ഒടുവിൽ ഒരു രാത്രിപ്രപഞ്ചം ഉറങ്ങുമ്പോൾ, മുഷിഞ്ഞ കുപ്പായങ്ങളോടെ ഏട്ടൻ എത്തുന്നു. അടക്കിപ്പിടിച്ച ഏട്ടന്റെ ശബ്ദം.

ഏട്ടത്തി പരിഭവിക്കുമ്പോൾ, കരുണാർദ്രമാകുന്നു മുഖത്തെ മേൽമീശ വിറയ്ക്കുന്നു.

—നീ പരിഭവിക്കുണ്ട; നിന്റെ കണ്ണീർത്തുള്ളികൾ മാത്രം വീണ് ഈ വരണ്ട മണ്ണ് കുതിരാൻ വിധിക്കപ്പെട്ടത് നമ്മുടെ മാത്രം ഗതികേടല്ല കുട്ടീ!

അഞ്ചുവയസ്സുകാരനെ അടുത്തുവിളിച്ച് സ്നേഹപൂർവ്വം ആലിംഗനം ചെയ്തിട്ട് മന്ത്രിക്കുന്നു:

'പഠിച്ച് വല്യ ആളാകണം. നല്ലകുട്ടിയാവണം' ഒന്നും മനസ്സിലാകാതെ വിമ്മിക്കരയുന്ന അനിയത്തി ചൂഴ്ന്നു നിൽക്കുന്ന നിഗൂഢത.

'ഞാൻ പോട്ടെ..........'

അവസാന ദിവസത്തിൽ അന്ത്യയാമത്തിൽ ഒരു യാത്രാമൊഴി. പിന്നീട് കണ്ടിട്ടില്ല ഒരിക്കലും. മരിച്ചുപോയി എന്ന ബോധം ജീവിക്കുന്നുഎന്ന യാഥാർത്ഥ്യംപോലെ ഒരു സ്വപ്നമല്ലെന്നുകരുതാം. പക്ഷേ ഇതിനു രണ്ടിനുമിടയിൽ ഒരവസ്ഥ—അതാണസഹ്യം.

ഒരിക്കൽ വരുമെന്ന പ്രതീക്ഷ മാത്രം അതിജീവിക്കുന്നു. ജീവിതത്തിന്റെ അപരിചിതഭാവം ഉണരുന്നു.

—മൂന്ന്—

'ഉമേ...........'

'ഉം....?'

'എന്തേ ഓർത്തത്?'

'ഒന്നുമില്ല'

'പിന്നെ?'

'വെറുതെ.'

ആകാശത്തിന്റെ അനന്തത കണ്ണിൽ. ഒപ്പം സമുദ്രത്തിന്റെ നിഗൂഢത മനസ്സിലും ഒളിപ്പിച്ച ഈ പെൺകുട്ടി ഒരു കടങ്കഥയാണ്. പ്രകൃതിയുമായുള്ള മാനസികബന്ധത്തിൽ അന്തർമുഖത മനസ്സിൽ തള്ളിയിടുന്ന ഭാവങ്ങൾക്ക് ഒരു മൂർത്തതനൽകാൻ ഈ കുട്ടി സ്വപ്നങ്ങളിലും കടങ്കഥകളിലും മുഴുകുമ്പോൾ, താനോ—?

താൻ ശരിക്കുമൊരു പഴങ്കഥയിലെ കിരീടം നഷ്ടപ്പെട്ട രാജാവിനെപ്പോലെ.

'ഉമ്മറപ്പടി ജ്വരം.' അവൾ കുപ്പിവളകിലുങ്ങുന്നപോലെ കുലുങ്ങിച്ചിരിക്കുന്നു.

'നിന്നെ ഞാൻ........' അവൾ പുറത്തേക്കോടി. ഉമയുടെ മുറി എത്ര ഭംഗിയായി സൂക്ഷിക്കുന്നു. ആഹ്ളാദം തോന്നി. മേശമേൽ പകുതി പൂർത്തിയാക്കിയ കവിത.

—പ്രൊമിത്തിയൂസ്!
ഉന്മാദിനിയായ് നില്പു—
മെന്റെപ്രതീക്ഷയിൽ
കഴുകന്റെ ചിറകടികൾമാത്രം.
നിന്റെ ഹൃദ്രക്തമൂറിത്തുടു—
ത്താണിന്നിന്റെ സ്വപ്നങ്ങ—
ളൊക്കെ.......................................

... .... .... .... ....

അവളാണ് ഒരാശ്വാസം.

മേശമേൽ അവൾക്കുസമ്മാനം കിട്ടിയ പുസ്തകം അതിന്റെ പേജുകൾ വെറുതെ മറിച്ചുനോക്കി. പുസ്തകത്തിന്റെ പേരിനു് ഒരു തമാശയുണ്ട്—'ആധുനികന്റെ വിയർപ്പ്', ഏതോ തരംതാണ ഡിറക്റ്റീവ് നോവലാണ്. പാകത്തിനിത്തിരി സെന്റിമെന്റലിസവും മേമ്പൊടിക്ക് ഒരല്പം മെലോഡ്രാമയും.

മൂകതയാണ് ഈ വീടിന്റെ അലങ്കാരം ഇടയ്ക്ക് മുഴങ്ങുന്ന ഉമയുടെ വളകിലുക്കം കൂടിയില്ലെങ്കിൽ എന്നേതനിക്കു ഭ്രാന്തുപിടിച്ചേനേ! ഒഴിഞ്ഞ തത്തക്കൂട്ടിൽ വെറുതെ നിന്നു. ഇന്ന് ഉണ്ണി വരാത്തതെന്താവും?

—നാല്—

തെരുവുപിള്ളേരുടെ കൂക്കിവിളികൾ. പുറത്തുനിന്ന് കല്ലേറേററ് പെട്ടെന്ന് ആ മനുഷ്യൻ ഓടിവന്നു.

ജനാലയിലൂടെബാലചന്ദ്രൻ കണ്ടത് അയാൾ അകത്തേക്ക് ഓടുന്നതാണ്. പുറത്തെ സംഘംപോയി ഏട്ടത്തി ആ മനുഷ്യനോട് എന്തോ ആംഗ്യമായി സംസാരിക്കുന്നതാണ് കണ്ടത്. ഒടുവിൽ നിരാശയോടെ പടവുകളിറങ്ങി വരുമ്പോഴാണ് അയാളെ ശരിക്കും കണ്ടത്. പുണ്ണുപിടിച്ച് വ്രവിച്ച മുഖം ഒരു കണ്ണ് തകർന്നിരുന്നു. ജട പിടിച്ച മുടിയിഴകൾ ശരിക്കും ഒരു ഭ്രാന്തനെപ്പോലെ തോന്നി.

ററി. കെ. എം. ആർട്ട്സ്

—എന്തിനാണ് ഏട്ടത്തി കരഞ്ഞത്?

x x x x x x

ഒടുവിൽ ആ അപരാഹ്നത്തിൽ ഉണ്ണിവന്നു. പാതയിലൂടെ നീങ്ങുന്ന സൈക്കിൾ ചെയിനിന്റെ ശബ്ദം.

'എടാ പഹയ, ഇന്റവ്യൂ എങ്ങിനെ?'

'ഓ! ഹോപ്പില്ല. ആകെ മൂന്നു സീറ്റാ. ഏഴായിരം പേരാ ക്യൂ നിൽക്കണ്'

ഉണ്ണിക്ക് ഒത്തിരി സ്വകാര്യസ്വപ്നങ്ങളുണ്ട്. ആസാദിന്റെ മരണത്തെക്കുറിച്ച് വളരെ സംസാരിച്ചു.

ഒരലർച്ചകേട്ട് പെട്ടെന്നു നടുങ്ങി. ഇടനാഴിയിലൂടെ ഏട്ടത്തി പുറത്തേയ്ക്ക് ഓടി.

പാതയിൽ ജനത്തിന്റെ ആരവം.

ചോരപ്പൂക്കൾ ചൂടിയ ശ്മശ്രുക്കൾ.

പ്രശ്നജടിലമായ ഒരു സമസ്യപോലെ ഏട്ടത്തിയുടെ മുഖം, മൃതദേഹത്തിനരികിൽ വിങ്ങിക്കരയുന്ന ആ മുഖം, അപരിചിതമാകുന്നു. മനസ്സ് മനോഹരിയായ പക്ഷിയാണ്. ചിലപ്പോൾ ഉയരങ്ങളിലൂടെ മോഹങ്ങളുടെ ചിറകുവീശി നീന്തുന്നു. മറ്റുചിലപ്പോൾ—? പീടികയിൽ നിന്നിറങ്ങിയ രാജു എന്ന പോലീസുകാരൻ ഈയിടെ ഉദ്യോഗസ്ഥനായ തന്റെ സുഹൃത്താണ്.

എല്ലാം, സ്മൃതിയിൽ വിടർത്തുന്ന സംശയത്തിന്റെ പൂക്കൾ.

പങ്കായമില്ലാത്ത തോണി തിരയിൽ.

കടൽത്തീരത്ത് കാക്കകൾ കൊത്തിവലിക്കുന്ന ഏതോ ജീവിയുടെ ശവം. ഒടുവിൽ ഉണ്ണി ആ അന്തരീക്ഷത്തിന്റെ നെഞ്ചിൽ മൗനത്തിന്റെ ചില്ലുപാത്രമിട്ടുടച്ചു— 'അയാളാരാണ്?'

അപ്പോൾ, അയാൾ എന്തോ ഓർക്കുകയായിരുന്നു.

വാകമരച്ചോട്ടിൽ നിഴലുകൾ കെട്ടുപിണഞ്ഞു കിടന്നു. മുന്നിൽ സാഗരം ബാക്കി.

For
Guaranteed, and Fashionable
Gold and Silver Ornaments



Phone: 3812
Lakshmi Jewellery
Main Road, Quilon

Lakshmi Music
Tower Junction, Quilon

Deal with: Stereos, Records, Cassets & Casset-players

# കേരളശബ്ദം വാരിക

മലയാളത്തിൽ ഏററവും കൂടുതൽ
പ്രചാരമുള്ള മികച്ച സ്വതന്ത്ര
രാഷ്ട്രീയ വാരിക.

അന്തർദേശീയവും ദേശീയവുമായ രാഷ്ട്രീയ സാമൂഹ്യ
സംഭവവികാസങ്ങളുടെ മുഖക്കണ്ണാടി.

പ്രമുഖ നേതാക്കന്മാരുടെ അഭിമുഖ സംഭാഷണങ്ങൾ.

കൂടാതെ മൂന്നു നോവലുകൾ
മററു നിരവധി സ്ഥിരം പംക്തികൾ

വായിക്കുക, തുടർന്നു വായിക്കുക

**കേരളശബ്ദം വാരിക**

കൊല്ലം-9

ററി. കെ. എം. ആർട്ട്സ്

# സോക്രട്ടീസ്

സോക്രട്ടീസിനെപ്പററി നമുക്ക് അറിയാവുന്നതു മുഴുവൻ മററുള്ളവരുടെ വാക്കുകളിൽനിന്നാണ്. പ്രത്യേകിച്ച് അദ്ദേഹത്തിന്റെ ശിഷ്യനും അനന്തരഗാമിയുമായ പ്ലേറേറായുടെ കൃതികളിൽനിന്നാണ്. എന്നാൽ സോക്രട്ടീസിന്റെ കൃതികൾ ഒന്നുംതന്നെ നമുക്ക് അറിയപ്പെടത്തില്ല. ചിലപ്പോൾ അദ്ദേഹത്തിന്റെ എതിരാളികൾ നശിപ്പിക്കപ്പെട്ടതിനാലാണിതെന്ന് തോന്നുന്നില്ല.

ഉയരംകുറഞ്ഞു തടിച്ച് പരന്ന മുഖത്തോടും പതിഞ്ഞ മൂക്കോടുംകൂടിയ ഒരു സന്യാസി എന്ന നിലയിൽ—ഇതാണ് അദ്ദേഹത്തെപ്പററി ചിലവിവരണങ്ങളിൽ നിന്നു് ലഭിക്കുന്ന ചിത്രം. ഒരുകാര്യത്തിൽ അദ്ദേഹം സമർത്ഥനായിരുന്നു, സംഭാഷണ ചാതുര്യയോടുള്ള തമാശ. ഏതൊരാളെയും വശത്താക്കുവാൻ പററിയതാണ്.

സോക്രട്ടീസിന്റെ ചർച്ചാരീതി ഒന്നു പ്രത്യേകതയുള്ളതാണ്. തനിക്കു് യാതൊന്നും അറിഞ്ഞുകൂടാ, താൻ പരിപൂർണ്ണ പാമരനാണ്, തന്റെ സുഹൃത്തുക്കളിൽനിന്നും, വിദ്യാർത്ഥികളിൽനിന്നും, എതിരാളികളിൽനിന്നും പഠിക്കാൻ ശ്രമിക്കുകയാണ് താൻ എന്നൊക്കെ സമർത്ഥിച്ചുകൊണ്ടു് ഒരു ജിജ്ഞാസുവിനെപ്പോലെനടക്കും. എന്നിട്ട് ഒന്നും അറിഞ്ഞുകൂടാത്ത മട്ടിൽ ചോദ്യങ്ങൾ ചോദിച്ചുതുടങ്ങും, ഉത്തരങ്ങളെപിടിച്ച് വീണ്ടും ചോദിക്കും. ചോദ്യങ്ങളെക്കൊണ്ടു് പൊതിഞ്ഞ് അവസാനം തങ്ങൾ നൽകിയ ഉത്തരങ്ങളെല്ലാം തെററായിരുന്നു എന്നു് അവരെകൊണ്ടെല്ലാം സമ്മതിപ്പിക്കും ഈ രീതി സമർത്ഥമാണെങ്കിലും ശത്രുക്കളെ ഉണ്ടാക്കാൻ പററിയ പണിയാണ്. താൻ പറഞ്ഞതു് തെററാണെന്നു് തന്റെ വായ്കൊണ്ടുതന്നെ പറയേണ്ടിവരിക, അതും പലരുടേയും മുൻപിൽവെച്ച്. ആക്ഷേപിക്കാനിഷ്ടപ്പെടുക. ഈ സവിശേഷത അദ്ദേഹത്തിന്റെ കൂടപ്പിറപ്പാണെന്നു് നമുക്ക് അനുമാനിക്കാം.

എന്നാലും ഏതൻസിലെ പണ്ഡിത ലോകത്തെയാകെ പിടിച്ചുകുലുക്കിയ ഒരു കാട്ടുകടന്നലായിരുന്നു സോക്രട്ടീസ്. ഡെൽഫിയിലെ "വെളിപ്പാടു"തന്നെ പറഞ്ഞു ഗ്രീസിലെ ഏററവും പണ്ഡിതനായ ആളാണ് സോക്രട്ടീസ് എന്നു്. അതിനു് സോക്രട്ടീസ് കൊടുത്ത മറുപടി എന്തെന്നോ? ഗ്രീസിലെ ഏററവും വലിയ ജ്ഞാനി താനാണെങ്കിൽ അതിനുകാരണം തനിക്കൊന്നും അറിഞ്ഞുകൂടാ എന്നകാര്യം അറിയുന്നതു് താൻ മാത്രമാണ് എന്നു്.

രാഷ്ട്രീയത്തിലും ആശയസമരത്തിലും തികച്ചും നിർഭയനായിരുന്നു, സോക്രട്ടീസ്. ശത്രുക്കൾക്കോ അഥേനിയൻ ഗവണ്മെൻറിനു് തന്നെയുമോ സ്വന്തം വിലയിരുത്തലുകൾ വിപരീതമായി അദ്ദേഹത്തെകൊണ്ടു് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. വിജ്ഞാന ശാഖയിൽ മാത്രമേ അദ്ദേഹത്തിനു് താൽപ്പര്യമുണ്ടായിരുന്നുള്ള സുഖലോലുപതയോടു് അദ്ദേഹത്തിനു് തികഞ്ഞ അവജ്ഞയായിരുന്നു. പാവപ്പെട്ടവനായി അദ്ദേഹം ജീവിതം കഴിച്ചുകൂട്ടി. ഏതു വിധത്തിലായാലും അദ്ദേഹത്തിന്റെ കുടുംബക്കാർക്ക് പ്രത്യേകിച്ച് ഭാര്യക്കു്, വലിയ അവജ്ഞ ഉണ്ടാകുക സാധാരണമാണല്ലോ സോക്രട്ടീസിനു് മൂന്നു മക്കളുണ്ടായിരുന്നു. ഈ അവസ്ഥയിൽ അവർക്കു് ഒന്നുമായി വളരാൻ സാധിക്കാത്തതിൽ അവർക്കു് വലിയ അത്ഭുതമില്ല. അദ്ദേഹത്തിന്റെ ഭാര്യ "ക്സാൻഥിപ്പെസ്" വലിയ ദേഷ്യക്കാരിയായിരുന്നു.

ഇത്രമഹാനൊക്കെ ആയിരുന്നെങ്കിലും ഗ്രീക്കു ശാസ്ത്രത്തിൽ സോക്രട്ടീസിന്റെ സംഭാവന നോക്കുമ്പോൾ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. കാര്യകാരണാധിഷ്ഠിതമായ ശാസ്ത്രങ്ങൾ പഠിച്ചില്ലെങ്കിലും അനാക്സഗോറിസ്സിന്റെയോ, അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെയോ ശിഷ്യനായിരുന്നിരിക്കാം നമ്മുടെ കഥാപുരുഷൻ. ഭൗതിക ലോകത്തെക്കുറിച്ചുള്ള അറിവിന്റെ പ്രാധാന്യത്തെ അദ്ദേഹം ചോദ്യംചെയ്തു. മനുഷ്യന്റെ പെരുമാററത്തിലും അവന്റെ മനസ്സിന്റെ ആശാഥതയിൽ ഇരിക്കുന്ന ചിന്തയേയുംപററി


പത്മകുമാർ കെ. പി.

ഫസ്റ്റ് ഡി. സി. ബോട്ടണി

പഠിക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം. അല്ലാതെ കണ്ണിൽ കാണുന്നവയെക്കുറിച്ചും മാനത്തു് കാണുന്ന വസ്തുവിനെയുംകുറിച്ചുള്ള പഠനങ്ങളായിരുന്നില്ല.

ഗ്രീക്ക് പണ്ഡിത ലോകത്തിന്റെ ശ്രദ്ധയെ അവർ ധാർമ്മിക മൂല്യങ്ങളുടെ ദർശനത്തിലേയ്ക്കു നയിച്ചു. അവർ എന്നു പറയുന്നതു് സോക്രട്ടീസും അദ്ദേഹത്തിന്റെ ഉത്തമ ശിഷ്യനായ പ്ലേറേറായും ആണ്. പ്രകൃതിയെപ്പററിയുള്ള ദർശനം ഇന്നു നാം ശാസ്ത്രമെന്നു പറയുന്നതു്–അവഗണിക്കപ്പെടുകയും ക്ഷയിക്കുകയും ചെയ്തു.

പക്ഷേ ഗ്രീക്ക് പണ്ഡിത ലോകത്തിനും, അവരിൽ ചിലർ എത്രമാത്രം സോക്രട്ടീസിനെ ബഹുമാനിച്ചിരുന്നെങ്കിലും ആ കടന്തലിന്റെ കുത്തു് എത്രകാലം കൊള്ളാൻകഴിയും. അതു് മനുഷ്യന്റെ ഒരു സവിശേഷതയാണ്. അവസാനം അദ്ദേഹത്തെ അവർ കോടതിയിൽ കയററി. രാജ്യദ്രോഹത്തിന്റെയും നിരീശ്വരത്വത്തിന്റെയും പേരിൽ. പക്ഷേ ഏററവും രസകരമായതു് മറെറാന്നായിരുന്നു. 'ചെറുപ്പക്കാരെ വഴിപിഴപ്പിക്കുന്നു' എന്നുള്ള ഒരു ആരോപണം കൂടിയുണ്ടായിരുന്നു. ഒന്നിലും ഈ ആരോപണങ്ങൾ ന്യായീകരിക്കാവുന്നതായിരുന്നു. അന്നു് പ്രചാരത്തിൽ ഇരിക്കുന്ന ഗ്രീക്ക് ദേവന്മാരിൽ അദ്ദേഹത്തിനു് വിശ്വാസം ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഇതിനു് ആക്കം കൂട്ടി.

എന്നിരുന്നാലും പരാതി മനസ്സോടെയാണു് ജൂറിമാരിൽ ഭൂരിഭാഗവും അദ്ദേഹത്തെ വിചാരണചെയ്തതു്. എന്നാൽ വിചാരണവേളയിലും സ്വയം രക്ഷിക്കുന്നതിനു് പകരം തന്റെ പതിവുരീതി അനുസരിച്ചു് ജൂറിമാരെ അങ്ങേയററം പ്രകോപിപ്പിക്കുകയും അവസാനം അവരെക്കൊണ്ടും മനസ്സില്ലാമനസ്സോടെ വധശിക്ഷ വിധിപ്പിക്കുകയുമാണു് ഉണ്ടായതു്. 500 ജൂറിമാരിൽ 280 പേർ ശിക്ഷിക്കാനും 220 പേർ വെറുതെ വിടാനുമാണു് അഭിപ്രായപ്പെട്ടതു്.

ശിക്ഷ നടപ്പാക്കൽ പിന്നെയും ഒരുമാസം താമസമുണ്ടായിരുന്നു അതിനിടയ്ക്കു് അദ്ദേഹത്തിനു് തടവിൽനിന്നു് രക്ഷപ്പെടാമായിരുന്നു. അതിനായി ശിഷ്യന്മാർ ശ്രമിക്കുകയും ചെയ്തു. പക്ഷേ അദ്ദേഹത്തിനു് ഒട്ടും താല്പര്യമില്ലായിരുന്നു. അപ്പോഴം അദ്ദേഹത്തിനു് 70 വയസ്സു് കഴിഞ്ഞു. ഇനി മരിക്കാം, എല്ലാവരുടെയും മുമ്പിൽ എത്ര ധീരതയോടെയാണോ ജീവിച്ചിരുന്നതു് അതേ ധീരതയോടെ ഒരു കോപ്പ വിഷം കുടിച്ചു അദ്ദേഹം വിടപറഞ്ഞു. അദ്ദേഹത്തെ ശാസ്ത്രത്തിന്റെ രക്തസാക്ഷി എന്നു വിളിക്കാമോ? അറിഞ്ഞുകൂടാ, അറിഞ്ഞുകൊണ്ടു് തന്റെ വിശ്വാസങ്ങൾക്കുവേണ്ടി അദ്ദേഹം മരിച്ചു എന്നുപറയാം. അദ്ദേഹത്തെക്കുറിച്ചു് ഓർക്കുമ്പോൾ അജന്താശില്പങ്ങളിലെ ഒരു ശില്പംപോലെ നമ്മുടെ മനസ്സിൽ അദ്ദേഹത്തിന്റെ രൂപം മിന്നിമറയുന്നു.


## VISWABHARATHI COLLEGE
**CHEMMANMUKKU, QUILON-691001.**

**COLLEGE GOING CLASSES**

**PRE-DEGREE** II Year Classes, I Year Classes, Three Batches 7-30 A. M., 10 A.M. & 2 P.M.
Ist & IInd Year All Subjects and all Groups.

**D. C. ENGLISH** First Batch From 7-30 A.M. Second Batch From 2 P.M.

*Other Classes*

PRE-DEGREE (Parallel & Session) S. S. L. C., (Session) B. Com., (Parallel)
B. Sc. All Subsidiaries, B. A. All Subjects Main & Subsidiaries

**Special Tuition For B. Com. Accountancy**

School Section Stds VII VIII IX & X

*Best Laboratories for Pre-degree Classes*

Principal.


ററി. കെ. എം. ആർട്ട്സ്



# സ്പോർട്ട്സ് എന്റെ വീക്ഷണത്തിൽ



വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് കൂടുതൽ ബോധവാന്മാരായി തുടങ്ങിയ നമ്മുടെ ജനങ്ങൾ (പ്രായമുള്ള വിദ്യാഭ്യാസമില്ലാത്തവർ) യുവതലമുറയിൽ നിന്നുപോലും വിജ്ഞാനം ആർജ്ജിക്കുന്നു. വിദ്യക്കൊപ്പം നിൽക്കുന്ന രണ്ടു സംഗതികളാണ് കായികവിനോദവും (Sports) കലയും (Arts). ഇതിൽ ഞാൻ കായികത്തിനെക്കുറിച്ച് മാത്രമേ എഴുതുന്നുള്ളൂ. സ്കൂൾതലംമുതൽ അന്തർദേശീയ തലംവരെ സംഘടിപ്പിക്കുന്ന വിവിധ ഇനത്തിലുള്ള കായികമത്സരങ്ങളിൽ പങ്കെടുത്ത് രാജ്യത്തിനു പൊതുവേയും അതുൾക്കൊള്ളുന്ന സംസ്ഥാനത്തിനും സ്ഥാപനത്തിനും അതിലൂടെ വ്യക്തിത്വത്തിനും പേരും പ്രശസ്തിയും കൈവരിക്കുക എന്നുപറയുന്നത് ഒരു വൻ നേട്ടമായിട്ടാണ് കരുതുന്നത്. കായികവിനോദങ്ങളുടെപ്രാധാന്യം ഇനി ഇതിൽകൂടുതൽ എടുത്തുപറയേണ്ടതില്ലല്ലോ. വിദ്യാഭ്യാസത്തിനുപരി കായികതാരങ്ങൾക്ക് തൊഴിലിനു മാത്രമല്ല രാഷ്ട്രീയത്തിനുകൂടി അവരുടെ ജീവിതനേട്ടം ലഭ്യമാകുന്നു.

ഞാൻ ററി കെ. എം. ആർട്ട്സ് കോളേജിലെ ഒരു വിദ്യാർത്ഥി എന്നതിലുപരി ഒരു സ്പോർട്ട്സ് സെക്രട്ടറി, ഒരു സ്പോർട്ട്സ്മാൻ എന്നീനിലകളിൽ ചില വസ്തുതകൾ എന്റെ അനുഭവത്തിൽ നിന്നുപറയാം. ഒന്നാമതായി നമ്മുടെ സർവ്വകലാശാല ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയത് കായികതാരങ്ങളെ പൊതുവെബാധിക്കുന്ന ഒന്നാണ്. ഒരുവിദ്യാർത്ഥി അല്ലെങ്കിൽ വിദ്യാർത്ഥിനി തന്റെ കഴിവുകൾ വെളിപ്പെടുത്തുവാൻവേണ്ടി ധാരാളം പരിശീലനം നേടേണ്ടതായിട്ടുണ്ട്. ഇതു കൂടുതലും സായാഹ്നത്തിൽ മാത്രമേ സാധിക്കയുള്ളൂ. രാവിലെ ഷിഫ്റ്റുള്ള ഒരു സ്പോർട്ട്സ്മാൻ (വിമൻ) ഉച്ചകഴിഞ്ഞ് അഞ്ചുമണിവരെ കോളേജിൽ കാത്ത് നിൽക്കേണ്ടിവരുന്നു. ഇതുമൂലം പലരും ഇതിൽ താല്പര്യക്കുറവ് കാണിക്കുന്നു. മാത്രമല്ല പഠിത്തത്തെ സാരമായി ബാധിക്കുകയുംചെയ്യും. ഇതിനുവേണ്ടി ചില കോളേജുകളിൽ സ്പോർട്ട്സ് ഹോസ്റ്റലുകൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും എല്ലാ കോളേജിലും ഇല്ലാത്തതിനാൽ Sports Man Spirit (ആവേശം) നഷ്ടപ്പെടുന്നു. സ്പോർട്ട്സ് ഹോസ്റ്റലുകൾ ഉള്ള കോളേജുകളിൽമാത്രമായി സ്പോർട്ട്സ് ഒതുങ്ങി നിൽക്കുന്നു. ഇതുമൂലം മററുകോളേജുമായി ഒരു മത്സരബുദ്ധിതന്നെ ഇല്ലാതാകുന്നു, തന്മൂലം സ്പോർട്ട്സ് ഹോസ്റ്റൽ ഉള്ളവർ സമ്മാനങ്ങൾ വാരിക്കൂട്ടുന്നു. ഇവർ പ്രഗത്ഭരും മററുള്ളവർ നാമമാത്രമുള്ളവരായും അവശേഷിക്കുന്നു

ഞങ്ങളുടെ കോളേജ് 1981–82 വർഷത്തിൽ പല നേട്ടങ്ങളും കൈവരിക്കയുണ്ടായി. യൂണിവേഴ്സിററി സംഘടിപ്പിച്ച ശരീരസൗന്ദര്യ മത്സരത്തിൽ ജോയ്പയസ് എന്ന രണ്ടാംവർഷ ബി. കോം. വിദ്യാർത്ഥി രണ്ടാം സ്ഥാനം കരസ്ഥമാക്കി. കൂടാതെ യൂണിവേഴ്സിററി ഗുസ്തി മത്സരത്തിൽ പന്തൂസ് തരകൻ, ബിജു എബ്രഹാം എന്നീ പി.ഡി.സി. വിദ്യാർത്ഥികൾ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. ഇപ്രാവശ്യം നടന്ന ഡിസ്ട്രിക്ട് അത്‌ലററിക് മീററിൽ വനിതാ ചാമ്പ്യനായി തെരഞ്ഞെടുത്ത സുജാ തോമസ്പണിക്കർ എന്നവിദ്യാർത്ഥിനിയെ ററി. കെ. എം. കോളേജിനു് മറക്കാൻകഴിയില്ല. ഞങ്ങളുടെ കോളേജിൽനിന്നു് ഫുട്ബോൾ, വോളീബോൾ, ബാസ്കററ്ബോൾ, ക്രിക്കററ്, കബഡി തുടങ്ങിയ യൂണിവേഴ്സിററി മത്സരങ്ങളിലും ലീഗ് മത്സരങ്ങളിലും മററും പങ്കെടുത്തിരുന്നു. പല പ്രമുഖ കോച്ചുകളെയും യൂണിവേഴ്സിററിയിൽ നിന്നും പരിശീലനത്തിനായി അയച്ചിരുന്നു. ഫുട്ബോളിനു് ശ്രീ ഗോപാലകൃഷ്ണൻ സാറിനേയും അത്‌ലററിക്കിനു് ശ്രീമാൻമാരായ ശശാങ്കൻ, തോമസ്സ് എന്നീ കോച്ചുകളുടേയും സേവനങ്ങൾ മറക്കാൻ കഴിയില്ല. വോളീബോളിനും കോച്ചിംഗ് കൊടുക്കുകയുണ്ടായി. ജിംനേഷ്യം ആദ്യമായി ഉണ്ടാക്കിയതും ഈവർഷംതന്നെയാണ്.

ഈവർഷം മാച്ച് 18, 19, 20 എന്നീ തീയതികളിൽ ഞങ്ങളുടെ Annual Sports നടത്തപ്പെട്ടു.

ഷിയാബ്ബ് എ.
സെക്കൻറ് ബി. കോം



Scanned with OKEN Scanner

അതിൽ ഗുസ്തിമത്സരം ആദ്യമായി കോളേജിൽ നടത്താൻ കഴിഞ്ഞതു് ഈ വർഷത്തെ ഒരു നേട്ടമാണ്. കൂടാതെ പുതിയ ഇനങ്ങളായി Cycle race, Sack race, Pillow fight എന്നീ വിനോദമത്സരങ്ങളും ഏർപ്പെടുത്തിയിരുന്നു. ശരീര സൗന്ദര്യമത്സരം നടത്തപ്പെട്ടു. അദ്ധ്യാപക അനദ്ധ്യാപകർക്കു് വേണ്ടിയും സ്പോർട്ട്സുകൾ സംഘടിപ്പിച്ചിരുന്നു. സ്പോർട്ട്സിൽ പങ്കെടുത്ത വിദ്യാർത്ഥികളെ യഥാക്രമം പച്ച, നീല, വെള്ള, ചുവപ്പ് എന്നീ നാലുനിറങ്ങളിലായി തരംതിരിച്ച് ഹൗസുകൾ ഏർപ്പെടുത്തിയായിരുന്നു മത്സരങ്ങൾ നടത്തപ്പെട്ടതു്. ഏററവുംകൂടുതൽ പോയിൻറുകൾ നേടിയ നിറത്തിനു് ചാമ്പ്യൻഷിപ്പ് നൽകുകയുണ്ടായി. യൂണിവേഴ്സിററി മത്സരങ്ങളിലും മററും വിജയികളായവർക്കു് പ്രോത്സാഹന സമ്മാനങ്ങൾ നൽകിയതു് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

18-ാംതീയതി പതാക ഉയർത്തലോടെ ആരംഭിച്ച പരിപാടികൾ 20-ാംതീയതി തിരശ്ശീലവീണു. സമാപന ചടങ്ങിൽ അദ്ധ്യക്ഷനായി പ്രിൻസിപ്പൽ Pro. S. M. Sainalabdeen സാറും മുഖ്യാതിഥിയായി ഫാത്തിമാകോളേജിലെ പ്രിൻസിപ്പലായ Rev. Pro. A. J. Rozario സാറും പങ്കെടുത്തിരുന്നു. സമ്മാനദാനം നിർവ്വഹിച്ചതും മുഖ്യാതിഥിതന്നെയായിരുന്നു. ഞങ്ങൾക്ക് അദ്ധ്യാപക അനദ്ധ്യാപകൻമാരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണസഹകരണം കിട്ടുകയുണ്ടായി.

ഒരു കാര്യം മാത്രമേ എനിക്കു പറയുവാനുള്ളൂ. നമ്മുടെ സ്കൂൾതലം മുതൽതന്നെ വിദ്യാഭ്യാസത്തിനു മുൻതൂക്കം കൊടുക്കുന്നതുപോലെ, സ്പോർട്ട്സിനും സ്പോർട്ട്സ്മാന്മാർക്കും മുൻതൂക്കം കൊടുക്കേണ്ടതനിവാര്യമാണ്. അതുമൂലം നമ്മുടെ യുവതലമുറയെ ബോധവാന്മാരാക്കി നമ്മുടെ രാഷ്ട്രത്തിൻേറയും സ്പോർട്ട്സിൻേറയും സൽപ്പേരു് നിലനിറുത്താൻ കഴിയണം.



## മഹത് വചനങ്ങൾ

സഹനം കൈക്കൊള്ളുവിൻ, തീർച്ചയായും ദൈവം സഹനശീലരുടെകൂടെയത്രെ —ഖുർ-ആൻ

സൂക്ഷിക്കുവിൻ നിങ്ങളുടെ ധർമ്മദാനം അന്യരെ കാണിക്കുവാൻവേണ്ടി ആകരുത്, നീ ദാനംചെയ്യുമ്പോൾ നിൻെറ വലതുകൈ എന്തുചെയ്യുന്നു എന്നത് ഇടതുകൈ അറിയരുത്.

—ബൈബിൾ

കരുണാമസൃണമായ മനഃസ്ഥിതിയോടുകൂടിയവൻ പ്രായേണ ഇതരൻമാരുടെ വേദനകളാലാണ് വേദന അനുഭവിക്കുക. വിശ്വരൂപിയായ ഈശ്വരന് സമർപ്പിക്കപ്പെടാവുന്നതിൽ ഏററവും ഉൽകൃഷ്ടമായ ആരാധന ഇതാണെന്ന് നാം ധരിക്കണം. ഭഗവത്ഗീത

മനുഷ്യനെ ഒരിടത്തും ഒരിക്കലും ഒരു അവസ്ഥയിലും സഹായിക്കാത്ത മതം നിഷ്പ്രയോജനമാണ് അത് ചുരുക്കംചില ചിന്തകൻമാർക്ക് തർക്കിക്കാൻകൊള്ളാം, യഥാർത്ഥമതം എപ്പോഴും മനുഷ്യനെ സഹായിക്കുന്നതത്രെ.

—സ്വാമി വിവേകാനന്ദൻ

നീ എന്തെന്ന് നീ കാണുന്നില്ല, നീ കാണുന്നത് നിൻെറനിഴലാണ്.—രവീന്ദ്രനാഥ ടാഗോർ

സമ്പാദകൻ—നൗഷീർ ഖാൻ എസ്. ഫസ്റ്റ് പി.ഡി.സി. ഫസ്റ്റ്ഗ്രൂപ്പ് $B_1$ ബാച്ച്



Scanned with OKEN Scanner



MAJOR BASHEERKANNU
2 i/c 7 Kerala Bn. N. C. C.
Promoted to the present Ranks
on 30-3-1982.



N. C. C. ARMY WING

Scanned with OKEN Scanner



ടി. കെ. എം., എൻ. സി. സി.
യൂണിററിന്റെ രോമാഞ്ചം.
S.U/o. രവീന്ദ്രൻപിള്ള. എം. ജി.
Selected as best all round Cadet in A. T C. at Kadampanadu - Attended all India trekking expedition at Rishikesh (U. P.)



S. U/o. അബ്ദുൽ ജബ്ബാർ
Attended Republic Parade at New Delhi 1982. Basic Leadership Course at Velloore (T. N.). Regular Army attachment with Madras and A. T. C. 'C' Certificate holder.



S. U/o. അശോകൻ. പി.
Attended Advanced Leadership Course at Lebong (Sikkim) Attachment to Regular Army at Pangode. A. T. C. at Kadampanadu and 'C' Certificate holders.



S. U/o. രാധാകൃഷ്ണൻ. എസ്.
Attended Republic Parade at New Delhi



U/o. പ്രേംനജീബ്. എം.
Attended Regular Army Attachment Camp at Pangode A. T. C. at Kadampanadu.
'C' Certificate holder.



U/o എച്ച്. നജ്മുദ്ദീൻ
'C' Certificate holder.
Adjudged Ist Place in Byonet and G K. test in Quilon group.



U/o. ഗിരീഷ്ബാബു. N. S.
Attended Regular Army Attachment at Pangode.
'C' Certificate holder.

Cadet Capt. Naval N. C. C.
ജി. രാജശേഖരൻ നായർ
'B' Certificate Holder





Leading Cadet
Naval N. C. C.
എ. അബ്ദുൽ റഹീം

Scanned with OKEN Scanner

# NATIONAL SERVICE SCHEME

## N. S. S. വോളന്റിയർ ക്യാപ്റ്റൻമാർ



സേവനത്തിന്റെ കർമ്മസാക്ഷി
പ്രൊഫ: എസ്. ബാദർ



സലാഹുദീൻ വൈ.



അബ്ദുൾറഷീദ്. വി.



അബ്ദുൾകരീം. വി.




ഗ്രാമപുനരുദ്ധാരണപദ്ധതി
പ്രൊഫ: ബഷീർകുഞ്ഞ് ഉത്ഘാടനംചെയ്യുന്നു



''പേനകളേന്തും പേലവപാണികൾ
പേറുന്നൂ പണിയായുധവും''



N. S. S. ഏകദിനക്യാമ്പ്
ഉത്ഘാടകൻ R. D. O.
ശ്രീ. കെ. സൈനുലാബ്ദീൻ



ആശംസാപ്രസംഗം
മുഖത്തല, B. D. O.
ശ്രീ. ഭാസ്കരൻ



ആശംസാപ്രസംഗം
കൊറ്റങ്കര പഞ്ചായത്ത്
പ്രസിഡന്റ്
ശ്രീ. കരുണാകരൻപിള്ള വി.



സ്വാഗതം
സലാഹുദീൻ. വൈ.

# FREE MEDICAL CAMP



ആതുരെ കാലിൽ—
തറയ്ക്കുന്നമുള്ളും
തങ്ങടാതാവിൽ—
ക്ഷതിനോവിക്കുന്ന
നിർമ്മയം.



ഡോക്ടർ ജി. സാമുവൽ
F.R.C.S., F.A.C.S.
ഉദ്ഘാടനം ചെയ്യുന്നു.

ആശംസാപ്രസംഗം—
ഡോ: റാഫ്



മെഡിക്കൽ ചെക്കപ്പ്



കായിക്കര എ. നിസാമുദ്ദീൻ
സ്വാഗതപ്രസംഗം—മെഡിസിൻ ക്യാമ്പ്



അബ്ദുൾ റഷീദ്
ക്യാമ്പ് റിപ്പോർട്ട് അവതരിപ്പിക്കുന്നു.



അന്നമ്മായോഹന്നാൻ
കൃതജ്ഞത

# മോഹങ്ങളേ വീണുറങ്ങൂ

ഇന്ദിര കെ.
സെക്കൻറ് പി.ഡി.സി. A3 ബാച്ച്

എല്ലാം ഉപേക്ഷിച്ചുപോയ പകൽ. ഇരുട്ടു മാത്രം തുളുമ്പിനിൽക്കുന്നു. നീണ്ട ഒരു ദിവസത്തിൻെറ ആലസ്യം മിഴികളിൽ, മെല്ലെനടന്നു് പെൻടോർച്ചിൻെറ നേരിയ വെളിച്ചത്തിൽ വീണുകിട്ടിയ പാതയിലൂടെ. കോടതിമുറിയിലെ കനത്ത നിമിഷങ്ങളിൽനിന്നു് മോചനംകിട്ടുന്നതു് ഇപ്പോഴാണു്. വീട്ടിലെത്തിയാൽ നാഴികമണിയുടെ ഓരോ രാസ്പന്ദനങ്ങളും ഇൻഡ്യൻ പീനൽകോഡിൻെറ ഇളംമഞ്ഞനിറമുള്ള താളുകളിലാണു് ലയിച്ചുചേരുക. അടുത്തദിവസത്തെ വാദമുഖങ്ങൾക്കുവേണ്ടി മനസ്സും കണ്ണുകളും അവയിൽ പരതിനടക്കുകയാവുമപ്പോൾ. വിശ്രമമെന്നതു് അനുഭവിച്ചറിയാൻ ഇടയായില്ല. മദ്ധ്യവേനലവധിക്കു് കോടതിയടയ്ക്കുമ്പോഴും സ്പെഷ്യൽ വെക്കേഷൻ ജഡ്ജിയായി താനുണ്ടാവും. അധികം ദീർഘമല്ലാത്ത ഈ കാലയളവിൽ എത്ര പ്രശസ്തമായ കേസ്സുകൾ വാദിച്ചിരിക്കുന്നു. ഒരിക്കലും മനസ്സാക്ഷിക്കുത്തേററിട്ടില്ല. പീനൽകോഡിലെ നിയമങ്ങളിലുറച്ചു് വിധിപ്രഖ്യാപനം നടത്തിയതിൻെറപേരിൽ എത്ര ഭീഷണികത്തുകൾ കിട്ടിയിരിക്കുന്നു. അപ്പോഴുണ്ടാവുന്ന നേരിയഭയംപോലും ആത്മവിശ്വാസത്തിലലിഞ്ഞുപോകും.

''ൻറമ്മേ! എന്നെക്കൊല്ലുന്നേ....'' പെട്ടെന്നുള്ള രോദനംകേട്ടു് ചിന്തകളിൽനിന്നുണർന്നു ഞെട്ടിത്തിരിഞ്ഞു. ശബ്ദംകേട്ട സ്ഥലത്തേക്കു് ടോർച്ചു്മിന്നിച്ചു. അതിൻെറ വിളറിയ പ്രകാശത്തിൽ രണ്ടാൾരൂപം. ''നീ ഞങ്ങളുടെ സമരം പൊളിക്കും അല്ലേടാ....ദാ ഇതുടെയിരിക്കട്ടെ'', കത്തി വീണ്ടുമാഞ്ഞിറങ്ങി. വെളിച്ചംകണ്ടു് ഭയന്നു് ഒരുവനോടി, പെട്ടെന്നു് മിന്നിയ കൊള്ളിയാൻെറ പ്രകാശത്തിൽ അവൻെറമുഖം വ്യക്തമായിക്കണ്ടു. റയിൽവേത്തൊഴിലാളികളുടെ ഗുണ്ടാത്തലവനായ സോമൻ! വഴിയരികിൽ കരിയിലമുകളിൽ രക്തംവാർന്നു വിളറിയദേഹം. അതു് പിടയ്ക്കുന്നുണ്ടായിരുന്നു. അടുത്തുചെന്നപ്പോഴേക്കും അതു് നിശ്ചലമായിരുന്നു. സംഭവം പോലീസിൽ റിപ്പോർട്ടുചെയ്തപ്പോൾ താൻ തന്നെ വാദിക്കേണ്ടിവരുമെന്നു് കരുതിയില്ല.

പിറേറന്നു് കോടതിമുറിയിൽ പ്രതിയെ ഹാജരാക്കി.

പ്രതിക്കൂട്ടിൽ തന്നെനോക്കിനില്ക്കുന്ന മുഖം.

ഒരിക്കൽകൂടി നോക്കാൻ കരുത്തുണ്ടായില്ല. തൻെറ നിലനില്പിനു് ബീജാവാപം നൽകി വളർത്തി പഠിപ്പിച്ചു് ജില്ലാകോടതി ജഡ്ജിയാക്കിയ അച്ഛൻ. തൻെറ പ്രിയപ്പെട്ട അച്ഛൻ. അരുതു് മനസ്സേ വിതുമ്പരുതു് ഇല്ല, ആവില്ല. അഗ്നിചിറകുള്ള ആയിരം സ്വപ്നങ്ങൾക്കു നടുവിൽ. വയ്യ, എനിക്കാവില്ല. ഒരു ന്യായാധിപൻ കേവലമൊരു കുററവാളിയുടെ മുന്നിൽ.

അങ്ങനെ പറയരുതു്. പീനൽകോഡിലെ അക്ഷരങ്ങൾ വിഷജലത്തിൽ മുക്കി എഴുതിയവയാണോ? എന്നെ പരീക്ഷിക്കരുതു്. പബ്ളിക്കു് പ്രോസിക്യൂട്ടർമാരുടെ വാദങ്ങളെല്ലാം കേട്ടു മുഖംമുയർത്താതെയിരുന്നു. അച്ഛാ! എൻെറ ഉല്പത്തിദാതാവായ പ്രിയപ്പെട്ട അച്ഛാ, അച്ഛൻെറ പുത്രനിവിടെയശക്തനാണു്. ഒക്കെകേട്ടു് ഒരവധൂതൻെറ മനസ്സുമായിരിക്കാൻ ശപിക്കപ്പെട്ടവനാണു് ഞാൻ. ആ മുഖത്തേക്കു നോക്കാൻ വയ്യ, എനിക്കാവില്ല. ആ മുഖത്തെന്താവും ഇപ്പോൾ ഭാവം?

ദയനീയതയുടെ, അഭ്യർത്ഥനയുടെ, നിസ്സഹായതയുടെ തൻെറ മുന്നിൽ കെട്ടിയുയർത്തിയ വേദിയിൽ കറുത്ത വസ്ത്രമണിഞ്ഞിരിക്കുന്ന തൻെറ പുത്രനെ നോക്കി ആ മുഖം കേഴുന്നുവോ?

തെളിവുകളെല്ലാം വാദിഭാഗം വക്കീൽ ഹാജരാക്കിയിരിക്കുന്നു. ഇല്ല, ഞാൻ വിശ്വസിക്കില്ല. പ്രതിയെ കൊന്നതു് റെയിൽവേ തൊഴിലാളി ദാസപ്പനാണു്. എൻെറ കണ്ണുകളെ വഞ്ചിക്കാൻ എനിക്കാവില്ല. എൻെറ മുന്നിൽ പ്രതിക്കൂട്ടിൽ നില്ക്കുന്നയാൾ നിരപരാധിയാണു്. ആരാലോ വഞ്ചിക്കപ്പെട്ട നിരപരാധിയായ അച്ഛൻ! നിയതിയുടെ വിധാതാക്കളേ എനിക്കു ശക്തിതരൂ നിരപരാധികളെ മാത്രം രക്ഷിച്ച പാരമ്പര്യമുള്ള എനിക്കു് നിരപരാധിയായ എൻെറ അച്ഛനെ രക്ഷിക്കാൻ ശക്തിമന്ത്രമുരുവിട്ടുതരൂ! ഇവിടെ ഈ പ്രതലങ്ങളിൽ നൂല



Scanned with OKEN Scanner

പൊട്ടിയ പട്ടംപോലെ ഞാനുഴറുകയാണ്. എനിക്കെൻെറ പഴയ മാനസികാവസ്ഥയെങ്കിലും തരു .........

ഒക്കെ വിഫലമായിരിക്കുന്നു. അച്ഛൻെറ മുന്നിൽ അധോമുഖനായി കറുത്ത വസ്ത്രമണിഞ്ഞ് മകൻ നിസ്സഹായനായിരുന്നു. നിരപരാധിയായ അച്ഛനെതിരെ ഹാജരാക്കിയ തെളിവുകൾ വ്യാജമാണെന്ന് ഞാനല്ലാതെ ആരു് വിശ്വസിക്കും? രക്ഷിക്കാനർഹതയുള്ളവരെ മാത്രം രക്ഷിച്ചിട്ടുള്ള എനിക്കു് ഒരു രക്ഷാമന്ത്രമെവിടെ നിന്നാണ് തേടേണ്ടതു്.

നാളെ.......നാളെ കേസ്സിൻെറ വിധിയാണ്, വിധിപ്രഖ്യാപനമാണ് കാലത്തു പത്തുമണിക്കു്. വരാന്തയിൽ ആളുകൾ തടിച്ചുകൂടി. കോടതിയിൽവച്ച് ഒരു മകൻ അച്ഛൻെറ വിധി നിർണ്ണയിക്കുന്നു. ഒരു കൊലപാതകത്തിൻെറ വിധി അൻപതു പേജെങ്കിലും കാണണം. മുന്നിൽ അതിലധികം പേപ്പറുണ്ടു്. നാളേയ്ക്കുള്ള വിധി ഇപ്പോൾ........

ഇപ്പോഴാണ് എഴുതേണ്ടതു് പേപ്പറുണ്ടു് മഷിനിറച്ച പേനയുണ്ടു് വിധികർത്താവായ ജില്ലാ കോടതി ജഡ്ജിയുണ്ടു്. പക്ഷേ ഞാനില്ല..........എൻെറ മനസ്സില്ല എവിടെ? എവിടെയോ അതെനിക്കു് നഷ്ടപ്പെട്ടിരിക്കുന്നു. ഇല്ല ഇല്ലച്ഛാ അച്ഛൻെറ ഈ മകനാവില്ല.......... ഒന്നിനും ഒന്നിനുമെനിക്കു കഴിവില്ല. കോടതിയിൽനിന്നു് മടങ്ങിയ ആ സന്ധ്യയിൽ ആ കൊലപാതകം ഞാൻ കണ്ടതാണ്......പക്ഷേ (അതുകൊണ്ടുതന്നെയാവാം) എനിക്കതിൻെറ വിധി എഴുതാനാവില്ല. ഓർക്കുന്നു .......

ജ്വരംപിടിച്ച കുഞ്ഞിനെ ചുമന്നുകൊണ്ടു് ആശുപത്രിയിലേക്കോടിയ പിതാവിൻെറ മുഖം.

പരീക്ഷയ്ക്കു് റാങ്കുണ്ടെന്നറിയിച്ചപ്പോൾ ഓടിവന്നു കെട്ടിപ്പുണർന്ന പിതാവിൻെറ മുഖം.

പട്ടണത്തിൽ ജോലി കിട്ടിയപ്പോൾ മകനു താമസിക്കാനിടമന്വേഷിച്ചലഞ്ഞ് കാർ ആക്സിഡൻറിൽപെട്ടു മരിച്ചു ജീവിച്ച പിതാവിൻെറ മുഖം.........ഇല്ല........ആ മുഖത്തു നോക്കി നിഷേധിക്കാനെനിക്കാവില്ല. പ്രിയപ്പെട്ട അച്ഛാ.... എന്താണ്.........എന്താണ് ചെയ്യേണ്ടതു് പറയൂ.... പറഞ്ഞു തരു.............പറയില്ല അല്ലേ?........... എങ്കിൽ..........എങ്കിൽ ഞാൻ തീരുമാനിക്കുന്നു. നിതാന്തമായ നിദ്രയെ ക്ഷണിക്കുന്ന ഈ ഗുളികകളിൽ അച്ഛൻെറ മകൻ അഭയം തേടുകയാണ്. അച്ഛനുള്ളതു് കഴുകുമരമാണെന്നെനിക്കറിയാം. അതു് കാണാനെനിക്കു് കരുത്തുണ്ടാവില്ല. ആ നിമിഷങ്ങൾക്കു മുമ്പേ എനിക്കു് പറന്നകന്നു പോകണം. തെററാണെങ്കിൽ മാപ്പുതരു.......... വധശിക്ഷയനുഭവിച്ച് അച്ഛൻ പരലോകം തേടിവരുമ്പോൾ അച്ഛനെ സ്വീകരിക്കാൻ പാപിയായ ഈ മകൻ അവിടെയുണ്ടാകും. തൽക്കാലം യാത്രയാവുകയാണ് എനിക്കു് പിറവിയേകിയ മനസ്സേ ..........എന്നെയൂട്ടിവളർത്തിയ സരസ്സേ വിട........വിട........വിട........

---

## മനുഷ്യനെപ്പററി മഹാൻമാർ പറഞ്ഞത്

*ജലോപരിതലത്തിലെ എഴുതപ്പെട്ട വിലാപ കാവ്യമാണ് മനുഷ്യൻ.* —കീററ്സ്

*മനുഷ്യ ക്ഷമ കൈപ്പുള്ളതാകുന്നു, പക്ഷേ അതിൻെറ ഫലം മാധുര്യമുള്ളതാണ്.* —റൂസോ

*മനുഷ്യൻ സ്വാർത്ഥതയിൽ നിന്നും അകലുംതോറും ദൈവത്തോട് അടുക്കുന്നു.* —ജെ. ബി. പീററർ

സമ്പാദക—സുബൈദ, ഫസ്റ്റ് പി. ഡി. സി.

ററി .കെ .എം. ആർട്ട്സ്

# കോളേജ് യൂണിയൻ റിപ്പോർട്ട് 81–'82

ഒരു കലാലയവർഷംകൂടി കടന്നുപോയി. ഇക്കഴിഞ്ഞ കലാലയവർഷത്തിലെ കോളേജ്‌യൂണിയന്റെ കാര്യ
ദർശി എന്ന നിലയ്ക്ക്, താരതമ്യേന സജീവമായിരുന്ന ആ കാലയളവിന്റെ സംക്ഷിപ്തമായൊരു രൂപം
ഇവിടെ അവതരിപ്പിക്കുന്നതിൽ ഞാൻ സംതൃപ്തനാണ്.

റ്റി. കെ. എം. ആർട്ട്സ് കോളേജിലെ വിദ്യാർത്ഥിസമൂഹം, നിഷേധത്തിന്റെ ഗർഭഗേഹങ്ങളിൽനിന്നു
പുറത്തു കടക്കുവാൻ മാറ്റത്തിന്റെ കൈത്തിരിനാളങ്ങൾക്കുവേണ്ടി ദാഹിച്ചിരുന്നപ്പോഴാണ് 1981 ഒക്ടോബർ
6-ാംതീയതി കോളേജ്‌യൂണിയൻ തെരഞ്ഞെടുപ്പു നടന്നത്. നാലുവർഷത്തെ നിഷേധഭരണം അവസാനി
പ്പിച്ചുകൊണ്ട് കെ. എസ്. യു. മുന്നണി വമ്പിച്ച വിജയം നേടി. മാറ്റത്തിന്റെ ആ മുഹൂർത്തത്തിൽ ഈ
കലാലയത്തിലെ വിദ്യാർത്ഥികളുടെ പ്രതീക്ഷകളെ പൂവണിയിക്കുവാൻ യൂണിയൻ ഭാരവാഹികൾ കൈക്കൊണ്ട
ശക്തമായ പ്രതിജ്ഞയാണ് കഴിഞ്ഞവർഷത്തെ കോളേജ്‌യൂണിയൻ പ്രവർത്തനങ്ങളിൽ ചലനത്തിന്റെ
ചിറകൊളങ്ങൾ ചിന്തിച്ചത്. വിദ്യാർത്ഥി മനസ്സിന്റെ സീമാതീതമായ വിശാലത വിളിച്ചോതിക്കൊണ്ട്,
ഭരണപ്രതിപക്ഷഭേദമെന്യേ കേരളത്തിന്റെ പ്രസക്ത രാഷ്ട്രീയചിന്തകളുടെ മുഴുവൻ പ്രാതിനിധ്യവും ഉൾക്കൊ
ള്ളിച്ചുകൊണ്ട്, യൂണിയൻ 1981 നവംബർ 28–ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു.

പ്രമുഖ വിദ്യാഭ്യാസവിചക്ഷണനും ജനാധിപത്യമൂല്യങ്ങളുടെ ശക്തനായ വക്താവുമായ പ്രൊഫ: കെ. എം.
ചാണ്ടിയാണ് (പ്രസി: കെ. പി. സി. സി.) കാര്യമാത്രപ്രസക്തമായ ഒരു പ്രസംഗത്തോടെ യൂണിയൻപ്രവ
ർത്തനം ഉദ്ഘാടനം ചെയ്തത്. സർവ്വശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ, തിരുവഞ്ചിയൂർ രാധാകൃഷ്ണൻ,
ആർ. എസ്. ബാബു, നബീസത്തുബീവി, ജയിംസ് ജോസഫ്, എ. യൂനസുകുഞ്ഞ്, വിക്രമൻ തുടങ്ങിയ
വർ പ്രസ്തുത മംഗളമുഹൂർത്തത്തിന് ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു.

കരളലിയിക്കുന്ന കരുണാഭാവങ്ങൾകൊണ്ട് മലയാള ചലച്ചിത്രവേദിയെ കീഴടക്കിയ മിസ്സ്. ജലജ കലാസമി
തിയുടെ ഉത്ഘാടനം നിർവ്വഹിച്ചത് ശുഭസൂചകമായിരുന്നു എന്നത് പിൽക്കാലപ്രവർത്തനങ്ങൾ തെളിയി
ച്ചിട്ടുണ്ട്. ബഹു: പ്രിൻസിപ്പാൾ സ്വാഗതമോതി. യൂണിയൻ ചെയർമാൻ കായിക്കര നവാബിന്റെ
അദ്ധ്യക്ഷതയിൽ നടന്ന പ്രസ്തുത പരിപാടികൾ കാലത്തിന്റെ അധോമുഖങ്ങളുടെ അലോരസപ്പെടുത്തലുകൾ
ക്കിടയിലും ഭംഗിലോപംവരാതെ നടന്നുവെന്നതുതന്നെ പ്രകടമായ ഒരു മാറ്റമായിരുന്നതുകൊണ്ടുതന്നെ
പ്രസ്തുത ചടങ്ങുകളിൽ പങ്കെടുത്ത അതിഥികൾക്കും, എല്ലാ വിദ്യാർത്ഥി സഹപാഠികൾക്കും ഹൃദയത്തിന്റെ
ഭാഷയിൽ നന്ദി പ്രകാശിപ്പിക്കുവാൻ കാര്യദർശി എന്ന നിലയ്ക്ക് എനിക്കു കഴിഞ്ഞു.

നമ്മുടെയിടയിലെ കലാകാരന്മാരുടേയും, കലാകാരികളുടേയും, വാസനാബലവും പ്രതിഭയും, വിളിച്ചോതുന്ന
വൈവിദ്ധ്യമാർന്ന കലാപ്രകടനങ്ങൾ പ്രസ്തുത സായാഹ്നത്തിന് സന്ദർഭത്തിന്റെ ലഹരിയും, ആസ്വാദ്യത
യുടെ രുചിയും പകർന്നു.

പരിമിതികളുള്ളതുകൊണ്ടും ഈ രേഖ സംക്ഷിപ്തമായിരിക്കണമെന്നുള്ളതുകൊണ്ടും പ്രസ്താവം അനിവാര്യമാക്കി
ത്തീർക്കുന്ന ചിലതുമാത്രം ഇവിടെ സൂചിപ്പിക്കുന്നു. പ്രശസ്ത സിനിമാതാരം ശ്രീ. ജഗതി ശ്രീകുമാർ പ്രകാ
ശനംചെയ്ത (6–3–82) 'ഹേതി' കൈയെഴുത്തു മാസിക നമ്മുടെ ഇടയിലെ പ്രതിഭാധനന്മാരെ രംഗത്തു കൊണ്ടു
വന്നു. അത് വീഴ്ചകൂടാതെ തുടരുവാൻ കഴിഞ്ഞില്ലെന്നുള്ളത് ഖേദപൂർവ്വം സ്മരിക്കുകയും, വരുന്ന യൂണിയനു
കൾക്ക് പ്രവർത്തിക്കുവാനായി പുതിയ മേച്ചിൽപ്പുറം സമർപ്പിക്കുവാൻ അതിന് കഴിഞ്ഞതിൽ നമുക്കൊന്നു
സംതൃപ്തി അടയുകയുംചെയ്യാം.

നമ്മുടെ ചർച്ചാവേദിയിൽ പഠനമാദ്ധ്യമത്തേക്കുറിച്ചു നടന്ന ചർച്ചയും, ആയതിന്റെ രേഖകളും ഭാവിതലമുറ
കൾക്കു ഫലം നൽകുന്നതായിരുന്നു. പഠനമാദ്ധ്യമം ആംഗലഭാഷതന്നെയായിരിക്കണമെന്ന് കാര്യകാരണ
സഹിതം പ്രൊഫ: ശ്രീ. എ. ഫത്താഹ് അഭിപ്രായപ്പെട്ടപ്പോൾ, എതിർഭാഗം ശ്രീമതി ഡോ: ജി. സുലേഖ
യുടെ നേതൃത്വത്തിൽ യുക്തിയുക്തം അഭിപ്രായപ്പെട്ടത് അദ്ധ്യായനമാദ്ധ്യമം മലയാളമായിരിക്കണമെന്നാണ്.
നമ്മുടെ ചർച്ചാവേദിയുടെ ആരോഗ്യകരമായ ഭാവി വിളിച്ചോതിയ പ്രസ്തുത സന്ദർഭത്തിൽ ഇരുഭാഗങ്ങളിലും
അഭിപ്രായദാർഢ്യമുള്ള ഒട്ടേറെ വിദ്യാർത്ഥികളെ നമുക്കു കണ്ടെത്താൻ കഴിഞ്ഞു.

സ്തുതി അർഹിക്കുംവിധം പ്രവർത്തിച്ച ഒരു ഡ്രമാറ്റിക് ക്ലബ്ബും, ക്വിസ്സ് ക്ലബ്ബും, മ്യൂസിക് ക്ലബ്ബും രൂപീകരിക്കു
